مواهب الرحمن

# പരമകാരുണികന്റെ
# വരദാനങ്ങൾ

ഹ: മിർസാ ഗുലാം അഹ്മദ് (അ)

# مواهب الرحمن

## പരമകാരുണികന്റെ വരദാനങ്ങൾ

ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

വിവർത്തകൻ :
അഹ്മദ് റശീദ് ആയഞ്ചേരി

പ്രസാധകർ :
കേരളാ അഹ്മദിയ്യ സംസ്ഥാന സമിതി
കോഴിക്കോട് - 1

# PARAMA KARUNIKANTE WARADANANGAL

(Malayalam translation of the Mawahibur Rahman)

Religion

Author :

**HAZRAT MIRZA GHULAM AHMAD, QADIAN**

Translated by :

**MOULANA AHMAD RASHEED AYANCHERI, KARUNAGAPALLY**

Assisted by :

**MOULVI MUHAMMAD ISMAIL ALLEPPEY**

Type setting :

**HELIOS GRAPHICS, KARUNAGAPALLY**

Cover design :

**NOUSHAD PALLURUTHY**

Printed at :

**Royal printers, Vaniyambalam**

Publishers :

**AHMADIYYA MUSLIM STATE COMMITTEE**
G.H. Road, Kozhikode - 673001

KAMP 517/1994/2000

# സമർപ്പണം

ഹസ്റത്ത് മൗലവി എ.പി. ഇബ്റാഹീം സാഹിബി ന്റെ പേരിൽ അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി ഈ ഗ്രന്ഥം വായനക്കാരുടെ മുമ്പിൽ സാഭിമാനം സമർപ്പിക്കട്ടെ.

1912-ൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കൈയിൽ നേരിട്ടു ബയ്അത്ത് ചെയ്യാൻ ഭാഗ്യം സിദ്ധിച്ച ആളായിരുന്നു സ്മര്യ പുരുഷൻ. നാലഞ്ചു വർഷം ഖാദിയാൻ ശരീഫിൽ താമസിച്ച് താല്കാലിക മുബല്ലിഗ് കോഴ്സ് പൂർത്തിയാക്കിയ അദ്ദേഹത്തെ 1917-ൽ ഹസ്റ ത്ത് ഖലീഫത്തുൽ മസീഹ് സാനീ(റ)സിലോണിൽ ഓണററി മുബല്ലിഗായി നിശ്ചയിച്ചു. അന്ത്യഘട്ട ത്തിൽ പഴയങ്ങാടിയിൽ സ്ഥിരതാമസമാക്കി. സാത്ത്വികവും മാതൃകായോഗ്യവുമായ ജീവിത ത്തിന്റെ ഉടമയും കേരളത്തിലെ ത്യാഗധനരായ ആദ്യകാല അഹ്മദികളിൽ പെട്ട പ്രമുഖനുമായി രുന്നു അദ്ദേഹം. 1964 -ൽ പഴയങ്ങാടിയിൽ നിര്യാണം പ്രാപിച്ചു.

വിവർത്തകൻ

هٰذا الكتاب الّفته من تائید ربّی المنّان

وواللّٰہ انّہٗ من قوۃ ربّی لا من قوۃ الانسان

وانه لاٰية عظيمة لمن فكّر وخاف الدّيّان۔

وانّی سمّیتہٗ

# مواهب الرحمٰن

وانا عبد اللّٰه الاحد غلام احمد عافاہ اللّٰہ

رائید وجعل قریتی هٰذه قادیان

دار الاسلام ومهبط الملائكة

الكرام

(آمین)

قد طبع فی مطبع ضیاء الاسلام قادیان باهتمام

الحکیم فضل الدین البهیروی للاربعة عشر خلون

من شوال سنہ ۱۳۲۰ھ مطابقاً لاربعة عشر خلون من

شهر جنوری سنہ ۱۹۰۳ء

التعداد ۲۰۰۰

## മൂലഗ്രന്ഥത്തിന്റെ മുഖപ്പേജ്

(തർജ്ജമ)

ഈ ഗ്രന്ഥം എന്റെ റഹീമായ റബ്ബിന്റെ സഹായത്താൽ ഞാൻ രചിച്ചതാണ്. അല്ലാഹുവാണെ, ഇതെന്റെ റബ്ബിന്റെ ശക്തിമാത്രമാകുന്നു. മനുഷ്യശക്തിയ്ക്കിതിൽ പങ്കില്ല. പ്രതിഫലം നല്കുന്ന ദൈവത്തെ ഭയപ്പെടുന്നവർക്കും ചിന്തിക്കുന്നവർക്കും ഇതു ഫലം പ്രദാനം ചെയ്യും.

ഇതിനു ഞാൻ പേരുവച്ചു:

# മവാഹിബുർറഹ്മാൻ.

ഏകനായ അല്ലാഹുവിന്റെ ദാസൻ ഗുലാം അഹ്മദ് ആകുന്നു ഞാൻ. അല്ലാഹുവിന്റെ സഹായവും രക്ഷയും എന്നിലുണ്ടാവുകയും എന്റെ നാടായ ഖാദിയാനെ സമാധാനത്തിന്റെ ഗേഹവും സമുന്നതരായ മലക്കുകളിറങ്ങുന്ന സ്ഥലവുമാക്കി അവൻ അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ

(ആമീൻ)

ഹക്കീം ഫസ്ലുദ്ദീൻ ഭേരവിയുടെ അതീവ ശ്രദ്ധയോടുകൂടി ഖാദിയാനിലെ സിയാഉൽഇസ്ലാം പ്രസ്സിൽ അച്ചടിച്ച് ഹി.1320 ശവ്വാൽ മാസം 14ന് (1903 ജനുവരി 14) പ്രസിദ്ധീകരിക്കപ്പെട്ടു.

2000 കോപ്പി

# ഉള്ളടക്കം


| | പേജ് |
|---|---|
| സമർപ്പണം | III |
| മൂലഗ്രന്ഥത്തിന്റെ മുഖപ്പേജും തർജമയും | IV |
| ഈ പുസ്തകത്തെപ്പറ്റി | VII |
| വിവർത്തകക്കുറിപ്പ് | XII |
| അല്ലിവായുടെ ആക്ഷേപവും അതിനുള്ള മറുപടിയും | 1 |
| പ്രതിരോധകുത്തിവയ്പ് ഒഴിവാക്കാനുള്ള കാരണം | 16 |
| അടയാളം, ദൃഷ്ടാന്തം, സഹായം | 21 |
| അല്പം വിശദീകരണം | 30 |
| നമ്മുടെ അടിസ്ഥാനപരമായ വിശ്വാസങ്ങൾ | 56 |
| ജമാഅത്തിനുള്ള ഉപദേശം | 80 |
| സനാഉല്ലാക്കെഴുതിയ മറുപടി | 90 |
| മൂന്നുവർഷത്തിനുള്ളിൽ വെളിപ്പെട്ട അടയാളങ്ങൾ | 94 |
| അനുബന്ധം-ഹഃഖലീഫത്തുൽ മസീഹ് നാലാമന്റെ കത്ത് | 115 |

# ഈ പുസ്തകത്തെപ്പറ്റി.

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദുൽ ഖാദിയാനി (അ) പ്രസിദ്ധം ചെയ്ത ഇംഗ്ലീഷിലുള്ള ഒരു വിജ്ഞാപനം മിസ്റിലെ (ഈജിപ്റ്റ്) 'അല്ലിവാഅ്' എന്ന പത്രത്തിന്റെ അധിപരായിരുന്ന മുസ്തഫാ കാമിൽ പാശായ്ക്ക് ലഭിക്കാനിടയായി. തന്റെ ദിവ്യവാദവും തന്റെ സത്യത്തിലേയ്ക്കുള്ള ഒരു ദിവ്യദൃഷ്ടാന്തത്തിന്റെ വിവരണവുമാണ് അതിൽ അടങ്ങിയിരുന്നത്. തനിക്കും തന്റെ അടുത്ത ശിഷ്യന്മാർക്കും പ്ലേഗ്ബാധയിൽ നിന്ന് സംരക്ഷണം നല്കുമെന്നുള്ള ദൈവിക വാഗ്ദാനത്തെ സംബന്ധിച്ച് അതിൽ വിവരിച്ചിട്ടുണ്ടായിരുന്നു. തനിയ്ക്കും തന്റെ ഭവനത്തിൽ പാർക്കുന്നവർക്കും പ്ലേഗിന്റെ പ്രതിരോധ കുത്തിവയ്പ് നടത്തേണ്ട ആവശ്യമില്ലെന്നും കുത്തിവയ്പ് കൂടാതെതന്നെ അവർ പ്ലേഗിൽനിന്ന് സുരക്ഷിതരായിരിക്കുമെന്നും ഇത് ഒരു ദൈവിക വാഗ്ദാനവും അതിന്റെ പുലർച്ച ഒരു ദിവ്യ അടയാളവും ആണെന്നുമാണ് വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരുന്നത്. അപ്രകാരം കുത്തിവയ്പ് നടത്താതിരിക്കുന്നത് കാര്യകാരണ നിയമത്തിന് എതിരും ദൈവാശ്രയത്വത്തിനു വിരുദ്ധവുമാണെന്ന് 'അല്ലിവാഅ്' പത്രാധിപർ എഴുതി. വിശുദ്ധ ഖുർആനിലെ

وَلَا تُلْقُوا بِأَيْدِيكُمْ إِلَى التَّهْلُكَةِ

'നിങ്ങൾ അറിഞ്ഞുകൊണ്ട് നാശത്തിലേക്ക് കൈ നീട്ടരുത്' എന്ന ഖുർആനിക കല്പനയ്ക്ക് നിരക്കാത്തതാണിതെന്നും അദ്ദേഹം എഴുതുകയുണ്ടായി. ഈ ആക്ഷേപത്തിനുള്ള മറുപടിയാണ് 'മവാഹിബുർ റഹ്മാൻ' എന്ന കൃതിയുടെ ഉള്ളടക്കം. ഇത് 1903 ജനുവരിയിലാണ് പ്രസിദ്ധം ചെയ്യപ്പെട്ടത്. ഈ ഗ്രന്ഥത്തിൽ കാര്യകാരണനിയമത്തിന്റെ ദർശനം വിവരിക്കുകയും ദിവ്യദൃഷ്ടാന്തങ്ങളുടെ യാഥാർഥ്യം വിശദീകരിക്കുകയും ചെയ്തതിനോടൊപ്പം പ്രത്യക്ഷത്തിൽ പ്രകൃതിവിരുദ്ധവും കാര്യകാരണ നിയമങ്ങൾക്ക്

അതീതവും ആയിത്തോന്നാവുന്ന അത്ഭുത സംഭവങ്ങളുടെ രഹസ്യം വിശദീകരിക്കുകയും ഈസാനബിയുടെ അസാധാരണ തരത്തിലുള്ള ജനനത്തെ തിരുനബി(സ)യുടെ സത്യത്തിലേക്കുള്ള സാക്ഷ്യമായി ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു.

തന്റെ സത്യത്തിലേക്കുള്ള ഒരത്ഭുതാടയാളമാണ് പ്ലേഗ്രോഗത്തിന്റെ തീക്കടലിനു നടുവിൽ പ്രതിരോധകുത്തിവയ്പ് കൂടാതെ തന്നെയും തന്റെ ഭവനവാസികളെയും അല്ലാഹു സംരക്ഷിക്കുമെന്ന വാഗ്ദാനത്തിന്റെ പുലർച്ചയെന്നും ദൈവകല്പന പ്രകാരമാണ് താൻ കുത്തിവയ്പ് നടത്താതിരിക്കുകയും തന്റെ ജമാഅത്തിനോടു അപ്രകാരം കുത്തിവയ്പ് നടത്തേണ്ടതില്ലെന്നു നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നതെന്നുമാണ് വാഗ്ദത്ത മസീഹ് ഈ കൃതിയിൽ മറുപടി നല്കിയിട്ടുള്ളത്. ഔദ്യോഗിക കണക്കുപ്രകാരം തന്നെ 6 കൊല്ലത്തിനിടയിൽ 38 ലക്ഷം ആളുകളെ കൊന്നൊടുക്കിയ ആ കരിമരണത്തെ (Black Death) വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദുൽ ഖാദിയാനിയും ഭക്താനുയായികളും അതിജീവിച്ചത് ഈ യുഗത്തിലുണ്ടായ ഏറ്റവും വലിയ അത്ഭുത ദൃഷ്ടാന്തമല്ലെങ്കിൽ മറ്റെന്താണ്? ഒരു മഹാമാരിയെ പ്രതിരോധനടപടികളൊന്നും വകവെക്കാതെ ദൈവത്തിലുള്ള ദൃഢവിശ്വാസത്തിന്റെ മാത്രം ബലത്തിൽ നേരിട്ട ആ മഹാത്മാവിന്റെ ഐതിഹാസികവും അത്ഭുതാവഹവുമായ ഈ ദിവ്യാപദാനം വരും തലമുറകൾ ഭക്ത്യാദരപുരസ്സരം സ്മരിക്കുമെന്നതിൽ സംശയമില്ല.

'മവാഹിബുർ റഹ്മാൻ' എന്ന ഈ ഗ്രന്ഥം മറ്റൊരു അത്ഭുത ദൃഷ്ടാന്തത്തിനുകൂടി സാക്ഷ്യമായിത്തീർന്ന ഒന്നത്രേ. ഈ ഗ്രന്ഥത്തിന്റെ അവസാനഭാഗത്ത്, തന്റെ 'ഇഅ്ജാസ് അഹ്മദീ' എന്ന കൃതിയുടെ അത്ഭുതസ്വഭാവത്തെക്കുറിച്ച് വിവരിച്ചുപറഞ്ഞ കൂട്ടത്തിൽ തന്നോടു വഞ്ചനപ്രവർത്തിച്ച മൗലവി കറംദീൻ എന്ന ആളെപറ്റി ഒരു 'ലഈം' അഥവാ ദുർഭഗൻ ആയ ഒരുവ്യക്തിയേയും അയാളുടെ 'കറ്റുകെട്ടിനേയും' കുറിച്ച് അല്ലാഹു തനിക്ക് മുന്നറിയിപ്പ് നല്കിയതായി പ്രസ്താവിക്കുകയും, അയാൾ തനിക്ക് മാനഹാനി ഉണ്ടാക്കാൻ ശ്രമിച്ചുവെങ്കിലും അയാളുടെ

ദ്രോഹത്തിൽ നിന്ന് താൻ സുരക്ഷിതനായിരിക്കുമെന്ന പ്രവചനം ചേർക്കുകയും ചെയ്തിട്ടുണ്ട്. 'കദ്ദാബും'(കൊടും കള്ളം പറയുന്നവൻ) 'മഹീനും' (നിന്ദിതൻ) ആയ ശത്രുവിൽ നിന്നുള്ള 'ബലാ' (ഉപദ്രവം) റദ്ദാക്കപ്പെടുമെന്നും അല്ലാഹു മുൻകൂട്ടി അറിയിച്ചിരിക്കുന്നു എന്നാണ് വാഗ്ദത്ത മസീഹ് എഴുതിയത്. ഇതിനെ തുടർന്ന് ഹസ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പേരിൽ മൗലവി കറംദീൻ മാനനഷ്ടക്കേസ് ഫയൽ ചെയ്യുകയുണ്ടായി. നീണ്ടകാലം വളരെ ഒച്ചപ്പാടോടെ നടന്ന ഈ കേസിൽ കീഴ്ക്കോടതി വാഗ്ദത്ത മസീഹിനെതിരായി വിധിച്ചെങ്കിലും മേൽക്കോടതി അത് റദ്ദാക്കുകയും ഹസ്റത്ത് അഹ്മദിനെ കുറ്റമോചിതനാക്കിയെന്നു മാത്രമല്ല മൗലവി കറംദീനെപറ്റി 'ലഈം' (ദുർഭഗൻ) എന്നും 'കദ്ദാബ്' (കൊടുംകള്ളം പറയുന്നവൻ) എന്നും 'മഹീൻ' (നിന്ദിതൻ) എന്നും മറ്റും 'മവാഹിബുർ റഹ്മാനി'ൽ എഴുതിയത് മൗലവി കറംദീനെ സംബന്ധിച്ചിടത്തോളം തികച്ചും അർഹിക്കുന്ന ശകാരം മാത്രമാണെന്നു വിധിന്യായത്തിൽ ജഡ്ജി തുറന്നെഴുതുകയുമുണ്ടായി എന്നത് ഇവിടെ പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്.

പിൽക്കാലത്ത് പ്രസിദ്ധംചെയ്ത 'ഹഖീഖത്തുൽ വഹ്യ്' എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം എഴുതി: "ഞാൻ മവാഹിബുർ റഹ്മാനിൽ പ്രസിദ്ധപ്പെടുത്തിയ പ്രകാരം കറംദീന് ശിക്ഷകിട്ടി. അയാൾ കദ്ദാബ് തന്നെയെന്ന കാര്യം കോടതി മുദ്രകുത്തി സ്ഥിരപ്പെടുത്തിയിരിക്കുന്നു. (ഹഖീഖത്തുൽ വഹ്യ് പേ:122) ചുരുക്കത്തിൽ, ഹസ്റത്ത് അഹ്മദ് (അ) തന്റെ ഒരു കടുത്ത ശത്രുവെ പറ്റി എഴുതിയ ശകാരപദങ്ങൾക്ക് ഒരു സെഷൻസ് ജഡ്ജി അംഗീകാരം നല്കിയതു ഈ ഗ്രന്ഥം മുഖേന വെളിപ്പെട്ട ഒരു ദിവ്യ അടയാളമാകുന്നു. ദൈവികമായ പിൻതുണയോടും പ്രചോദനങ്ങളോടും കൂടി എഴുതപ്പെട്ട ഹസ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ എല്ലാഗ്രന്ഥങ്ങളും അത്ഭുത അടയാളങ്ങളത്രേ. അത്തരം ഒരു ഗ്രന്ഥത്തിന്റെ മലയാള വിവർത്തനമാണ് ഈ പുസ്തകം എന്നത് പ്രസ്താവാർഹമായ ഒരു വസ്തുതയാണ്.

ഈ പുസ്തകം തർജമ ചെയ്തിട്ടുള്ളത് മൗലാന അഹ്മദ് റശീദ് സാഹിബാണ്. കേരളത്തിലെ സമുന്നതരായ അറബി ഭാഷാ പണ്ഡിതൻമാരിൽ അഗ്രമസ്ഥാനത്ത് വിരാജിക്കുന്നവരിൽ ഒരാളാണദ്ദേഹം എന്ന വസ്തുത ഞാനിവിടെ വ്യക്തമാക്കേണ്ടതുണ്ടെന്ന് തോന്നുന്നു. അറബി സാഹിത്യത്തിൽ അദ്ദേഹത്തോടു കിടപിടിക്കുന്ന മറ്റൊരു മുസ്ലിം പണ്ഡിതൻ ഇന്നു കേരളത്തിലുണ്ടെന്ന് തോന്നുന്നില്ല. എത്രയും ഉന്നതനായ ഈ അറബി പണ്ഡിതനെ വാഗ്ദത്ത മസീഹിന്റെ ഈ ഗ്രന്ഥം വിവർത്തനം ചെയ്യാൻ ലഭിച്ചത് അങ്ങേയറ്റം അഭിമാനകരമാണെന്ന് പറയാതിരിക്കാൻ നിർവാഹമില്ല. വാഗ്ദത്ത മസീഹിന്റെ മറ്റു അറബി ഗ്രന്ഥങ്ങളും വിവർത്തനം ചെയ്യാനുള്ള ഒരു യജ്ഞം തന്നെ അദ്ദേഹം തുടങ്ങിവച്ചിരിക്കുകയാണ്. ഇതു സാദ്ധ്യമായിത്തീരുമെങ്കിൽ കേരളത്തിലെ അഹ്മദിയ്യാ സാഹിത്യത്തിന്ന് അതൊരു വമ്പിച്ച നേട്ടം ആയിരിക്കും. മൗലാനാ അവർകൾ തന്റെ ശിഷ്ട ജീവിതം മുഴുവൻ ഇതിനായി അർപിച്ചിരിക്കുകയാണ്. മഹത്തായ ഈ സദുദ്യമം സഫലമായിത്തീരാൻ അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ എന്നു ഞാൻ പ്രാർഥിക്കുന്നു. മവാഹിബുർ റഹ്മാന്റെ വിവർത്തനത്തിന്റെ ആദ്യഭാഗങ്ങൾ 'സത്യദൂത'നിലാണ് പ്രസിദ്ധീകരിച്ചതു. വായനക്കാർ അതു താൽപര്യപൂർവം വായിക്കുന്നുണ്ടായിരുന്നു.

വാഗ്ദത്ത മസീഹിന്റെ കൃതികൾ മലയാളത്തിൽ അധികമായി പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്ന കുറവ് പരിഹരിക്കാനുള്ള ഒരു വിനീത സംരംഭം കൂടിയാണിത്. വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങളെല്ലാം അഹ്മദികൾ മറച്ചു വെക്കുകയാണെന്ന നിരർഥകവും അന്തസ്സാര ശൂന്യവുമായ ഒരാക്ഷേപവും പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ട്. വിവർത്തനപരമായ ഉദ്യമം വിജയകരമാക്കുന്നതിനുള്ള സാമ്പത്തിക വിഷമങ്ങൾ കുറേയൊക്കെ ഇപ്പോൾ നീങ്ങിയിട്ടുണ്ടെന്നുള്ളത് ആശാവഹമാണ്. വിവർത്തനം, പ്രത്യേകിച്ചും ഒരു പ്രവാചകൻ എന്ന നിലയിൽ പ്രമാണപുരുഷനായിത്തീർന്ന ഹസ്റത്ത് അഹ്മദുൽ ഖാദിയാനി(അ)യുടെ കൃതികളുടെ വിവർത്തനം, വളരെ സൂക്ഷ്മതയോടും പണ്ഡിതോചിതമായും നിർവഹിക്കേണ്ടതു

ണ്ടെന്ന വസ്തുതയും ഈ രംഗത്ത് മാന്ദ്യമുണ്ടായതിന് കാരണമാണ്. പ്രതിരോധ സാഹിത്യനിർമാണത്തിൽ ഏറെക്കാലം കഴിച്ചുകൂട്ടേണ്ടി വന്നതും മറ്റൊരു കാരണമായിരുന്നു. ഏതായാലും, ക്ലാസിക്കുകളിലേക്ക് ശ്രദ്ധതിരിക്കുവാൻ സമയമായെന്നു കരുതുന്നു.

മൗലാനാ അഹ്മദ് റശീദ് സാഹിബ് എന്റെ ഒരു ഗുരുനാഥനാണ്. 1940 ൽ അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചതിന്റെ ഫലമായി ജന്മദേശത്തുനിന്ന് വിട്ടുപോരേണ്ടിവന്നപ്പോൾ കണ്ണൂരിൽ വന്ന് താമസമാക്കി. 3 കൊല്ലത്തോളം എന്റെ വീടുമായി ബന്ധപ്പെട്ടാണ് അദ്ദേഹം പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. അദ്ദേഹം തുടങ്ങിവച്ച അറബി ക്ലാസ്സിൽ ഞാനും ഒരു കൊച്ചു വിദ്യാർഥിയായിരുന്നു. വന്ദ്യവന്ദ്യനായ മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.യുമായി അദ്ദേഹം അറബിഭാഷാ പാണ്ഡിത്യ[illegible]ിന്റെ മാറ്റുരച്ചു നോക്കി. പിന്നീടവർ ഗുരുശിഷ്യബന്ധത്തിൽ [illegible]വിഞ്ഞ അടുപ്പത്തിലായി.

എന്റെ ഗ്രന്ഥനിർമാണ കൗതുകത്തിന്ന് ആദ്യത്തെ ആശീർവാദം നല്കിയത് മൗലാനാ അഹ്മദ് റശീദു സാഹിബാണെന്ന വസ്തുത ഞാൻ കൃതജ്ഞതാപൂർവം സ്മരിക്കട്ടെ. 'ക്രിസ്തു കുരിശിൽ മരിച്ചുവോ?' എന്ന തർജമ കൃതിയ്ക്ക് അദ്ദേഹമാണ് അവതാരിക എഴുതിയത്. എന്നിൽ അന്നദ്ദേഹം വലിയ പ്രത്യാശയർപിച്ചു. അമ്പതോളം കൃതികൾ അതിൽപിന്നെ എനിക്കു പുറത്തിറക്കാൻ ഭാഗ്യമുണ്ടായതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു!

വ ആഖിറു ദഅ്വാനാ അനിൽഹംദു
ലില്ലാഹി റബ്ബിൽ ആലമീൻ.

എൻ. അ[illegible]്ദുർറഹീം
പ[illegible]ധിപർ,
'സ[illegible]ൻ', കണ്ണൂർ

# വിവർത്തകക്കുറിപ്പ്

അൽഹംദുലില്ലാഹ്, 'മവാഹിബുർ റഹ്മാൻ' എന്ന അറബി ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ 'പരമകാരുണികന്റെ വരദാനങ്ങൾ' അനുവാചകരുടെ സന്നിധിയിൽ സമർപിക്കുകയാണ്. ഇതിന്റെ മൂലകൃതി വളരെ സാഹിത്യസമ്പുഷ്ടമാകുന്നു. അതു വായിക്കുമ്പോൾ ഉണ്ടാകുന്ന അവാച്യമായ ആനന്ദം ഇതിൽനിന്ന് വായനക്കാർക്കു ലഭിക്കുകയില്ലെന്ന് അറിയിച്ചുകൊള്ളട്ടെ.

ഇതു പദാനുപദ തർജമയല്ല. എന്നാൽ, ഗ്രന്ഥത്തിന് മൂല്യച്ചോർച്ച ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. പക്ഷേ, പരിപൂർണ വിജയം അതിൽ ഞാൻ അവകാശപ്പെടുന്നില്ല. കാരണം ദൈവനിയോഗിതരുടെ വാക്കുകളിൽ അന്തർലീനമായിരിക്കുന്ന ആശയങ്ങൾ സാധാരണക്കാരന്റെ തൂലികയിലൂടെ വെളിച്ചം കാണുമ്പോൾ സംഭവിക്കാവുന്ന ന്യൂനതകൾ ഇതിലും സംഭവിച്ചിട്ടുണ്ടാകാം. അല്ലാഹു അഅ്ലം.

ഈ ഉദ്യമത്തിൽ എന്റെ ആത്മസഹോദരനായ മുഹമ്മദു ഇസ്മായീൽ സാഹിബ്, ആലപ്പുഴ എന്റെ പണിപ്പുര നിറഞ്ഞു നില്ക്കുന്നു. അദ്ദേഹം ഇല്ലായിരുന്നെങ്കിൽ ഈ ഗ്രന്ഥം ഇറങ്ങുമായിരുന്നില്ല. ഞങ്ങൾ തമ്മിലുള്ള ഈ ഹൃദയബന്ധം തുടർന്നും അല്ലാഹു നിലനിറുത്തട്ടെ.

ഈ സംരംഭം ലക്ഷ്യസ്ഥാനത്തെത്തിക്കാൻ പ്രോത്സാഹനവും പ്രചോദനവും നല്കിയവർ നിരവധിയാണ്. നമ്മുടെ ഖലീഫ തിരുമനസ്സ് (അയ്യദഹുല്ലാഹ്) എന്റെ പ്രയത്നം പൂവണിയുന്നതിനുവേണ്ടി ദുആ ചെയ്യുകയും വിലയേറിയ ഉപദേശനിർദേശങ്ങൾകൊണ്ടു അനുഗ്രഹിക്കുകയും ചെയ്തു.

അഹ്മദിയ്യാ ജമാഅത്തിന്റെ കേരള സംസ്ഥാന അമീർ എ.പി.കുഞ്ഞാമു സാഹിബ്, ഇൻചാർജ് മുബല്ലിഗ് മൗലവി മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ, മുൻ ഇൻചാർജ് മുബല്ലിഗ് മൗലവി മുഹമ്മദു അബുൽ വഫാ സാഹിബ്, മൗലവി കെ.മുഹമ്മദു അലവി സാഹിബ്, കരുനാഗപ്പള്ളി പ്രാ

ദേശിക ജമാഅത്തിന്റെ അമീർ ബി.അബ്ദുൽ ജലീൽ സാഹിബ്, ഖാഇദ് പി.എ.മുഹമ്മദു ശരീഫ് സാഹിബ്, സത്യദൂതൻ പത്രാധിപർ എൻ.അബ്ദുർ റഹിം സാഹിബ്, സംസ്ഥാന പബ്ലിക്കേഷൻ സെക്രട്ടറി പ്രൊ: ബി.മഹ്മൂദ് അഹ്മദ് സാഹിബ്, സി.എച്ച്.അബ്ദുശ്ശക്കൂർ സാഹിബ്, എന്റെ പഴയകാല സുഹൃത്തുക്കളായ ചുങ്കശ്ശേരിൽ മൈതീൻകുഞ്ഞു സാഹിബ് കരുനാഗപ്പള്ളി, സി.എച്ച്.അബ്ദുൽ ഖാദിർ സാഹിബ് പഴയങ്ങാടി, സി.കെ.അലവി സാഹിബ് വാണിയമ്പലം, കെ.കുഞ്ഞുമൊയ്തീൻ സാഹിബ് ചേലക്കര തുടങ്ങിയവരും എനിക്കു പ്രോത്സാഹനം നല്കിയവരിൽ പ്രധാനികളാണ്.

ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവിന്റെ കാര്യം ശ്രദ്ധയിൽപ്പെടുത്തിയ ഉടനെ അശേഷം മടിയില്ലാതെ സന്തോഷത്തോടുകൂടി അതേറ്റെടുത്ത ഒരാളുണ്ട്. അദ്ദേഹമാണ് പരേതനായ മൗലവി എ.പി.ഇബ്റാഹീം സാഹിബിന്റെ മകൻ പഴയങ്ങാടി ജമാഅത്തംഗമായ അഹ്മദ് ഇസ്മായീൽ സാഹിബ്. അദ്ദേഹം ഈ ഗ്രന്ഥം സംസ്ഥാന സമിതിയ്ക്ക് വഖ്ഫ് ചെയ്തിരിക്കുകയാണ്.

ഇതിന്റെ ടൈപ്പ് സെറ്റ് ചെയ്തുതന്നത് കരുനാഗപ്പള്ളിയിലെ 'ഹീലിയോസ് ഗ്രാഫിക്സ്' എന്ന സ്ഥാപനമാണ്. ഈ ഗ്രന്ഥം ഇത്ര ഭംഗിയായി ഇറക്കുന്നതിന് ഈ സ്ഥാപനം വളരെ സഹായം ചെയ്തുതന്നിട്ടുണ്ട്.

സർവസ്തുതിയും അല്ലാഹുവിനാകുന്നു. അവന് ശുക്ർ ചെയ്യുന്നു. എല്ലാവർക്കും നന്ദി പറയുന്നു. മുകളിൽ പേരെടുത്തു പറഞ്ഞിട്ടുള്ളവർക്കും അല്ലാത്ത സഹായികൾക്കും അല്ലാഹു ഇഹത്തിലും പരത്തിലും സൗഖ്യം പ്രദാനം ചെയ്യുമാറാകട്ടെ. നമുക്കെല്ലാം ദീനുൽ ഇസ്ലാമിനുവേണ്ടി സേവനം ചെയ്യുവാനുള്ള ആരോഗ്യവും അറിവും അവൻ നല്കട്ടെ. ആമീൻ

അദ്ദാഊ ഇലല്ലാഹ്
അഹ്മദ് റശീദ്.


## ഗ്രന്ഥകർത്താവ്



പേര് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ). പിതാവ് മിർസാ ഗുലാം മുർത്തസ സാഹിബ്. മാതാവ് ചിരാഗ് ബീബി. 1835 ഫെ. 13 വെള്ളിയാഴ്ച സൂര്യോദയത്തിനുമുമ്പേ പഞ്ചാബിലെ ഖാദിയാനിൽ ജനിച്ചു. 1868 ൽ ആദ്യമായി വെളിപാടുണ്ടായി. ആദ്യ ഗ്രന്ഥമായ ബറാഹീനെ അഹ്മദിയ്യായുടെ ഒന്നാം ഭാഗം 1880ൽ പ്രസിദ്ധീകരിച്ചു. പ്രതിപാദ്യവിഷയം വിശുദ്ധഖുർആന്റേയും നബി (സ)തിരുമേനിയുടേയും സത്യത. 1885ൽ അല്ലാഹുവിന്റെ കല്പന പ്രകാരം മുജദ്ദിദാണെന്നു വാദിച്ചു. ബയ്അത്തുവാങ്ങാനുള്ള അല്ലാഹുവിന്റെ കല്പന 1888 ഡിസംബർ ഒന്നിന് വിളംബരം ചെയ്തു. 1889 ജനുവരി 12ന് ബയ്അത്തിന്റെ 10 നിബന്ധനകൾ പ്രസിദ്ധീകരിച്ചു. 1889 മാർച്ച് 23ന് ബയ്അത്തു മുഖേന സ്വശിഷ്യത്വത്തിലേക്ക് ജനങ്ങളെ സ്വീകരിച്ചുതുടങ്ങി. 1908 മെയ് 26ന് അല്ലാഹുവിന്റെ സന്നിധിയിലേക്കു യാത്രയായി. ●

## വിവർത്തകൻ

പേര് ജനാബ് അഹ്മദ് റശീദ് സാഹിബ്. പിതാവ് അൽഹാജ് കുഞ്ഞഹ്മദ്കുട്ടി മുസ്ലിയാർ. മാതാവ് താഴത്തുമണ്ണിൽ ഖദീജ. 1915ൽ കോഴിക്കോടു ജില്ലയിലെ വില്യാപ്പള്ളിയിൽ ജനിച്ചു. പിതാവുതന്നെയായിരുന്നു ആദ്യത്തെ ഗുരു. വടകരയിലെ ഗവ:ബി.എം.സ്കൂളിൽ ചേർന്ന ശേഷവും മതപഠനം വീട്ടിലും പള്ളിയിലുമായി തുടർന്നു. വാഴക്കാട് ദാറുൽ ഉലൂംഅറബിക്കോളേജ്, ഉമറാബാദ് ദാറുസ്സലാം അറബിക്കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിൽ പഠിച്ചിട്ടുണ്ട്. '37ൽ അഫ്സലുൽഉലമാ പാസ്സായി. 1940 മാർച്ച് 13ന് മഹ്ദി ഇമാമിൽ ബയ്അത്ത് ചെയ്തു. ആയിനയെകമാലാത്തെ ഇസ്ലാം എന്ന മിർസാസാഹിബിന്റെ അറബിഗ്രന്ഥമാണ് അദ്ദേഹത്തിന്റെ ശ്രദ്ധയെ അഹ്മദിയ്യത്തിലേക്കു തിരിച്ചത്. ഇപ്പോൾ ഹ:അഹ്മദ് (അ) രചിച്ചിട്ടുള്ള അറബി ഗ്രന്ഥങ്ങൾ മലയാളത്തിലേക്കു ഭാഷാന്തരം ചെയ്യുന്നതിൽ മുഴുകിയിരിക്കുന്നു. ●



# مواهب الرحمن

ഈ ഗ്രന്ഥം ആരുടെ കൈയിലെത്തുന്നുവോ അവർ തങ്ങളുടെ പത്രമാസികകളിൽ ഇതിന്റെ ഏടുകൾ പ്രസിദ്ധീകരിക്കണമെന്ന് അല്ലാഹുവിന്റെ പേരിൽ ഞാൻ അഭ്യർഥിക്കുന്നു. നല്ല പ്രതിഫലം നല്കി അല്ലാഹു അവരെ തീർച്ചയായും അനുഗ്രഹിക്കും.

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ

# മവാഹിബുർറഹ്മാൻ

## അല്ലിവാഅ് പത്രവും ആകാശത്തുനിന്നുള്ള ദൃഷ്ടാന്തവും.

അല്ലിവായുടെ പത്രാധിപർ[1] നമുക്കെതിരെ ഒരാക്ഷേപം ഉന്നയിച്ചിരിക്കുന്നു. അല്ലാഹു അദ്ദേഹത്തിനു മാപ്പുനല്കുകയും പൊറുത്തുകൊടുക്കുകയും ചെയ്യുമാറാകട്ടെ. ഈ അപരാധം അദ്ദേഹം ചെയ്തിട്ടുള്ളത് എന്നെ വേദനിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെയാകാനിടയില്ല. തന്റെ പത്രത്തിൽ അദ്ദേഹം എഴുതുന്നു : ''ഇന്ത്യയിൽ പ്രത്യക്ഷപ്പെട്ട ഒരു മസീഹ്വാദിയുടെ ഇംഗ്ലീഷ് ലഘുലേഖ ഞങ്ങൾക്കു കിട്ടി. താൻ ജനങ്ങളെ ഒരു ദീനിൽ ഒരുമിച്ചുകൂട്ടുന്നതിനുവേണ്ടി വന്ന നബിയും അവരെ ഉത്തമമാർഗത്തിലേക്കു നയിക്കുന്നതിനായി വന്ന ആളുമാണെന്നുള്ളതാണ് അയാളുടെ വാദം. പ്ലേഗിനുള്ള പ്രതിരോധ കുത്തിവയ്പ് പ്രയോജനരഹിതമായ കാര്യമാണെന്ന് അയാൾ പറയുന്നു.

قُلْ لَّنْ يُّصِيْبَنَا

(പറയുക: ഞങ്ങളെ ബാധിക്കുകയില്ല)[2] എന്നുതുടങ്ങുന്ന ഖുർആനിക വചനമാണ് ഇതിനുതെളിവായി അയാൾ ഉദ്ധരിക്കുന്നത്.

---

1. മുസ്തഫാ കാമിൽ പാശ. അല്ലിവാഉൽ മിസ്‌രിയ്യ എന്ന പത്രത്തിന്റെ അധിപരാണിദ്ദേഹം. 2. വി.ഖുർആൻ 9 : 51

എന്നാൽ എത്രമാത്രം ബാലിശമാണ് അയാളുടെ തെളിവെന്ന് നോക്കുക''.

അല്ലിവായുടെ പത്രാധിപർ തുടർന്ന് എഴുതുന്നു: ''മരുന്നുകൾ ഉപേക്ഷിച്ചുകൊണ്ട്, സുഖം പ്രദാനം ചെയ്യുന്നവന്റെമേൽ ഭരമേല്പിക്കുക. അതായത് തവക്കുൽ[3] ചെയ്യുകയെന്നതാണ് ഇയാളുടെ ചിന്താഗതി. എന്നാൽ കാര്യം അങ്ങനെയല്ല. അല്ലാഹുവിന്റെമേൽ തവക്കുൽ ചെയ്യുകയെന്നതിനോടൊപ്പം അവന്റെ സുന്നത്തനുസരിച്ച് പ്രവർത്തിക്കുകയും വേണം. ഇതാണ് ശരിയായ മാർഗം. ഇതുതന്നെയാണ് അവന്റെ ചട്ടത്തിൽ നടന്നുവരുന്നതും. പ്ലേഗും മറ്റു രോഗങ്ങളും ചികിത്സ മുഖേനയും പ്രതിരോധംകൊണ്ടും തടയണമെന്ന് ഖുർആനിലൂടെ നാം കല്പിക്കപ്പെട്ടിരിക്കുന്നു. ഇതൊന്നും ഈ മനുഷ്യൻ കാണുന്നില്ല. വ്യർഥമായ ഭാഷണങ്ങൾ! ഈ വാദി ധരിച്ചതനുസരിച്ചുള്ള തവക്കുൽ ചെയ്യുന്നതിനേക്കാളുത്തമം അത് ചെയ്യാതിരിക്കുകയാണ്. കാരണം, ഈ പ്രപഞ്ചത്തിൽ ദൃശ്യമായതും നിലവിലുള്ളതുമായ നിയമത്തിൽനിന്നും പുറത്തുപോകലാണത്.

وَلَا تُلْقُوا بِأَيْدِيكُمْ إِلَى التَّهْلُكَةِ

''നിങ്ങളുടെ കൈകളാൽ നിങ്ങളെ നാശത്തിൽ ആപതിപ്പിക്കരുത്''[4] എന്ന ദൈവവചനത്തിന് വിരുദ്ധവുമാണത്''.

ഇതൊക്കെയാണ് അല്ലിവാഅ് പത്രാധിപർ ഉന്നയിച്ച ആരോപണങ്ങൾ. അന്വേഷിക്കുന്നതിനും ചിന്തിക്കുന്നതിനും മുമ്പേ അദ്ദേഹം പരാതിപ്പെട്ടിരിക്കുന്നു. അഹോ കഷ്ടം! അദ്ദേഹത്തിന്റെ കുറിപ്പ് കണ്ടപ്പോൾ ഞാൻ പറഞ്ഞുപോയി, സുബ്ഹാനല്ലാഹ്! അദ്ദേഹത്തിന്റെ നാവിലൂടെ സഞ്ചരിച്ചത് എന്തൊരു കൊടും കള്ളം. ഞാനൊരിക്കലും പറഞ്ഞിട്ടില്ലാത്തകാര്യം പറഞ്ഞുവെന്ന് പ്രചരിപ്പിക്കാൻ അദ്ദേഹത്തിനെങ്ങനെ കഴിഞ്ഞു? അദ്ദേഹം വിചാരിക്കുന്ന ഇരിപ്പിടത്തിലല്ല ഞാനുള്ളത്. എന്റെ വാക്കുകൾ വേറൊരു രീതിയിൽ അദ്ദേഹം ചിത്രീകരിച്ചിരിക്കുന്നു. അല്ലയോ യോദ്ധാവേ, ധൃതിപ്പെടാതെ. ഞാനുമായി ബന്ധമില്ലാത്ത വചനവുമായി ദയവുചെയ്ത് എന്നെ കൂട്ടിയിണക്കാതിരിക്കുക. കൂടുതൽ കൂടുതൽ

3. സർവ്വവും അല്ലാഹുവിൽ സമർപിക്കൽ 4. 2:196

അന്വേഷണം നടത്തുകയും കേൾക്കുന്നതെല്ലാം വിശ്വസിക്കാതിരിക്കുകയും ചെയ്യുകയെന്നതാണ് മാന്യനായ വ്യക്തിയുടെ സൽഗുണം. എന്റെ തൊലിക്ക് പോറലേല്പിക്കാൻ ബദ്ധപ്പെടുന്ന മനുഷ്യാ, അല്ലാഹുവിനെ സൂക്ഷിക്കുക. എന്റെ കുറവുകൾ പരസ്യപ്പെടുത്തുന്ന മനുഷ്യാ, എന്റെയടുക്കൽ വരൂ. എന്റെ കഥ ഞാൻതന്നെ താങ്കളെ കേൾപ്പിക്കാം. എന്നെ സംബന്ധിച്ചുള്ള ശരിയായ വിവരണം കേട്ടുകൊള്ളുക. അതിനുശേഷം താങ്കൾക്കിഷ്ടമുള്ളത് വിധിക്കാം.

താങ്കൾ ഭക്തിയുടെ മാർഗത്തിൽ പ്രവേശിക്കുക. തഖ്വാ[5] യുടെ മാർഗത്തെ പിൻപറ്റുക. വിവരമില്ലാത്തതിന്റെ പിന്നാലെ പോകാതിരിക്കുക. തന്നിഷ്ടത്തെ അനുഗമിക്കാതിരിക്കുക. നിശ്ചയമായും അല്ലാഹു സംസാരിക്കുന്ന വ്യക്തിയാണു ഞാൻ. അവൻ നേരിട്ടെനിക്കു പഠിപ്പിച്ചു തരുന്നു. എന്റെ സ്വഭാവം മനോഹരമാക്കുന്നു. അവനിൽനിന്നുള്ള കാരുണ്യമെന്നോണം അവൻ എന്നിലേക്ക് വഹ്യ്[6] ഇറക്കുന്നു. അതിനെ ഞാൻ പിൻപറ്റുന്നു. അവന്റെ മാർഗത്തെ അവഗണിച്ചുകൊണ്ട് മറ്റുമാർഗത്തെ സ്വീകരിക്കാൻ എനിക്കു സാധ്യമല്ല. അവന്റെ കല്പനയനുസരിച്ചാണ് ഞാൻ സംസാരിക്കുന്നത്. സ്വയം ഒന്നുംതന്നെ ഞാൻ ചെയ്തിട്ടില്ല. അത്യുന്നതനായ എന്റെ റബ്ബിന്റെമേൽ ഞാൻ കറ്റുകെട്ടി പറഞ്ഞിട്ടുമില്ല. അങ്ങനെ പറഞ്ഞിട്ടുള്ളവരെല്ലാം ഒന്നൊഴിയാതെ നശിച്ചൊടുങ്ങി. ഇതിൽ താങ്കൾക്ക് അത്ഭുതം തോന്നുന്നുണ്ടോ? ഭൂമിയേയും ഉയർന്ന ആകാശങ്ങളേയും സൃഷ്ടിച്ചവന്റെ പ്രവർത്തനത്തെ സംബന്ധിച്ച് അത്ഭുതപ്പെടേണ്ടതില്ല. അവനുദ്ദേശിച്ചത് ചെയ്യുകതന്നെ ചെയ്യും. തന്റെ വിധിയെക്കുറിച്ച് അവൻ ചോദ്യംചെയ്യപ്പെടുകയില്ല. അതിനുള്ള അനേകം തെളിവുകൾ എന്റെ പക്കലുണ്ട്. തീർച്ചയായും അവനെനിക്ക് വലിയ വലിയ ദൃഷ്ടാന്തങ്ങൾ കാണിച്ചുതന്നിരിക്കുന്നു. അവന്റെ വഹ്യ് മുഖേനയുള്ള വാർത്തകളിൽ മനുഷ്യബുദ്ധി എത്തിപ്പെടാത്ത രഹസ്യങ്ങളും സൂചനകളുമുണ്ട്. അതുകൊണ്ട് കുത്തിവയ്പ് ഉപേക്ഷിച്ച എന്റെ കാര്യത്തിൽ താങ്കൾ സംശയിക്കേണ്ട. അല്ലാഹു ബോധം നഷ്ടപ്പെടുത്തിയവരുടെ ഹൃദയം പോലെയാകരുത് താങ്കളുടെ ഹൃദയം. അവർ കാരണത്തെയാണ് ദൈവമായി സ്വീകരിച്ചത്. അവരുടെ കാര്യം വേറൊരുഭാഗത്താണ്.

5.അല്ലാഹുവിനെ മനുഷ്യൻ തന്റെ രക്ഷകനായി സ്വീകരിക്കൽ. 6.വെളിപാട്.

സകലകാരണത്തിന്റേയും അറ്റംചെന്നെത്തുന്നതു് ആദികാരണനായ നമ്മുടെ റബ്ബിലേക്കാണ്. വിവിധ മർതബകൾക്കു' ശേഷം കാരണം എന്നൊന്നുണ്ടാവുകയില്ല. പിന്നീടു വരുന്നത് തനി കല്പനകളുടെ മർതബയായിരിക്കും; ഇന്ന കാരണംകൊണ്ടാണെന്ന് പറയാനൊക്കാത്ത ഒരവസ്ഥ. അവിടെ അല്ലാഹു ശേഷിക്കുന്നു; ഏകനായ അവൻമാത്രം. എല്ലാ കാരണപരമ്പരയും അവിടെ അവസാനിച്ചു. മറ്റുള്ളതെല്ലാം മായ്ക്കപ്പെടുകയും ചെയ്തു. കാര്യകാരണങ്ങൾക്കു ചിലചുവടുകൾ മാത്രമേയുള്ളൂ. പിന്നീടു വരുന്നത് കല്പനകളാണ്. അവ ദൃഷ്ടിഗോചരമല്ല; സ്പർശിച്ചറിയാനും സാധ്യമല്ല. എന്നാൽ, അതിനുള്ളിൽ നമുക്കറിയാൻ പറ്റാത്തതും അറ്റമില്ലാത്തതുമായ അസംഖ്യം ഖജനാവുകളുണ്ട്. അതിവിശാലമായൊരു മരുഭൂമി. അതിലേ നടന്നുപോകാൻ സാധ്യമല്ല; നടന്നുതീർക്കാനും കഴിയുകയില്ല. ഇത് അല്ലാഹുവിന്റെ ശക്തിപ്രഭാവമല്ലേ, കാര്യകാരണങ്ങൾ മാത്രമാണോ?

ഇതെന്തൊരു ഭീമമായ അനീതി! ഈസായേയും ആദമിനേയും സൃഷ്ടിച്ചതെങ്ങനെയെന്ന് താങ്കൾ കാണുന്നില്ലേ? അവരിരുവരേയും കുറിച്ച് ഖുർആനിൽ വായിക്കുന്നില്ലേ? അതു താങ്കൾ മറന്നുപോയോ? കലീമിനുവേണ്ടി മഹാസമുദ്രം വഴിമാറിക്കൊടുത്തതും അദ്ദേഹം കരപ്രാപിച്ചപ്പോൾ ഫിർഔനെ മുക്കിക്കൊന്നതുമായ സംഭവം താങ്കൾ മറന്നുകളഞ്ഞു. ഏതു ഫലകത്തിൽ കയറിയാണ് മൂസ രക്ഷപ്പെട്ടതെന്ന് പറഞ്ഞു തരാമോ? ഈ കഥനങ്ങളൊന്നും അല്ലാഹു വൃഥാ വിവരിച്ചതല്ല. അതിലൊക്കെ ഗൂഢ രഹസ്യങ്ങളും ഗഹന തത്ത്വങ്ങളുമുണ്ട്. അല്ലാഹുവിന്റെ ശക്തിപ്രഭാവം കാര്യകാരണങ്ങളുമായി ബന്ധിതമല്ലെന്ന് താങ്കൾ മനസ്സിലാക്കണം. താങ്കളുടെ ഈമാൻ വർധിക്കണം. നയനങ്ങൾ തുറക്കണം. സന്ദേഹത്തിന്റെ നാഡിഞരമ്പുകൾ പൊട്ടിപ്പോകണം. താങ്കളുടെ റബ്ബ് സർവശക്തിമാനാണെന്നും അവന്റെ മുമ്പിൽ ഒരു കവാടവും അടഞ്ഞുകിടക്കുന്നില്ലെന്നും താങ്കളറിയണം. അവന്റെ മഹച്ഛക്തി ദ്രവിച്ചു പോകുകയോ എവിടെയെങ്കിലും ചെന്നവസാനിക്കുകയോ ഇല്ല. അവന്റെ മഹത്തായ ശക്തിയെ കാര്യകാരണങ്ങളുമായി ബന്ധിപ്പിക്കുന്ന ബുദ്ധിശൂന്യൻ സിദ്ദീഖിയ്യത്തിന്റെ മോന്തായത്തിൽനിന്ന് വീണുടഞ്ഞുപോകും.

7. മർതബ–നിലകൾ, തട്ടുകൾ

ഏതെങ്കിലും കാര്യം ഔദാര്യവാനായ അല്ലാഹുവിന്റെ കല്പനയാൽ ആരെങ്കിലുമുപേക്ഷിച്ചാൽ അവരെ അധിക്ഷേപിക്കരുത്. ഇരുളടഞ്ഞതും ഇടുങ്ങിയതുമായ നിയമവുമായി ദൈവിക നിയമങ്ങളെ ബന്ധിപ്പിക്കാതിരിക്കുക. താങ്കളൊന്ന് മനസ്സിലാക്കണം. കാര്യകാരണങ്ങളെമാത്രം അവലംബമാക്കുന്നത് തീർച്ചയായും പൊറുക്കപ്പെടാത്ത ബഹുദൈവാരാധനയുടെ അടിത്തറയാണ്. കാര്യകാരണബന്ധത്തെമാത്രം അവലംബമാക്കുമ്പോൾ മനുഷ്യൻ സൃഷ്ടിപൂജയുമായി എളുപ്പത്തിൽ അടുക്കുകയും സൂക്ഷ്മതപാലിക്കാത്തവനിൽ അത് തടയാനൊക്കാത്ത നിലയിൽ വളരുകയും ചെയ്യും. എത്രയെത്ര ജനങ്ങളെയാണ് ഈ ബഹുദൈവാരാധന നശിപ്പിച്ചു നിന്ദ്യരാക്കിയിട്ടുള്ളത്! പിന്നീടവർ ദീനിനെ പരിഹസിക്കുന്നവരായിത്തീർന്നു.

മിതമായ നിലയിൽ കാര്യകാരണങ്ങളെ അവലംബമാക്കുന്നതിനെ നാം തടയുന്നില്ല.അനുസ്യൂതം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവിനെ വിട്ടുകൊണ്ട് അവയെമാത്രം അവലംബമാക്കുന്നതിനെയാണ് നാം വിരോധിക്കുന്നത്. ഒരാൾ കാര്യകാരണത്തെ മാത്രം ആശ്രയിക്കുകയാണെങ്കിൽ അവൻ അതിരുലംഘിച്ചവനായി. അവൻ അല്ലാഹുവിനെ മാത്രം ലക്ഷ്യമാക്കി അവയൊന്നും സ്വീകരിക്കാതിരുന്നാൽ അത് അല്ലാഹുവിന്റെ അടയാളങ്ങളിൽ ഒരെണ്ണമായിരിക്കും. ബുദ്ധിയുടെപക്കൽ അത് അപരാധമാകുകയുമില്ല. കഴിഞ്ഞ കാലങ്ങളിൽ ഇത്തരം കാര്യങ്ങൾ സംഭവിച്ചിട്ടുള്ളത് താങ്കൾ കേട്ടിട്ടുണ്ടോ? അറിയുക. അല്ലാഹുവിന്റെ വലിമാർക്ക് പ്രത്യേകതരത്തിലുള്ള ചില ക്രിയകളുണ്ട്. കേവലധിഷണാശക്തികൊണ്ട് അവിടെ എത്തിച്ചേരാൻ സാദ്ധ്യമല്ല. അജ്ഞൻ മാത്രമേ അതിനെ അധിക്ഷേപിക്കുകയുള്ളൂ.

മൂസാനബിയുടെ സുഹൃത്തിന്റെ കഥ താങ്കൾ കേട്ടിട്ടില്ലേ? ഒരു പരിശുദ്ധാത്മാവിനെ അദ്ദേഹം കൊന്നു. തടഞ്ഞിട്ടും അദ്ദേഹം വക വച്ചില്ല. എല്ലാവരേയും മുക്കിക്കൊല്ലുകയാണെന്നു തോന്നിപ്പോകും വിധം കപ്പൽ വെട്ടിപ്പൊളിച്ചു; തികച്ചും വേണ്ടാത്ത കാര്യം. ഇതിലൊക്കെ അതിസൂക്ഷ്മമായ രഹസ്യമുണ്ട്. വാസ്തവത്തിൽ കാര്യകാരണങ്ങൾ (അസ്ബാബ്) സൃഷ്ടിക്കപ്പെട്ടതുതന്നെ വലിമാർക്കു

വേണ്ടിയാണ്. അവരുടെ സാന്നിധ്യമില്ലായിരുന്നെങ്കിൽ വസ്തുക്കളുടെയെല്ലാം കഴമ്പ് നശിച്ചുപോകുമായിരുന്നു. അവരെക്കൊണ്ടുണ്ടാകുന്ന പ്രയോജനം ഭിഷഗ്വരന്മാരുടെ യുക്തികൊണ്ടുണ്ടാവുകയില്ല. ഭൂമിയിലുള്ളവർക്ക് ശിപാർശ ചെയ്യുന്നവരെപ്പോലെയാണവർ. അവരുടെ സാന്നിധ്യമുണ്ടാകുകയെന്നതുതന്നെ ഒരു സംരക്ഷണമാണ്. അവരില്ലെങ്കിൽ സർവരും പകർച്ചവ്യാധി ബാധിച്ച് നശിച്ചുപോകുമായിരുന്നു. ആകാശത്തുനിന്ന് അനുഗ്രഹം ഇറങ്ങുന്നില്ലെങ്കിൽ ഒരുമരുന്നും പ്രയോജനപ്പെടുകയില്ല. അല്ലാഹു വഹ്യ് മുഖേന എന്നെയറിയിച്ചതുപോലെ.

لَوْ لَا الْإِكْرَامُ لَهَلَكَ الْمَقَامُ

ആദരണീയമല്ലായിരുന്നെങ്കിൽ ഈ സ്ഥലം നിശ്ശേഷം നശിപ്പിക്കപ്പെടുമായിരുന്നു.ആരാണോ ഭയപ്പെടുന്നത് അവർക്കിതിൽ ഗുണപാഠമുണ്ട്.

വലിമാരുടെ വചനങ്ങൾ മുഖേന അല്ലാഹു ചിലരെ പരീക്ഷിക്കുന്നുവെന്നുള്ളതാണ് അവന്റെ മറ്റൊരു സമ്പ്രദായം. അത്തരക്കാർ ചിന്തിക്കുകയോ കാര്യങ്ങൾ ഗ്രഹിക്കുകയോ ചെയ്യുകയില്ല. ആ വലിമാർ വഴിയായി പലർക്കും മാർഗഭ്രംശം സംഭവിക്കുകയും പലരും സന്മാർഗം സ്വീകരിക്കുകയും ചെയ്യുന്നു. ഇതുതന്നെയാണ് അവന്റെ വിധി. അഹങ്കാരംകൊണ്ട് തലപൊക്കി നടക്കുന്നവരും ഹൃദയത്തിൽ അഹംഭാവമുള്ളവരും അന്ത്യനാളിനെ ഭയപ്പെടാത്തവരുമാണ് ഇങ്ങനെ വഴിപിഴച്ചുപോകുന്നത്. അക്കൂട്ടർ പറഞ്ഞതുതന്നെ പറഞ്ഞുകൊണ്ടിരിക്കും. അക്കാര്യത്തിൽ സൂക്ഷ്മതപാലിക്കാനുള്ള വിവരമൊന്നും അവർക്കില്ല. അവർ തങ്ങൾക്കുവേണ്ടി നിയുക്തരായവരെ അഹമ്മതി നിമിത്തം അസഭ്യം പറയുകയും അവരുടെ അവ്യക്തമായ ഭാഷണത്തെ ആക്ഷേപിക്കുകയും ചെയ്യും. അവരുടെ പാപങ്ങളും കുറ്റങ്ങളും പരാജയങ്ങളും അടിസ്ഥാനപരമായി അതിന്റെ പരമകാഷ്ഠയിലെത്തിയതിനാൽ അവർ തങ്ങളുടെ പ്രകാശത്തെ പ്രാപിക്കുന്നില്ല. അവർ പ്രവാചകൻമാരുടെ കുറ്റംമാത്രമേ കാണുകയുള്ളൂ. യാഥാർഥ്യം കണ്ടു മനസ്സിലാക്കാനുള്ള ഭാഗ്യം അവർക്കു കിട്ടുന്നില്ല. കാണാതിരിക്കാൻ അവരുടെ കണ്ണ് അല്ലാഹു പൊത്തുന്നു. കേൾക്കാതിരിക്കാൻ ചെകിടടപ്പിക്കുന്നു. തിരിച്ചറിയാതിരിക്കാൻ

ഹൃദയത്തിന് മുദ്രവയ്ക്കുകയും ചെയ്യുന്നു. അത്തരക്കാർ പ്രവാചകൻമാരെ നോക്കുന്നു. പക്ഷേ, കാണുന്നില്ല. മുമ്പേ ചെയ്തതിന്റെ ഫലമെന്നോണം ദുൻയാവിന്റെ മേൽ കെട്ടിമറിഞ്ഞുകൊണ്ട് പരലോകത്തിന്റെ മുമ്പിൽ അവർ കുരട്ടപ്പെട്ടുപോയി. അവർ സ്വയം പരാതിപ്പെടുന്നു. അവരോട് അക്രമം ചെയ്തത് അവർതന്നെയാണ്. അനന്യാശ്രയനായ അല്ലാഹുവിനെ കവച്ചുവയ്ക്കാൻ അവർ മുന്നോട്ടു കുതിക്കുന്നു. അവരുടെ പരാതി അവർക്കുതന്നെ നഷ്ടം വരുത്തുന്നതും നരകത്തിലെ ഒരു പാതാളവുമാണ്. അവർ അതിലേക്ക് അടുക്കുന്നു. അതിൽ വീഴുന്നവൻ നശിച്ചു.

ഞങ്ങൾ ഒരു ദൃഷ്ടാന്തവും കണ്ടിട്ടില്ലെന്ന് ഇവർ പറയുന്നു. സുബ്ഹാനല്ലാഹ്! ഇതെന്തൊരു നുണ! കണക്കെടുക്കുന്ന ആ നാളിനെ എന്തുകൊണ്ട് ഇവർ ഭയപ്പെടുന്നില്ല? നൂറായിരത്തിലേറെ ദിവ്യദൃഷ്ടാന്തങ്ങൾ എന്നിൽനിന്ന് അവർ കണ്ടു. പക്ഷേ, കണ്ടവരെല്ലാം തങ്ങൾ കണ്ടതു മറന്നു. പുനരുത്ഥാനനാളിൽ ചോദിക്കപ്പെടുമ്പോൾ അവർ മറച്ചുവച്ചതിന്റെ ഫലമെന്തായിരിക്കും. ഉടുതുണിയില്ലാത്ത ശരീരവുമായിട്ടായിരിക്കും അവർ വരിക. സത്യവാൻമാരായ മുർസലുകളുടെ ശാപം കൊച്ചുകാര്യമല്ല. വിതച്ചതിന്റെ വിളവ് അവർ കൊയ്യുകതന്നെചെയ്യും. സ്വീകരിച്ചവനേയും രക്ഷപ്രാപിച്ചവനേയും അവർ കാണും. ഇതാ! അല്ലാഹു ഭൂമിയുടെ അതിരുകൾ കുറച്ചുകൊണ്ടുവരുന്നു. കഴിഞ്ഞ നൂറ്റാണ്ടുകളിൽ പാപികൾക്ക് കാണിച്ചുകൊടുത്തതെല്ലാം അവൻ കാണിക്കും.

അവന്റെ വലിമാരുടെ മാംസം വിഷമാണ്. പച്ചനുണയും പരദൂഷണവും പറഞ്ഞ് ആരെങ്കിലും അത് ഭുജിച്ചാൽ അവൻ തനിക്കുവേണ്ടി നാശം വിതച്ചുകഴിഞ്ഞു. വിഷം അതിന്റെ പ്രതികരണം കാണിക്കും. പാപി ഒരിക്കലും വിജയം കണ്ടെത്തുകയില്ല. അല്ലാഹു അവന്റെ വലിമാരുടെ കാര്യത്തിൽ അഭിമാനമുള്ളവനാണ്; സ്വന്തം നിലയിൽ അഭിമാനിയാണെന്നതുപോലെ. അവന്റെ ശത്രുക്കളെ അവൻ വെറുതെ വിടുകയില്ല. നിങ്ങൾ ആ സമയം കാത്തിരിക്കുക. അല്ലാഹുവിന്റെ ശത്രുവാണ് ഏറ്റവും വലിയ പരാജിതൻ; ഏറ്റവും വലിയ വിജയി അവന്റെ മിത്രവും. അല്ലാഹുവാണെ, ഞാൻ അവന്റെയടുക്കൽ നിന്നാണ് വന്നിട്ടുള്ളത്. അവൻ

എന്റെ മിത്രമാണ്. അപ്പോൾ സ്നേഹിതാ, താങ്കളുടെ അഭിപ്രായമെന്താണ്? താങ്കളെന്നെ നിഷേധിക്കുകയാണോ? ജനങ്ങളെ ഭയപ്പെടുന്നവരും അഹങ്കരിക്കുന്നവരുമാണ് എന്നെ നിഷേധിക്കുന്നത്. അല്ലെങ്കിൽ നല്ലപോലെ ചിന്തിക്കാത്തതിന്റെ ഫലമായി അവർ പിന്തള്ളപ്പെട്ടുപോയി. അതല്ലെങ്കിൽ അല്ലാഹു പരീക്ഷിച്ചപ്പോൾ അവർ ക്ഷമകൈക്കൊണ്ടില്ല. അങ്ങനെ അവർ നശിച്ചു. ഞങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്ന് പറയുന്നതുകൊണ്ടുമാത്രം പരീക്ഷണത്തിനു വിധേയരാക്കാതെ അവരെ വിട്ടുകളയുമെന്ന് ജനങ്ങൾ വിചാരിക്കുന്നുണ്ടോ?

അവരുടെ അഭിമാനത്തിനും സമ്പത്തിനും അവർക്കുതന്നെയും പരീക്ഷണങ്ങൾ വന്നു; അവർ സത്യവാൻമാരാണെന്നും എരിക്കാനുള്ള വിറകല്ലെന്നും അല്ലാഹു അറിയുന്നതിനുവേണ്ടി. ഓ സ്നേഹിതാ, അറിഞ്ഞുകൊള്ളുക. സ്വന്തം നിലയിൽ കാര്യകാരണങ്ങൾ അവലംബമാക്കുന്നതിനെ അവഗണിക്കുകയും അങ്ങനെ വിഡ്ഢികളുടെ കവാടത്തിൽ കടക്കുകയും ചെയ്യുന്ന ആളല്ല ഞാൻ. അനുഗ്രഹദാതാവായ അല്ലാഹുവിന്റെ വ്യക്തമായ വഹ്യില്ലാതെ കാര്യകാരണങ്ങളെ അവഗണിക്കാനോ നിസ്സാരമാക്കി തള്ളാനോ പാടുള്ളതല്ലെന്നറിയുക. അതായത് സുവ്യക്തമായ വഹ്യുണ്ടെങ്കിൽ മാത്രമേ അവയെ ഉപേക്ഷിക്കുവാൻ പാടുള്ളൂ. അപ്പോൾ ബസ്വീറത്തി[8]ല്ലാതെ എന്റെ കാര്യത്തിൽ താങ്കൾ ധൃതിപ്പെടരുത്. താങ്കളുടെ അമ്പിന് എന്നെകുറിയാക്കുകയുമരുത്. എന്റെ ഉള്ളിലുള്ള രഹസ്യം താങ്കൾക്കറിയില്ല. കാര്യം ഗ്രഹിക്കുന്നതിനുമുമ്പേ ആക്ഷേപം ഉന്നയിക്കാനുള്ള അവകാശം താങ്കൾക്കില്ല. നല്ലവരായ ആളുകളിൽ നിന്ന് പ്രതീക്ഷിക്കപ്പെടുന്നത് അതാണ്. സൃഷ്ടികളെ പ്രയോജനരഹിതമായി വിട്ടുകളയാത്ത എന്റെ റബ്ബാണ് എന്നെ അയച്ചിട്ടുള്ളത്. ഞാൻ സത്യവാൻ തന്നെയാണ്. ഞാൻ സ്വയം ഒന്നും ആശിക്കുന്നവനായിരുന്നില്ല. അതുകൊണ്ട് നിങ്ങൾ ചിന്തിക്കുക. ഇതാണ് മാന്യൻമാരിൽനിന്ന് ഞാൻ പ്രതീക്ഷിക്കുന്നത്.

പ്രതിരോധകുത്തിവയ്പ് ഒഴിവാക്കിയ കാര്യത്തിൽ താങ്കൾ ഞാനുമായി വിവാദത്തിനു പുറപ്പെടേണ്ടാ. 'എന്റെ നാഥാ,

8. ബസ്വീറത്ത് – ഉൾക്കാഴ്ച, ദൃഢബോധം

എനിക്കു ജ്ഞാനം വർധിപ്പിച്ചുതരേണമേ' എന്ന് പ്രാർഥിച്ചുകൊണ്ടിരിക്കുക. അല്ലാഹു അവന്റെ ചട്ടങ്ങൾ നടപ്പിൽ വരുത്തുന്നതു കാര്യകാരണങ്ങളിൽ കൂടിയാണ്; അതുപോലെ തന്നെ അവ കൂടാതെയും. ബുദ്ധിമാൻമാർ അതറിയുന്നു. അത് തൊലിയും കഴമ്പും പോലെയാണ്. ഖദരിയ്യാവർഗക്കാരെപ്പോലെ താങ്കൾ തൊലികൊണ്ട് തൃപ്തിയടയരുത്. അവന്റെ വിധിയുടെ രഹസ്യങ്ങളെ അന്വേഷിക്കുക. അപ്പോൾ താങ്കൾ കണ്ടെത്തും. അല്ലാഹു ഉദ്ദേശിക്കുന്നത് നിശ്ചയമായും അവൻചെയ്യും. അഭിപ്രായങ്ങൾ അവന് അതിരിടുകയോ നയനങ്ങൾ അവനെ കണ്ടെത്തുകയോ ഇല്ല. അവന് പരമാണുവിന്റേയോ ശരീരത്തിന്റേയോ ആവശ്യമില്ല. മരുന്നുകൂടാതെ രോഗികളെ സുഖപ്പെടുത്തുവാനും പിതൃബന്ധം കൂടാതെ സന്താനങ്ങളെ സൃഷ്ടിക്കുവാനും സേചനം കൂടാതെ കൃഷി മെച്ചപ്പെടുത്തുവാനും അവനു കഴിവുണ്ട്. അത്യുന്നതനായ അല്ലാഹുവിന്റെ കല്പനകൂടാതെ ഒരു മരുന്നും ഫലംചെയ്യുകയില്ല. അവനുദ്ദേശിക്കുന്നതിൽ ഫലിപ്പിക്കാനുള്ള കഴിവ് അവനിടുന്നു. അവനുദ്ദേശിക്കുന്നതിൽ നിന്ന് അതെടുത്തുകളയുകയും ചെയ്യുന്നു. സകല കല്പനകളും ആകാശങ്ങളിലും ഭൂമിയിലുമുള്ളതുതന്നെ. പരിപൂർണമായ അവന്റെ കഴിവുകളിൽ വിശ്വസിക്കാത്തവനും മനുഷ്യന് ആവശ്യമായ ബീജം അവന് ആവശ്യമില്ലെന്ന് തിരിച്ചറിയാത്തവനും അവനെ ശരിക്ക് ഗ്രഹിച്ചിട്ടില്ല. അവന്റെ മഹനീയ സ്ഥാനത്തെ മനസ്സിലാക്കിയിട്ടില്ല. ഉത്തമ മാർഗത്തിലെത്തിയിട്ടുമില്ല.

അവന്റെ ശക്തിപ്രഭാവത്തിന്റെ നിയമങ്ങൾ വരച്ച് കണക്കാക്കിയിട്ടുള്ളതാരാണ്? അവന്റെ ചട്ടങ്ങളെക്കുറിച്ച് ആർക്കാണറിയുക? ഹേ മനുഷ്യാ, അങ്ങനെയുള്ളൊരാൾ ഭൂമിയ്ക്കു മുകളിലോ അതിന്നടിയിലോ ഉണ്ടോ? മരുന്നുകൂടാതെ രോഗം സുഖപ്പെടുന്നതെങ്ങനെയെന്ന് താങ്കൾ ചോദിക്കുന്നു. താങ്കളെ അല്ലാഹു സൃഷ്ടിച്ചു. താങ്കൾ ഒരുവസ്തുവുമായിരുന്നില്ല. താങ്കൾക്ക് നാശമുണ്ടാകുന്നു. മറയടക്കപ്പെടുന്നു. ഇതെല്ലാം താങ്കളിൽ നടക്കുന്ന മാറ്റങ്ങളാണ്. അപ്പോൾ താങ്കൾക്ക് തെന്നിമാറാൻ കഴിയുമോ? അല്ലാഹുവിനെ സൂക്ഷിക്കുക. അവന്റെ ഉന്നതമായ ശക്തിമാഹാത്മ്യത്തെ നിഷേധിക്കാതിരിക്കുക.

കൊള്ളയിടുംവിധം വീടുകൾതോറും പ്ലേഗ് തീപ്പൊരി എറിയുന്നു. ഈ അവസരത്തിൽ മനുഷ്യൻ ഏതുമരുന്നാണ് രക്ഷയ്ക്കായി ആഗ്രഹിക്കുന്നത്? അല്ലയോ യുവാക്കളേ, ഊഹം യാഥാർഥ്യത്തെ ഒരിക്കലും നമുക്കു പ്രദാനം ചെയ്യുന്നില്ല. നിങ്ങൾ പ്രതിരോധകുത്തിവയ്പിനെക്കുറിച്ച് സംസാരിക്കുന്നുവോ? നാടുമുഴുവൻ പ്ലേഗ് ചിറകുവിരിച്ച് ആളിക്കത്തുമ്പോൾ ഈ കുത്തിവയ്പ് അതിനു പ്രതിവിധിയല്ല. അപ്പോൾ ഈ വിധിയെ തടയുന്നതും ഈ പാമ്പിനെ കൊല്ലാനുതകുന്നതുമായ എന്തൊന്നാണ് നിങ്ങളുടെ പക്കലുള്ളത്? സമൂഹത്തെ കരണം മറിക്കുന്ന വ്യാപകമായൊരു വിപത്താണ് ഈ പ്ലേഗ്. അല്ലാഹുവിന്റെ നടപടിക്രമങ്ങളെല്ലാം തങ്ങൾക്കറിയാമെന്നും അവന്റെ നിയമങ്ങളെ തങ്ങൾ ആവരണം ചെയ്തിരിക്കുകയാണെന്നും വാദിക്കുന്നവർ വഴിപിഴച്ചവരാണ്. അല്ലാഹു അതിൽനിന്നെല്ലാം പരിശുദ്ധനാകുന്നു. പ്രസ്തുത ധാരണ വച്ചുപുലർത്തുന്നവർ കുരുടൻമാരേക്കാൾ വഴികാണാത്തവരാകുന്നു. അല്ലാഹുവിന്റെ നിയമം പരിമിതികൾക്കും അതിർവരമ്പുകൾക്കും അതീതമാണ്. ഇതാണ് യാഥാർഥ്യം. തന്റെ ഇഷ്ടദാസർക്കുവേണ്ടി അവൻ അവന്റെ ചട്ടങ്ങളിൽ ചിലത് മാറ്റുന്നു. ഊഹിക്കാൻ പോലും സാധിക്കാത്തതും ഭാവനയിൽ വരാത്തതുമായ കാര്യങ്ങൾ അവർക്കുവേണ്ടി അവൻ പ്രകടമാക്കും. അങ്ങനെ ഒന്നില്ലായിരുന്നുവെങ്കിൽ അവനെത്തേടി ജീവിതംകഴിക്കുന്ന സിദ്ധന്മാർ പരാജയപ്പെടുകയും അവൻ ആരാലും അറിയപ്പെടാത്തവനാവുകയും അവനെ പ്രേമിക്കുന്നവർ പർദയ്ക്കുള്ളിലും കൂരിരുട്ടിലും അന്ധതയിലും മരിച്ചൊടുങ്ങുകയും ചെയ്യുമായിരുന്നു. അല്ലാഹുവാണ, സാധാരണ നടന്നുവരുന്ന നടപടികൾക്കു വിരുദ്ധമായി ഒന്നുംതന്നെ സംഭവിക്കുകയില്ലെന്നാണെങ്കിൽ ഇബാദത്ത്[9] നിഷ്ഫലമായിപ്പോവുകയും അവന്റെ ഇഷ്ടദാസന്മാർ എതിരാളികളുടെ ചതിയിൽ കുടുങ്ങി നശിക്കുകയും അവർ ഇഹത്തിലും പരത്തിലും നഷ്ടത്തിലാവുകയും സ്വന്തം ദുഃഖഭാരത്താൽ ഇരുകണ്ണും നഷ്ടപ്പെട്ട് ഈ ലോകത്തോടു യാത്രപറയുകയും ചെയ്യുമായിരുന്നു. അവരെപ്പോലെ പരാജിതർ മറ്റാരുമുണ്ടാകുമായിരുന്നില്ല. നിശ്ചയമായും അല്ലാഹു അവരുടെ ജന്നത്തും[10] ജുന്നത്തും[11] ആണ്. അല്ലാഹുവിനുവേണ്ടി തങ്ങളുടെ ജീവിതവും എല്ലാവിധ

9. ഇബാദത്ത് - ആരാധനാകർമ്മങ്ങൾ 10. ജന്നത്ത് - സ്വർഗം 11. ജുന്നത്ത് - പരിച

സുഖവും പരിത്യജിച്ചവരാണ് വലിമാർ. തനിക്കുവേണ്ടി ജീവിതാർ പണം ചെയ്തവരെ അപ്പോൾ അവൻ എങ്ങനെ ഉപേക്ഷിക്കും? അവനിലേക്ക് നടന്നടുക്കുന്നവരുടെ നേരെ അവന്റെ അനുഗ്രഹം ഓടിയെത്തുന്നു. സൃഷ്ടികളെല്ലാം അന്ധരും അവന്റെ വലിമാരെ തിരിച്ചറിയാത്തവരുമാണ്. അവൻ പൂർവ്വാഹ്നത്തിലേതുപോലെയുള്ള പ്രകാശം കൊണ്ട് അവരെ പരിചയപ്പെടുത്തും. സാധാരണത്വത്തെ വ്യതിക്രമിക്കുന്നില്ലെങ്കിൽ പിന്നെ ദൃഷ്ടാന്തങ്ങളുടെ അർഥമെന്ത്?

അല്ലയോ മുസ്‌ലിം മക്കളേ, നിങ്ങൾ ചിന്തിക്കുന്നില്ലേ? ജനങ്ങളെ മത്തുപിടിച്ചവരായി കാണുന്ന നാൾവരെ – യഥാർഥത്തിൽ അവർ മത്തന്മാരല്ല – നമ്മുടെ വരിഷ്ഠരായ നബിയുടെമേൽ സലാം. നമ്മുടെ ആരാധ്യൻ ഏകനും അനാദ്യനുമാണ്. ഇതിലെല്ലാം തെറ്റുധരിക്കുന്നവനും സംശയംപ്രകടിപ്പിക്കുന്നവനും സത്യനിഷേധിയാകുന്നു. അതിനോടൊപ്പം, അല്ലാഹു പുതുവസ്ത്രമണിഞ്ഞ് മറ്റാർക്കും തിരിച്ചറിയാൻ സാധിക്കാത്തവിധം മറ്റൊരു ഇലാഹിന്റെ രൂപത്തിൽ തന്റെ വലിമാർക്കുവേണ്ടി രംഗപ്രവേശനം ചെയ്യുന്നു. അപ്പോൾ ഈ ലോകത്ത് മാതൃകയെടുത്തുകാണിക്കാൻ പറ്റാത്ത ചിലതെല്ലാം അവൻ ചെയ്യും. സ്വയം പരിശുദ്ധനായവനും അങ്ങനെ സ്വന്തം സാധാരണത്വത്തെ പിച്ചിച്ചീന്തി വലിച്ചെറിഞ്ഞവനും വേണ്ടി മാത്രമേ അവൻ അസാധാരണത്വം കാണിക്കുകയുള്ളൂ. അവന്റെ തൃപ്തിയ്ക്കുവേണ്ടി മരണത്തെ വാഹനമാക്കിയവനും അവന്റെ തിരുസന്നിധിയിൽ കുമ്പിടുന്നവനും തന്റെ ശരീരേച്ഛകളെ കരിച്ചവനും മായ്ച്ചവനും അമ്മാറത്ത്[12] എന്ന വാഹനത്തിൽ നിന്നിറങ്ങുന്നവനും വേണ്ടി മാത്രം അവൻ തന്റെ സിംഹാസനത്തിൽ നിന്നിറങ്ങിവരുന്നു. സാധാരണത്വത്തെ ഉപേക്ഷിക്കുന്നവനുവേണ്ടി അവനും സാധാരണത്വം ഉപേക്ഷിക്കുന്നു. പുത്തനായി രംഗത്തുവരുന്നവനുവേണ്ടി അവനും പുത്തനായി രംഗത്തുവരുന്നു. അവനിൽ ലയിച്ചവന് അവൻ പുതിയൊരു അസ്തിത്വം പ്രദാനം ചെയ്യുന്നു. ഇതുതന്നെയാണ് സത്യവിശ്വാസികൾക്കുവേണ്ടി ഉദ്ദേശിക്കപ്പെട്ടത്. ഇതിൽനിന്ന് ഒരു വസ്തുവും കാണാത്തവൻ ഒന്നും കാണാത്തവനാണ്. അവനെമാത്രം ലക്ഷ്യമാക്കി മുന്നോട്ടുനീങ്ങുന്നവർക്ക് അവൻ വെളിപ്പെടുകയും അവർ സ്പർശിച്ചിട്ടില്ലാത്ത, അടുത്തുപോലും ചെ

12. നഫ്സ് അമ്മാറ – ദോഷപ്രവണമായ ആത്മാവ്

ന്നിട്ടില്ലാത്ത ചില ദൃഷ്ടാന്തങ്ങൾ അവർക്കു കാണിച്ചുകൊടുക്കുകയും ചെയ്യും. വിനയത്തോടും താഴ്മയോടുംകൂടി അവനിലേക്കു നീങ്ങുന്നവരെ സകല വിപത്തിൽനിന്നും രക്ഷിക്കുകയും അത്തരക്കാരിലേക്ക് അവൻ ഓടിവരികയും ചെയ്യുന്നു. അവനിലേക്ക് തിരിഞ്ഞുകൊണ്ട് അവർ വിജയം അവകാശപ്പെട്ടാൽ അവർക്കു വേണ്ടി അസാധാരണമായ ചിലവിധികൾ അവൻ പുറപ്പെടുവിക്കും. അത്തരക്കാരെ ഉപദ്രവിക്കുന്നവരും, ഉപദ്രവിക്കുന്നവർക്ക് സംരക്ഷണംനല്കുന്ന വസ്തുക്കളുമെല്ലാം പരാജയമടയും. അല്ലാഹുവിന്റെ സ്നേഹിതനും അവന്റെ ശത്രുവും സമമാകുന്നതെങ്ങനെ? പ്രേമത്തിന്റെ ചക്കിലിട്ട് തങ്ങളെ പൊടിച്ചവരെ താങ്കൾ കണ്ടില്ലേ? അവരുടെ ആ പ്രേമംകൊണ്ട് പലരീതിയിലുള്ള വിപത്തുകൾ അവരുടെമേൽ വന്നുഭവിച്ചു. അതുകൊണ്ടവർ നശിക്കുകയില്ല. പരിഹസിക്കുന്നവർ പരിഹസിക്കാതിരിക്കാൻവേണ്ടി അവനിൽനിന്നും അവന്റെ ശത്രുവിൽനിന്നുമുള്ള രണ്ടുമരണം അവരുടെമേൽ അല്ലാഹു ഒരുമിച്ചുകൂട്ടുകയുമില്ല. ഇപ്രകാരമാണ് ലോകോല്പത്തി മുതൽ നടന്നുവരുന്ന അവന്റെ വിധി. ഇനി അവൻ അവരെ നശിപ്പിച്ചാലോ, അപ്പോൾ അവർ അവന്റെ അടിമകളാണ്. മറിച്ച് അവൻ അവരെ സഹായിച്ചാലോ, അപ്പോൾ ശത്രുക്കൾക്കും അവരുടെ വിദ്വേഷത്തിനും ഒരു പ്രസക്തിയുമില്ല. സർവ്വവിധ അന്തസ്സും അഭിവൃദ്ധിയും അവർക്കുവേണ്ടി അവനെഴുതിവച്ചിരിക്കുന്നു. അവന്റെ വസ്ത്രത്തിനുതാഴെ ആരുംകാണാത്ത ഒരുപറ്റം ആളുകളുണ്ട്. അവനറിയിച്ചുകൊടുക്കാതെ ആ മറഞ്ഞിരിക്കുന്നവരെ മറ്റുള്ളവർ അറിയുന്നില്ല. അല്ലാഹു അവരെ അറിയുകയും കാണുകയും ചെയ്യുന്നു. അവർക്കുവേണ്ടി സാക്ഷിപറയാൻ അവൻ മുന്നോട്ടുവരുന്നു. അവർക്കുവേണ്ടി ഭൂമിയിൽ പലദൃഷ്ടാന്തങ്ങൾ കാണിക്കുകയും ഹിദായത്ത്[9] തേടുന്നവരെ അവൻ ഹിദായത്തിലാക്കുകയും ചെയ്യുന്നു. അവർക്കുവേണ്ടി അവൻ ശത്രുക്കളോടു പോരാടും. മറ്റാരും സൃഷ്ടിക്കാത്തതായ കാരണങ്ങൾ അവൻ സൃഷ്ടിക്കും. അവരെ സഹായിക്കാൻ അവൻ മലക്കുകൾക്ക് കല്പനകൊടുക്കും. അങ്ങനെ അവർ വിചാരിക്കാത്തതും ഊഹിക്കാത്തതുമായ കയറ്റം അവർക്കു ലഭിക്കും.

9 ഹിദായത്ത് - സന്മാർഗ്ഗം

കാരണങ്ങൾ അവലംബമാക്കുന്നത് ഉപേക്ഷിച്ചതിനാണോ താങ്കളെന്നെ കുറ്റംപറയുന്നത്. ഞാൻ അങ്ങനെ ചെയ്തത് ലോകരക്ഷിതാവിന്റെ കല്പനപ്രകാരമാണ്. അപ്പോൾ എന്നെ കുറ്റംപറയുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. നിങ്ങൾ കണ്ടിട്ടും കണ്ടില്ലെന്ന് നടിക്കുന്നു. പ്രതിരോധകുത്തിവയ്പ് എടുക്കരുതെന്ന് ഞാൻ ജനങ്ങളെ വിലക്കുന്നില്ല. എനിക്കും, എന്നെ സദ്ഹൃദയത്തോടെ പിൻതുടരുന്നവർക്കും മാത്രമേ അത് പ്രയോജനപ്പെടുകയുള്ളു. അത്തരക്കാർ റഹീമായ റബ്ബിന്റെ സമ്പ്രീതിയ്ക്കുവേണ്ടി സൽക്കർമ്മം ചെയ്യുകയും, പാമ്പ് ഉറ ഊരുന്നതുപോലെ തങ്ങളുടെ പാപങ്ങളിൽ നിന്നും അതിന്റെ പ്രേരണകളിൽ നിന്നും ഊരിവരികയും വേണം. അങ്ങനെയല്ലവരായിരിക്കും ഈ മഹാമാരിയിൽ നിന്ന് സുരക്ഷിതർ. മസീഹിന്റെ ജനനത്തിലും, കലീമിനെ സംരക്ഷിച്ചതിലും, യഹ്‌യായുടെ പിറവിയിലും അല്ലാഹു കാണിച്ച അത്ഭുതങ്ങൾ താങ്കൾ മറന്നുപോയോ? അതല്ല, പണ്ടത്തെ ദൈവമല്ല ഇപ്പോഴുള്ള നമ്മുടെ റബ്ബെന്ന് താങ്കൾ വാദിച്ചേക്കുമോ? മൂസാ കപ്പലുകൂടാതെ സമുദ്രം കടന്നപ്പോൾ തന്നെയും തന്റെ ജനതയേയും നാശത്തിലിട്ടെന്നാണോ താങ്കൾ ധരിച്ചുവച്ചിട്ടുള്ളത്? മൂസാ കപ്പലിൽ കയറിയിട്ടില്ലെന്നും സാധാരണ നടന്നുവരുന്ന വഴക്കമനുസരിച്ച് പാലം കടന്നിട്ടില്ലെന്നും താങ്കൾ സമ്മതിച്ചേ പറ്റൂ. മൂസാ സമാധാനപൂർണ്ണമായ സ്ഥലം ഉപേക്ഷിച്ച് അല്ലാഹുവിന്റെ നിയമത്തിന് വിപരീതം പ്രവർത്തിച്ചുവെന്നാണോ താങ്കൾ കരുതിയിരിക്കുന്നത്?

നഗ്നമായ ഖഡ്ഗവുമായി നില്ക്കുന്ന മനുഷ്യാ, ചിന്തിച്ചാലും. എന്റെ കാര്യത്തിൽ ആക്ഷേപം ഉന്നയിച്ചതുപോലെ താങ്കൾ ഇവിടേയും ആക്ഷേപം ഉന്നയിക്കുമോ? കാരണങ്ങളെ അവലംബമാക്കിക്കൊണ്ട് എത്ര കപ്പലുകളാണ് മൂസാ സമുദ്രത്തിൽ തയ്യാറാക്കി നിറുത്തിയിരുന്നതെന്ന് താങ്കൾക്കു പറയാൻ കഴിയുമോ? വിശുദ്ധഗ്രന്ഥത്തിൽ ഇതുസംബന്ധമായി വല്ലതും താങ്കൾ വായിച്ചിട്ടുണ്ടെങ്കിൽ ഞങ്ങൾക്കും പറഞ്ഞു തരിക. തന്നിഷ്ടത്തിന്റെ മലഞ്ചരിവിൽ താങ്കൾ അസ്വസ്ഥനാകേണ്ട. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്ന് മനസ്സിലായതു നാം വിവരിച്ചുകഴിഞ്ഞിരിക്കുന്നു. താങ്കൾ എങ്ങോട്ടു പോകുന്നുവെന്നും എവിടെ എത്തുമെന്നും എനിക്കറിയില്ല.

അല്ലാഹുവിന്റെ ഏടുകളിൽ താങ്കളുടെ വിവരണം നാം കാണുന്നുമില്ല.

وَكَانَ اللّٰهُ عَلٰى كُلِّ شَيْءٍ مُّقْتَدِرًا

"അല്ലാഹു എല്ലാ കാര്യങ്ങൾക്കും സർവശക്തനാണ്."[14] എന്ന ദൈവിക വചനത്തിൽ താങ്കൾക്ക് അത്ഭുതം തോന്നുന്നുണ്ടോ?

പ്ലേഗ് എന്ന നരകം ആളിക്കത്തുന്നതു താങ്കൾ കാണുന്നില്ലേ? ഒന്നിനുപിറകേ ഒന്നായി ആളുകൾ മരിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീപുരുഷവ്യത്യാസമില്ലാതെ അത് എല്ലാവരേയും വേട്ടയാടുന്നു. കളവാണ് ഞാൻ പറയുന്നതെങ്കിൽ ശിക്ഷലഭിക്കുമെന്നുള്ള ഭീതി എന്നെ പിടികൂടുമായിരുന്നു. നശിച്ചുകൊണ്ടിരിക്കുന്ന ഈ ജനതക്കിടയിൽ നിന്ന് ഇങ്ങനെ പറയാൻ ഞാൻ സാഹസം കാണിക്കുമായിരുന്നില്ല. ഞാൻ കൃത്രിമം കാണിക്കുന്നവനും കെട്ടികെട്ടി പറയുന്നവനുമാണെങ്കിൽ ശക്തമായ ഈ മഹാമാരി നിലനില്ക്കുമ്പോൾ ഒരു കറാമത്ത്[15] കാണിക്കുകയെന്ന നിലയിൽ ഇങ്ങനെയൊക്കെ പറയുവാനുള്ള മനക്കരുത്തും എനിക്കുണ്ടാകുമായിരുന്നില്ല. മലഉൽഅഅ്ലാ[16]യുടെ പിരടികൾ പോലും പ്രകമ്പനം കൊള്ളുംവിധം അല്ലാഹുവിന്റെ കോപം കഠിനതരമായിരിക്കുന്നു. ഈ സന്ദർഭത്തിൽ അല്ലാഹുവിനെ കുറിച്ച് കളവ് വിളമ്പാൻ ആരെങ്കിലും മുതിരുമോ? ആകാശത്തുനിന്ന് തീപ്പൊരി വിതറുകയാണ്. തന്റെ ഇരിപ്പിടത്തിൽത്തന്നെ മനുഷ്യൻ അഴിഞ്ഞുപോകുന്നു. വൈകുന്നേരം ഒരു ജീവി. പ്രഭാതത്തിൽ അതൊരു ശവം. ഇത്രയധികം മരണം നടക്കുമ്പോൾ എല്ലാം അറിയുന്നവനും സകലതും കാണുന്നവനുമായ അല്ലാഹുവിന്റെ പേരിൽ കറ്റുകെട്ടിപ്പറയാൻ ധൈര്യപ്പെടുമെന്ന് ആരെങ്കിലും കരുതുന്നുണ്ടോ? ദൈവികശിക്ഷ കൺമുമ്പിൽ സർവത്ര വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഈ നാട്ടിലെ എല്ലാ ജനതകളിൽ നിന്നും ആളുകൾ ഇതിലേക്ക് ക്ഷണിക്കപ്പെടുന്നു. ഔദാര്യമുടയവനായ റബ്ബിൽനിന്ന് എനിക്ക് സുവിശേഷം നല്കപ്പെട്ടു. അവന്റെ വാഗ്ദാനത്തിൽ ഞാൻ

14. വി.ഖുർആൻ 18:46 15. കറാമത്ത് – അസാധാരണനിലയിലുള്ള ദൈവസഹായം 16. മലക്കുകളുടെ സമുന്നത സമിതി.

വിശ്വസിച്ചു. അങ്ങനെ കാരണങ്ങൾ അവലംബമാക്കുന്നത് ഉപേക്ഷിക്കൽ ഞാനിഷ്ടപ്പെടുകയും ചെയ്തു. എനിക്കു കിട്ടിയ സന്ദേശത്തിൽ സംശയം പ്രകടിപ്പിക്കുകയോ അതിനു വിരുദ്ധം പ്രവർത്തിക്കുകയോ എനിക്കു ചേർന്നതായിരുന്നില്ല. ശത്രുക്കളുടെ വാക്കുകൾ ഞാൻ വിലക്കെടുക്കുകയില്ല. ആകാശത്തിൽ ചെയ്യപ്പെടുന്നതൊന്നും ഭൂമിയിൽ ചെയ്യപ്പെടുകയില്ലെന്നെനിക്കറിയാം.

അല്ലാഹു എന്റെ കൂടെയുണ്ട്. അപ്പോൾ എനിക്കു വേറെ ചിന്തിക്കേണ്ട ആവശ്യമില്ല. 'നിന്നെ ബലഹീനനാക്കുന്ന ഒന്നും നിന്റെ പിന്നിൽ ഞാൻ ബാക്കി നിറുത്തുകയില്ല' എന്ന് അവൻ എനിക്കു സുവിശേഷം നല്കിയിരിക്കുന്നു. അവൻ പറഞ്ഞു, 'അല്ലാഹു നിന്നെ സംരക്ഷിക്കും. അവൻ റഹ്മാനും നിന്റെ വലിയുമാണ്.' സൗന്ദര്യം അല്പം കറുപ്പിലേക്ക് തിരിഞ്ഞാൽ അവിടെ രണ്ടു സൗന്ദര്യം ദൃശ്യമാകും. നമ്മുടെ റബ്ബ് നിത്യസഹായിയായിരിക്കുമ്പോൾ നാം എന്തിനു ശത്രുക്കളെ ഭയപ്പെടണം. അപ്പോൾ പ്രതിരോധകുത്തിവയ്പ് ഉപേക്ഷിച്ചതിൽ താങ്കളെന്നെ കുറ്റപ്പെടുത്തരുത്. എല്ലാ പ്രവൃത്തിയും എന്റെ റബ്ബിന് നന്നായിട്ടറിയാം.

മൂസായുടെ മാതാവിന് സംഭവിച്ചതെന്താണെന്ന് താങ്കൾക്കറിഞ്ഞുകൂടെ? തന്റെ കുഞ്ഞിനെ അവർ സമുദ്രത്തിലൊഴുക്കി. അവരുടെ ഹൃദയം കത്തിയെരിയുകയായിരുന്നു. എന്നാൽ, തന്റെ റബ്ബിന്റെ വാഗ്ദത്തം അവർ ദൃഢമായി വിശ്വസിക്കുകയാണ് ചെയ്തത്. അബലവിശ്വാസികളെപ്പോലെ അത് ബലഹീനമായിരുന്നില്ല. കുരുടനേയും പാണ്ടുരോഗിയേയും ഈസാ സുഖപ്പെടുത്തിയതെങ്ങനെയെന്ന് താങ്കൾക്കറിയാമോ? വിശുദ്ധഖുർആനിൽ തിരഞ്ഞുനോക്കൂ. സ്വഹീഹയ്നിൽ അന്വേഷിക്കൂ. എന്നിട്ട് തെളിവുകൾ ഞങ്ങൾക്ക് കാണിച്ചു തരൂ! അല്ലെങ്കിൽ മുൻഗ്രന്ഥങ്ങളിൽ ഏതെങ്കിലുമൊന്ന് ഞങ്ങൾക്കായി കൊണ്ടുവരൂ! ഈ തെളിവുകളൊന്നും താങ്കൾക്കു മതിയായതല്ലേ? ഇനിയും മറ്റു തെളിവുകളാവശ്യമാണോ? ഞാൻ വിവരിച്ച ഈ ഉൽക്കൃഷ്ട പാഠങ്ങളിൽ താങ്കൾ ചിന്തിച്ചാൽ ഒരു ഒഴികഴിവിനും ഇടയില്ലാത്തവിധം ശരിയായ നിലയിൽ കാര്യങ്ങൾ അവതരിപ്പിച്ചുവെന്ന് താങ്കൾക്ക് മനസ്സിലാകും. ഇനി താങ്കളുടെ ക്ഷമയറ്റുപോകുന്ന ഒരു രഹസ്യം ഞാൻ വെളിപ്പെടുത്താം.

## സർവാധിനാഥനിൽ സർവവും സമർപ്പിച്ചുകൊണ്ട് പ്രതിരോധകുത്തിവയ്പ് ഒഴിവാക്കാൻ എന്നെ നിർബ ന്ധിച്ച വിഷയത്തെ സംബന്ധിച്ചുള്ള സുഖകരമായ വിശദീകരണം

എന്റെ ഈ വിഷയത്തിന്റെ യഥാർഥ കഴമ്പ് സമസ്തമനുഷ്യരുടേയും മുമ്പാകെ ഞാൻ സമർപ്പിച്ചിട്ടുള്ള വാദമാണെന്നറിയുക. നിങ്ങൾ കാത്തിരിക്കുന്ന ഇമാമും വാഗ്ദത്ത മസീഹുമാണ് ഞാനെന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നു. സമുദായത്തിലെ അഭിപ്രായഭിന്നതകൾക്ക് പരിഹാരം കാണുന്ന വിഷയത്തിൽ അല്ലാഹു എന്നെ വിധികർത്താവാക്കിയിരിക്കുന്നു. ജനങ്ങൾക്ക് ഉൾക്കാഴ്ചയോടുകൂടി പ്രബോധനം ചെയ്യാൻ അവൻ എനിക്ക് നേരിട്ട് നിർദേശം നല്കി. അപ്പോൾ അവരുടെ പ്രതികരണം, നെറികെട്ട ചീത്തയും കാഫിർ എന്നുള്ള ഫത്വയും വ്യാജാരോപണവും ശല്യപ്പെടുത്തലും മാത്രം. ഏതെല്ലാം തരത്തിലുള്ള ചീത്തയുണ്ടോ അതെല്ലാം അവരെന്നെ വിളിച്ചു. പക്ഷേ, അതേ ശൈലിയിൽ ഞാനവർക്ക് മറുപടി നല്കിയില്ല. അവരുടെ പ്രസംഗങ്ങളും പ്രഭാഷണങ്ങളും ഞാൻ വകവച്ചതുമില്ല. അവരുടെ ചീത്തവിളി കൂടിക്കൂടിവന്നു. അങ്ങനെ കലഹം ആളിക്കത്തി. പലദൃഷ്ടാന്തങ്ങളും അവർ കണ്ടു. പല അടയാളങ്ങളുമായി അവർ ബന്ധപ്പെട്ടു. പക്ഷേ, അതെല്ലാം അവർ നിഷേധിച്ചു. കുറേ കൃത്രിമങ്ങളും സ്വയം മെനഞ്ഞെടുത്ത ന്യൂനതകളുമായി അവരെന്റെ നേരെ ചാടിവീണു . എന്നെ ഉപദ്രവിക്കാൻവേണ്ടി താഴേക്കിടയിലുള്ള ആളുകളെ ഇളക്കിവിട്ടു. അവരെ സഹായിക്കാൻ മതവിരോധികളേയും ക്രിസ്ത്യാനികളേയും കൂട്ടുപിടിച്ചു. എന്നെ കാഫിറാക്കാൻ പണ്ഡിതന്മാർ ഫത്വാ പുറപ്പെടുവിച്ചു. ഞാനുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിക്കാനാവശ്യപ്പെട്ടുകൊണ്ട് പ്രസിദ്ധീകരണങ്ങൾ പുറത്തുവന്നു. അങ്ങനെ ഈ ഭൂഗോളം മുഴുവൻ ഒരു ചലിക്കുണ്ടാകുംവിധം എന്റെ നേർക്ക് ഉപദ്രവങ്ങൾ വർഷിച്ചു. ഒരു വിവരവുമില്ലാതെയും സ്രഷ്ടാവായ അല്ലാഹുവിനെ ഒട്ടും വിലവെക്കാതെയുമുള്ള അവരുടെ ഈ പ്രവർത്തനങ്ങൾ കണ്ട് മൂഢൻമാർ പോലും ചിരിക്കാൻ തുടങ്ങി. കൊറ്റടുകീറുമാറ് അവർ ചിരിച്ചു. കുറവൻ കുരങ്ങനെ നൃത്തംചെയ്യിക്കും വിധം

പണ്ഡിതന്മാർ അവരെ നൃത്തം ചെയ്യിച്ചു. ചുറ്റും കൂടിയിരുന്ന വിഡ്ഢികൾ കുലുങ്ങിക്കുലുങ്ങി ചിരിച്ചു: അങ്ങനെ ആ ഞൊണ്ടികളുടെ പിന്നാലെ മറ്റു ഞൊണ്ടികളും നടന്നു. ഏതൊരു യോഗം കൂടിയാലും എന്നേയും എന്റെ കൈയിൽ ബയ്അത്ത് ചെയ്തവരേയും ശപിക്കാതെ അവരാരും പിരിഞ്ഞുപോകുന്നില്ല. അവർ സജ്ജനങ്ങളെ കുഴപ്പക്കാരായി ചിത്രീകരിക്കുന്നു.

അവരുടെ ഏതു വൃത്തത്തിൽ ചെന്നാലും അവിടെ കൂക്കിവിളിച്ച് അട്ടഹസിക്കുന്നവരും സജ്ജനങ്ങൾക്ക് ഭ്രഷ്ട് കല്പിക്കുന്നവരുമായിട്ടല്ലാതെ നാം അവരെ കണ്ടിട്ടില്ല. ഞാനും എന്റെ കൊച്ചുജമാഅത്തും ഇത്തരം ഉപദ്രവങ്ങൾക്കു പാത്രമായി. ഈ ആലിംകളുടെ വഞ്ചന നിമിത്തം മരണത്തിന്റെ ദന്തങ്ങൾക്കിടയിലൂടെ ഞങ്ങൾക്കു സഞ്ചരിക്കേണ്ടിവന്നു. അവർ കറ്റുകെട്ടിപ്പറഞ്ഞതും അക്രമം പ്രവർത്തിച്ചതുമായ കാര്യങ്ങൾ നാം ഭരണാധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

ഈ കുഫ്ർഫത്വക്കാർ നമുക്കെതിരിൽ സമൂഹത്തിലെ നീചവർഗത്തെ ഇളക്കിവിടുകയും എന്നെ ഉന്മൂലനം ചെയ്യാൻ എല്ലാ ചതികളും പ്രയോഗിക്കുകയും ചെയ്തു. നാം പറയുന്നതിന്റെ പ്രകാശമണയ്ക്കാൻ അവർ കിണഞ്ഞു പരിശ്രമിച്ചു. സകല മുസീബത്തുകളും എന്നിൽ വർഷിച്ചു. എന്നാൽ നാം കുലുങ്ങിയില്ല. സർവശക്തന്റെ സഹായവും കാത്ത് നാമിരുന്നു. നാം അവനിൽ അഭയം പ്രാപിച്ചു. എന്നെ ദുർവൃത്തനാക്കി കാണിക്കാനും മടയനാക്കി പ്രദർശിപ്പിക്കാനും അവർ അശ്രാന്ത പരിശ്രമം ചെയ്തു. സഭ്യേതരമായ ഇത്തരം വാക്കുകൾക്ക് മറുപടി പറയുമ്പോൾ ശ്രദ്ധിച്ചില്ലായിരുന്നെങ്കിൽ തട്ടുത്തരം എന്ന നിലയിൽ അവരുടേതായ ശൈലി ഞാനും കൈക്കൊണ്ടുപോകുമായിരുന്നു. ഞാനേതെങ്കിലും ഒരപകടത്തിൽപ്പെട്ടുകാണാൻ അവർ കഠിനമായി പരിശ്രമിച്ചു. അല്ലാഹുവിൽ നിന്ന് എനിക്കു ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ നീങ്ങിപ്പോകണമെന്ന് അവർ അതിയായി ആഗ്രഹിച്ചു. എന്നാൽ സർവതലങ്ങളിലും അവർ പരാജയപ്പെട്ടു. വന്നപോലെ അവർ മടങ്ങി. അവർ ചതിയുടെ വലവീശുമ്പോൾ അല്ലാഹു തന്റെ അനുഗ്രഹംകൊണ്ട്

അത് അഴിച്ചുനീക്കുന്നു. അവസാനം അവർ അധമരിൽ അധമരായി തിരിച്ചുപോയി. ഒരു കോടതിയേയും വിധികർത്താവിനേയും സമീപിക്കാതെതന്നെ നീചരായ എല്ലാ എതിരാളികളേയും നാം അതിജീവിച്ചു. നമ്മെ തരംതാഴ്ത്താൻ അവരുദ്ദേശിച്ചപ്പോൾ നമുക്ക് കയറ്റം കിട്ടുകയും നല്ല രീതിയിൽ സ്മരിക്കപ്പെടുകയും ചെയ്തു. നാം നശിച്ചുവെന്നവർ പ്രചാരണം നടത്തി. ആ വാർത്ത അവർ പ്രക്ഷേപണം ചെയ്തു. അപ്പോഴതാ അല്ലാഹുവിൽ നിന്ന് എൺപതു വയസ്സുവരെയോ അതിലധികമോ ഞാൻ ജീവിക്കുമെന്നുള്ള സുവാർത്ത വരുന്നു[17]. നിരവധിയാളുകളേയും സന്താനങ്ങളേയും അവനെനിക്കുനല്കി. താമസിക്കാനുള്ള സ്ഥലവും സൗകര്യവും അവനെനിക്കുതന്നു. സകലവിപത്തിൽ നിന്നും അവനെന്നെ രക്ഷിച്ചു. ഘോരവനത്തിൽ ദുഷ്ടമൃഗങ്ങളുടെയിടയിൽ നടക്കുന്നതുപോലെ ഞാൻ അവരുടെയിടയിൽ ജീവിതത്തിന്റെ ഓരോ ചുവടും മുന്നോട്ടുവച്ചു. എന്റെ റബ്ബ് കാവൽക്കാരനെപ്പോലെ എന്റെ മുമ്പേ നടന്നു. ആ ഘോരവനങ്ങളിൽ അവനെന്റെകൂടെ സഞ്ചരിച്ചു.

അപ്പോൾ സകലവിപത്തിൽനിന്നും എന്നെ രക്ഷിച്ചവനായ അല്ലാഹുവിനെ എങ്ങനെയാണ് സ്തുതിക്കേണ്ടത് എന്നെനിക്കറിയില്ല. അഹോ അവർക്ക് കഷ്ടം! അവരൊട്ടും ചിന്തിക്കുന്നില്ല. കള്ളം പറയുന്നവർക്ക് ദൈവത്തിൽനിന്ന് സഹായം ലഭിക്കുകയില്ല. ഒരിക്കലും നന്മയെക്കുറിച്ചും യുക്തിയെക്കുറിച്ചും അവർക്ക് പറയാനാവുകയില്ല. രഹസ്യജ്ഞാനം അവർക്ക് നല്കപ്പെടുകയുമില്ല. ഏതെങ്കിലുമൊരു കള്ളവാദിക്കുവേണ്ടി വ്യക്തമായ ദൃഷ്ടാന്തത്തിലൂടെ ആകാശവും ഭൂമിയും സാക്ഷിപറഞ്ഞത് നിങ്ങൾക്ക് കാണിച്ചുതരാമോ? സത്യവാൻമാരുടെ ദൈവിക പ്രഭാവത്തിന്റെ ഫലമായി ശയ്ത്വാന്റെ ശബ്ദം നിലച്ചുപോയി. അവന്റെ ശക്തിയും ക്ഷയിച്ചുപോയി. കല്ലെറിയുമ്പോൾ പാമ്പ് മടയിലേക്കോടിപ്പോകുന്നതുപോലെ അവൻ മടയിലേക്ക് പോയിത്തുടങ്ങിയിരിക്കുന്നു.

കാലത്തിന്റെ ഇരുട്ട് റഹ്മാനിൽനിന്ന് ഒരു ഇമാമിനെ തേടുകയാണ്. നൂറ്റാണ്ടിന്റെ ആരംഭം കഴിഞ്ഞുകടന്നിരിക്കുന്നു;

---

17. അവസാനപേജ് നോക്കുക (വിവ:)

ഏകദേശം അഞ്ചിലൊന്ന് പിന്നിട്ടുകഴിഞ്ഞു. സമുദായം മുക്കാലും അരക്കാലും ബലഹീനമായി. അശ്രദ്ധ സാധാരണ ജനങ്ങളെ ചവുട്ടിമെതിച്ചു. അവരെല്ലാം ശ്വാക്കളെപ്പോലെ സമ്പത്തും ഭൗതിക വസ്തുക്കളും മാത്രം തേടുന്നവരായിത്തീർന്നു. ദൈവാരാധനയുടെ രുചി അവർ മറന്നുപോയി. അവർക്കിപ്പോൾ ദുൻയാവിലെ അലങ്കാരങ്ങൾ മാത്രം മതി. അവരുടെ പക്കൽ ദീൻ ആദ്യന്തം പഴങ്കഥയായി അവശേഷിച്ചിരിക്കുന്നു. അവർക്കിടയിലെ കക്ഷിപിരിഞ്ഞുള്ള അഭിപ്രായവ്യത്യാസങ്ങളെക്കുറിച്ചും മറ്റും നാം ചിന്തിച്ചാൽ അവർക്ക് മഅ്രിഫത്തി[18]ന്റെ കവാടങ്ങൾ അടയ്ക്കപ്പെട്ടിരിക്കുന്നുവെന്നുകാണാം. അല്ലാഹുവുമായുള്ള തെളിഞ്ഞബന്ധം ഇവർക്കില്ല; അപൂർവം ചിലർക്കൊഴികെ. അവരാണെങ്കിൽ, 'അശ്രദ്ധയുടെ ഈ പർദയെ ഉയർത്തേണമേ' എന്ന് അല്ലാഹുവിനോടു പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. യഥാർഥമായ തൗഹീദ് ആരുടെ കൈയിലും ഇപ്പോൾ അവശേഷിക്കുന്നില്ല. ഈമാൻ നാവിൻ തുമ്പത്തു മാത്രമായി ചുരുങ്ങിപ്പോയി. തങ്ങൾ സൽക്കർമ്മം ചെയ്യുന്നുവെന്ന ധാരണയാൽ തക്കസമയത്തുവന്ന ഒരാളെ അവർ ചീത്തപറയുന്നു. അല്ലാഹു അവരുടെ ഹൃദയത്തിന് മുദ്രവച്ചിരിക്കുകയാണ്. അതുകൊണ്ടവർക്ക് മനസ്സിലാകുന്നില്ല. തങ്ങൾ സത്യമാർഗത്തിലാണെന്ന് അവർ കരുതുന്നു. എന്നാൽ അവർ സത്യമാർഗത്തിലല്ല. അവരെല്ലാം സങ്കല്പിച്ചു സംസാരിക്കുന്നവരാണ്. നാം അവരെ ഉറങ്ങുന്നവരായും സത്യനിഷേധികളായും കാണുന്നു. ഊഹങ്ങൾ നിമിത്തം യാഥാർഥ്യത്തെ കാണാതെ ചില ആചാരങ്ങളിൽ മാത്രം അവർ വഞ്ചിക്കപ്പെട്ടുപോയി. അവർ സംശയങ്ങളുമായി, തങ്ങളിലർപിതമായ കടമ നിറവേറ്റാതെ നമ്മുടെ അടുത്തുകൂടെ കടന്നുപോകുന്നു. എന്റെ ചന്ദ്രൻ പിളർന്നുകാണാൻ അവർ മോഹിക്കുന്നു. സമുദായം നശിക്കുകയും ആവശ്യകത ഉടലെടുക്കുകയും ചെയ്ത കൃത്യസമയത്തുതന്നെ ഞാൻ വന്നു. എന്റെ സത്യതയ്ക്കുള്ള തെളിവ് അവരിൽ തന്നെയുണ്ട്. അവരുടെ ദോഷവും ദൂഷണവും കൊണ്ട് അതവർ കാണുന്നില്ല. ചന്ദ്രവർഷനൂറ്റാണ്ടിന്റെ ആരംഭത്തെക്കുറിച്ച് അവർ ചിന്തിച്ചില്ല. അതു വാഗ്ദത്ത മസീഹിനുവേണ്ടി പ്രത്യേകമാക്കപ്പെട്ട കാലമാണ്. ഉൾക്കാഴ്ചയുള്ളവർ അതംഗീകരിക്കുന്നു. ഖുർആനിലെ സൂചനകളും സ്വഹീഹായ ഹദീസുകളും അഹ്ലെകശ്ഫിന്റെ ദർശനങ്ങളും എനിക്കുസാക്ഷി

18. ദൈവത്തെസംബന്ധിച്ചുള്ള രഹസ്യജ്ഞാനം.

യാണ്. തങ്ങളുടെ നിഷേധം അവർ തുടർന്നപ്പോൾ ഞാനവരോടു ചോദിച്ചു: അല്ലാഹുവിൽ നിന്നുള്ള പല സാക്ഷിപത്രങ്ങളും എന്റെ പക്കലുണ്ട്. നിങ്ങൾ സ്വീകരിക്കുന്നവരാണോ? അവരെല്ലാം നിഷേധിക്കുന്നവരായി. പക്ഷേ ഞാൻ പറയുന്നത് സത്യമാണെന്ന് അവരുടെ അന്തഃകരണം പറയുന്നുണ്ട്. അക്രമികൾക്ക് അഹോ കഷ്ടം! അപ്പോൾ ഈ അതിക്രമക്കാരെ ഉണർത്തുന്നതിനായി വ്യാപകമായൊരു വിപത്തുണ്ടായെങ്കിലെന്നു എന്റെ മനസ്സ് മന്ത്രിച്ചു. ഇതാ പ്ലേഗ് ഇറങ്ങാൻ പോകുന്നുവെന്നുള്ള ദൈവിക സന്ദേശം ഉടനേ എനിക്കുകിട്ടി. അത്, ദുഷ്ടജനങ്ങളുടെ കർമ്മം ക്ഷണിച്ചുവരുത്തിയതാണ്.

അല്ലാഹുവാണെ, അങ്ങനെ അല്പകാലമേ കഴിഞ്ഞുള്ളൂ. പ്ലേഗ് ഈ രാജ്യത്ത് കൊള്ളയടിക്കാൻ തുടങ്ങി. അപ്പോൾ 'നീയാണിതിനു കാരണക്കാരൻ' എന്നവർ പറയുന്നു. അവർ പറഞ്ഞു: ''ഞങ്ങൾ സുരക്ഷിതരാണ്. ഈ തീയ്യ് ഞങ്ങളെ സ്പർശിക്കുകയില്ല. ഞങ്ങളുടെ ആലിംകളിൽ ഒരാൾ പോലും പ്ലേഗുപിടിപെട്ട് മരിക്കുകയില്ല. ഞങ്ങൾ സ്വാലിഹുകളും തഖ്വയുള്ളവരുമാണ്. ലോകകള്ളനായ നീ ഈ പ്ലേഗ് ബാധിച്ച് നശിച്ചൊടുങ്ങുകതന്നെ ചെയ്യും''. ഞാൻ പറയുന്നതെല്ലാം കേട്ട് അവരെന്നെ പരിഹസിച്ചു.

ഞാനവരോടു പറഞ്ഞു: ''കളവ് പറഞ്ഞതു നിങ്ങളാണ്. ഈ പ്ലേഗിൽ നിന്ന് എനിക്കു രക്ഷയുണ്ട്. ഈ കാട്ടുതീയിൽ നിങ്ങളെന്നെ ഭയപ്പെടുത്താൻ നോക്കേണ്ട, അഗ്നി എന്റെ അടിമയാണ്. എന്റെ അടിമയുടെ അടിമയാണ്. ഒട്ടും കഴിഞ്ഞില്ല. അവർ മരണത്തെ കാണാൻ തുടങ്ങി. അവരുടെ മഹാപണ്ഡിതൻമാരിൽ ചിലർ പ്ലേഗുപിടിപെട്ട് മരിച്ചു. ഈ മരണത്തെക്കുറിച്ച് മുൻകൂട്ടി ഞാൻ പറഞ്ഞിരുന്നതാണ്. നിങ്ങൾക്കറിയണമെന്നാഗ്രഹമുണ്ടെങ്കിൽ എന്റെ ആ അമാനുഷിക ഖസീദയിലേക്ക് നോക്കുക. അതു ഞാൻ അടിക്കുറിപ്പിലെഴുതാം.[19]

---

19. അതിരുലംഘിക്കുന്നവന്റെയും പരസ്യമായി ഉപദ്രവിക്കുന്നവന്റെയും മേൽ നാം ക്രുദ്ധനാവുമ്പോൾ അവരുടെമേൽ അല്ലാഹുവും ക്രുദ്ധനാവുന്നു. ഓരോ ദ്രോഹിയെയും ധൂളീകരിക്കുന്ന കാലമിതാ വരുന്നു. എന്നാൽ ആദ്യമേ നാശത്തിലകപ്പെട്ടവനല്ലാതെ ആരും നശിക്കുകയില്ല. നിന്ദിക്കുന്നവർ അവസാനം തങ്ങളുടെ നിന്ദ്യതയ്ക്കുള്ള ഫലം കണ്ടെത്തുന്നില്ലെങ്കിൽ ഞാൻ ജനങ്ങളിൽ ഏറ്റവും മോശപ്പെട്ടവനായിരിക്കും. കുത്തുവാക്കിനു മറുപടി കുത്തുവാക്കാണെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. അത് അവരുടെ കണ്ണുതുറപ്പിക്കുന്നതിനുവേണ്ടി അവരുടെ നാട്ടിൽ എത്തിക്കഴിഞ്ഞിരിക്കുന്ന ഈ പ്ലേഗ് തന്നെയാണ്. (ഇഅ്ജാസ് അഹ്മദി പേ:58,63)

ഈ പദ്യം ഞാനെഴുതിയത് അല്ലാഹു പരാജയപ്പെടുത്തിയ ആ ജനങ്ങൾക്കു വേണ്ടിയാണ്; അവരിൽ ഹുജ്ജത്ത് പൂർത്തിയാവാൻ. ഉൾക്കാഴ്ചയുള്ളവരും നിഷ്പക്ഷമതികളുമായവരുടെ മുമ്പിൽ കാര്യം അവ്യക്തമാകാതിരിക്കാൻ ചിലരുടെ പേരുപോലും ഞാനതിൽ ചേർത്തിട്ടുണ്ട്. അല്ലാഹുവാണെ, ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച് മാസം തികയുന്നതിനുമുമ്പേ, ഈ നാട്ടിലെ ദുഷ്ടാത്മാക്കളെ എനിക്കെതിരിൽ ഇളക്കിവിട്ടവരെ പ്ലേഗ് പിടികൂടി. അവർ എല്ലാത്തരത്തിലും എന്നെ ഉപദ്രവിക്കുകയും പരിഹസിക്കുകയും ചെയ്തിരുന്നു. കറ്റുകെട്ടുകളും കല്ലുവച്ചനുണകളും കൊണ്ട് മലീമസമായ നോട്ടീസുകൾ അവർ വിതരണം ചെയ്തു. അവരുടെ കൂട്ടത്തിലുള്ള ഒരു വമ്പൻ എതിരാളി ഈ സംഭവത്തിനു മുമ്പേ എന്നിൽനിന്നും ഒരടയാളം ആവശ്യപ്പെട്ടു. പയ്സ എന്ന പത്രത്തിൽ അവരത് വിളംബരവും ചെയ്തു. എന്നെപരിഹസിക്കാൻ വേണ്ടിയാണ് അവർ അങ്ങനെ ചെയതത്. അയാൾ തേടിയത് അല്ലാഹു അയാൾക്ക് കാണിച്ചുകൊടുത്തു. ആകാശത്തിലെ വിധിയെക്കുറിച്ച് അയാൾ അശ്രദ്ധനായിരുന്നു. അല്ലാഹുവിൽ നിന്ന് നിയുക്തനായ മനുഷ്യനെതിരെ പൊരുതുന്നവനുമായി അല്ലാഹു പൊരുതുന്നതാണ്. സച്ചരിതർക്ക് ഇതിൽ ഗുണപാഠമുണ്ട്. അല്ലാഹുവിൽ നിന്നോടിയൊളിക്കാൻ ഒരു മനുഷ്യനും സാധ്യമല്ല. അവന്റെ വലിമാർക്കെതിരിൽ പടപൊരുതുന്നവരെ അവൻ ഹലാക്കിലേക്ക് വലിച്ചെറിയുന്നു. തൗബ ചെയ്തു മടങ്ങുന്നവരെ അവൻ സ്വീകരിക്കുന്നു. അവൻ വിശാലമായ കാരുണ്യത്തിന്റെ ഉടമസ്ഥനും ഔദാര്യമുടയവനുമാണ്. അവർ അവരുടെ നാവിനെ തടയാതെ വീണ്ടും ദുഷ്കർമത്തിലേക്ക് ചായുകയാണെങ്കിൽ ആദ്യത്തേതിനേക്കാൾ കൊടുംനാശം അല്ലാഹു കൊണ്ടുവരും. ഒരു വിലയും കല്പിക്കാതെ അവൻ നാശം ഇറക്കിക്കൊണ്ടേയിരിക്കും. അതുകൊണ്ട് അല്ലയോ ബുദ്ധിജീവികളേ, നിങ്ങൾ അല്ലാഹുവിലേക്ക് തിരിയുക. നിങ്ങൾ അസഭ്യശകാരത്തിന്റേയും പാപകർമ്മത്തിന്റേയും വഴി ഉപേക്ഷിച്ചാൽ അല്ലാഹു നിങ്ങളെ ശിക്ഷിക്കുകയില്ല. നിശ്ചയമായും അവൻ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.

## പിന്നീട് പ്രത്യക്ഷമായ ദൈവികാടയാളങ്ങളും ദൃഷ്ടാന്തങ്ങളും സഹായങ്ങളും

അതിനുശേഷം ഈ നാടിന്റെ ചുറ്റുപാടുമുള്ള സ്ഥലങ്ങളിൽ പ്ലേഗ് പടർന്നുപിടിച്ചു. വെട്ടുക്കിളികളെപ്പോലെ ജനങ്ങൾ ചത്തു വീണു. കുപിതനായ സിംഹത്തെപ്പോലെ ഈ രോഗം മനുഷ്യരെ വേട്ടയാടി; അല്ലെങ്കിൽ ആട്ടിൻകൂട്ടത്തിൽ കടന്ന ചെന്നായ്ക്കളെപ്പോലെ. എത്രയെത്ര വീടുകളാണ് നശിച്ചത്. അതിലെ നിവാസികളെ ശൂന്യത പിടികൂടി. ഭൂമി പ്രകമ്പനംകൊണ്ടു. അത് നാട്ടിമ്പുറത്തും കുന്നിൻപ്രദേശങ്ങളിലുമെല്ലാം ദുരന്തം വിതച്ചു. ഒരു സ്ഥലവും ഈ രോഗം ബാക്കിവച്ചില്ല. മുക്കിലും മൂലയിലുമെല്ലാം അതു ചെന്നു. ഗ്രാമാന്തരങ്ങളിലും നഗരപ്രാന്തങ്ങളിലും അത് മദിച്ചും മെതിച്ചും നടന്നു. എല്ലാനഗരവാസികളേയും അത് എത്തിപ്പിടിച്ചു. അണിഞ്ഞൊരുങ്ങിയ ഒരു സുന്ദരനേയും സുന്ദരിയേയും അത് വിട്ടിട്ടില്ല . പൊറുക്കുന്നവനായ റബ്ബ് കാത്തുരക്ഷിച്ച വീടുകളൊഴികെ മറ്റെല്ലാവീട്ടിലും അത് പ്രവേശിച്ചു. അവരിൽനിന്നുള്ള ഒരു പടതന്നെ പ്ലേഗിന്നിരയായിത്തീർന്നു. അവർ മടങ്ങിയത് മരണമാകുന്ന വിരുന്നോടുകൂടിയാണ്. ഈ മഹാമാരിയാകുന്ന വീടിന്റെ വിരുന്നുകാരായി അവർ വന്നു. അപ്പോളാവീട് അവർക്കുനല്കിയ സൽക്കാരം എന്തെന്നറിയുമോ. ശൂന്യതയുടെ കോപ്പ. ചുരുക്കത്തിൽ, കടംകൊടുത്തവനേപ്പോലെ പ്ലേഗുരോഗം ഈവീടുകളുടെ ഓരംചാരിനിന്നു; അല്ലെങ്കിൽ അസ്ഹാബുർറഖീമിന്റെ നായയെപ്പോലെ. പെട്ടന്നിത് കെട്ടടങ്ങുമെന്ന് ഞാൻ കരുതുന്നില്ല. ഇതുവന്നുപെട്ടാൽ ഇതിന്റെ വയസ്സ് എഴുപത് വർഷമാണെന്ന് പറയപ്പെടുന്നു.

ഖാത്തമുന്നബിയ്യീന്റെ വാക്കുകളിൽ പറഞ്ഞിട്ടുള്ള അഗ്നി ഈ പ്ലേഗാണ്; റബ്ബുൽ ആലമീന്റെ ഖുർആൻ മജീദിലും. 'ഖയറുൽ മുർസലീനിൽ നിന്ന് പറയപ്പെട്ടതുപോലെ അത് പുറപ്പെട്ടത് കിഴക്കുനിന്നാണ്.[20] എല്ലാ ജനവാസസ്ഥലങ്ങളിലും അത് പടർന്നു പിടിക്കും . മുൻഗ്രന്ഥങ്ങളിലും ഇത് പറഞ്ഞിട്ടുണ്ട്. അപ്പോൾ ശരിയായ ഉറപ്പ് വരുന്നതുവരെ താങ്കളൊന്നു കാത്തിരിക്കുക.

---

20. വാഗ്ദത്തമസീഹിന്റെ കാലത്ത് മശ്രിഖിൽ നിന്നൊരു തീയ് പുറപ്പെടുമെന്ന ഹദീസിലേക്ക് സൂചന (വിവ:)

അതിനെ സംബന്ധിച്ച് അധികമൊന്നും താങ്കൾ ചോദിക്കേണ്ടാ. അത് ഭയാനകമാണ്; ദൈവത്തിന്റെ കഠിനതരമായ കോപം! എവിടെ നോക്കിയാലും അട്ടഹാസവും നിലവിളിയും. അതൊരു രോഗമല്ല; തനി നരകമാണ്. അത് ജനങ്ങളെ മുറിച്ചുനീക്കുന്ന ദാബ്ബത്തുൽ അർളാണ്. അതിന്റെ ഛേദനത്തിന് ആക്കംകൂടുമ്പോൾ ജനങ്ങൾ കൊള്ളയടിക്കപ്പെടുകയും അവർ മരിച്ചൊടുങ്ങുകയും ചെയ്യുന്നു. കാരണം അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നില്ല. അല്ലാഹു പറഞ്ഞതുപോലെ.

وَاِنْ مِّنْ قَرْيَةٍ
اِلَّا نَحْنُ مُهْلِكُوْهَا قَبْلَ يَوْمِ الْقِيٰمَةِ
اَوْ مُعَذِّبُوْهَا عَذَابًا شَدِيْدًا

(പുനരുത്ഥാന നാളിനുമുമ്പേ നാം നശിപ്പിക്കുകയോ കഠിനമായി ശിക്ഷിക്കുകയോ ചെയ്യാത്ത ഒരു രാജ്യവുമില്ല.[21])

ഇതാ, നിങ്ങളത് കാണുന്നു. കാരണം ജനങ്ങൾ തഖ്‌വാ കൈക്കൊള്ളുന്നില്ല. അല്ലാഹുവിന്റെ ഭൂമിയിൽ ഒരുഭയവും കൂടാതെ അവർ പാപങ്ങൾ വിതറുകയാണ്. ഒരുമടിയും കൂടാതെ പാപകർമങ്ങളിലും അസാന്മാർഗികപ്രവൃത്തികളിലും അവർ മികയ്ക്കുന്നു. അല്ലാഹു ഇറക്കിയതു കേൾക്കൂ എന്നവരോടു പറയപ്പെട്ടാൽ അവർ വന്നകാലേ മടങ്ങിപ്പോകും; അവരത് കേൾക്കുകയില്ല. അവർ പശ്ചാത്തപിച്ചുമടങ്ങട്ടെയെന്നുകരുതി അല്ലാഹു അവരെ ഒന്നുപിടിച്ചു. ഭൗതികമായ സുഖാഡംബരങ്ങളെമാത്രം ആരാധിക്കുന്നവരായി ഭൂരിപക്ഷം ആളുകളേയും നിങ്ങൾ കാണുന്നു. അവരുടെ ദേഹേച്ഛകളും വികാരങ്ങളും അണപൊട്ടിയൊഴുകി ആറുകളും തോടുകളുമായിത്തീർന്നു.

പടച്ചതമ്പുരാനെ ഓർക്കാൻ അവരോടുപറയുമ്പോൾ, വഴിപ്പെട്ടവരുടെകൂടെ എന്നെ അനുസരിക്കുക എന്ന് അവരോട് പറയുമ്പോൾ, പ്ലേഗ് നിങ്ങളെ പിടികൂടുമെന്ന് പറയുമ്പോൾ 'നീ ദജ്ജാലല്ലാതെ മറ്റാരുമ'ല്ലെന്ന് അവർ പ്രതിവചിക്കുന്നു. ചിന്തകന്മാർ ചിന്തിച്ചില്ല. എന്നെ സംബന്ധിച്ച് അവർക്കൊരുവിവരവുമില്ല.

21വിഷു. 17 : 59

ആകാശങ്ങളുടേയും ഭൂമിയുടേയും ദൃഷ്ടാന്തങ്ങൾ അവർ കണ്ടു. എന്നിട്ടും അവർ ലേശംപോലും സൂക്ഷിക്കുന്നില്ല. മറിച്ച് ദുർമാർഗത്തിൽ കൂടുതൽ ധാർഷ്ട്യം കാണിക്കുന്നു. കാലം അതിന്റെ ഇങ്ങേത്തലയ്ക്കലെത്തി. അവർ കാത്തിരുന്നതു വെളിപ്പെടുകയും ചെയ്തു. പക്ഷേ, അവർ കാണുന്നില്ല.

എന്ത്! ഞാനീകാണിക്കുന്നതാണോ ദജ്ജാലിന്റെ അടയാളം. നിങ്ങൾ സത്യവാന്മാരാണെങ്കിൽ അതിനുള്ള തെളിവ് എനിക്കു കാണിച്ചുതരൂ. അതല്ല, നിങ്ങൾ അല്ലാഹുവിന്റെ കിതാബിൽ പറഞ്ഞ ദുർഭഗരായി മാറിയോ? അപ്പോൾ നിങ്ങളുടെ ഭാഗധേയത്തിൽ ദജ്ജാലല്ലാതെ മറ്റൊന്നും അല്ലാഹു വെച്ചിട്ടില്ലെന്നോ? ഇതെന്തൊരുവിധി! നിങ്ങൾക്കെന്തുപറ്റി?

അല്ലാഹുവിന്റെ വാഗ്ദാനം തക്കസമയത്തുതന്നെ പൂർത്തിയായി. സത്യം സ്വീകരിക്കാത്തവരെ സംബന്ധിച്ച് അഹോ കഷ്ടം! കുതർക്കികളായ ഒരു ജനത. അവർക്ക് ജ്യോതിസ്സിനേക്കാൾ ഇഷ്ടം തമസ്സാണ്. തങ്ങളുടെ വഴി ശരിയല്ലെന്ന് അവർക്കറിയാം. എത്രയെത്ര ദൃഷ്ടാന്തങ്ങളാണ് സ്വന്തം കണ്ണുകൊണ്ട് അവർ കണ്ടത്. പക്ഷേ, അവർ നിഷേധിച്ചു. ഈ ഭൂഗോളം മുഴുവൻ അക്രമത്തിന്റേയും അനീതിയുടേയും വിളനിലമായിരിക്കുന്നത് അവർ കാണുന്നില്ലേ? ദീനിന്റെ ശത്രുക്കൾ എല്ലാ ഉയർച്ചയിൽ നിന്നും ഉരുണ്ടുരുണ്ടുവരുന്നു. ഒരുദൃഷ്ടാന്തവും കണ്ടിട്ടില്ലെന്ന് ചിലർ പറയുന്നു. സുബ്ഹാനല്ലാഹ്! ഇതെന്തൊരു കൊടും കള്ളം! ഇതെന്തൊരു ദൈവഭയമില്ലായ്മ! സാക്ഷികൾ മുഖേനയും സത്യം ചെയ്യലിലൂടെയുമായിരിക്കും അന്തിമവിധി.

അങ്ങനെ അല്ലാഹു അവർക്ക് ഭൂമിയിൽനിന്നും ആകാശത്തുനിന്നും അടയാളങ്ങൾ കാണിച്ചുകൊടുത്തു. അപ്പോൾ അവർ ബധിരരും കുരുടരുമായി. ഇതെല്ലാം ചോദ്യംചെയ്യപ്പെടുന്ന നാളിനെ ഇവരെന്തുകൊണ്ട് ഭയപ്പെടുന്നില്ല. ഹയാത്തി[21]ന്റേയും മൗത്തി[22]ന്റേയും സ്രഷ്ടാവിനെ സത്യംചെയ്തു ഞാൻ പറയുന്നു. ഞാൻ സത്യവാദിയാണ്. ഞാൻ അല്ലാഹുവിന്റെ പേരിൽ

21. ജീവിതം 22. മരണം

കറ്റുകെട്ടി പറഞ്ഞിട്ടില്ല. അവ്യക്തമായ കാര്യങ്ങളെ പിൻപറ്റിയതുമില്ല. നിശ്ചയമായും ഞാൻ മസീഹ്മൗഊദും[23] നിങ്ങൾ കാത്തിരുന്ന ഇമാമുമാകുന്നു.

മിന്നിത്തിളങ്ങുന്ന പ്രകാശം പോലെ എനിക്ക് അല്ലാഹുവിൽ നിന്ന് വഹ്യ് ലഭിക്കുന്നു. അല്ലാഹുവിന്റെ ആ നാളിനെ ഉൾക്കാഴ്ചയോടുകൂടി ഞാൻ ജനങ്ങൾക്ക് ഓർമപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു.

എനിക്ക് സുവിശേഷം നല്കപ്പെട്ടു. നിശ്ചയമായും ശൈത്യകാലം കഴിഞ്ഞുകടന്നു. പുഷ്പങ്ങളുടേയും പഴങ്ങളുടേയും കാലം സമാഗതമായി. മഞ്ഞുരുകുവാനും ഫലഭൂയിഷ്ഠമായ മേച്ചിൽസ്ഥലം രംഗത്തുവരുവാനും തുടങ്ങി. സത്യം കൈവെടിഞ്ഞവരെ പുറന്തള്ളാനുള്ള അവസ്ഥ സംജാതമായി. ആലിംകൾ നുണകൾകൊണ്ട് തങ്ങളുടെ കൃതികൾ നിറച്ചു. അവർ സഹകരിക്കുമെന്നും അവരുടെ ഭാഷാചാതുര്യം അതിനുപയോഗിക്കുമെന്നും അവരുടെ സകലകഴിവുകളും സേവനത്തിനായി ചെലവഴിക്കുമെന്നുമായിരുന്നു പ്രതീക്ഷ. പക്ഷേ, അവർ ശത്രുക്കളായി നമ്മെ നേരിടുകയാണ് ചെയ്തത്. ഹൃദയംകൊണ്ടുമാത്രമല്ല; പരസ്യമായി അവരുടെ നാവുകൊണ്ടും. അവരുടെ നാവിന് അവർ മൂർച്ചകൂട്ടി. അതു മൂർച്ചയുള്ള വാളും കുന്തവുമായിത്തീർന്നപ്പോൾ അവർ ദുഷ്ടമൃഗങ്ങളെപ്പോലെയായിത്തീർന്നു.

അപ്പോൾ അവരുടെ മറുപടി ഇയാൾ ദജ്ജാലുകളിൽ ഒരു ദജ്ജാലല്ലാതെ മറ്റാരുമല്ല എന്നതായിരുന്നു. മുൻകഴിഞ്ഞ കള്ളപ്രവാചകൻമാർക്കുണ്ടായ ദുരവസ്ഥ അവർ ഓർത്തില്ല. ഭൂമി അക്കൂട്ടരെ സ്വീകരിച്ചിരുന്നോയെന്നും വാഗ്ദാനം ചെയ്യപ്പെട്ട അടയാളങ്ങൾ അവർക്കുവേണ്ടി പുലർന്നിരുന്നോയെന്നും അവർ നോക്കിയില്ല. ഉറക്കമാകുന്ന മദ്യക്കുപ്പി ആരാണോമറിച്ചുകളയുന്നത്, പാതിരാവാഹനത്തിൽ കയറി കഴിഞ്ഞകാല സംഭവങ്ങളിലേക്ക് ആരാണോ കണ്ണോടിക്കുന്നത് അവർക്ക് കള്ളപ്രവാചകൻമാരുടെ നാശം ഒരിക്കലും ഗോപ്യമായിരിക്കുകയില്ല. പെരുംകള്ളൻമാ

23 വാഗ്ദത്ത മസീഹ്

രെപ്പോലെ അല്ലാഹ വിന്റെ കൊട്ടാരത്തിൽ, അവന്റെ മേച്ചിൽ സ്ഥലത്ത്, വഞ്ചനയുമായി പ്രവേശിച്ച് സത്യവാദികളെപ്പോലെ പ്രശോഭിച്ച ആരെയെങ്കിലും നിങ്ങൾ അറിയുമോ?

ഈ 'ഇഫ്തിറാഅ്'[24] എന്നുപറഞ്ഞാൽ മിനുസമുള്ള ഭൂമിപോലെയാണ്. അതിലൂടെ നടന്നാൽ കാല്പ്പാടുകൾ തെളിഞ്ഞുകാണും. കാടപ്പക്ഷികളുടെ വമ്പിച്ച കൂട്ടം സഞ്ചരിച്ച ആ മണ്ണിൽ ഒരടയാളവുമില്ലെന്നോ? ഒരിക്കലുമങ്ങനെയല്ല. അത് ഉഗ്രമായ വിഷമാണ്. ആരാണോ അത് ഭുജിക്കുന്നത് അവൻ കോടിച്ചുരുണ്ടുപോകും.

തന്റെ നാഥന്റെ സ്ഥാനം അറിയുകയും അതിനെ ഭയപ്പെടുകയും അവനിൽ നിന്ന് വിവിധ കാര്യങ്ങൾ മനസ്സിലാക്കുകയും ധാരാളം ദൃഷ്ടാന്തങ്ങളും സത്‌വെളിച്ചവും നന്മയും ബുദ്ധിയും നല്കപ്പെടുകയും അവന്റെ സൃഷ്ടിയെ ഉത്തമ മാർഗത്തിലേക്ക് നയിക്കാൻ നിയോഗിതനാവുകയും ചെയ്യുന്ന ഒരു മനുഷ്യനും പാതിരാക്കള്ളനെപ്പോലെ നടക്കുന്ന ഒരുവനും സമമാകുമോ– അവൻ സത്യത്തെ എല്ലാവിധത്തിലും നിഷേധിച്ചു. ദൈവഭയത്തിൽ നിന്ന് അങ്ങേയറ്റം അകന്നു, ആ ഒരു ബോധമേ അവനില്ല. അവനണിഞ്ഞത് കൃത്രിമ വസ്ത്രമാണ്. അവന്റെ ലക്ഷ്യസ്ഥാനം അവൻ പടയ്ക്കുന്ന ദുൻയാവ് മാത്രമാകുന്നു. പരലോകം അവന്റെ ലക്ഷ്യമേയല്ല. അതിനുവേണ്ടി അവനൊന്നും ചെയ്യുന്നുമില്ല.

ശ്രദ്ധിച്ചു കേൾക്കുക. അവർ രണ്ടുപേരും സമമാകുകയില്ല. സത്യവാൻമാർക്ക് റഹ്മാനായ അല്ലാഹുവിൽ നിന്നുള്ള വാഗ്ദാനമായി ഫുർഖാൻ[25] അവന്റെ ഗ്രന്ഥമായ ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നു. അപ്പോൾ എന്റെ എതിരാളികൾ എന്നെ കാഫിറും ഫാസിഖും[26] ആക്കുന്നതിനുവേണ്ടി വാളും കുന്തവും എടുക്കേണ്ട ആവശ്യമില്ല. ഇവർ സ്വീകരിച്ചിട്ടുള്ള എല്ലാ മാർഗങ്ങളും ലജ്ജാവഹമാണ്. എല്ലാവരുടേയും തലയ്ക്കുമീതേ ആകാശത്തുനിന്നും മരണം തൂങ്ങിക്കിടക്കുന്നു. അവരുടെ കൈയിൽ ഊഹമല്ലാതെ മറ്റൊന്നുമില്ല. അപ്പോൾ അവർ തഖ്‌വയുടെ മാർഗം എന്തിനു കൈക്കൊള്ളണം!

24. വ്യാജനിർമ്മാണം 25. ദൃഷ്ടാന്തം 26. അവിശ്വാസിയും കുഴപ്പക്കാരനും

ഇവർക്കു മുമ്പേ ജൂതൻമാരെ നശിപ്പിച്ചത് അവരുടെ ഊഹങ്ങളായിരുന്നു. അപ്പോൾ അവർ മർയമിന്റെ മകൻ ഈസായേയും ഖാത്തമുൽ അമ്പിയായേയും നിഷേധിച്ചു. ഇതുപോലുള്ള രിവായത്തുകൾ മുഖേനയാണോ എന്നെയും നിഷേധിക്കുന്നത്? ശ്രദ്ധിച്ചു കേൾക്കുക. സാദിഖിനേയും കാദിബിനേയും[27] അവരുടെ അടയാളങ്ങൾ കൊണ്ട് നിങ്ങൾക്കു തിരിച്ചറിയാം. വൃക്ഷത്തെ തിരിച്ചറിയുന്നത് അതിന്റെ ഫലംകൊണ്ടാണ്. ഭരണകർത്താക്കളുടെ വാതിലിനുമുമ്പിൽ നീ ഒരു കള്ളനെ കണ്ടുവോ? അവരുടെ കൺമുമ്പിൽ അവൻ മോഷണം നടത്തുമ്പോൾ അതുകണ്ടിട്ട് ആരും മിണ്ടുകയില്ലെന്നോ? അവൻ പിടിക്കപ്പെടുകയില്ലെന്നോ?

അപ്പോൾ അല്ലാഹുവിന്റെ ദീനിനെ മാറ്റിമറിക്കുന്നവനും അതിന്റെ അടിസ്ഥാന തത്ത്വങ്ങളെ പിച്ചിച്ചീന്തുന്നവ[illegible] തന്റെ ഇംഗിതമനുസരിച്ച് അർഥംമാറ്റിമറിക്കുന്നവനും സത്യത്ത[illegible]ൽ നിന്ന് മുസ്ലിംകളെ അകറ്റുന്നവനും മുസ്ലിം വിരോധികളെ കൂട്ടുപിടിക്കുന്നവനും എന്നിട്ട് മൂട്ടയെപ്പോലെ പുതപ്പിനുള്ളിലൊളിക്കുന്നവനും പിടിക്കപ്പെടുകയില്ലെന്നാണോ? ഇതെല്ലാം തോന്നുന്നതുപോലെ ചെയ്യാവുന്ന സംഗതിയാണെന്ന് നിങ്ങൾ ധരിക്കുന്നുണ്ടോ? ഒരിക്കലുമില്ല. അത് അസംഭവ്യമാണ്. കൃത്രിമമതം പണിതുണ്ടാക്കുന്നവരുടെ മേൽ അല്ലാഹുവിന്റെ കോപം ഇറങ്ങുന്നില്ലെങ്കിൽ ദീൻ അപ്പടി നശിച്ചുപോകുമായിരുന്നു. സത്യവാൻമാരുടെ സത്യത്തിന് നമ്മുടെ പക്കൽ ഒരു തെളിവുമുണ്ടാകുമായിരുന്നില്ല. ദീനിന്റെ കാര്യം സന്ദേഹജനകമാവുകയും സമാധാനം ഉയർന്നുപോവുകയും ചെയ്യുമായിരുന്നു. അല്ലാഹുവിന്റെ അഭിമാനം ശക്തമായൊഴുകുന്ന സമുദ്രം പോലെയും ഉയർന്ന പർവ്വതം പോലെയുമാണ്. അതിലെ തിരമാലകൾ ഇളകിമറിഞ്ഞുകൊണ്ടിരിക്കും. അതിലെ സൈന്യം എല്ലാവിധത്തിലും മികവുറ്റതാണ്. അപ്പോൾ മുർസലുകളുടെ[28] ആറ് ജാഹിലുകളുടെ[29] കണ്ണിൽ കലങ്ങാതിരിക്കുവാൻ വേണ്ടി കറ്റുകെട്ടി പറയുന്നവരുടെ മേൽ അവൻ അവന്റെ ഖഡ്ഗം ഊരുകതന്നെ ചെയ്യും.

അപ്പോൾ എതിരാളികൾ അവരുടെ കോപം നിമിത്തം തള്ളപ്പെട്ടു. അവരുടെ മുമ്പാകെ എല്ലാ വാതിലുകളും അടയ്ക്കപ്പെട്ടു.

27. സത്യവാനേയും അസത്യവാനേയും 28. പ്രവാചകന്മാർ 29. വിഡ്ഢികൾ

ആരുമായും ഞാൻ സംസാരിക്കുന്നില്ല; പശ്ചാത്തപിച്ചുമടങ്ങുന്നവരുമായിട്ടല്ലാതെ. ദുഃഖം നിമിത്തം എന്റെ ശ്വാസം പരസ്പരം ഏറ്റുമുട്ടുന്നു. മഴവർഷിക്കും പോലെ എന്റെ കണ്ണീർ വർഷിച്ചു കൊണ്ടരിക്കുന്നു. പ്ലേഗ് ആളിപ്പടരുകയാണ്. മുൻകാലങ്ങളിലേതു പോലെയല്ല. തീ പടർന്നുപിടിച്ചതുപോലെ അത് ഗ്രാമങ്ങളിലും പട്ടണങ്ങളിലും പടർന്നുപിടിച്ചിരിക്കുന്നു. അപ്പോൾ വീണ്ടും എനിക്ക് ദൈവസന്ദേശം ലഭിച്ചു. ''നിന്റെ ഭവനത്തിൽ താമസിക്കുന്നവനും തഖ്‌വയുമായി ഏറ്റവും അടുത്തവനുമാണ് സൗഖ്യം''. ഇതാണ് വഹ്‌യുടെ വാക്കുകൾ. അല്ലാഹു പറഞ്ഞു:

إِنِّيْ أُحَافِظُ كُلَّ مَنْ فِي الدَّارِ
إِلَّا الَّذِيْنَ عَلَوْا مِنِ اسْتِكْبَارٍ

''ആരാണോ ഭവനത്തിലുള്ളത് അവരെയെല്ലാം നാം രക്ഷിക്കും; അഹങ്കാരത്തിൽ മികയ്ക്കുന്നവരൊഴികെ''. അല്ലാഹു വീണ്ടും പറഞ്ഞു:

إِنِّيْ مَعَ الرَّسُوْلِ أَقُوْمُ وَأَلُوْمُ
مَنْ يَّلُوْمُ أُفْطِرُ وَأَصُوْمُ

''നിശ്ചയമായും ഞാൻ റസൂലിന്റെ കൂടെ നില്ക്കുന്നു. അദ്ദേഹം വെറുക്കുന്നവരെ ഞാൻ വെറുക്കുന്നു. ഞാൻ മൗനമായി ഇരിക്കുന്നു. ചിലപ്പോൾ മൗനം ഭഞ്ജിക്കുന്നു''. അല്ലാഹു പറഞ്ഞു:

لَوْلَا الْإِكْرَامُ لَهَلَكَ الْمَقَامُ

ആദരണീയമല്ലായിരുന്നെങ്കിൽ ഈ സ്ഥലം നിശ്ശേഷം നശിക്കുമായിരുന്നു.

പ്ലേഗുനിമിത്തം പാറകൾ പോലും പൊട്ടിപ്പിളരുകയും അതിന്റെ നാശം മനുഷ്യരിലേക്ക് വന്നുവീഴുകയും ചെയ്യുന്ന സമയത്താണ് ഈ സന്ദേശം ലഭിക്കുന്നത്. എന്റെ നാഥൻ എനിക്ക് സുവാർത്തയറിയിച്ചു. ഈ സംരക്ഷണം നിനക്കുവേണ്ടിയുള്ള ഒരു ദൃഷ്ടാന്തമാണ്; ''നിന്റേയും എതിരാളികളുടേയും ഇടയിൽ ഒരു ഫുർഖാൻ''.

ഔദാര്യവാനായ അല്ലാഹുവിൽ നിന്ന് ഈ വഹ്യ് ഇറങ്ങിയതിനുശേഷമാണ് സർക്കാർ തലത്തിൽ നിന്നും പ്ലേഗിനെതിരേ ഈ ഭൂഖണ്ഡത്തിലുള്ളവരെല്ലാം പ്രതിരോധകുത്തിവയ്പ്പെടുക്കണമെന്ന് നിർദ്ദേശമുണ്ടായത്. അപ്പോൾ റഹ്മാനായ അല്ലാഹുവിന്റെ കല്പന തിരസ്കരിക്കാൻ എനിക്കു കഴിഞ്ഞില്ല. ഈ തവക്കുലിന്റെ ഫലമായി എന്റെ ജമാഅത്ത് ഈമാനിലും[30] ഇർഫാനിലും[31] ശക്തിപ്രാപിക്കുമെന്ന് ഞാൻ പ്രതീക്ഷ വെച്ചു. കാര്യകാരണങ്ങളാകുന്ന വിഗ്രഹങ്ങളുടെ പൂജാരിമാർ ഇക്കാര്യത്തിൽ എന്നെ കുറ്റപ്പെടുത്തി. അവർ പറഞ്ഞു: ''കുത്തിവയ്പിനുവിധേയനാകുന്നതാണ് നല്ലത്. നന്മനിറഞ്ഞതും നേരേയുള്ളതുമായ മാർഗത്തെ നീ എന്തിനാണുപേക്ഷിക്കുന്നത്?''

അപ്പോൾ കിശ്തീനൂഹ് എന്ന ഗ്രന്ഥത്തിൽ ഞാൻ വിളംബരം ചെയ്തു. താരതമ്യം ചെയ്തുനോക്കിയാൽ എന്റെ യഥാർഥ അവസ്ഥ നിങ്ങൾക്കു മനസ്സിലാകും. അതിനുമുമ്പേ വിവേകവും ബുദ്ധിയുമുള്ളവർ തീരുമാനമെടുക്കരുത്. സൗഖ്യം കുത്തിവയ്പിലൂടെയാണെന്ന് അവസാനം തെളിഞ്ഞാൽ ഞാൻ, യുക്തിയുക്തം പ്രവർത്തിക്കുന്നവനും പ്രതാപവാനുമായ അല്ലാഹുവിൽ നിന്നുള്ളവനല്ലെന്ന് പരസ്യം ചെയ്യും.

എന്റെ ഈ വിളംബരം കുട്ടികൾ പോലും മനഃപാഠമാക്കി; അതറിഞ്ഞ് സ്ത്രീകളും. പൊതുജനങ്ങളുടെ ഇടയിലും ഉന്നതൻമാരുടെ സദസ്സിലും അതിന്റെ ധ്വനികൾ അലയടിച്ചു. തെരുവീഥികളിലും ഇടവഴികളിലും അത് പ്രതിധ്വനിച്ചു. അവസാനം ഈ വൃത്താന്തം സർക്കാർ തലത്തിലുമെത്തി. ആളിപ്പടരുന്ന കൊടും തീയുടെ നടുവിൽ ഞങ്ങളുടെ തവക്കുൽ കണ്ട് ജനങ്ങൾ അന്ധാളിച്ചു. അപ്പോൾ ഞാൻ ചിലർക്ക് ഭ്രാന്തനായി; മറ്റുചിലർക്ക് ബുദ്ധിയും ദീനുമൊന്നുമില്ലാത്ത മരമണ്ടനും. ആക്ഷേപകരുടെ വാക്കുകളെല്ലാം നാം കേട്ടു. സഹായിയായ അല്ലാഹുവിൽ നാമെല്ലാം ഭരമേല്പ്പിക്കുകയും ചെയ്തു. പരീക്ഷിച്ചുനോക്കുന്നതിനുമുമ്പേ എന്നെ കുറ്റപ്പെടുത്തരുതെന്ന് ഞാൻ അവരോടുപറഞ്ഞു. ജനങ്ങളിൽ നിന്ന് ഈ ദൈവശിക്ഷ നീക്കുന്നതിനുവേണ്ടി സർക്കാർ

30. വിശ്വാസം 31 യഥാർഥജ്ഞാനം.

ചെയ്യുന്ന എല്ലാശ്രമവും കാത്തിരുന്നുകാണുക. അവർ തെറ്റാലികൾ[32] മടക്കിവെക്കുകയും നാട്ടപ്പെട്ട താല്ക്കാലിക തമ്പുകൾ പൊളിച്ചു മാറ്റുകയും ചെയ്തുകൊള്ളട്ടെ.

ഇത് ആകാശത്തുനിന്നുള്ള ഒരു തീയല്ലാതെ മറ്റൊന്നുമല്ല. എത്രകണ്ട് അവരതിനെ അണയ്ക്കാൻ ശ്രമിക്കുന്നുവോ അത്രക ണ്ടത് ആളിക്കത്തും. എല്ലാ മുക്കിലും മൂലയിലും അത് പരക്കും. ഈ തീയിൽ നിന്നുള്ള രക്ഷയാണ് അല്ലാഹു നമുക്കു നല്കു ന്ന അനുഗ്രഹം. ഭക്തജനങ്ങളുടെ വീടുകളെല്ലാം അല്ലാഹു കാത്തുരക്ഷിച്ചു. കാര്യം അവിടെ അവസാനിക്കുന്നില്ല. ഈ പ്രതി രോധ കുത്തിവയ്പുതന്നെ നമ്മുടെ എതിർഭാഗത്ത് ഉപദ്രവകാ രിയായി പ്രത്യക്ഷപ്പെട്ടു. നമ്മുടെ നാളുകൾ സൗഖ്യത്തിലും ആശ്വാസത്തിലും കഴിഞ്ഞുപോയി. കണ്ണുള്ളവർക്ക് ഇതിനെപ്പറ്റി വിശദീകരണം നല്കാൻ നാം ആഗ്രഹിക്കുന്നു.

## അല്പം വിശദീകരണം

കുത്തിവയ്പ് ബഹിഷ്കരിച്ചതിനെ സംബന്ധിച്ച് ഞാനുമായി തർക്കിക്കാൻ ചില വ്യക്തികൾ വന്നിരുന്ന വിവരം നേരത്തേപ രാമർശിച്ചുവല്ലോ. അവർ ചോദിച്ചു: ഉത്തമമാർഗം ഉപേക്ഷിച്ച് നീ സ്വയം നാശം വലിച്ചുവയ്ക്കുകയാണോ? സൂക്ഷ്മതയോടെ പ്രവർ ത്തിക്കുന്നതല്ലേ ഉത്തമമായ മാർഗം? ഈ വിപത്തിനെ തടയുന്ന തിനായി ചെയ്യാവുന്ന തന്ത്രങ്ങളൊക്കെ ചെയ്യുന്നതല്ലേ ഇപ്പോൾ ശരിയായ രീതി?

ഞാനവരോടു പറഞ്ഞു: അല്ലാഹു ഏതു കക്ഷിയിൽ പെട്ട വരെയാണ് കൂടുതൽ രക്ഷപെടുത്തുന്നതെന്ന് തെളിയിച്ചു കാണിക്കു ന്നതുവരെ തർക്കത്തിനുവരുന്നവർ കാത്തിരിക്കേണ്ടതാണ്. അതു കൊണ്ട് നിങ്ങൾ ധൃതി കാണിക്കരുത്. നീണ്ട ചർച്ച ഒരുകാര്യ ത്തിനും വിധിയെഴുതുന്നില്ല. പരീക്ഷണത്തിലൂടെ എന്താണോ

32. പകർച്ചവ്യാധിയുള്ള സ്ഥലങ്ങളിലേക്ക് രോഗാണുക്കളെ നശിപ്പിക്കുന്നതിനുവേണ്ടി ദൂരസ്ഥലത്തുനിന്ന് തെറ്റാലിമുഖേന മരുന്നുകൾ തെറ്റിവിടുന്ന സമ്പ്രദായം മുമ്പുണ്ടായിരുന്നു. പ്ലേഗ് ബാധിച്ചപ്പോൾ പലസ്ഥലങ്ങളിലേക്കും സർക്കാർ ഈ പ്ര യോഗം നടത്തി. മിക്ക സ്ഥലങ്ങളിലും താൽക്കാലിക ടെന്റുകൾ കെട്ടി ചികിത്സയും തുടങ്ങി. ഈ പ്ലേഗ്രോഗം തന്റെ സ ത്യത തെളിയിക്കുന്നതിന് അല്ലാഹു കാണിക്കുന്ന ദാബ്ബത്തുൽഅർള് എന്ന അടയാളമായതിനാൽ അതൊന്നും പ്രയോജന പ്പെടില്ലെന്നാണ് ഹ:അഹ്മദ്(അ) പറയുന്നത്. അതായത് സർക്കാർ അല്ലാഹുവിന്റെ മുമ്പിൽ പരാജയമടയുമെന്ന്.(വിവ:).

സ്ഥാപിതമാകുന്നത് അതാണ് സത്യം. പരാതിപ്പെടാൻ ധൃതികൂട്ടിയാൽ നിരാശപ്പെടേണ്ടിവരും. വേവാത്തതു തിന്നാൽ തിന്നവന്റെ കുടലിനും പല്ലിനും കേടുസംഭവിക്കും.

ഞാൻ ഈ പറഞ്ഞതെല്ലാം എന്റെ കിശ്തീനൂഹ് എന്ന ഗ്രന്ഥത്തിൽ പരസ്യംചെയ്തിട്ടുണ്ട്. വഹ്യ് ഇറങ്ങിയതിനും ശാന്തി ലഭിച്ചതിനും ശേഷം അങ്ങനെ ഒരു പരസ്യം കൊടുക്കാതിരിക്കാൻ എനിക്കു സാധിക്കുമായിരുന്നില്ല. ഈ വാർത്ത ചെന്നെത്താത്ത വല്ല ചെകിടുമുണ്ടോ എന്നെനിക്കറിയില്ല. സർക്കാർ തലത്തിലും അതിന്റെ പ്രധാന ഉദ്യോഗസ്ഥൻമാരുടെ അടുക്കലും ഈ വാർത്ത എത്തി. ചുറ്റുപാടിലെല്ലാം അതു പാട്ടായി . അപ്പോൾ ആളുകൾ കൂടുതൽ കുത്തിപ്പറയാനും ആക്ഷേപിക്കാനും തുടങ്ങി. അതിന്റെ ഒരു പ്രളയംതന്നെ അവരുടെ നാവിൽനിന്നും പൊട്ടിപ്പുറപ്പെട്ടുവരുന്നത് നാം കണ്ടു. ഞാൻ അവരോടു പറഞ്ഞു: നിശ്ചയമായും നാം സംരക്ഷിക്കപ്പെടും. നാം ഇതിൽ നിന്ന് രക്ഷപ്പെടുമെന്ന് അല്ലാഹു സുവിശേഷമറിയിച്ചിരിക്കുന്നു. ഞാൻ ഈ പറയുന്നത് സത്യമായി പുലർന്നിട്ടില്ലെങ്കിൽ ഞാനൊരു ദൈവനിയുക്തനല്ല; എന്നെപ്പോലെ കളവുപറയുന്നവൻ ലോകത്തുണ്ടാവുകയുമില്ല.

പ്ലേഗ്, അത് വൻമലകളുടെ കൂട്ടമാണെങ്കിലും എന്റെ നാഥൻ എനിക്കുവേണ്ടി അതിനെ പൊടിപൊടിയാക്കും. അത് ഭീതിദമായൊരു ജലപ്രവാഹമാണെങ്കിൽ അവനതിനെ വറ്റിച്ചുകളയും. മറ്റുള്ളവരെ അപേക്ഷിച്ച് നാം സൗഖ്യത്തിലും ആശ്വാസത്തിലും തന്നെ നിലകൊള്ളുന്നു. കുറച്ചുനാൾ കൂടി കാത്തിരിക്കുക. അതിനുശേഷം ഞങ്ങൾ നഷ്ടപ്പെട്ടവരായിക്കണ്ടാൽ നിങ്ങൾക്ക് ഇഷ്ടമുള്ളത് പറഞ്ഞുകൊള്ളുക. ഇൻശാഅല്ലാഹ് വരും ദിനങ്ങളിലെല്ലാം നാം സമാധാനത്തോടെതന്നെ ജീവിക്കും.

നാം പറഞ്ഞതിനൊന്നും എതിരാളികൾ ചെവികൊടുത്തില്ല. അവർ പരിഹസിക്കാനും പൊട്ടിപ്പൊട്ടി ചിരിക്കാനും തുടങ്ങി. എല്ലാവിധത്തിലും നമ്മെ ഉപദ്രവിച്ചു. ആക്ഷേപശരങ്ങൾക്ക് നാം കുറിമാനമായി. അങ്ങനെ ആ വാഗ്ദത്ത സമയം വന്നു. അറിയിക്കപ്പെട്ട ആ വിധി പ്രത്യക്ഷമായി. പ്ലേഗ് അതിന്റെ ശരിയായ

രൂപത്തിൽ വലയംചെയ്തപ്പോൾ, അതിരുകളെല്ലാം അത് വളഞ്ഞപ്പോൾ ബ്രിട്ടീഷ് സർക്കാരിനു ഉള്ളിൽ വിഭ്രാന്തി പരന്നു. അവർ, കുത്തിവയ്പ് നടത്തുന്നതിനായി വിദഗ്ദ്ധരായ ഡോക്ടർമാരെ തിരഞ്ഞെടുത്തു.

അപ്പോൾ ഞാൻ എന്റെ മനസ്സിൽ പറഞ്ഞു: സർക്കാർ ഇതു ചെയ്തത് സദുദ്ദേശ്യത്തോടെയാണ്. പക്ഷേ അത് നിശ്ചിതവിധിയോടുള്ള ഒരുതരം പോരാട്ടമാണ്. നിശ്ചയമായും എഴുന്നേറ്റുനിൽക്കൽ അല്ലാഹുവിന്റെ വിധിയുടെ മുമ്പിൽ ഇരുത്തമാണ്; ഉണർച്ച ഉറക്കമാണ്. ശ്രമം മൗനമാണ്. ബുദ്ധി ഭ്രാന്താണ്. നല്ല അഭിപ്രായം പാപ്പരത്തമാണ്. പരിഷ്കാരം നാശമാണ്. നമ്മെ അറിയാത്തതുപോലെ നമുക്കെതിരിൽ ആളുകൾ കുറ്റാരോപണം നടത്തുന്നു. നമ്മെ അവർ കളവാക്കുന്നു, സത്യം അംഗീകരിക്കുന്നില്ല. നാമാണെങ്കിൽ, അല്ലാഹു നമുക്കും അവർക്കും ഇടയിൽ എന്തുചെയ്യുന്നുവെന്ന് നോക്കിയിരിക്കുകയാണ്. നാം അവരോടുപറയുന്നതെല്ലാം ധിക്കരിച്ചുകൊണ്ട് അവർ നമ്മെക്കുറിച്ച് ഇടതടവില്ലാതെ ആക്ഷേപം തുടങ്ങി. ഇൽഹാം എവിടെ? എന്ന് നാം ചോദ്യം ചെയ്യപ്പെട്ടു. അപ്പോൾ എന്റെ കണക്കുകൂട്ടൽ തെറ്റിയില്ല. എന്റെ ബുദ്ധിശക്തി സൂര്യനെപ്പോലെ പ്രകാശിച്ചു. എന്റെ ദൃഷ്ടാന്തം വ്യക്തമായി. എന്നെ തിരിച്ചറിയുന്നതിന് ഭംഗികൂടി. കുറേ മുഖങ്ങൾ കറുകറാകറുത്തത്. കുറേ മുഖങ്ങൾ വെളുവെളാ വെളുത്തതും. എന്റെ നാഥൻ നിഷേധികളുടെ കയർ അധികം അയച്ചുവിട്ടില്ല. അവരെന്തിനെയാണോ നിഷേധിച്ചത് അത് വേഗത്തിൽ അല്ലാഹു അവർക്കു കാണിച്ചുകൊടുത്തു. ഒട്ടും കഴിഞ്ഞില്ല പ്രതിരോധകുത്തിവയ്പിന്റെ പ്രത്യാഘാതത്തെക്കുറിച്ച് പല വാർത്തകളും പ്രചരിക്കാൻ തുടങ്ങി; അത് പുരുഷനെ നപുംസകമാക്കും. സ്ത്രീയെ വന്ധ്യയാക്കും. ദൃശ്യശ്രാവ്യശക്തി നഷ്ടപ്പെടുത്തും. എന്നിങ്ങനെ വിവിധ അഭിപ്രായങ്ങൾ പ്രചരിച്ചു.

അപ്പോഴതാ വ്യക്തമായ ശ്രുതിയായി സാക്ഷിയൊന്നും ആവശ്യമില്ലാത്തവിധം ഒന്നിനുപിറകേ ഒന്നായി മരണവാർത്തവരുന്നു. അത് വേട്ടയാടാൻ ഒരുങ്ങിനില്ക്കുന്ന സിംഹമാണ്. കുപിതയായ പുള്ളിപ്പുലിയാണ്. അത് പൊതുവേ കഴുത്തറുപ്പനാണ്;

അടിമത്വത്തെ ഭയപ്പെട്ട് കൊലയെ സ്വീകരിക്കുന്നവനെപ്പോലെ.

ഇത്തരം വാർത്തകൾ എല്ലായിടത്തും പരന്നു. പൊതുജന സംസാരം നാം ഗൗനിച്ചില്ല. നാം സ്വീകരിച്ചതുതന്നെയാണ് സമാധാനത്തിന്റെ മാർഗം. നാം പറഞ്ഞു: മിക്കവാർത്തകളും കളവും കറ്റുകെട്ടുമാണ്. പൊൻപണിക്കാരനെ പോലെ ക്ഷമിക്കുകതന്നെ. ഈ വിഷയവുമായി ബന്ധപ്പെട്ട നിഷേധിക്കാനാവാത്ത ചില റിപ്പോർട്ടുകൾ നാം കേട്ടു. അതു പൊള്ളൻമാരുടെ അതിശയോക്തിയണെന്ന് കരുതുകവയ്യ. കുത്തിവയ്പിന്റെ കാര്യം കേൾക്കുമ്പോൾ പൊതുജനം അങ്ങേയറ്റം ചകിതരും അസ്വസ്ഥരുമാകുന്നത് നാം കണ്ടു. മൃഗതുല്യരായിത്തീർന്ന അവരെ നാം വകവെച്ചില്ല. നാം ഇത്തരം തടസ്സങ്ങളിൽകൂടി മുമ്പോട്ടു നീങ്ങിയപ്പോൾ, ഇതെല്ലാം കേട്ടുകൊണ്ട് പടവുകൾ കയറിയപ്പോൾ സർക്കാർ തലത്തിൽ നിന്ന് പേപ്പറുകൾ വരുന്നു. വേദനാജനകവും അതിപ്രധാനവുമായ പല വൃത്താന്തങ്ങളും അതിലുണ്ട്. അത് കേട്ടപ്പോൾ നമ്മുടെ പിടലി വിറയ്ക്കാൻ തുടങ്ങി. ദുഃഖിതരായവർ വായിക്കുന്നതുപോലെ നാം ആ വാർത്ത വായിച്ചു. നാം പറഞ്ഞു: ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ഈ വേദനാജനകമായ വാർത്ത നേരത്തെ നാം പ്രസിദ്ധം ചെയ്തതുതന്നെയാണ്. സൗഖ്യം നമ്മുടെ കൂടെയാണെന്നും കുത്തിവയ്പുകാരുടെ കൂടെയല്ലെന്നും ഞാൻ മുൻകൂട്ടി പറഞ്ഞിരുന്നു.

وَإِنَّهَا آيَةٌ مِّنَ الْآيَاتِ

അത് അടയാളങ്ങളിൽ ഒരടയാളമാണ്.

وَمُعْجِزَةٌ عَظِيمَةٌ مِّنَ الْمُعْجِزَاتِ

മുഅ്ജിസത്തുകളിൽ മഹത്തായൊരു മുഅ്ജിസത്താണ്. ഈ അർഥത്തിൽ നാം അതിൽ സന്തോഷിക്കുന്നു. അതോടൊപ്പം കരച്ചിലുമായിക്കഴിയുന്ന ആ വിധവകളുടെ കൂടെ, കുത്തിവയ്പ് നിമിത്തം അകാലമരണമടഞ്ഞവരുടെ ആ അനാഥകുട്ടികളുടെകൂടെ നാമും കരയുന്നു. അഹോ കഷ്ടം! അവർ പ്രതിരോധ കുത്തി

വയ്പിനുവേണ്ടി തങ്ങളെ സമർപ്പിച്ച ആ ദിവസം! അവർ വിശ്വാസികളായി എന്റെയടുത്ത് വന്നിരുന്നെങ്കിൽ ഈ മഹാവിപത്തിൽ നിന്ന് രക്ഷപ്പെടുമായിരുന്നു.

ഈ മഹാവിപത്ത് എന്താണെന്ന് നിനക്കെന്തറിയാം. വീണ്ടും ഞാൻ ചോദിക്കുന്നു. ഈ മഹാവിപത്ത് എന്താണെന്ന് നിനക്കെന്തറിയാം. അപ്പോൾ അറിഞ്ഞുകൊള്ളുക: നമ്മുടെ ഈ നാട്ടിൽ മുൽക്കുവാൽ എന്നുപേരായ ഒരു ഗ്രാമമുണ്ട്. കാലവശാൽ പ്രതിരോധകുത്തിവയ്പ് നടത്തുന്നതിനായി പുരുഷൻമാരുടെ ഒരു സംഘം അവിടെ ചെന്നു. വളരെ തന്ത്രത്തിലും മയത്തിലും കുത്തിവയ്പിനു വിധേയരാവാൻവേണ്ടി അവർ ആ ഗ്രാമവാസികളെ ക്ഷണിച്ചു; നാശത്തിലേക്കുള്ള ക്ഷണം! ആ ഗ്രാമവാസികൾ സന്നദ്ധസംഘത്തിന്റെ മുമ്പിൽ ഹാജരായി.

وَكَانُوا تِسْعَةَ عَشَرَ

അവർ പത്തൊമ്പത് പേരായിരുന്നു. അവരുടെ പേരുകൾ അടിക്കുറിപ്പിൽ വായിക്കുക[33]. ഈ പത്തൊമ്പതുപേരും പ്രതിരോധകുത്തിവയ്പിന് വിധേയരാവാൻ തങ്ങളെ സമർപ്പണം ചെയ്തു; സംശയിച്ചും പേടിച്ചും നില്ക്കുന്ന മറ്റുള്ളവർക്കു മാതൃകയാകും വിധം ധൈര്യത്തോടെതന്നെ.

അങ്ങനെ കുത്തിവയ്പിന്റെ വിഷം അവരുടെ നാഡി ഞരമ്പുകളിൽ കടന്നപ്പോൾ അവരുടെ ചങ്കും കരളും വെന്തുരുകിപ്പോയി. അവർ അങ്ങേയറ്റം അസ്വസ്ഥരായിത്തീർന്നു. കുത്തിവയ്പ് പ്രക്രിയ നടത്തിയവർ പോയതിനുശേഷം അതിനു വിധേയരായവരുടെ ബോധേന്ദ്രിയങ്ങൾ മുച്ചൂടും നശിച്ചു. അവരുടെ കോപ്പകൾ മരണം കൊണ്ടുനിറഞ്ഞു. അവരുടെ വീടുകൾ അസ്പന്ദമായി. അവരെ ഏല്പിച്ചിരുന്ന ആത്മാവ് അതിന്റെ ഉടമസ്ഥനു അവർ മടക്കിക്കൊടുത്തു. അപ്പോൾ വീടുകൾ നിറയെ കരച്ചിലും നിലവിളിയും തന്നെ. ബന്ധുക്കൾ ഭ്രാന്തരായി. ഖിയാമത്തിന്റെ

33. 1.അമീറുദ്ദീൻ ഖാം ഇൻമാ, 2. ഉമറ തർഖാൻ, 3. ജുമാൻ കശ്മീരി, 4. ജീവൻ ശാഹ് സയ്യിദ്, 5. മഹ്ർദാദ് മീറാസി, 6. സുൽത്താൻ മോചി, 7. ഹയാത് തർഖാൻ, 8. ഫതഹ്ദീൻ ഖാം ജട്ട്, 9. ഖാസിം ശാഹ് സയ്യിദ്, 10. ഇമാമുദീൻ ഖാം ജട്ട്, 11. ശാദീജട്ട്, 12. ഹയാത്ജട്ട്, 13. ഖഫാജട്ട്, 14. രോഢാ മഖാർ, 15. നൂർ അഹ്മദ് ഖാം ഇൻമാ, 16. സാവൻ ഖത്രി, 17. ശബെദയാൽ ഖത്രി, 18. കൃപാറാം ഖത്രി, 19. വാർത്ത കൊണ്ടുവന്ന ആൾ, ഇയാളുടെ പേരു മറന്നുപോയി.

അവസ്ഥ ആഗ്രാമത്തിൽ നടമാടി. അതാ അനുശോചകരുടെ ശബ്ദം നൊമ്പരത്തിന്റെ വാക്കുകളിലുയരുന്നു. അതീവ ദുഃഖിത രായി അത്ഭുതത്തോടെ ഗ്രാമവാസികൾ അവിടേയ്ക്ക് ഓടിയെത്തു ന്നു. നിലവിളിച്ചുകൊണ്ടു അവരെല്ലാം തങ്ങളുടെ വീടുകളിലേക്ക് മടങ്ങുകയും ചെയ്യുന്നു.

അപ്പോൾ അവരുടെ സ്ത്രീകൾക്കും കുട്ടികൾക്കും എന്തുസം ഭവിച്ചുവെന്ന് താങ്കൾ ചോദിക്കരുത്. കണ്ണീരിന്റെ മഹാപ്രളയം. നെഞ്ചത്തടിയും ഇടിയും. ഹൃദയം നുള്ളിപറിക്കൽ. ഓരോ സ്നേ ഹിതനും തന്റെ സുഹൃത്തിനെ ഓർത്തുകൊണ്ട് നൊമ്പരത്തിനു ചൂടുപിടിപ്പിച്ചു. ജീവനോടിരുന്ന തങ്ങളുടെ ആളുകൾ അടിമറിയു ന്നതുകണ്ടപ്പോൾ അവർ കുത്തിവയ്പിനെ ശപിച്ചു. അതിദാരുണ മായ ഈ സംഭവം അറിഞ്ഞവരെയെല്ലാം വേദനിപ്പിച്ചു. ബന്ധുക്ക ളുടെ ഹൃദയം പാറിപ്പറന്നു. അവരുടെ പകൽ ഇരുൾ മുറ്റിയ രാത്രിയായി. ആ ഗ്രാമത്തിൽ അവരുടെ മുറ്റത്ത് ഓടിയെത്താത്ത വരായും അവരുടെ ഈ വാർത്ത അന്വേഷിച്ചറിയാത്തവരായും ആരുംതന്നെ ഉണ്ടായിരുന്നില്ല.

അല്ലാഹുവാണെ, ആറുമാസംകഴിയുന്നതിനുമുമ്പേ എല്ലാ അന്വേഷകരുടെയടുക്കലും ഈ വാർത്തയെത്തി. അല്ലാഹുവിൽ നിന്നുള്ള വിധിയാണിതെന്ന് വ്യക്തമായി. അങ്ങനെ അല്ലാഹു വിന്റെ വഹ്യ് സത്യമാണെന്ന് അതു തെളിയിച്ചു. ദൈവിക വെളി പാടനുസരിച്ച് ഞാൻ അതിനെക്കുറിച്ച് കൂടുതൽ ബോധവാനായി ത്തീരുകയും ചെയ്തു.

കുത്തിവയ്പുസംഘം ആ വാർത്തകേട്ടപ്പോൾ അവർ ഭരണ നേതാക്കളുടെയടുക്കലേക്ക് ഓടി. അവർ അവരുടെ കുതിരയ്ക്കു കടിഞ്ഞാണിട്ടു. ആകാശത്തുനിന്നുള്ള വിധികണ്ട് അവരും ഞെട്ടിപ്പോയി. അതോടെ സംശയകരമായ പ്രവർത്തനങ്ങളിൽനിന്നും നിർബന്ധം ചെലുത്തുന്നതിൽ നിന്നും ബ്രിട്ടീഷ് സർക്കാരിനെ അല്ലാഹു തൽക്കാലം തടഞ്ഞു. തുടക്കത്തിലുണ്ടായിരുന്ന നിർബ ന്ധബുദ്ധി സർക്കാർ പിന്നീടു കാണിച്ചില്ല. ഒരൊറ്റമണിക്കൂർ കൊണ്ട് പത്തൊമ്പത് ജീവൻ നഷ്ടപ്പെട്ടതുതന്നെയാണ് അതിനു

കാരണം. കമ്പിസന്ദേശം മുഖേന പ്രതിരോധകുത്തിവയ്പ് തടയപ്പെട്ടു. അത് നിർബന്ധമാണെന്നു തോന്നുമാറുള്ള പ്രവർത്തനം സർക്കാർ പിന്നീട് ഉപേക്ഷിക്കുകയും തഞ്ചത്തോടും മയത്തോടുമുള്ള സമീപനം സ്വീകരിക്കുകയും ചെയ്തു.

സർക്കാർ അങ്ങേയറ്റം ദയയോടും ഉത്സാഹത്തോടും പ്ലേഗിനെതിരേ പ്രവർത്തിച്ചുവെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. പ്രയോജനകരമാണെന്നു തെളിഞ്ഞതിനുശേഷമാണ് പ്രതിരോധ കുത്തവയ്പിനെ അവർ തിരഞ്ഞെടുത്തത്. ഇതാണ് വസ്തുത. ദൈവസന്നിധിയിൽ നിന്നുള്ള വഹ്‌യുടെ അടിസ്ഥാനത്തിൽ മാത്രമാണ് നാം അതിനെ സ്വീകരിക്കാതിരുന്നത്. നാം പറഞ്ഞത് സത്യമായി പുലരണമെന്നും അങ്ങനെ അജ്ഞരുടെ ആക്ഷേപശരത്തിൽ നിന്ന് നമ്മെ രക്ഷിക്കണമെന്നും അല്ലാഹു ഉദ്ദേശിച്ചു. അപ്പോൾ കുത്തിവയ്പിന്റെ പ്രയോജനകരമായ അവസ്ഥ അവനെടുത്തുകളഞ്ഞു. സത്യംവെളിപ്പെടുത്തി കാണിക്കാൻ അതിനെ ഉപദ്രവകാരിയാക്കി. ഇത് ഇങ്ങനെ സംഭവിച്ചിരുന്നില്ലെങ്കിൽ നമുക്ക് സംരക്ഷണം ലഭിക്കുകയെന്ന ദൃഷ്ടാന്തം എങ്ങനെ പുലരും? അല്ലാഹു സാക്ഷി! ആ ഗ്രാമത്തിലുള്ളവർ അന്ന് ഹലാക്കായിരുന്നില്ലെങ്കിൽ ഞാൻ ഹലാക്കാകുകയും കള്ളൻമാരുടെ കൂട്ടത്തിൽ തള്ളപ്പെടുകയും ചെയ്യുമായിരുന്നു. കാരണം സൗഖ്യം നമ്മോടൊപ്പമാണെന്നും സത്യാന്വേഷകർക്ക് നമ്മുടെ നിജസ്ഥിതിക്കുള്ള മാനദണ്ഡം അതുതന്നെയായിരിക്കുമെന്നും നാം മുമ്പേ പ്രസിദ്ധം ചെയ്തിരുന്നു. അതിനുവിപരീതമായി പുലർന്നിരുന്നുവെങ്കിൽ ഞാൻ കള്ളവാദിയാണെന്നതിന് അത് സ്പഷ്ടമായ തെളിവാകുകയും ആർക്കും എന്നെ കള്ളവാദിയെന്ന് മുദ്രയടിക്കാനാകുകയും ചെയ്യുമായിരുന്നു.

ജനങ്ങൾ ഈ മത്സരത്തെ ഒരെയ്ത്തുകുറിപോലെയാണ് കണ്ടത്. അങ്ങനെ ഞാൻ അന്തരീക്ഷത്തിൽ തൂങ്ങിക്കിടന്നു. ഒന്നുകിൽ മത്സരത്തിൽ ജീവിക്കുക, ഇല്ലെങ്കിൽ വധിക്കപ്പെടുക. വിവിധസന്ദർഭങ്ങളിൽ വിജയം നല്കിയതുപോലെ ഇവിടെയും എനിക്കു വിജയം നൽകണമെന്ന് അല്ലാഹു തീരുമാനിച്ചു. ഈ ദുരന്തം സർക്കാരിന്റെ കഴിവുകേടുകൊണ്ടുണ്ടായതല്ല. മറിച്ച് എന്റെ

റബ്ബിന്റെ പക്കൽ നിന്നുള്ള ദൃഷ്ടാന്തമായിരുന്നു. അതവൻ കാണിക്കുകതന്നെ ചെയ്തു. വൻ ദുരന്തമായി നാം ഇതിനെ കാണണം. ഇതോർക്കുമ്പോൾ പിടലി പ്രകമ്പനം കൊള്ളുന്നു. ഇങ്ങനെയൊന്ന് മുൻകാലങ്ങളിൽ ഉണ്ടായിട്ടുള്ളതായി നാം കാണുന്നില്ല.

നെഞ്ചുപിളർന്ന ആ സമുദായത്തിന്റെ അവസ്ഥ! അതിന്റെ വേദന അവരുടെ ഹൃദയത്തെ ചുട്ടെരിച്ചു. ജീവനോടിരുന്ന ആ മനുഷ്യർ മരിച്ചവരായി എണ്ണപ്പെട്ടപ്പോൾ എന്തൊരു മുഖത്തടി! എന്തൊരു നെഞ്ചത്തടി! കാര്യം ഇങ്ങനെയൊക്കെ സംഭവിച്ചെങ്കിലും ബ്രിട്ടീഷ് സർക്കാർ ഇതിൽ നിരപരാധിയാകുന്നു. അവർ പ്രതിരോധകുത്തിവയ്പ് തുടങ്ങിയത് സദുദ്ദേശ്യത്തോടും ഒരുപാട് പരീക്ഷണ നിരീക്ഷണത്തിനുശേഷവുമാണ്. ദുരന്തങ്ങളുണ്ടാകുമ്പോൾ മറ്റുസർക്കാരുകൾ ചെലവഴിക്കുന്നതിനേക്കാൾ കൂടുതൽ ചെലവ് ഇതിനെ തടഞ്ഞുനിറുത്താൻ ഇവർ ചെയ്തിട്ടുണ്ട്. അപ്പോൾ ബ്രിട്ടീഷ് സർക്കാർ ചോദ്യംചെയ്യപ്പെടാൻ പാടുള്ളതല്ല. അവർക്കും അവരുടെ പ്രവർത്തകർക്കും കുത്തിവയ്പിന്റെ പ്രതികരണം ഇങ്ങനെയുണ്ടാകുമെന്ന് അറിയില്ലായിരുന്നു. വിവരമറിഞ്ഞപ്പോൾ അവരെല്ലാം ചകിതരായിത്തീർന്നു. അവരുടെ ഹൃദയം നീറിത്തുടങ്ങി. അവരേയും അവരുടെ പ്രവർത്തകരേയും അത് വളരെയധികം ദുഃഖത്തിലാഴ്ത്തി. മരണമടഞ്ഞവരുടെ ബന്ധുക്കൾക്ക് അവർ പെൻഷൻ അനുവദിച്ചു. ദുഃഖത്തോടും ദയയോടും അവരോടു പെരുമാറി. അവരുടെ തൃപ്തിക്കുവേണ്ടി ദാനധർമങ്ങൾ ചെയ്തു.

തുടക്കത്തിൽ കുത്തിവയ്പ് സർക്കാരിന്റെ നോട്ടത്തിൽ ആഹാരംവിളമ്പുന്ന സുപ്രയായിരുന്നു. അതുകൊണ്ട് ജനങ്ങൾ അതിലേക്ക് ആകൃഷ്ടരായി. അതിനുവേണ്ടി അവർ നുണഞ്ഞു. കുത്തിവയ്പ് വിഫലമായതിനുശേഷം സർക്കാർ പുതിയ സുരക്ഷാമാർഗം സ്വീകരിക്കാൻ തുടങ്ങി; അത് അങ്ങേയറ്റം നിർബന്ധവുമാക്കി. ഇങ്ങനെയാണ് അതിന്റെ കീഴ്വഴക്കം. ചെയ്യുന്നത് ബുദ്ധിപൂർവം ചെയ്യും. സാവധാനം നടപ്പിൽ വരുത്തും. പ്രജകളെ മക്കളെപ്പോലെ കരുതും. ഉപദ്രവത്തിനു നിമിത്തമാകുന്നതൊന്നും ചെയ്യുകയില്ല. അവർ അമ്മമാരെപ്പോലെ സേവനം ചെയ്യുന്നതുകൊണ്ട്

നാം അവരോടു നന്ദിയുള്ളവരായിരിക്കാൻ നിർബന്ധിതരാണ്. ഇതുപോലുള്ളൊരു ഭരണം ഇന്നെവിടെയാണുള്ളത്? നിങ്ങൾ എല്ലാഭാഗത്തും എല്ലാ ഭൂഖണ്ഡങ്ങളിലും അന്വേഷിക്കുക. ധിഷണാശാലികളെല്ലാം അവരെ അഭിനന്ദിക്കുന്നതായി ഞാൻ കാണുന്നു. അവരുടെ ഉപകാരപ്രദമായ പ്രവർത്തനങ്ങളും അതിന്റെ ആധിക്യവും കൊണ്ട് ഇവർ തങ്ങളെ അവരുടെ മുമ്പിൽ സമർപ്പിക്കുന്നു. ഇങ്ങനെയുള്ള അനുഗ്രഹത്തിന് സർവ സ്തുതിയും അല്ലാഹുവിനുമാത്രം. ഇക്കാരണത്താൽ മുസ്‌ലിംങ്ങളായ സ്ത്രീയും പുരുഷനുമെല്ലാം അവരുടെ സർക്കാരിനോടു നന്ദികാണിക്കേണ്ടത് നിർബന്ധമാണ്. എന്തുകൊണ്ടെന്നാൽ നീതിയിലധിഷ്ഠിതമായ ഭരണം മുഖേന നമ്മളേയും നമ്മുടെ അഭിമാനത്തേയും നമ്മുടെ സമ്പത്തിനേയും അവർ കാത്തു സൂക്ഷിക്കുന്നു. ജിഹാദി[34]ന്റെ ലക്ഷ്യത്തോടെ അതിനെതിരെ നീങ്ങുക എന്നത് ഓരോ മുസ്‌ലിമിനും ഹറാ[35]മാണ്; അത് ജിഹാദല്ല. അങ്ങേയറ്റം വൃത്തികെട്ട ഫസാദാണ്[36]. ഗുണംചെയ്യുന്നവന്റെ ഗുണത്തിനു വാളുകൊണ്ട് മറുപടികൊടുക്കുകയെന്നത് ഇസ്‌ലാമിക പൗരുഷത്തിന് യോജിച്ചതാണോ?

കുത്തിവയ്പിന്റെ ഗുണകരമായ വശത്തെ നാം ഏറ്റുപറയുന്നു. അതുകൊണ്ടുണ്ടാകുന്ന സൽഫലം അംഗീകരിക്കുന്നു. അതിൽ ജനങ്ങൾക്ക് ശിഫാ[37] ഉണ്ടെന്നും ഭയത്തിനും സന്ദേഹത്തിനും ഇടയില്ലെന്നും സമ്മതിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെയാണ് പ്ലേഗിന്റെ ആക്രമണം അതിന്റെ മൂർദ്ധന്യദശയിലെത്തിയപ്പോൾ മറ്റെല്ലാ പ്രതിരോധമുറയേക്കാളും പ്രതിരോധകുത്തിവയ്പിന് ഭരണകൂടം പ്രാധാന്യം നല്കിയത്. അങ്ങനെ അവർ ഭീമമായ തുക ചെലവഴിച്ച് അതിനുള്ള നടപടികൾ സ്വീകരിക്കുകയും രോഗബാധിതസമൂഹത്തിന്റെ വേദനയകറ്റാൻ ശ്രമിക്കുകയും പ്ലേഗാകുന്ന ഖഡ്ഗത്തെ ഉറയിലൊതുക്കാൻ ഒരുങ്ങുകയും ചെയ്തു.

കുത്തിവയ്പു സമ്പ്രദായം പണ്ടുമുതൽക്കേ നിലനിന്നുവരുന്നതാണ്. അത് ഉപദ്രവകാരിയാണെന്ന് ഉത്തരവാദപ്പെട്ട കേന്ദ്ര

---

34. ധർമസമരം 35. നിഷിദ്ധം 36. ദ്രോഹം 37. രോഗശാന്തി

ത്തിൽ നിന്നും ആരെങ്കിലും പറഞ്ഞതായി നാം കേട്ടിട്ടില്ല. ബുദ്ധി ജീവികൾ അതിന്റെ സ്തുതിപാഠകരാണ്. അതിദ്രുതം അത് രോഗശാന്തി നല്കുന്നതായി അവർ കണ്ടെത്തി. ഇതൊക്കെയായിരുന്നു അപ്പോഴത്തെ അവസ്ഥ.

അങ്ങനെ ഞാൻ കിശ്തീനൂഹ് എന്ന പേരിൽ ഒരു പുസ്തകമെഴുതി. പരിശുദ്ധമായ വഹ്യ് ഇറങ്ങിയപ്പോൾ കുത്തിവയ്പിനെ നിഷ്കരുണം ഞാൻ തിരസ്കരിച്ചു. ഞാൻ പറഞ്ഞു: ശ്വാശ്വതവും പരിശുദ്ധവും നിർദോഷവുമായ അവസ്ഥ നമുക്കുള്ളതാണ്; കുത്തിവയ്പിന് വിധേയരാകുന്നവർക്കല്ല. എന്റെ വാദം സത്യമായി പുലരുന്നില്ലെങ്കിൽ ഞാൻ അത്യുന്നതനായ അല്ലാഹുവിൽ നിന്നുള്ളവനല്ല.

അപ്പോൾ പരാതികളുടേയും കുത്തുവാക്കുകളുടേയും വേലിയേറ്റമുണ്ടായി. അവർ ചോദിച്ചു. ''രക്ഷയുടെ ജാമ്യക്കാരനായ കുത്തിവയ്പിനെ നീ എതിർക്കുകയാണോ? നിന്റെ വഹ്യ് നിനക്ക് ഗുണം ചെയ്യുകയില്ല. അവസാനം നിനക്കു ഖേദിക്കേണ്ടിവരും. നിന്റേയും നിന്റെ കൂടെയുള്ളവരുടേയും മേൽ ഖിയാമത്തിന്റെ ശിക്ഷയിറങ്ങാൻ പോകുന്നു. എല്ലാ സൗഖ്യവും നിലകൊള്ളുന്നത് കുത്തിവയ്പിലാണെന്ന് പല പരീക്ഷണങ്ങളിൽ നിന്നും വ്യക്തമായിട്ടുള്ളതാണ്. അതനുസരിച്ച് ആരാണോ പ്രവർത്തിക്കുന്നത് അവർക്കു ഭയമില്ല. അവരെ പ്ലേഗ് ബാധിക്കുകയുമില്ല''.

ഇതുകേട്ടപ്പോൾ ഹൃദയമുരുകി. കണ്ണീരൊഴുകി. കാരണം സാധാരണ മനുഷ്യരുടെ വസ്ത്രമല്ല മുസ്ലിംകളുടെ വസ്ത്രം. അല്ലാഹുവിന്റെ മുന്നറിയിപ്പ് അവഗണിച്ചുകൊണ്ട് അവർ മനുഷ്യ വിദ്യകളിൽ ഈമാൻ കൊള്ളുന്നതായി ഞാൻ കണ്ടു. പരീക്ഷണശാലയെ അവർ അഭയം പ്രാപിക്കുന്നു. സമീപസ്ഥനായ അല്ലാഹുവിനെ വിട്ടുകൊണ്ടു അനുമാനങ്ങളിൽ അവർ അഭയം തേടുന്നു. ആരുടെ കൈയിലാണോ മരണം നിലനില്ക്കുന്നത് അവനെ ഇവർ ലവലേശം വകവയ്ക്കുന്നില്ല.

അപ്പോൾ, ഇതിൽ നിന്ന് എനിക്കു രക്ഷനല്കുന്നതിനും, ഈ തെറ്റുധാരണയിൽ നിന്ന് മോചനം ലഭിക്കുന്നതിനും, എന്റെ എതിരാളികളുടെ വായടപ്പിക്കുന്നതിനും, സർവ സുരക്ഷാമാർഗവും നമ്മിലേക്കു തിരിച്ചു വിടുന്നതിനും, പ്രതിരോധകുത്തിവയ്പിന്റെ ശക്തി തൽക്കാലത്തേക്ക് ദുർബലപ്പെടുത്തുന്നതിനും, അതുവഴി അല്പം വിപത്തുകൾ കാണിക്കുന്നതിനും, എന്നെ കുറ്റപ്പെടുത്തുന്നതിൽ തെറ്റുപറ്റിയെന്ന് അവർക്ക് മനസ്സിലാക്കികൊടുക്കുന്നതിനും,സൃഷ്ടികളുടെ കൈയിലല്ല അവന്റെ കൈയിലാണ് രോഗശാന്തിയിരിക്കുന്നതെന്ന് അവർക്കറിയിച്ചുകൊടുക്കുന്നതിനും വേണ്ടി ഞാൻ അല്ലാഹുവിനോടു ദുആചെയ്തു. അങ്ങനെ ആവർത്തിച്ചാവർത്തിച്ച് ദുആചെയ്തുകൊണ്ട് സർവശക്തനും മഹാധികാരിയുമായ അല്ലാഹുവിലേക്ക് ഞാൻ തീർത്തും വ്യാപൃതനായി. അപ്പോൾ ദുആ സ്വീകാര്യതയുടെ ലക്ഷണങ്ങൾ വെളിപ്പെടാൻ തുടങ്ങി. എഴുതപ്പെട്ടകാര്യം സത്യമായി പുലർന്നു. സർക്കാരിന്റെ വാഗ്ദാനം കളവായി തെളിഞ്ഞു. വീടുകളുടെ മുറ്റത്ത് സിംഹത്തെപ്പോലെ അതു ആക്രമണം നടത്തി. ജനങ്ങൾ അതിന്റെ ദോഷഫലം രണ്ടുകണ്ണുകൊണ്ടും കണ്ടു. രണ്ടുസാക്ഷിക്കുപകരം നിരവധി ദൃക്സാക്ഷികൾ തന്നെ കയറിനിന്നു. പകൽ വെളിച്ചംപോലെ സത്യം പുലർന്നു. ഇങ്ങോട്ടുകാണിച്ചതിന്റെ അതേ തൂക്കത്തിൽ അങ്ങോട്ടും. മുൽക്കുവാലിൽ സംഭവിച്ചതിന്റെ യഥാർഥ അവസ്ഥയാണിത്. പ്രതാപവാനായ അല്ലാഹുവിൽ നിന്ന് നിഷേധികൾക്കുള്ള ഒരുമുന്നറിയിപ്പ്. നാം മഹാത്മാക്കളെ പിൻപറ്റിക്കൊണ്ട് നീചൻമാരെ അവഗണിച്ചു. അപ്പോൾ നമ്മുടെ ഇടയിൽ വിജയം തുറന്നുകാണിക്കാൻ അല്ലാഹു ഉദ്ദേശിച്ചു. അവൻ തീരുമാനമെടുക്കുന്നവരിൽ വച്ച് ഏറ്റവും നല്ല തീരുമാനമെടുക്കുന്നവനാണ്. അതുകൊണ്ട് നിശ്ശബ്ദതപാലിക്കുക. ഈ ദൃഷ്ടാന്തത്തിനുശേഷം അല്ലാഹു നിനക്ക് സംരക്ഷണം നല്കിയിരിക്കുന്നു. അല്ലാഹുവിന്റെ നിർദേശത്തിനുശേഷം മണ്ടത്തരത്തിന്റെ വാതിലിലേക്ക് നീ പോകരുത്. അവൻ നിനക്ക് മതിയായവനാണ്. ഓ ശൈഖ്! അവരോടുള്ള എതിർപ്പ് എന്നിൽ നിന്ന് നീ കേട്ടില്ലേ? ദൃഷ്ടാന്തങ്ങളിൽ എന്റെ ജബ്ബാരിയ്യത്ത്[38] നീകണ്ടില്ലേ? ഇതിൽ നിന്ന് അല്ലാഹു ഉദ്ദേശിക്കുമ്പോൾ പ്രതികരണശേഷി ഉണ്ടാക്കുമെന്നും

---

38. സർവാധിപത്യം

അവനുദ്ദേശിക്കുമ്പോൾ അതെടുത്തുകളയുമെന്നുമാണ് സ്ഥാപിത മാകുന്നത്. എല്ലാത്തിന്റേയും അടിസ്ഥാനം അവന്റെ തനികല്പ നമാത്രമാണ്; കാര്യകാരണങ്ങളെ അവലംബമാക്കൽ അതിന്റെ നിഴലുകളും. കുത്തിവയ്പ്, ഫലംചെയ്താലുമില്ലെങ്കിലും ഈ അടയാളം വെളിപ്പെട്ടതിനുശേഷം നാം അതിൽ തർക്കിക്കാനില്ല. കാരണം വ്യക്തമായ നിലയിൽ ഹുജ്ജത്ത്[39] പൂർത്തിയായിരിക്കു ന്നു. ഇതെല്ലാം കാലകൃതകെടുതിയാണെന്നു പറഞ്ഞു ഇനിയാർക്കും രക്ഷപ്പെടാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ ഇതിൽ ഒന്നല്ല, നിരവധി ദൃഷ്ടാന്തങ്ങളുണ്ട്. അതെല്ലാം സൂര്യപ്രകാശംപോലെ വ്യക്തവുമാണ്.

ദൃഷ്ടാന്തം ഒന്ന്: പ്ലേഗ് അതിന്റെ കാലാൾപ്പടയും കുതി രപ്പടയുമായി ആക്രമണം തുടങ്ങുന്നതിനുമുമ്പേ നാം അതിനെ ക്കുറിച്ച് മുന്നറിയിപ്പ് നല്കിയിരുന്നു. അങ്ങനെ അത് വൻകൊള്ള ക്കാരനെ പോലെ ഖിയാമത്തിന്റെ പ്രതീതിപരത്തിക്കൊണ്ട് ഇന്ത്യ യിൽ ആക്രമണം നടത്തി. അതു മനുഷ്യരെ ചവിട്ടിമെതിച്ചു.

ദൃഷ്ടാന്തം രണ്ട്: അല്ലാഹു നമ്മുടെ ഉത്തരവാദിത്വവും സംരക്ഷണവും ഏറ്റെടുത്തിരിക്കുന്നുവെന്നുള്ള വാഗ്ദത്തമാണ്; കൂടാതെ പ്രതിരോധകുത്തിവയ്പ് ബഹിഷ്കരിച്ച് അത്യുന്നത നായ അല്ലാഹുവിന്റെ സന്നിധിയിലേക്ക് മടങ്ങാനുള്ള കല്പനയും. അവന്റെ കല്പനയെ ഒരടിമയെപ്പോലെ ഞാൻ അനുസരിച്ചു. മഹ ത്ത്വമുടയവനായ റബ്ബിന്റെ കാര്യത്തിൽ നിന്ന് മുഖം തിരിക്കാൻ എനിക്കായില്ല.

ദൃഷ്ടാന്തം മൂന്ന്: മൂന്നാമത്തെ ദൃഷ്ടാന്തം എന്റെ ശത്രു ക്കളായ ചില ആലിംകളെ[40] പ്ലേഗ് നശിപ്പിച്ചുവെന്നുള്ളതാണ്. അത് ഞാൻ മുമ്പേ പറഞ്ഞിട്ടുള്ളതാകുന്നു. ആവർത്തിക്കേണ്ട ആവശ്യമില്ല. ഞാൻഅതിനെപ്പറ്റി പറഞ്ഞതൊക്കെയും അനേകനാ വുകളിലൂടെ സഞ്ചരിച്ച് പ്രസിദ്ധമായതാണ്. ഇക്കാര്യത്തിൽ എന്നെ എതിർത്തവർ ഇപ്പോൾ ബേജാറിലാണെന്ന കാര്യത്തിൽ സംശയമില്ല. എല്ലായിടത്തും അല്ലാഹു എന്നെ രക്ഷിച്ചു. വഹ്യി

39. തെളിവ്,ന്യായം 40. പണ്ഡിതന്മാർ

നേയും ഇൽഹാമിനേയും ക്ഷതമേല്പിക്കുന്നതിനും എന്നെ അപമാനിക്കുന്നതിനുംവേണ്ടി അവർ തൊടുത്തുവിട്ട ശരങ്ങൾ അവൻ തടഞ്ഞു. സമുദ്രസമാനം ജ്ഞാനം കലക്കിക്കഴിച്ചിട്ടും ഭിഷഗ്വരന്മാർക്ക് അപകടത്തിൽ നിന്ന് അവരെ രക്ഷപ്പെടുത്താൻ കഴിഞ്ഞില്ല; പ്രത്യേകിച്ചും ജനങ്ങൾ ഭയക്കുന്ന കുത്തിവയ്പിലുള്ള വിഷത്തിന്റെ സ്വാധീനതയിൽ നിന്ന്. പരിശോധന അപൂർണം! യാഥാർഥ്യം ബുദ്ധിക്കതീതം! നിങ്ങൾക്കെന്തുപറ്റി? നിങ്ങൾ ഞങ്ങളെ നശിപ്പിച്ചില്ലേ? തുടങ്ങിയ ആക്ഷേപങ്ങൾ രോഗിയുടെ ബന്ധുക്കളിൽ നിന്ന് അവർ കേൾക്കേണ്ടിവരുന്നു. ചിലപ്പോൾ പ്രഗത്ഭരായ ഭിഷഗ്വരന്മാർ പോലും അബദ്ധം ചെയ്യാറുണ്ട്. തൽഫലമായി കഠിനമായ വേദനയിലേക്ക് രോഗി വലിച്ചിഴക്കപ്പെടുന്നു. അങ്ങനെ അവർ ഈ ദുൻയാവാകുന്ന സമുദ്രത്തിലെ തിരമാലകൾ ഭേദിച്ചോടുന്ന കപ്പലുകൾപോലെ സഞ്ചരിക്കുന്നു. ഒന്നിനു പിറകെ ഒന്നായി ആളുകൾ മരിച്ചുവീഴുന്നു. അതുകാണുമ്പോൾ മറ്റുള്ളവർ ഓടുന്നു. അഴിച്ചുവച്ച ജീൻകെട്ടി അവർ യാത്രതുടരുന്നു. കെട്ടിയ കുതിരയെ അഴിച്ചുവിടുന്നു. വഴികളിൽ ഒരുപാടു വിപത്തുകൾ. ഓരോചവിട്ടടിയിലും അനേകം അപകടങ്ങൾ. ഭിഷഗ്വരന്മാരിൽ നിന്നും ഇതുപോലുള്ളതെല്ലാം നാം കേട്ടു. അജ്ഞരാണ് എന്നാൽ ബുദ്ധിമാന്മാരും. എല്ലാംശരിയായിട്ടറിയുന്നവൻ അല്ലാഹുവല്ലാതെ മറ്റാരാണുള്ളത്.

ഈ ശാസ്ത്രവിദ്യയിലെ നിരവധിഗ്രന്ഥങ്ങൾ നാം വായിച്ചു; വിശക്കുന്നവൻ ഭക്ഷണത്തിനുവേണ്ടി ആർത്തികാണിക്കുന്നതുപോലെ. അപ്പോൾ ആ വൈദ്യശാസ്ത്രത്തിന്റെ അതിര് വളരെയടുത്തായി ഞാൻ കണ്ടു. കൊയ്ത്തുകാലത്ത് കിട്ടേണ്ട വിളവ് ആ ഭൂമിയിൽനിന്ന് കിട്ടിയില്ല . പിന്നീട് സൂക്ഷ്മജ്ഞനായ അല്ലാഹുവിന്റെ വഹ്‌യിനാൽ എനിക്കു നല്ലഭക്ഷണം നല്കപ്പെട്ടു. അതിന്നെതിരിൽ വൈദ്യശാസ്ത്രം താൽക്കാലികമായി കെട്ടിയുണ്ടാക്കിയ കുടിലായി എനിക്കനുഭവപ്പെട്ടു. അപ്പോഴതാ പൂർണമായ രൂപത്തിൽ വഹ്‌യ് വരുന്നു. അതിന്റെ പ്രഭ എല്ലാ ഇരുട്ടിനേയു മകറ്റി. അപ്പോൾ ഞാൻ പറഞ്ഞു: അല്ലയോ എന്റെ റബ്ബിന്റെ സന്ദേശമേ, നിനക്ക് സ്വാഗതം. നിന്റെ താഴ്‌വരയിൽ നീ ഇറങ്ങിയാലും. നിന്റെ സദസ്സ് അനുഗൃഹീതം. അന്ധന് കാഴ്ചകൊടുക്കുന്നതും

മൂകന് അനുയോജ്യമായ സംഭാഷണശക്തി നല്കുന്നതും മരിച്ചവരെ ജീവിപ്പിക്കുന്നതും ദൃഷ്ടാന്തങ്ങൾ കാണിക്കുന്നതും നീയാണ്. നിന്റെ മുമ്പിൽ  വൈദ്യശാസ്ത്രത്തിന് ഒരുപ്രസക്തിയുമില്ല. അതൊരുകൊതുകു! നീയാണ് അസ്വാരസ്യങ്ങളെല്ലാമകറ്റി ഹൃദയത്തിന് സൗന്ദര്യം നല്കുന്നത്, വെള്ളത്തിലോടുന്ന വാഹനത്തെപോലെ  സമാധാനം നല്കുന്നത്. നിന്നെകാണിച്ചുതരുന്ന ഈ കണ്ണാടിയ്ക്കു സ്വാഗതം. ഹാ! എന്തൊരു നല്ല പേനകൾ! അതാണുനിന്റെ ആയുധം. നിന്റെ ഏടുകൾ സുന്ദരമായ കനിപോലെയാകുന്നു; ഉടുത്തൊരുങ്ങിയ കൊച്ചുസുന്ദരി!

ചുരുക്കിപ്പറഞ്ഞാൽ എന്റെ എല്ലാ പരിശ്രമങ്ങൾക്കും ആഹ്വാനങ്ങൾക്കും  ശേഷം റഹ്മാനായ അല്ലാഹുവിൽ നിന്ന് വഹ്യ് ഇറങ്ങിയപ്പോഴൊന്നും ആ ദൈവികസന്ദേശത്തെ അതിജയിക്കാൻ മനുഷ്യതന്ത്രങ്ങൾക്ക് ഒരിക്കലും കഴിഞ്ഞിട്ടില്ല. എപ്പോഴും വഹ്യ് വിജയിക്കുകയും മനുഷ്യതന്ത്രങ്ങൾ വേരോടെ പിഴുതെറിയപ്പെടുകയും ചെയ്തിട്ടുണ്ട്.

എതിരാളികളെ നമ്മുടെ നാഥൻ എങ്ങനെവകവരുത്തിയെന്ന് നിങ്ങൾ കണ്ടില്ലേ?  അവരുടെ പ്രതിരോധ  കുത്തിവയ്പുതന്നെ ആരോപണ വിധേയമായി. ഫത്ഹുൽമുബീൻ[41] തന്ന് അവനെന്നെ ആദരിച്ചു. ജനങ്ങൾക്കു സൗഖ്യത്തിനു പകരം അവരെ വിപത്തെങ്ങെനെ പിടികൂടിയെന്ന് നിങ്ങൾ കേട്ടുകഴിഞ്ഞു. ആരോഗ്യത്തിനു പകരം രോഗവും ജീവിതത്തിനുപകരം  മരണവും തേജസ്സിനുപകരം തമസ്സും. കുഴിയിൽ നിന്ന് പാതാളത്തിലേക്കു അവരെ കുത്തിവയ്പ് വലിച്ചെറിഞ്ഞു. അവർ  പരിഭ്രമചിത്തരായി അപ്പടി നശിക്കുന്നു. അവർ വീടുകളിൽ നിന്ന് തള്ളപ്പെട്ടു. സേവനം ചെയ്തവർ ജനദൃഷ്ടിയിൽ ശപിക്കപ്പെട്ടവരായി. നിമിഷനേരംകൊണ്ടാണ് അത് എല്ലാവരേയും ശവമാക്കിമാറ്റിയത്. അവർ വിവിധരൂപത്തിൽ പുറത്തുവന്നു. മരണവക്ത്രത്തിൽനിന്ന് രക്ഷപെട്ട ചിലർ പലവിധ കെടുതികളിൽഅകപ്പെടുകയും മൃഗങ്ങളെപ്പോലെയായിത്തീരുകയും ചെയ്തു. പ്ലേഗ് വൃദ്ധരേയും യുവാക്കളേയുമൊന്നും മാറ്റിനിറുത്തിയില്ല. ചിലർ ഓടിപ്പോയി. അവർക്കെന്തുസംഭവിച്ചുവെന്ന് എനിക്കറി

41. സ്പഷ്ടമായ വിജയം

യില്ല. ഇതൊക്കെയാണ് കുത്തിവയ്പിനുണ്ടായ ഫലം. അതുകൊണ്ട് ഔദാര്യവാനായ റബ്ബിന്റെ വാഗ്ദാനത്തെ നിങ്ങൾ നിഷേധിക്കരുത്. നിശ്ചയമായും അത് രക്ഷയും റഹ്മാനായറബ്ബിൽനിന്നുള്ള സമാധാനവചനവുമാണ്. കുത്തിവയ്പുകൊണ്ട് എത്രയെത്ര വീടുകൾ ശൂന്യമായി. എത്രയെത്ര കണ്ണുകൾ നിറഞ്ഞൊഴുകി. എന്താണ് ആ ഗ്രാമത്തിന്റെ അവസ്ഥ. അവിടത്തെ അനാഥകൾ പിതാക്കളുടെ വേർപാടിൽ കരഞ്ഞുകരഞ്ഞുനടക്കുന്നു. ഈ മരുന്നിന്റെ വിഷംകൊണ്ടാണ് അവരെല്ലാം മരിച്ചത്. രോഗത്തിന്റെ കടന്നാക്രമണം ആ ഗ്രാമത്തെ ശൂന്യമാക്കി. അവർ അനേകരും ചെറുപ്പക്കാരായിരുന്നു. ആ ഗ്രാമത്തിനുമേൽ അഹോ കഷ്ടം! ഞാൻ പ്രതീക്ഷിച്ചത് അവിടെ സംഭവിച്ചു. ഞാൻ പ്രഖ്യാപിച്ചതു അവിടെ പ്രത്യക്ഷപ്പെട്ടു. ഇമവെട്ടുന്ന സമയം കൊണ്ട് അതെല്ലാം കഴിഞ്ഞു. അവരുടെ കണ്ണിന്റെ അവസ്ഥതന്നെ മാറിപ്പോയി. കുത്തിവയ്പുപ്രവൃത്തിയിലേർപ്പെട്ടവർക്ക് അതിയായ ദുഃഖം. അവരുടെ ജോലി ദൈവത്തോടു യുദ്ധംചെയ്യലായിരുന്നു. അവർ നോക്കിയപ്പോൾ ജനങ്ങൾ മരണത്തിലേക്കു ചായുന്നതായികണ്ടു. മുഖങ്ങളിൽ മരണം നടമാടുന്ന ആ പാവങ്ങൾ അവരെ ഇടംകണ്ണിട്ട് നോക്കുകയാണ്. പക്ഷികൾ അവയുടെ കൂട്ടിൽനിന്ന് ഇറങ്ങുന്നതിനുമുമ്പേ ഭൂമിയുടെ മുറ്റത്തുനിന്ന് ആ ജനം വിടവാങ്ങി. ആത്മാക്കളുടെ പറക്കൽ കൊടുമ്പിരികൊണ്ടു. എന്തൊരു അട്ടഹാസം! എന്തൊരു ബഹളം!

മനുഷ്യൻ ഗവേഷണം നടത്തി കണ്ടുപിടിച്ചതിന്റെ അവസ്ഥയാണിതൊക്കെ. എന്നിട്ടുമവർ റഹ്മാനായ റബ്ബിന്റെ വഹ്യിനെ തള്ളിപറയുന്നു. മുർസലുകളെ[42] നിഷേധിക്കുന്നതിനേക്കാൾ ഏറെ പരാജയം മറ്റെന്താണ്? ദൈവസഹായം ലഭിക്കുന്നവരെ അവർ തെറ്റിദ്ധരിക്കുന്നു. ഞാൻ കള്ളവാദിയാണെന്നാണ് അവർ പറയുന്നത്. ഇവർക്കെന്തുപറ്റി? ഇവരെന്നോടു പറയുന്നത് എന്നെക്കുറിച്ചു തന്നെയാണ്. എന്നെക്കുറിച്ച് എന്നേക്കാൾ കൂടുതൽ അറിയാമെന്ന് അവർ വാദിക്കുന്നു. അല്ല, ഞാൻ മസീഹ്മൗഊദ് തന്നെയാണെന്ന് പറഞ്ഞത് അവർക്ക് വല്ലാത്ത ഭാരമായോ? തനി അസൂയ. വ്യക്തമായ സത്യനിഷേധം. അവർ അവരുടെ റബ്ബിനെ

42. ദൈവദൂതന്മാർ

ഭയപ്പെടട്ടെ. അവർ പമ്പരവിഡ്ഢിത്തം സംസാരിച്ച് ഏറെ വഷളാവാതിരിക്കട്ടെ. ഞാൻ കള്ളവാദിയാണെങ്കിൽ ഈ ഘട്ടത്തിൽ എന്നെ രക്ഷിക്കേണ്ടതുണ്ടോ? ഞാൻ സത്യവാദിയാണെങ്കിൽ എന്റെ ഈ പ്രകാശത്തെ തന്ത്രങ്ങളിലൂടെ ഊതിക്കെടുത്താൻ ആർക്കാണുകഴിയുക? അല്ലാഹുവാണെ, ഞാൻ മസീഹ്മൗഊദാ[43] കുന്നു. എന്റെ കൂടെ വദൂദായ[44]അല്ലാഹു ഉണ്ട്. അല്ലാഹുവാണെ, പർവതശക്തികളെന്നെ എതിർത്താലും അവനെന്നെ പാഴാക്കുകയില്ല. അല്ലാഹുവാണെ, സുഹൃത്തുക്കളും ബന്ധുക്കളും എന്നെ കൈവിട്ടാലും അവനെന്നെ കൈവിടുകയില്ല. അല്ലാഹുവാണെ, ശത്രുക്കൾ ഊരിയവാളുമായി വന്നാലും അവനെന്നെ രക്ഷിക്കും. അല്ലാഹുവാണെ,ഞാൻ മരുഭൂമിയിലേക്കെറിയപ്പെട്ടാലും അവനെന്റെയടുക്കൽ വരും.

ശത്രുക്കൾ പൊടുന്നനെ എല്ലാ ചതിപ്രയോഗങ്ങളും നടത്തട്ടെ. തങ്ങളെങ്ങനെ പരാജയപ്പെടുന്നുവെന്ന് അവർക്ക് കാണാം. ഭൗതിക തന്ത്രങ്ങൾകൊണ്ട് എന്നെ ഭയപ്പെടുത്തുകയാണോ? മടങ്ങിച്ചെല്ലേണ്ട സ്ഥലത്തിന്റെ ഉടമസ്ഥനെ അവർ ഭയപ്പെടുന്നില്ല. ദൃഷ്ടാന്തങ്ങൾ കാണുമ്പോഴെല്ലാം ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് അവരതിനെ നിഷേധിക്കുന്നു. കുതന്ത്രങ്ങളുടെ ഫലമായിട്ടാണ് അവരതിനു മുതിരുന്നത്. ഹൃദയം ശുദ്ധമല്ല. നിശ്ചയം! അല്ലാഹു അവർക്ക് അനിഷേധ്യമായ ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുക്കും. തടയാനൊക്കാത്ത വിപത്തുകൾ അവരെ പിടികൂടും. ഓരോ നൂറ്റാണ്ടിന്റേയും തലയ്ക്കൽ അല്ലാഹുവിന്റെ ദൃഷ്ടി ജനങ്ങളുടെമേൽ പതിയാറുണ്ട്. അവരെ ഉദ്ധരിക്കാൻ വേണ്ടി അനുഗ്രഹമെന്നോണം ഒരാളെ അവൻ നിയോഗിക്കുന്നു. ഉത്തമമാർഗങ്ങളുടെ ജലം വറ്റിപ്പോയ ഇക്കാലത്തെ അല്ലാഹു മറക്കുമെന്നോ? ദുർമാർഗത്തിന്റെ വേലിയേറ്റമാണ്. ആർക്കെങ്കിലും പ്രയോജനം ചെയ്യുന്ന എന്തെങ്കിലും നിങ്ങളുടെ കൈവശമുണ്ടോ; ചേതനയറ്റ ചില ഹദീസുകളല്ലാതെ. ഈ വിചാരമാണ് എന്റെ ഉറക്കം കെടുത്തിയത്. എന്റെ എല്ലുരുക്കുന്നതും എന്നെ മുറിവേല്പിക്കുന്നതുമായ വലിയ ദുഃഖവും ഇതുതന്നെ.

---

43. വാഗ്ദത്ത മസീഹ് 44. സ്നേഹഭാജനം

താനുയർത്തിപ്പിടിക്കുന്നത് പ്രബലപ്പെടുത്താനും ദീനിന്റെ സത്യവും നീതിയും വെളിപ്പെടുത്താനും അല്ലാഹു ഉദ്ദേശിക്കുന്നു. നിസ്സാരമായ തുള്ളികൾകൊണ്ട് ചികിത്സിക്കുന്നതും അല്പംജലം കൊണ്ട് സേചനം നടത്തുന്നതും അവന്റെ സമ്പ്രദായമല്ല. ലേശം പോലും നനയ്ക്കാൻ നിങ്ങളുടെ കൈവശമുള്ളത് പര്യാപ്തമല്ല. ദാഹം തീർക്കാൻ തന്നെ അത് അപര്യാപ്തം. ഒഴുകുന്ന ആറിന്റെ ഉറവിടത്തിലേക്ക് നിങ്ങളെ ക്ഷണിക്കാനാണ് അല്ലാഹു എന്നെ അയച്ചിട്ടുള്ളത്. നിങ്ങൾക്കെന്തുപറ്റി? സ്നേഹിതരേയും ശത്രുക്കളേയും നിങ്ങൾ തിരിച്ചറിയുന്നില്ല. ഇസ്ലാമിന്റെ വെള്ളം എത്ര മാത്രം വറ്റിപ്പോയെന്നും അതിന്റെ തെളിവ് എത്രമാത്രം മൂടിപ്പോയെന്നും നിങ്ങൾ കാണുന്നതുമില്ല. തോട്ടം പൂക്കുന്നതിനുമുമ്പേ അതിന്റെ തടാകങ്ങൾ വരണ്ടുപോയി. അതിന്റെ വസ്ത്രം പിച്ചിച്ചീന്തപ്പെടുകയും അത് ചാമ്പലാക്കപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹുമാത്രമാണ് നമുക്കുള്ള ശക്തി. മർദിതനെപ്പോലെ നാം അവന്റെ സഹായം കാത്തിരിക്കുന്നു. കാലത്തിന്റെ ഗതി നിങ്ങളുടെ കണ്മുമ്പിലുണ്ട്. റഹ്മാനായ റബ്ബിന്റെ ദീനിന് എന്തെന്തെല്ലാം വിപത്തുസംഭവിച്ചുവെന്ന് നിങ്ങൾക്കറിയുമോ?

എനിക്കെതിരിൽ ജനങ്ങൾ ഇത്രമാത്രം ബഹളമുണ്ടാക്കുന്നതെന്തിനാണെന്നറിയില്ല. ഞാൻ നഗ്നതകാട്ടുന്നവനും സത്യത്തെ തകിടംമറിക്കുന്നവനുമാണോ? ഞാനവരുടെയടുക്കൽ വന്നിട്ടുള്ളതു തക്കസമയത്തല്ലേ? വിശുദ്ധ ഖുർആനു നിരക്കാത്തതുവല്ലതും ഞാനവരോടു പറഞ്ഞിട്ടുണ്ടോ? എന്റെ രക്തമൊഴുക്കാൻ കുപിതരായി അവർ മുമ്പോട്ടുകുതിക്കുന്നു. അതിനു ഞാൻ അവരുടെ പൂർവപിതാക്കന്മാരിൽ ആരെയെങ്കിലും വധിച്ചിട്ടുണ്ടോ?

അല്ലാഹു എനിക്കുവേണ്ടി നിരവധി ദൃഷ്ടാന്തങ്ങൾ കാണിച്ചു. അവ മുഖേന എന്റെ സത്യത അവൻ വെളിപ്പെടുത്തി. അതിലൊന്നാണ് എന്റെ രക്ഷിതാവിൽനിന്നുവന്ന ഈ പ്ലേഗെന്ന ദുരന്തം. അത് വരാൻപോകുന്നുവെന്നതിനെ സംബന്ധിച്ച് നാട്ടിലൊന്നും ഒരു ലക്ഷണവും പ്രകടമാകാത്ത സമയത്താണ് അല്ലാഹുവിൽ നിന്ന് എനിക്ക് അറിയിപ്പുകിട്ടിയത്. അതിനുശേഷം ചില ആലിംകൾ[45] അതുപിടിപെട്ട് മരിച്ചതും ആ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്.

45. മുസ്ലീം പുരോഹിതന്മാർ

ഈ ദുരന്തത്തെപ്പറ്റി ഞാനവരെ മുൻകൂട്ടി അറിയിച്ചിട്ടുണ്ടായിരുന്നു. മരുഭൂമിയിൽ ഒളിച്ചിരുന്ന് കൊള്ളനടത്തുന്ന ആയുധധാരിയായ യോദ്ധാവിനെപോലെ പ്ലേഗ് അവരെ പിടികൂടി.

കുത്തിവയ്പിന്റെ കാര്യത്തിൽ നമ്മുടെ രക്ഷിതാവ് നമുക്കു നല്കിയസഹായവും ദൈവികദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്. ഈ മഹാമാരിയുടെ സമയത്ത് അവൻ നമുക്ക് സംരക്ഷണം നല്കി. തുടക്കത്തിൽ പ്രതിരോധകുത്തിവയ്പ് അഭിനന്ദനീയമായിരുന്നു. അതുവഴി രോഗശമനം പ്രതീക്ഷിക്കപ്പെടുകയും ചെയ്തിരുന്നു. റഹ്മാനായ റബ്ബിന്റെ നിർദേശമനുസരിച്ച് അതിന് ഞാനല്പം എതിരുനിന്നു. അങ്ങനെ കുത്തിവയ്പിന്റെ പോരായ്മകൾ പുറത്തുവരുവാൻ തുടങ്ങി. അപ്പോൾ സമാധാനാവസ്ഥ തിരോഭവിച്ചു. അല്ലാഹു നമുക്കുവേണ്ടി വിജയത്തിന്റെ ഒരുദൃഷ്ടാന്തം കാണിക്കുകതന്നെചെയ്യുമെന്ന് എനിക്കറിയാമായിരുന്നു. പക്ഷേ, അതിത്രപെട്ടെന്ന് വെളിപ്പെടുത്തുമെന്ന് പ്രതീക്ഷിച്ചില്ല. ആ ദൃഷ്ടാന്തം നിമിത്തം ഈ കുത്തിവയ്പ് മടക്കിവച്ച പുസ്തകം പോലെയായിത്തീർന്നു.

കൂടുതൽ പരീക്ഷണാർഥം അതേമരുന്നു തന്നെ രംഗത്തുകൊണ്ടുവരണമെന്ന ബുദ്ധിയാണ് അപ്പോൾ സർക്കാറിനുതോന്നിയത്. പക്ഷേ അധികമാളുകളും അതിൽ സംതൃപ്തരായില്ല. കാരണം, പത്തൊമ്പതാളുകൾ മരിക്കുകയും മറ്റുള്ളവരെ ആ വിപത്ത് ബാധിക്കുകയും ചെയ്തതുതന്നെ. ഈ മഹാമാരി ഇപ്പോഴുണ്ടാകാൻ കാരണം ഭൂമിയിലെ ഏതോ മാളത്തിൽനിന്നു പുറത്തുവന്ന എലിയൊന്നുമല്ല. ദുഷ്കർമങ്ങളുടേയും ദുർനടപടികളുടേയും ലജ്ജയില്ലായ്മയുടേയും ഫലമായിട്ടാണ് ഇതിപ്പോൾ വന്നുപിടിപെട്ടത്. ആദമിന്റെ ആൺമക്കളേയും പെൺമക്കളേയും അതു നശിപ്പിച്ചു. അങ്ങനെ ആ ദൃഷ്ടാന്തം വെളിപ്പെട്ടു. പാപമാകുന്ന രോഗത്തിനും വൻകുറ്റങ്ങൾക്കുമുള്ള പ്രതിവിധി അത്ഭുതാടയാളങ്ങളും ദിവ്യദൃഷ്ടാന്തങ്ങളുമാണ്. ഇത്തരം ദൃഷ്ടാന്തങ്ങൾ കാണുന്നതുകൊണ്ടല്ലാതെ അല്ലാഹുവിനെക്കൊണ്ടു യഥാർഥത്തിൽ ആരും വിശ്വസിക്കുകയില്ല. പാപങ്ങളിൽ നിന്ന് ആത്മാവിനെ ഒരുപ്രായശ്ചിത്തവും തടയുന്നില്ല. അതായത് ചില ആത്മാക്കൾ ദോഷപ്രവണമായ അവസ്ഥയ്ക്ക് എപ്പോഴും അടിപ്പെട്ടിരിക്കും. അതു പ്രായശ്ചിത്തം

കൊണ്ടുമാത്രം പരിഹരിക്കപ്പെടുകയില്ല. നിശ്ചയമായും പാപങ്ങളെ തടഞ്ഞുനിറുത്തുന്നത് പ്രകമ്പനംകൊള്ളിക്കുന്ന ജ്ഞാനങ്ങളും ഭയാനകമായ ദൃശ്യങ്ങളുമാണ്. പിന്നീടു സ്നേഹത്തിന്റെ ഭരണം വരികയും അത് ഹൃദയങ്ങളിൽ തമ്പടിക്കുകയും ചെയ്യുന്നു. അത് അല്ലറചില്ലറയായുള്ള മറ്റുപാപങ്ങളെ ശുദ്ധീകരിക്കും. ആദ്യം ദേഹേച്ഛകളുടെ ഗ്രാമത്തിൽകടന്ന് അവിടെയുള്ളതിനെയെല്ലാം തച്ചുടച്ച് പുതിയഭരണംസ്ഥാപിക്കുന്ന മഹാശക്തിയാണ് തഖ്‌വാ[46]. അപ്പോൾ മനുഷ്യന്റെ സകലകഴിവുകളേയും തന്റെ നിയന്ത്രണത്തിൽ അതുകൊണ്ടുവരുന്നു. അങ്ങനെ ഹൃദയത്തിലുള്ള പൈശാചികത്വത്തെ അത് നുള്ളിക്കീറുകയും ശരീരേച്ഛയേയും ആത്മാവിനേയും തമ്മിലകറ്റുകയും അവനെ പരിപൂർണമായനിലയിൽ ശുദ്ധീകരിക്കുകയും ചെയ്യും. അഭിമാനിയായ ജീവൽദൈവത്തെ കണ്ടെത്താതെ ഒരുമനുഷ്യനും പരിശുദ്ധനാകാൻ സാദ്ധ്യമല്ല. കള്ളത്തമ്പുകളെ തട്ടിപ്പൊളിക്കുന്ന യഖീൻ[47] ഹൃദയത്തിലില്ലെങ്കിൽ പാപത്തിൽനിന്നൊരിക്കലും മോചനംകിട്ടുകയില്ല. ഈ ദാറുൽഹിജാബിൽ[48] ദൃഷ്ടാന്തങ്ങളിലൂടെയല്ലാതെ അല്ലാഹുവിനെ കാണാനും സാദ്ധ്യമല്ല. ദൃഷ്ടാന്തങ്ങൾ മനുഷ്യനെ കൂരിരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു. അപ്പോൾ റൂഹ്[49] മാത്രം അവശേഷിക്കും. ശരീരേച്ഛകളെല്ലാം നശിച്ചൊടുങ്ങും. അങ്ങനെ തന്ത്രംകൊണ്ടും സൂത്രംകൊണ്ടും പ്രാപിക്കാനൊക്കാത്ത ഒരു മഖാമിൽ[50] ഭക്തൻമാരെത്തിച്ചേരുന്നു. ദർശനംലഭിക്കാതെ, മറനീങ്ങാതെ ആരുംതന്നെ വാനലോകത്ത് പ്രവേശിക്കുകയില്ല. ദൃഷ്ടാന്തങ്ങൾമുഖേന വ്യക്തമായ നിലയിൽ അല്ലാഹുവിനെ ദർശിച്ചെങ്കിൽമാത്രമേ പാപത്തിൽനിന്ന് മനുഷ്യനു മോക്ഷം കിട്ടുകയുള്ളൂ. ദൃഷ്ടാന്തങ്ങൾ ദർശിക്കാത്തിടത്തോളം ആർക്കും ഈ മഖാം കരഗതമാകുന്നതല്ല. ഈ പരമാനന്ദത്തിന്റെ മൈതാനത്ത് പരമകാരുണികനെ കണ്ടെത്താത്തവൻ ഒന്നും കണ്ടിട്ടില്ലാത്തവനാണ്. പുരുഷനെ സംബന്ധിച്ചിടത്തോളം അവൻ കുരുടനായി[51] ജീവിക്കുന്നതിനേക്കാളുത്തമം മരിക്കലാണ്. നിശ്ചയമായും ദുൻയാവും അതിന്റെ സൗന്ദര്യവും കളിയുംതമാശയുമാകുന്നു, സജ്ജനങ്ങൾ അതിൽ വഞ്ചിതരാവുകയില്ല. പടച്ചവനെ പ്രാപിക്കാൻവേണ്ടി ഏതുമരണവും വരിക്കാൻ അവർ തയ്യാറായിരിക്കും. അക്കൂട്ടർ എന്നെന്നും

46. ദൈവഭയം 47. ദൃഢവിശ്വാസം 48. മറയുടെ ഗേഹം 49. ആത്മാവ് 50. സ്ഥാനം 51. ദൈവത്തെതിരിച്ചറിയാത്തവൻ.

ജിവിച്ചിരിക്കുന്നവരാണ്. ദുൻയാവ് ശപിക്കപ്പെട്ടതാകുന്നു.നിങ്ങള തിന്റെ പിന്നാലെ പോയാൽ നിങ്ങൾക്കെങ്ങനെ റഹ്മത്ത്[52] കിട്ടും? കടിഞ്ഞാൺവീഴുന്നതിനുമുമ്പേ നിങ്ങൾ നിങ്ങളുടെകുതിരയ്ക്ക് കടിഞ്ഞാണിടുക. ഇപ്പോൾ പടർന്നുപിടിച്ചിരിക്കുന്ന രോഗത്തെ നിങ്ങളെന്തുകൊണ്ട് സൂക്ഷിക്കുന്നില്ല? ഈ ദിവ്യവിധിയിൽനിന്ന് നിങ്ങൾക്ക് ആശ്വാസം നല്കുന്നതെന്താണെന്നെനിക്കറിഞ്ഞുകൂട. സുവിശേഷത്തിന്റെ സുഗന്ധവുമായി മന്ദമാരുതനെപ്പോലെ ഞാനി താവന്നിരിക്കുന്നു. അപ്പോൾ ആരാണോ എന്നെ സത്യഹൃദയത്തോ ടെ പിൻപറ്റുകയും സൽകർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നത് അവരിത്തരം അപകടങ്ങളിൽനിന്നെല്ലാം സുരക്ഷിതരാണ്.

പ്രതാപവാനായ അല്ലാഹുവുമായി സുദൃഢബന്ധംപുലർത്തി സൽകർമങ്ങളിൽ മുന്നേറാതെ കേവല ബയ്അത്ത്[53] കൊണ്ട് ആ രും സംരക്ഷിക്കപ്പെടുകയില്ല. നിശ്ചിതവിപത്ത് നീക്കപ്പെടുന്നതിനു വേണ്ടി നിങ്ങൾ നിങ്ങളിൽ മാറ്റംവരുത്തുക. നാവിനെ നിയന്ത്രി ക്കാതെ അജ്ഞതകൊണ്ടു നിങ്ങൾ സത്യത്തെ നിഷേധിക്കുകയാ ണോ? നിങ്ങളുടെ വായകളിൽനിന്നു പുറപ്പെടുന്ന ശബ്ദം എത്ര മാത്രം ഗുരുതരം! എതിരാളികളിൽ നിന്നൊരാൾ പറഞ്ഞു: ഈ വ്യക്തിയെ ഞാനാണുയർത്തിയത്. ഇയാളെ ഞാൻ തന്നെ താഴ് ത്തും. നോക്കൂ! ഇതെന്തൊരു നുണ! അഹങ്കാരം! വിനയത്തിലും സത്യത്തിലും നിലകൊള്ളാത്തവനെ അല്ലാഹു ഒരിക്കലും ഇഷ്ട പ്പെടുകയില്ല. വീണ്ടും നോക്കൂ! ഞാൻ മറുപടി പറയുന്നതിനു മുമ്പേ ആ വിദ്വാൻ വ്യാജനാണെന്നു അല്ലാഹു തെളിയിച്ചുകാ ണിച്ചു. പിന്നീടു എന്റെ പടിവാതിൽക്കൽ ഒരു സൈന്യത്തെതന്നെ അല്ലാഹു ഒരുമിച്ചുകൂട്ടി. ഇതിൽ ഉൾക്കാഴ്ചയുള്ളവർക്ക് ദൃഷ്ടാ ന്തവും അധികപ്രസംഗിക്ക് പാഠവുമുണ്ട്.

ഈസാ മരിച്ചുപോയെന്നു ഞാൻ പറഞ്ഞതുകൊണ്ടാണോ ഇവർ കോപാന്ധരാകുന്നത്? അതല്ല, ഞാൻ മരിച്ചവർക്ക് ജീവൻ നല്കുന്ന വാഗ്ദത്ത മസീഹാണെന്ന് പറഞ്ഞതുകൊണ്ടോ? വിശു ദ്ധ ഖുർആനിൽ ചിന്തിച്ചിരുന്നെങ്കിൽ അവർ കുപിതരാകുമായിരു ന്നില്ല. സൂക്ഷ്മതയുണ്ടായിരുന്നെങ്കിൽ വൈരാഗ്യമുള്ളവരുമാകുമാ

52 കാരുണ്യം 53. സർവവും അല്ലാഹുവിന് വിൽക്കുക

യിരുന്നില്ല. നിശ്ചയമായും ഈസായുടെ മരണമാണ് അവർക്കു ത്തമം, അവർ അറിഞ്ഞിരുന്നെങ്കിൽ. യഹൂദർക്ക് മസീഹിനെകൊടുത്തതുപോലെ അല്ലാഹു ഇവർക്കും മസീഹിനെ നല്കി. ഇവർക്കെന്തുപറ്റി! ഇവർ പിന്നോട്ടു ചിന്തിക്കുന്നില്ല. ഈ ഉമ്മത്തിൽ ഒരു യഹൂദവർഗമോ അതിനു സദൃശമായ സ്വഭാവമുള്ളവരോ ഉണ്ടാകുമെന്ന് ഇവർ പറയുന്നുണ്ട്. അങ്ങനെയാണെങ്കിൽ ഈ മുസ്ലിംകളിൽ നിന്നുതന്നെയാണ് വാഗ്ദത്തമസീഹും വരേണ്ടതെന്ന് ഇവർ ചിന്തിക്കുന്നില്ല. ഇവരുടെ പക്കൽ ആ സഞ്ചിതസ്ഥാനം യഹൂദർക്കുമാത്രമുള്ളതായിപ്പോയി. ഇവർക്ക് യഹൂദരുടെ ഗുണക്കേടിന്റെ എല്ലാഭാഗവും നല്കപ്പെട്ടു. എന്നാൽ അവർക്കു നല്കപ്പെട്ട ഗുണത്തിന്റെ ഒരുഭാഗവും ഇവർക്ക് നല്കപ്പെട്ടില്ല! ഇവരുടെ വിധിയും ഇവർ സ്വയം തങ്ങൾക്കുവേണ്ടി സംതൃപ്തരായതും എത്ര മോശം! കാര്യം അങ്ങനെയല്ല, സമുദായങ്ങളിലേറ്റവും മോശപ്പെട്ട സമുദായമല്ല ഇത്. എപ്രകാരം നമ്മളിൽ യഹൂദൻമാരുണ്ടാകുമോ അതേപ്രകാരം വാഗ്ദത്തമസീഹും നമ്മളിൽനിന്നുതന്നെയുണ്ടാവണം.

തങ്ങളുടെ വിശ്വാസം പരമ്പരാഗതമായുള്ളതാണെന്ന് ഇവർ പറയുന്നു. അവരുടെ പൂർവപിതാക്കൾക്ക് എത്രതന്നെ തെറ്റുപറ്റിയാലും! എന്തുകൊണ്ടിവർ ഈ മൽപിടിത്തം ഉപേക്ഷിക്കുന്നില്ല? 'ഇവരുദ്ദേശിക്കുന്നതേ അവൻ ചെയ്യുകയുള്ളൂ' എന്ന വല്ലകരാറും അല്ലാഹുവുമായി ഇവരുണ്ടാക്കിയിട്ടുണ്ടോ? അല്ലാഹു എത്ര പരിശുദ്ധൻ! ഉന്നതൻ! അവനൊരിക്കലും ചോദ്യംചെയ്യപ്പെടുകയില്ല. പക്ഷേ ഇവർ ചോദ്യംചെയ്യപ്പെടുന്നതാണ്.

മസീഹ്വരുമ്പോൾ വിധികർത്താവായിട്ടായിരിക്കും വരികയെന്ന് ഇവർ പറയുന്നു. എന്നാൽ ഇവർതന്നെ വിധികർത്താക്കളായി ഭാവിക്കുന്നു. അല്ലെങ്കിൽ ഇവരുടെ ഈ പൊള്ളയായ വാദം ഖുർആനിലുണ്ടോ? ഇവരിപ്പറയുന്നത് ശരിയാണെങ്കിൽ ഖുർആൻ തുറന്നുകാണിക്കട്ടെ. അഹോ കഷ്ടം! ഊഹത്തെയല്ലാതെ ഇവർ പിൻപറ്റുന്നില്ല. മുർസലുകൾക്കെതിരിൽ ഇവരുടെ ഊഹത്തിന് എന്തു പ്രസക്തി! അറിവില്ലാത്തതിൽ തൂങ്ങിനില്ക്കുന്നവരാണിവർ. ഇവർ അല്ലാഹുവിനെ ഭയപ്പെടുന്നില്ല. അത്ഭുതകരമായ മറ്റൊരുകാര്യ

മുണ്ട്. ഇവർ ഒരു വിധികർത്താവിനെ കാത്തിരിക്കുകയാണ്. അതോടൊപ്പം എല്ലാപിഴവിൽനിന്നും തങ്ങൾ സുരക്ഷിതരാണെന്ന് പറയുകയും ചെയ്യുന്നു. തങ്ങൾ പറഞ്ഞുവരുന്നതിൽ നിന്ന് എന്തെങ്കിലുമൊന്ന് ഉപേക്ഷിക്കാനും ഇവർ തയ്യാറല്ല. അപ്പോൾ ഇവരുടെയടുക്കൽ ഇവർ കാത്തിരിക്കുന്ന വിധികർത്താവ് വരേണ്ട ആവശ്യമെന്ത്? ഇവരാണെങ്കിൽ തങ്ങളുടെ തെറ്റായ പ്രവണതകളിൽ തന്നെ ഉറച്ചുനില്ക്കുകയാണ്. ഈ ഉമ്മത്തിൽ നിന്ന് മസീഹ് പ്രത്യക്ഷപ്പെടുകയെന്നത് ബുദ്ധിമാന്മാരുടെയടുക്കൽ ദുഷ്കരമായ കാര്യമൊന്നുമല്ല. അതിനുള്ള തെളിവുകൾ ഇസ്റായീലി മുഹമ്മദീ ശൃംഖലകളെപ്പറ്റി താരതമ്യംചെയ്യുമ്പോൾ സുവ്യക്തമാണ്. മനുഷ്യകുലത്തിന്റെ മഹാനായ നേതാവും ദീനുൽഇസ്ലാമിന്റെ സാർവഭൗമനുമായ വ്യക്തി മസീലെമൂസാ[54] ആയിരുന്നു. അതേപോലെ അന്ത്യകാലത്ത് മസീലെഈസായെ[55] ഈ ഉമ്മത്തിൽനിന്നുതന്നെ എഴുന്നേല്പ്പിക്കുമെന്ന് പരിശുദ്ധമായ ഏടുകളിലൂടെ നമ്മുടെറബ്ബ് നമുക്ക് അറിവുനല്കുന്നു. നിങ്ങൾ അന്നൂർ, അത്തഹ്രീം, അൽഫാതിഹ മുതലായ സൂറത്തുകൾ ശ്രദ്ധാപൂർവം പാരായണംചെയ്യുക. അത് നമ്മുടെ രക്ഷിതാവിന്റെ വചനങ്ങളാണ്. അവന്റെ അറിവിന്റെ അയലെത്തെത്തുവാൻ ഒരുപണ്ഡിതനും സാധ്യമല്ല. ഇതിനെ ഉപേക്ഷിച്ച് ഏതു ഹദീസിന്റെ പിന്നാലെയാണ് നിങ്ങൾ പോകുന്നത്? അവൻ എന്നെ അവന്റെ മസീഹ് ആക്കുകയും ഉന്നതമായ ദൃഷ്ടാന്തങ്ങൾകൊണ്ട് ശക്തിപ്പെടുത്തുകയും ചെയ്തു.

ഒട്ടകങ്ങളുടെ മേൽ ദീർഘയാത്രചെയ്യാത്തതു നിങ്ങൾ കാണുന്നില്ലേ? ഇന്ത്യൻ സമൂഹമേ, അറേബ്യൻ സമൂഹമേ, റമളാനിൽ സൂര്യനും ചന്ദ്രനും ഗ്രഹണമുണ്ടായത് നിങ്ങൾ കണ്ടു. നിങ്ങളിരുകൂട്ടരും നിങ്ങളുടെ രക്ഷിതാവിന്റെ ഏതു ദൃഷ്ടാന്തത്തെയാണ് നിഷേധിക്കുന്നത്? അല്ല, നിങ്ങളുടെ ദുസ്സ്വപ്നങ്ങളും ഊഹാപോഹങ്ങളും വ്യക്തമായ സത്യമാണെന്നു നിങ്ങൾ ധരിക്കുകയാണോ? ഊഹത്തിന് ദൃഢജ്ഞാനത്തേക്കാൾ സ്ഥാനംനല്കിയവരുടെ ദുർഗതി നിങ്ങളുടെമുമ്പിലുണ്ട്. അവരൊന്നും മുർസലുകളെക്കൊണ്ടു വിശ്വസിക്കാൻ മുന്നോട്ടുവന്നില്ല. അപ്പോൾ അവരുടെ നിഷേധം അവർക്കു നഷ്ടമായിത്തീർന്നു. അല്ലാഹു മുർസലുകളെ സഹാ

54. മുഹമ്മദു മുസ്തഫാ(സ) മൂസാ(അ)യ്ക്ക് സദൃശനായിരുന്നു. ഖുർആൻ 73:16 നോക്കുക. (വിവ:) 55. ഈസായ്ക്കു സദൃശൻ

യിക്കുകയും അവർക്കു പിൻബലം നല്കുകയും ചെയ്തു. അങ്ങനെ തങ്ങളും അതിലുൾപ്പെട്ടിരുന്നെങ്കിൽ എന്ന് നിഷേധികൾ ആശിച്ചു. അത്തരക്കാരുടെ മാതൃകകൾ അല്ലാഹു നിങ്ങൾക്ക് ഖുർആനിലൂടെ വിവരിച്ചുതന്നിട്ടുണ്ട്. നിങ്ങളത് പാരായണംചെയ്യുക. കടന്നുകഴിഞ്ഞ കാലത്തെപ്പറ്റി ചിന്തിക്കുന്നവരെപ്പോലെ. കാര്യംഗ്രഹിക്കാതെ ഓതുന്നവർക്കുനാശം. അവർ അശ്രദ്ധരായി അതിനടുത്തുകൂടെ കടന്നുപോകുന്നു. നിങ്ങളുടെ അഭിപ്രായങ്ങൾക്കുപിന്നിൽ അവന്റെ കാവലുണ്ട്. അപ്പോൾ നിങ്ങൾ ഉൾക്കാഴ്ചയുള്ളവരായേക്കാം. അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശരാവരുത്. ധൃതിപ്പെടുകയുമരുത്. നിങ്ങൾ സൂക്ഷ്മതപാലിക്കുന്നവരാണെങ്കിൽ ക്ഷമകൈക്കൊള്ളുക. അതാണ് നിങ്ങൾക്കുത്തമം. നിങ്ങൾ ക്ഷമിച്ചാൽ ഉൾക്കാഴ്ചയുള്ളവരായിത്തീരും. നിങ്ങളുടെ ചിന്ത അതിന്റെ സ്ഥാനത്തെ പ്രാപിക്കും. നിന്ദനത്തിനുശേഷം നിങ്ങൾ വന്ദിക്കപ്പെടും. അങ്ങനെ നിങ്ങൾ ആരിഫുമാരിൽ[56] ഉൾപ്പെടുകയും ചെയ്യും.

ഞങ്ങളുടെ കാലത്താണ് മസീഹ് വരുന്നതെങ്കിൽ അദ്ദേഹത്തിനുവേണ്ടുന്ന സഹായം ചെയ്തുകൊടുക്കുമെന്ന് പറയുന്നവരായിരുന്നില്ലേ നിങ്ങൾ? ഇതാണോ നിങ്ങളുടെ സഹായം. വ്യക്തമായ തെളിവോ സുദൃഢജ്ഞാനമോ ഇല്ലാതെ നിങ്ങൾ അവിശ്വസിക്കുന്നു. അല്ലാഹുവിന്റെ അടയാളങ്ങൾ കണ്ടിട്ടും കാണാത്തതുപോലെ അഹങ്കാരികളായി നിങ്ങളതിനെ നിഷേധിക്കുന്നു. പരിഹസിച്ചുകൊണ്ടല്ലാതെ നിങ്ങൾ സംസാരിക്കുന്നില്ല. നിങ്ങൾ ദുഷ്പേരുണ്ടാക്കുകയും ചീത്തപറയുകയും ചെയ്യുന്നു. രക്ഷാശിക്ഷയുടെ നാളിനെ നിങ്ങൾ ഭയപ്പെടുന്നില്ല. നിങ്ങൾ ഊഹത്തെമാത്രം പിൻപറ്റുന്നവരാണ്. അല്ലാഹു പറഞ്ഞതിനെ നിങ്ങൾ വേണ്ടതുപോലെ മനസ്സിലാക്കിയില്ല. അന്വേഷകരായി എന്റെയടുത്തുവന്നതുമില്ല. അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്താമെന്നാണോ നിങ്ങൾ കരുതുന്നത്? നിങ്ങൾ വെറുത്താലും അല്ലാഹു അവന്റെ പ്രകാശത്തെ പൂർത്തിയാക്കുകതന്നെ ചെയ്യും. ദൂതൻമാരായ അവന്റെ ദാസന്മാർക്കുവേണ്ടി അവന്റെ വചനം നിശ്ചയമായും മുമ്പുവന്നു കഴിഞ്ഞിട്ടുണ്ട്. അവർ സഹായിക്കപ്പെടുകതന്നെ ചെയ്യും. നിങ്ങൾക്കും

---

56. ദൈവത്തെ തിരിച്ചറിഞ്ഞവൻ

നിങ്ങളുടെ ദുസ്സ്വപ്നങ്ങൾക്കും നാശം. സൽഭാവത്തെ നിങ്ങൾ തിരിച്ചറിയുന്നില്ല. തുടർച്ചയായി ഇറങ്ങിക്കൊണ്ടിരിക്കുന്ന അനുഗ്രഹത്തെ നിങ്ങൾ കാണുന്നില്ല. വ്യക്തമായ വഴികേടിൽ നിന്ന് രക്ഷിക്കുവാനും സത്യം കാണിച്ചതരുവാനും നിങ്ങളുടെ രക്ഷിതാവിനോട് നിങ്ങൾ വിനയപൂർവം ചോദിക്കുന്നതുമില്ല.

അല്ലയോ ജനങ്ങളേ, പഴങ്കഥകളിൽ നിങ്ങൾ ചാരിനില്ക്കരുത്. എത്രയെത്ര പഴങ്കഥകൾ! അതിനെ പിൻപറ്റിയവരെ അതു നശിപ്പിച്ചു. എല്ലാനന്മയുമുള്ളത് ഖുർആനിലാണ്. വിശദീകരണത്തിന് അതിനോടു യോജിച്ച ഹദീസുമുണ്ട്. ഇതിനപ്പുറം മറ്റൊന്നന്വേഷിക്കുന്നവർ ആജ്ഞാലംഘകരാണ്. ഈ മാനദണ്ഡമില്ലായിരുന്നെങ്കിൽ സമൂഹമെല്ലാം കലങ്ങിമറിയുകയും അത് നശിച്ചൊടുങ്ങുകയും സത്യാന്വേഷകർക്ക് ദീനിന്റെ കാര്യം അവ്യക്തമാവുകയും ചെയ്യുമായിരുന്നു.

അല്ലയോ ദാസന്മാരേ, ചൊവ്വായമാർഗംമാത്രം പ്രയോജനപ്പെടുന്ന ഒരു നാളിനെ നിങ്ങൾ ഭയപ്പെടുക. ഉത്തമമാർഗം ഉപേക്ഷിക്കുന്നവൻ ഒരിക്കലും വിജയം കണ്ടെത്തുകയില്ല. സത്യനിഷേധികളും ദുർമാർഗികളും കൂട്ടപ്പെടുന്ന നാളിനെ നിങ്ങൾ സൂക്ഷിക്കുക. നരകത്തിൽ നിന്നുകൊണ്ട് ആജ്ഞാലംഘകർ പറയും: ഒട്ടുംകൊള്ളരുതാത്തവരായി നമ്മൾ കരുതിയിരുന്ന ആ ആളുകളെ ഇവിടെ കാണുന്നില്ലല്ലോ. ദൈവികസന്നിധിയിൽനിന്ന് ഒരുത്തമവിളിക്കാരൻ അപ്പോൾ വിളിച്ചുപറയും: അവർ സ്വർഗത്തിലാണ്; നിങ്ങൾ നരകത്തിലും. പ്രതാപവാനായ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഓരോആത്മാവും ഹാജരാക്കപ്പെടും. എല്ലാ നബിമാരും അവരുടെ ശത്രുക്കളും കൊണ്ടുവരപ്പെടും. ഓരോ ജനതയും തങ്ങളുടെ ഇമാമിനെ തിരിച്ചറിയും. അപ്പോൾ അവരുടെ ബന്ധവും യോഗ്യതയുമെല്ലാം അവിടെ പ്രകടമാകും. അപ്പോൾ ചോദിക്കപ്പെടും: ഇയാളാണോ ശപ്തൻ? ദജ്ജാൽ? അല്ലാഹു തന്റെ യഥാർഥ നിലപാടു തുറന്നുകാണിക്കുമ്പോൾ ഓരോ ദുർമാർഗിയും തനിക്കുള്ള ശിക്ഷ കണ്ടുകൊണ്ടിരിക്കും. അപ്പോൾ സത്യനിഷേധികൾ വിലപിച്ചുകൊണ്ടുപറയും: അഹോ കഷ്ടം! ഞാൻ മണ്ണായിരുന്നെങ്കിൽ. ഹേ മനുഷ്യാ, നിനക്കും നിന്റെ വഞ്ചനയ്ക്കും

എന്തു പ്രസക്തി. നീ അല്ലാഹുവിനോട് മത്സരിക്കുകയാണോ? നിന്നെ നായാടുന്നവൻ നിന്റെ തലയ്ക്കുമീതെയുണ്ട്.

എന്റെ റബ്ബ് എന്നോട് ചില കാര്യങ്ങൾ ഇന്ന് നേരിട്ടുസംസാരിച്ചു. ഞാനതിവിടെ രേഖപ്പെടുത്താം. അതിൽ ദൃഷ്ടാന്തങ്ങളുണ്ട്. അല്ലയോ ധിഷണാശാലികളേ, അതിതാണ്. ആഇൽ[57] എന്റെയടുത്തുവന്നു. അദ്ദേഹം വിരൽചൂണ്ടിക്കൊണ്ട് പറഞ്ഞു: അല്ലാഹു ശത്രുക്കളിൽനിന്ന് നിന്നെരക്ഷിക്കും. ആക്രമിയുടെമേൽ അവൻ ആക്രമണം നടത്തും. പിന്നീടു എന്നെ സംബോധനചെയ്തുകൊണ്ട് എന്റെ നാഥൻപറഞ്ഞു: ആഇൽ എന്നുപറഞ്ഞാൽ അത് ജിബ്‌രീലാണ്; പ്രതാപവാനായ റബ്ബിൽനിന്ന് സുവാർത്തയുമായി വരുന്ന മലക്ക്!

എന്റെ മറുപടി ഇതോടെ അവസാനിച്ചു. പക്ഷേ, താങ്കളെന്നെ വിഷമിപ്പിച്ചതിലുള്ള പരാതി അവശേഷിക്കുന്നു. വിലകുറഞ്ഞ പദങ്ങളിലൂടെയാണ് താങ്കളെന്നെ വിമർശിച്ചത്. ആക്ഷേപസ്വരത്തിൽ താങ്കളെന്നെ പരാമർശിച്ചപ്പോൾ താങ്കളെ ചോദ്യംചെയ്യുന്നവനെ താങ്കൾ ശ്രദ്ധിച്ചില്ല. അല്ലാഹു താങ്കൾക്കു നല്ലതുവരുത്തട്ടെ. അനാവശ്യമായി സംസാരിക്കുന്ന സഞ്ചിതസംസ്കാരശൂന്യനായ താങ്കളാരാണ്? താങ്കളെ ഞാനറിയില്ല. എന്നെ താങ്കളും. പരസ്പരം തിരിച്ചറിയാത്തവരാണു നാം. പക്ഷേ, താങ്കളെന്നെ വേദനിപ്പിച്ചു. താങ്കൾ ക്ഷമകൈക്കൊണ്ടില്ല. സുഹൃത്തേ, താങ്കൾ തഖ്‌വാ കൈവെടിഞ്ഞു. ശ്രദ്ധിച്ചതുമില്ല. സ്നേഹിതാ, എല്ലാം നല്ലവണ്ണം അറിയുന്നവനെ സൂക്ഷിക്കുക.

ഓരോ തിന്മയും അതിന്റേതായ നിലയിൽ ചോദ്യം ചെയ്യപ്പെടും. നിശ്ചയമായും മസീഹ് ആകാശത്തുനിന്ന് ഇറങ്ങി. ഭൂമിയിൽനിന്ന് പ്ലേഗും പുറപ്പെട്ടു. ഇപ്പോൾ നിങ്ങൾ തൗബചെയ്തുമടങ്ങുന്നില്ലെങ്കിൽ പിന്നെന്നാണ്! അറിയുക. അഹങ്കാരവും അഹംഭാവവും ഉപേക്ഷിക്കേണ്ട സമയമാണിത്. മാത്സര്യത്തിന്റെയും പരിഹാ

57. ആഇൽ എന്ന പദം ഇയാലത്തിൽ നിന്നുൽഭൂതമാകുന്നു. ആലഹ എന്നതിന്റെ അർഥം മേൽനോട്ടംവഹിച്ചു പരിഷ്കരിച്ചു എന്നാണ്. പ്രതാപവാനായ അല്ലാഹുവിന്റെ കലാമിൽ അത് ജിബ്‌രീലിന്റെ പേരാകുന്നു. ഈ ഇൽഹാമിനുമുമ്പേ ഒരു ദൈവികഗ്രന്ഥത്തിലും ജിബ്‌രീൽ(അ)ന് ആഇൽ എന്ന പേരുള്ളത് നാം കണ്ടിട്ടില്ല. ഈ നാമം ജിബ്‌രീലിന്റെ സ്ഥാനത്തെ സൂചിപ്പിക്കുന്നതാകാം. അല്ലാഹുവിന്റെ വചനങ്ങൾ തൂലികയിലൊതുങ്ങുന്നതല്ലല്ലോ. പരിഷ്കരിച്ചു നന്നാക്കുക, മർദിതരെ സഹായിക്കുക, ശത്രുക്കളെ രേഖാമൂലം പരാജയപ്പെടുത്തുക തുടങ്ങിയവയാണ് ജിബ്‌രീലിന്റെ പ്രവൃത്തി.

സത്തിന്റേയും അനാദരവിന്റെയും സമയമല്ല. അശ്രദ്ധമായ ജീവിതം യഥേഷ്ടം നയിക്കുന്നവരുടെമേൽ അല്ലാഹു ഭയങ്കരമായി കോപിക്കുകതന്നെ ചെയ്യും. ദുൻയാവും അതിലെ അലങ്കാരവുമാണ് അവരുടെ ജീവിത ലക്ഷ്യം. ഈമാൻ അധരങ്ങളിൽമാത്രം. അല്ലാഹുവിന്റെ നാളുകളെക്കുറിച്ച് ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. ബുദ്ധിമാന്മാരേ, അല്ലാഹുവിനെ സൂക്ഷിക്കുക. ഇത് വാളും കുന്തവുമായി നടക്കുന്ന ഭടന്മാരുടെ കാലമല്ല. ഈ ഉമ്മത്തിലെ ജനസമൂഹമേ, പരിശുദ്ധിയുടേയും പശ്ചാത്താപത്തിന്റേയും ആയുധം ധരിച്ചുകൊണ്ടു നിങ്ങൾ മുന്നോട്ടുവരണമെന്ന് അല്ലാഹു എന്നോടു നിർദേശിച്ചിരിക്കുന്നു. നിശ്ചയം, ആ തയ്യാറെടുപ്പിലാണ് എല്ലാ സഹായങ്ങളും നിലകൊള്ളുന്നത്.

അല്ലാഹുവിനെ വിട്ടുകൊണ്ട് കെട്ടുകഥകളിലുള്ള താൽപര്യം കൊണ്ടും പാപങ്ങളുടെ ആധിക്യംകൊണ്ടും ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. ഇത് വാളിന്റേയും കുന്തത്തിന്റേയും കാലമല്ല. ആത്മശുദ്ധീകരണത്തിന്റേയും കടിഞ്ഞാൺ മടക്കിക്കെട്ടുന്നതിന്റേയും കാലമാണ്. ഇസ്‌ലാംമത വിരോധികളുടെ ഉള്ളിൽ കലഹം കടന്നതുപോലെ മുസ്‌ലിംകളുടെ ഉള്ളിലും കലഹം കടന്നിരിക്കുന്നു. ദുർമാർഗികൾ ദുർമാർഗികളുടെമേൽ ഒരിക്കലും വിജയം വരിക്കുകയില്ല. പരിശുദ്ധിയും ദൈവഭയവും മുഖേനയാണ് യഥാർഥ വിജയം കരഗതമാകുന്നത്. അശ്രദ്ധമായി ജീവിതം കഴിച്ചുപോന്ന മുസ്‌ലിം രാജാക്കന്മാരെ ദീനികാര്യത്തിൽ അല്ലാഹു സഹായിച്ചിട്ടില്ല. മറിച്ച്, അവൻ കഠിനമായി കോപിക്കുകയാണ്ചെയ്തത്. മുസ്‌ലിംകൾക്കെതിരെ അവിശ്വാസികളെ അണിനിരത്തുന്നു. കാരണം ഇവർ അല്ലാഹുവിന്റെ അതിരുകൾ മറന്നു. തങ്ങളുടെ നാഥന്റെ കല്പനകൾ ലംഘിച്ചു. ദൈവഭക്തന്മാരല്ലാത്ത ഇവർ വിശുദ്ധ ഖുർആന്റെ ഒരു ഭാഗം കൊള്ളുകയും ഒരുഭാഗം തള്ളുകയും ചെയ്യുന്നു. സത്യം പ്രചരിപ്പിക്കുന്നില്ല. കപടവിശ്വാസികളുടെ ജീവിതം, ഇതാണ് ഇക്കാലത്തെ ആളുകളുടെ അവസ്ഥ. എന്നിട്ടും അല്ലാഹുവിൽനിന്ന് അയക്കപ്പെട്ട ഒരാളെ ഇവർ നിഷേധിക്കുന്നു. ഈമാനെന്താണെന്ന് അറിഞ്ഞുകൂടാത്ത കാലത്ത് ഇവരിൽനിന്നുതന്നെ ഒരു താക്കീതുകാരൻ വന്നതിലാണോ ഇവർ അത്ഭുതപ്പെടുന്നത്? അല്ല, ഇയാൾ കള്ളവാദിയാണെന്ന് ഇവർ പറയുന്നുവോ? നിരവധി

ദൃഷ്ടാന്തങ്ങൾ ഇവർ കണ്ടു. പക്ഷേ, വിസ്മരിച്ചു. അല്ലയോ ജനങ്ങളേ, അല്പം ചിന്തിക്കൂ. ഞാൻ അല്ലാഹുവിന്റെ പക്കൽ നിന്നാവുകയും നിങ്ങൾ നിഷേധിക്കുകയും ചെയ്താൽ അതെന്തൊരു വൻനഷ്ടമായിരിക്കും! ജാഗ്രതപ്പെടുത്തുന്നതിനും ഉപദേശിക്കുന്നതിനും കല്പിക്കപ്പെട്ടതിനുശേഷം ഇതെല്ലാം ഞാനുടനേ നിറുത്തണമെന്നാണോ നിങ്ങളാഗ്രഹിക്കുന്നത്. അല്ലാഹു സംസാരിക്കുകയും കല്പിക്കുകയും ചെയ്യുന്ന ഒരു മുർസലിനും ദുർമാർഗികളെ ഭയന്ന് അത് മൂടിവയ്ക്കുക സാദ്ധ്യമല്ല. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. അവന്റെ മുമ്പിൽ എടുത്തുചാടരുത്. ഊഹാപോഹങ്ങളിൽ ഉറച്ചു നില്ക്കുകയുമരുത്.

## നമ്മുടെ അടിസ്ഥാനപരമായ വിശ്വാസങ്ങൾ

നിശ്ചയമായും ഞങ്ങൾ മുസ്‌ലിംകളാണ്. സത്യാസത്യവിവേചന ഗ്രന്ഥമായ അല്ലാഹുവിന്റെ കിതാബിലും നമ്മുടെ സയ്യിദായ മുഹമ്മദ് മുസ്തഫാ (സ) അല്ലാഹുവിന്റെ നബിയും റസൂലുമാണെന്നതിലും ഞങ്ങൾ വിശ്വസിക്കുന്നു. മതങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് അദ്ദേഹമാണ് കൊണ്ടുവന്നിട്ടുള്ളത്. അദ്ദേഹം ഖാത്തമുന്നബിയ്യീനാകുന്നു. അദ്ദേഹത്തിന്റെ ശിക്ഷണംകൊണ്ടു പരിപാലിക്കപ്പെടാത്തതും അദ്ദേഹത്തിന്റെ വാഗ്ദത്തം സ്ഥിരീകരിക്കാത്തതുമായ ഒരു നബിയും അദ്ദേഹത്തിനുശേഷമില്ല. ഈ ഉമ്മത്തിലെ തന്റെ അടുത്തആളുകളുമായി നേരിട്ടുസംസാരിക്കലും അവരെ സംബോധനചെയ്യലും അല്ലാഹുവിന്റെ സമ്പ്രദായമാണ്. അത്തരക്കാർക്ക് നബിമാരുടെ നിറം നല്കപ്പെടും. അതു സ്വയംപര്യാപ്തനുബുവ്വത്തല്ല. വിശുദ്ധഖുർആൻ ശരീഅത്തിന്റെ ആവശ്യം പൂർത്തീകരിച്ചിരിക്കുന്നു. അതുകൊണ്ടു പ്രസ്തുത വ്യക്തികൾക്ക് ഖുർആനികജ്ഞാനമല്ലാതെ ഒന്നും നല്കപ്പെടുകയില്ല; അതിനേക്കാൾ കൂടുതലോ, അതിനേക്കാൾ കുറവോ. ആരെങ്കിലുമതിൽ ഏറ്റക്കുറച്ചിൽ വരുത്തിയാൽ അക്കൂട്ടർ തെമ്മാടികളായ പിശാചുക്കളിൽ പെട്ടവരാണ്.

നുബുവ്വത്തിന്റെ പര്യവസാനംകൊണ്ടു നാം ഉദ്ദേശിക്കുന്നത് അതിന്റെ പരിപൂർണതയാണ്. നമ്മുടെ ശ്രേഷ്ഠരായ പ്രവാചകരിൽ അതവസാനിച്ചിരിക്കുന്നു. അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ ഉമ്മത്തിൽപ്പെടാത്തതും അദ്ദേഹത്തെ പരിപൂർണമായി പിൻപറ്റാത്ത തുമായ ഒരുനബിയും വരാവതല്ലെന്ന് നാം വിശ്വസിക്കുന്നു. അങ്ങനെയുള്ള ഒരാൾ ഇക്കാലത്ത് അദ്ദേഹത്തിന്റെ ആത്മീയ പ്രഭാവം അപ്പടി കരസ്ഥമാക്കിയിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രകാശത്താൽ പ്രകാശിതനായിരിക്കുന്നു. ഇതുപറയുന്നതിന് അന്യതയോ ദുരഭിമാനമോ ഒന്നുമില്ല. അത് വേറൊരു നുബുവ്വത്തല്ല. ഇതുകേൾക്കുമ്പോൾ പരിഭ്രാന്തരാവേണ്ടതുമില്ല; കണ്ണാടിയിൽ പ്രത്യക്ഷമായ അഹ്മദ് തന്നെയാണത്. ഒരുമനുഷ്യന്റെ രൂപം കണ്ണാടിയിൽ അല്ലാഹു പ്രത്യക്ഷപ്പെടുത്തിയാൽ അയാൾ ദുരഭിമാനം കാണിക്കുമോ. ശിഷ്യന്മാരെക്കുറിച്ചും സന്താനങ്ങളെക്കുറിച്ചും ദുരഭിമാനമില്ല. അപ്പോൾ ആരാണോ നബിയിൽകൂടി നബിയാകുന്നുത് തീർച്ചയായും ആ നബി, നബിതന്നെ. ഫനാ[58] യുടെ അങ്ങേയറ്റത്തെ അവസ്ഥ. ആവ്യക്തി പ്രതിച്ഛായയിൽ പരിപൂർണമായും ലയിക്കുകയും അതേവസ്ത്രം ധരിക്കുകയും ചെയ്തിരിക്കുന്നു. അതിൽ നിന്ന് പുതിയൊരു വുജൂദ്[59] ഉടലെടുക്കുകയും ഉന്നതമായ വളർച്ച പ്രാപിക്കുകയും ചെയ്തു. നമ്മുടെ നബിയുടെ അനുഗ്രഹങ്ങൾ ദൃശ്യമാകുന്ന സത്യമാണിത്. ജനങ്ങൾ ആ സൗന്ദര്യം താബിഉമാരുടെ[60] വസ്ത്രത്തിൽ കാണുന്നു. പരിശുദ്ധിയിലും സ്നേഹത്തിലും പ്രവാചകനിൽ ലയിച്ചവരാണവർ. മറ്റുള്ളവരെ കാണിക്കാൻവേണ്ടിയാണ് ഇങ്ങനെയൊക്കെ ചെയ്യുന്നതെങ്കിൽ അത് തികഞ്ഞ അജ്ഞതയാണ്.

റസൂൽ തിരുമേനി (സ) സന്താനരഹിതനല്ലെന്നതിന് അല്ലാഹുവിൽ നിന്നുള്ള തെളിവാണത്. ശരിയായി ചിന്തിക്കുന്നവർക്ക് ഇതിന്റെ വിശദീകരണം ആവശ്യമില്ല. ജഡികമായ നിലയിൽ മുഹമ്മദ് നബി(സ) ഒരുപുരുഷന്റേയും പിതാവായിരുന്നില്ല. പക്ഷേ ആ മഹാത്മാവ് ആധ്യാത്മികമായനിലയിൽ രിസാലത്തിന്റെ[61] അനുഗ്രഹങ്ങൾ പൂർത്തിയാക്കിയവരുടെ പിതാവാണ്. കാരണം അദ്ദേഹം പ്രവാചകന്മാരുടെ മുദ്രയും അല്ലാഹുവിന്റെ സന്നിധിയിൽ സ്വീക

---

58. ലയനം 59. ഉണ്മ. 60. സഹാബികളുടെ പിൻതലമുറ 61. പ്രവാചകത്വം

രിക്കപ്പെട്ടവരുടെ അടയാളവുമാണ്. നബിതിരുമേനിയുടെ സാക്ഷിത്വമില്ലാത്തവരും അദ്ദേഹത്തിന്റെ സുന്നത്ത് പ്രകടമാക്കാത്തവരും ആ തിരുസന്നിധിയിൽ പ്രവേശിക്കുകയില്ല. അദ്ദേഹത്തിന്റെ രിസാലത്തിൽ വിശ്വസിക്കാതെ, അദ്ദേഹത്തിന്റെ ദീനിനേയും ഉമ്മത്തിനേയും പിന്തുടരാതെ ഒരുആരാധനയും കർമവും അല്ലാഹു സ്വീകരിക്കുകയില്ല. മുത്തുമുസ്തഫാ (സ) നബിതങ്ങളുടെ മാർഗദർശനങ്ങൾ കഴിവിനനുസൃതം പിൻപറ്റാതെപോയവരെല്ലാം നശിച്ചൊടുങ്ങി. അദ്ദേഹത്തിനുശേഷം ഒരുശരീഅത്തുമില്ല. അദ്ദേഹത്തിന്റെ കിതാബിനേയും വസിയ്യത്തിനേയും വിപാടനംചെയ്യുന്ന ഒന്നുംതന്നെയില്ല. അദ്ദേഹത്തിന്റെ വചനത്തിനു തുല്യമായ വേറൊരു വചനമില്ല. അദ്ദേഹത്തെപ്പോലെ ഒരുഅനുഗ്രഹവർഷവുമില്ല.

ഒരാൾ വിശുദ്ധഖുർആനിൽനിന്ന് അണുവോളം വ്യതിചലിച്ചാൽ അയാൾ ഈമാനിൽനിന്ന് വ്യതിചലിച്ചു. തിരഞ്ഞെടുക്കപ്പെട്ട മഹാനായ നബിയിൽനിന്ന് സ്ഥിരപ്പെട്ട സർവത്തേയും പിൻപറ്റാതെ ആരും മോക്ഷംപ്രാപിക്കുകയില്ല. അദ്ദേഹത്തിന്റെ ഉപദേശങ്ങളെ ആരെങ്കിലുമുപേക്ഷിച്ചാൽ അയാൾ നശിച്ചതുതന്നെ. ഈ ഉമ്മത്തിൽ ഒരാൾ നുബുവ്വത്ത് വാദിക്കുകയും അയാൾ സൃഷ്ടികളിൽ ഉത്തമനായ നമ്മുടെ നേതാവ് മുഹമ്മദു (സ) തിരുമേനിയാൽ വളർത്തപ്പെട്ടവനാണെന്ന് അംഗീകരിക്കാതിരിക്കുകയുമാണെങ്കിൽ ആ ഉത്തമമാതൃകയെ ഉപേക്ഷിച്ച അവന് ഒരുവിലയും ഉണ്ടായിരിക്കുന്നതല്ല. വിശുദ്ധഖുർആൻ അവസാനശരീഅത്താണെന്ന് അംഗീകരിക്കാത്തവൻ നശിക്കുകയും നീചരായ സത്യനിഷേധികളിൽ ചെന്നുചേരുകയും ചെയ്തു. മുഹമ്മദു നബി (സ) [redacted]യുടെ ഉമ്മത്തിൽ അംഗമാണെന്ന് അംഗീകരിക്കാത്ത, തനിക്കുകിട്ടിയ അനുഗ്രഹങ്ങളെല്ലാം നബിമുഖേനയാണെന്ന് സമ്മതിക്കാത്ത, നബിയുടെ തോട്ടത്തിലെ കനിയാണെന്ന്മനസ്സിലാക്കാത്ത, ആ പേമാരിയിലെ തുള്ളിയാണെന്ന് വിശ്വസിക്കാത്ത, ആ പ്രകാശത്തിന്റെ കിരണമാണെന്നു കരുതാത്ത ഒരാൾ നുബുവ്വത്തുവാദമുന്നയിച്ചാൽ അയാൾ ശപിക്കപ്പെട്ടവനാണ്. അയാളുടെ പ്രഥമ അനുയായികളുടേയും അവരെ പിൻതുടരുന്നവരുടേയും അവരുടെ സേവകരുടേയുമ്മേൽ അല്ലാഹുവിന്റെ ശാപമുണ്ട്. ആകാശത്തിൻകീഴിൽ നമുക്കൊരുനബിയുമില്ല; നമ്മുടെ അല്ലാഹുവിന്റെ തിരഞ്ഞെ

ടുക്കപ്പെട്ട നബിയല്ലാതെ. ആകാശത്തിൻകീഴിൽ നമുക്കൊരു കിതാബുമില്ല; ഖുർആനല്ലാതെ. ഇതിന്നെതിരിലുള്ളതെല്ലാം കത്തിക്കാളുന്ന നരകത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നതാണ്.

നമ്മുടെ നബിയുടെ ഹദീസുകളെന്ന് പറയപ്പെടുന്ന വാക്യങ്ങൾ അതു നബിപറഞ്ഞതാണെന്നും വിശുദ്ധഖുർആനെതിരല്ലെന്നും ഗവേഷണത്തിലൂടെ തെളിഞ്ഞതിനുശേഷം ആരാണോ നിഷേധിക്കുന്നത് അയാൾ ഇബിലീസിന്റെ സഹോദരനാണ്. അവൻ സ്വാർഥതയ്ക്കുവേണ്ടി ഈമാൻ നഷ്ടപ്പെടുത്തുകയും ശാപം വിലയ്ക്കുവാങ്ങുകയും ചെയ്തിരിക്കുന്നു. എല്ലാത്തിനേക്കാളും മുൻഗണന വിശുദ്ധഖുർആനുതന്നെയാണ്. അല്ലാഹുവിൽനിന്നുവരുന്ന വിധികർത്താവിന്റെ വഹ്യിന് ഊഹത്തിലധിഷ്ഠിതമായ ഹദീസുകളേക്കാൾ പ്രാധാന്യമുണ്ട്. ആ വഹ്യ് വിശുദ്ധഖുർആനോടു പൂർണമായും യോജിക്കുന്നതും അതിനെതിരല്ലാത്തതുമായിരിക്കണം. ഇതുതന്നെയാണ് ഹദീസുകൾക്കുമുള്ള നിബന്ധന: അതു വിശുദ്ധഖുർആന് എതിരാവാൻ പാടില്ല. എന്നാൽ, ഖുർആൻ ശരീഫിന്റെ അധ്യാപനത്തോടുയോജിക്കാത്ത പലകഥകളും അതിൽകാണാം.

വിധികർത്താവിനു നല്കപ്പെടുന്ന വഹ്യ് പുതിയകനിയാണ്. യഖീനായ വൃക്ഷത്തിൽനിന്നാണത് പറിച്ചെടുക്കപ്പെടുന്നത്. ആരാണോ അൽഇമാമുൽ മൗഊദിന്റെ[62] വഹ്യ് സ്വീകരിക്കാതെ നേരിൽകണ്ടതോ അനുഭവിച്ചറിഞ്ഞിട്ടുള്ളതോ അല്ലാത്ത രിവായത്തു[63]കളുടെ പിന്നാലെ പോകുന്നത് അയാൾ വ്യക്തമായ വഴികേടിലാവുകയും ജാഹിലിയ്യത്തിന്റെ മരണത്തിനിരയാവുകയും ചെയ്യും. കാരണം അയാൾ സന്ദേഹപരമായ കാര്യത്തിന് ദൃഢജ്ഞാനത്തേക്കാൾ പ്രാധാന്യം നല്കി. അങ്ങനെ ദൈവസന്നിധിയിൽനിന്ന് പിന്തള്ളപ്പെട്ടു.

റിപ്പോർട്ടുകൾ ഏതവസ്ഥയിലും അംഗീകരിച്ചേ പറ്റൂവെന്ന് വരുന്നപക്ഷം പ്രതാപവാനായ അല്ലാഹുവിന്റെയടുക്കൽനിന്ന് ഒരാൾ വിധികർത്താവായി വരേണ്ടുന്ന ആവശ്യമെന്ത്? ഈ സ്ഥാനപ്പേര് എന്തിനാണ് അദ്ദേഹത്തിനു കൊടുത്തിട്ടുള്ളത്. ഒന്നിനും വിധിപറയാനുള്ള അധികാരം അദ്ദേഹത്തിനില്ല. അപ്പോൾ ഫത്വ[64]

62. വാഗ്ദത്ത ആത്മീയ നേതാവിന്റെ 63. നിവേദനം 64. മതസംബന്ധമായ വിധി

ചോദിച്ചുവരുന്നആളെപ്പോലെ പണ്ഡിതന്മാർ പറയുന്നതെല്ലാം അദ്ദേഹം സ്വീകരിച്ചുകൊള്ളണമെന്നാണോ? അങ്ങനെയായാൽ അദ്ദേഹം അവർ പറയുന്നതൊക്കെ കണ്ണടച്ചുവിശ്വസിക്കുന്ന അവരുടെ പിൻഗാമിയായിമാറുകയും വിധികർത്താവെന്ന സ്ഥാനപ്പേര് അസ്ഥാനത്തായി തീരുകയും ചെയ്യും.

അത്യുന്നതനായ അല്ലാഹു നിർബന്ധമാക്കിയ നമസ്കാരം, നോമ്പ്, സക്കാത്ത്,ഹജ്ജ് എന്നീകാര്യങ്ങളിൽ നാം വിശ്വസിക്കുന്നു. ആരാണോ ബോധപൂർവം ഇതുപേക്ഷിക്കുന്നത് അവൻ സത്യമർഗത്തിൽനിന്ന് ദൂരപ്പെട്ടുപോയി.

ഈസായും യഹ്യായും സാധാരണചട്ടത്തിനു വിരുദ്ധമായിട്ടാണ് ജനിച്ചതെന്നുള്ളതും നമ്മുടെവിശ്വാസത്തിൽപെട്ടതാണ്. അതിൽ അസംഭവ്യമായി ഒന്നുമില്ല. പ്രസ്തുത രണ്ടുസംഭവങ്ങളും ഒന്നുമറ്റൊന്നിനു സാക്ഷിയെന്നോണം ഒരേ അധ്യായത്തിൽ അല്ലാഹു ഉൾപ്പെടുത്തിയിരിക്കുന്നു. യഹ്യായിൽ തുടങ്ങി ഈസബ്നുമർയമിൽ അതവസാനിച്ചു. അസാധാരണത്വം ചെറിയതിൽനിന്നു വലിയതിലേക്ക്. യഹ്യായിലും ഈസായിലുമുള്ള ഈ ദൃഷ്ടാന്തത്തിന്റെ രഹസ്യംമുഖേന ഒരു വലിയദൃഷ്ടാന്തം നമ്മെ പഠിപ്പിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നു.

ഉത്തമമായ എല്ലാമാർഗങ്ങളും യഹൂദികൾ ഉപേക്ഷിച്ചു. അവരുടെ കർമത്തിലും പെരുമാറ്റത്തിലും സംസാരത്തിലുമെല്ലാം വൃത്തികേടുകൾ കടന്നു. അവരുടെ ഹൃദയം അങ്ങേയറ്റം ദുഷിച്ചു. പ്രവാചകന്മാരെ അവരുപദ്രവിച്ചു. മത്സരബുധ്യാ നിരപരാധികളെ അവർകൊന്നു. അതിക്രമത്തിലും പാപത്തിലും അവർ മുന്നേറി. ദൈവകോപത്തെ വകവെച്ചില്ല. അവരുടെഹൃദയം ഇരുണ്ടുപോയി. പ്രകൃതം കടുകട്ടിയായി. അവരിൽനിന്നുള്ള കൂരിരുട്ട് എങ്ങുംപരന്നു. എല്ലാനന്മകളും അസ്തമിച്ചു. ഭാവനകളെല്ലാം കാളരാത്രിപോലെ ഇരുളടഞ്ഞു. എല്ലാ പരിധികളും അവർ ലംഘിച്ചു. ആരാധ്യനെ അപ്പടി മറന്നു. സകലമതിലുകളും കവച്ചുവച്ചു. രക്ഷാശിക്ഷയുടെ നാഥനെ അവർ ഓർത്തില്ല . വിപത്തിൽനിന്ന് രക്ഷനല്കുന്ന, അവസ്ഥകൾ പരിഷ്കരിക്കാനുതകുന്ന, സത്യത്തിലേയ്ക്കു

നയിക്കാനാകുന്ന പ്രകാശകിരണംപോലും അവരിൽ അവശേഷിച്ചില്ല. അവരാകുന്ന ശരീരത്തിന്റെ എല്ലാഭാഗങ്ങളും കുഷ്ഠരോഗമയമായി. അവരുടെ സ്വഭാവം മുച്ചൂടും വെറുക്കപ്പെട്ടതായി തീർന്നു. അവരുടെ അവസ്ഥ ഈ നിലയിലായപ്പോൾ അല്ലാഹു അവരെ ശപിച്ചു. നാശകാരികളായ അവരുടെ നേരെ അവൻ കുപിതനായി. അവരുടെ തറവാട്ടിൽ നിന്ന് നുബുവ്വത്താകുന്ന അനുഗ്രഹത്തെ എടുത്തുകളയുവാനും അവരെ തരംതാഴ്ത്തുവാനും, മാന്യതയുടെ അടയാളങ്ങൾ അവരിൽനിന്ന് നീക്കിക്കളയുവാനും അവൻ തീരുമാനിച്ചു. നുബുവ്വത്ത് അവരുടെ തറവാട്ടിൽ നിലനിന്നിരുന്നെങ്കിൽ അവരുടെ മാന്യതയ്ക്കു അതു മതിയായതാകുമായിരുന്നു. അവരോടൊപ്പം എന്നെന്നേയ്ക്കുമായി അപമാനമുണ്ടെന്ന് പറയുവാൻ സാധ്യമാകുമായിരുന്നില്ല. അല്ലാഹു ഈസായിലാണ് നുബുവ്വത്തിന്റെ പരമ്പര അവസാനിപ്പിച്ചതെങ്കിൽ യഹൂദരുടെ അന്തസ്സിന് ഒരു കോട്ടവും തട്ടുകയില്ലായിരുന്നു. യഹൂദർക്കായിവന്ന ഈസായെതന്നെ തിരിച്ചുകൊണ്ടുവരികയെന്നതാണ് ദൈവനിശ്ചയമെങ്കിൽ അതിന്റെ അർഥം ആ ജനതയിലേക്ക് വീണ്ടും അന്തസ്സ് മടങ്ങിവരികയെന്നതാണ്. അപ്പോൾ അവർക്കായി നിശ്ചയിക്കപ്പെട്ട നിത്യനിന്ദ്യത കാലഹരണപ്പെട്ടുപോകും. ആരാധ്യനായ അല്ലാഹുവിന്റെ വിധി ദുർബലപ്പെടുകയും ചെയ്യും. അവരുടെ ഉന്മൂലനാശം അല്ലാഹു തീരുമാനിച്ചതാണ്. അവരുടെ അടിക്കല്ല് അവൻ പിഴുതെറിഞ്ഞു. അങ്ങനെ എന്നേക്കുമായി അവർക്ക് നിന്ദ്യത വിധിക്കപ്പെട്ടു.

ആ തീരുമാനം നടപ്പിലാക്കാൻ ഒന്നാമതായി ഈസാ (അ)യെ പിതൃബന്ധംകൂടാതെ അല്ലാഹു സൃഷ്ടിച്ചു. അങ്ങനെ ഈസാ (അ) നമ്മുടെ നബിക്കുമുന്നോടിയായി തീർന്നു. നുബുവ്വത്തിന്റെ സ്ഥലംമാറ്റത്തിന് ഒരടയാളവും. അദ്ദേഹം പാരമ്പര്യമായി ഇസ്രായീലിയായിരുന്നില്ല. നുബുവ്വത്തിന്റെ വഴിമാറ്റത്തിന് യഹ്യ മുമ്പേ തന്നെ അവ്യക്തമായൊരു സൂചനയായിരുന്നു; ആ സമുദായത്തിൽ നിന്നും നുബുവ്വത്ത് സ്ഥലമാറ്റപ്പെടുന്നു എന്നതിനുള്ള ഗോപ്യമായൊരു തെളിവ്. യഹ്യായും ഇസ്രായീലി പരമ്പരയിൽപ്പെട്ട ആളല്ല. അല്ലാഹുവിന്റെ ശക്തിമത്തായ ഒരു പ്രവൃത്തി. അപ്പോൾ ഈ രണ്ടു പ്രവാചകന്മാർക്കുശേഷം യഹൂദികൾക്ക് പൊങ്ങച്ചം

കാണിക്കുവാനോ അഹങ്കരിക്കുവാനോ ഒരു പഴുതുമില്ല. അനാവശ്യമായ തർക്കവിതർക്കങ്ങൾക്ക് വിരാമമിടുവാനും ഇസ്രായീൽകാരുടെ ദുർവാശിയാകുന്ന പൊടിപടലങ്ങളകറ്റുവാനുമാണ് ഇങ്ങനെയെല്ലാം സംഭവിച്ചത്.

അനന്തരം നുബുവ്വത്ത് ഇസ്രായീലി തറവാട്ടിൽനിന്ന് ഇസ്മായീലി തറവാട്ടിലേക്ക് മാറ്റപ്പെട്ടു. അപ്പോൾ നമ്മുടെ ആദരണീയനായ നബി മുഹമ്മദി(സ)ന്റെ മേൽ അല്ലാഹു അനുഗ്രഹം ചൊരിഞ്ഞു. വഹ്യും ജിബ്രീലും യഹൂദരിൽനിന്നകന്നു. അങ്ങനെ നബി(സ) തങ്ങൾ ഖാത്തമുൽഅമ്പിയാഅ് ആയിത്തീർന്നു. അദ്ദേഹത്തിനുശേഷം യഹൂദരിൽനിന്ന് ഒരുനബിയും വരികയില്ല. ഊരിയെടുത്ത മാന്യത അവരിലേക്കു മടങ്ങുകയുമില്ല. ഇത് ദയാപരനായ അല്ലാഹുവിന്റെ വാഗ്ദാനമാണ്. തൗറാത്തിന്റേയും ഇഞ്ചീലിന്റേയും ഖുർആനിന്റേയും അധ്യാപനവും ഇതുതന്നെ. അപ്പോൾ എങ്ങനെയാണ് ഈസായ്ക്കു തിരിച്ചവരാൻകഴിയുക? കരുണാവാരിധിയായ റബ്ബിന്റെ എല്ലാഗ്രന്ഥങ്ങളും അദ്ദേഹത്തന്റെ വരവ് നിരോധിച്ചിരിക്കുന്നു.

അദ്ദേഹം ഖിയാമത്തിനുമുമ്പേ മടങ്ങിവരുമെന്ന് നാം സങ്കല്പിച്ചാൽതന്നെ ദൈവസന്നിധിയിൽ അദ്ദേഹത്തിന്റെ ഉമ്മത്തിനെകുറിച്ച് ചോദ്യംചെയ്യപ്പെടുമ്പോൾ അദ്ദേഹം ഒന്നാംതരം നുണപറയുമെന്ന് സമ്മതിക്കേണ്ടിവരും. അപ്പോൾ

إِذْ قَالَ اللّٰهُ يٰعِيسٰى ....... ءَأَنْتَ قُلْتَ لِلنَّاسِ

എന്ന അല്ലാഹുവിന്റെ വചനത്തിലും[65] അതിന് അദ്ദേഹംകൊടുക്കുന്ന മറുപടിയിലും ചിന്തിക്കുക. അതിനുശേഷം അദ്ദേഹംപറഞ്ഞത് ശരിയോതെറ്റോയെന്ന് വിലയിരുത്തുക.

ഈസാനബിയെ തിരിച്ചുകൊണ്ടു വരുവാനിരിക്കുന്നവരുടെ വാദത്തിന്റെയടിസ്ഥാനത്തിൽ, ഖിയാമം നാളിനുമുമ്പേ അദ്ദേഹം മടങ്ങിവരുമെന്നവാദവും കുരിശിനെ ഉടച്ച് ക്രിസ്ത്യാനികളെയെല്ലാം ഇസ്ലാമിൽ കൊണ്ടുവരുമെന്നവാദവും സത്യമാണെങ്കിൽ

65. മാഇദ 117

'നീ എന്നെ ആകാശത്തിലേക്കുയർത്തിയതിനുശേഷം എന്റെ ഉമ്മത്തിനെന്തുണ്ടായിയെന്ന് ഞാനറിയില്ലെന്ന്, അദ്ദേഹം പറഞ്ഞത് കളവാകുകയില്ലേ? അദ്ദേഹത്തിന്റെ മറുപടി എങ്ങനെയാണ് ശരിയായതാവുക. തിരിച്ചു ഈ ലോകത്തുവരുമ്പോൾ ക്രിസ്ത്യാനികളുടെ ബിംബാരാധനയും തന്നേയും തന്റെ മാതാവിനേയും ആരാധിക്കുന്നതും കാണുകയില്ലേ. അപ്പോൾ അല്ലാഹുവിന്റെ ചോദ്യത്തിന് ഈ നിഷേധാത്മകമായ മറുപടി എങ്ങനെ യോജിക്കും. അദ്ദേഹത്തിന്റെ മറുപടി കളവും ലജ്ജയില്ലായ്മയും ആയിത്തീരുകയില്ലേ? സർവ്വശക്തനായ അല്ലാഹുവിന്റെ മുമ്പിൽ ഇത്രവലിയ കളവുപറയാൻ അദ്ദേഹത്തിന് ഒരുമടിയുമില്ലെന്നോ?

അദ്ദേഹം ഈ ലോകത്ത് വിദേശസഞ്ചാരിയെപ്പോലെ തിരിച്ചു വരുകയും ക്രിസ്ത്യാനികളെ വധിക്കുകയും കുരിശിനെ ഉടയ്ക്കുകയും മൂർച്ചയുള്ള വാൾകൊണ്ട് പന്നിയെകൊല്ലുകയും നാല്പ്പതു വർഷം അവരുടെയിടയിൽ ജീവിക്കുകയും അവരെ തടവുകാരാക്കുകയും നിർബന്ധപൂർവ്വം നേരായമാർഗത്തിലേയ്ക്കു കൊണ്ടുവരികയുമൊക്കെ ചെയ്തിട്ട് 'ഇവരെന്തുചെയ്തെന്ന് ഞാനറിയില്ല' എന്നദ്ദേഹം പറയുമോ?

ഇങ്ങനെയുള്ള വാഗ്ദത്തമസീഹിന്റെകാര്യം മഹാത്ഭുതംതന്നെ. അദ്ദേഹത്തിനു പരലോകശിക്ഷയിൽ ഭയമില്ലെന്നാണോ നാം വിശ്വസിക്കേണ്ടത്. സാധാരണക്കാർപോലും ഇഷ്ടപ്പെടാത്ത ശുദ്ധനുണ അദ്ദേഹം ദൈവസന്നിധിയിൽ വിളമ്പുമെന്ന് നാം അംഗീകരിക്കണോ? ഒരുനബി ഇങ്ങനെയൊക്കെ പറയുമെന്ന് നാം സമ്മതിക്കണം! അദ്ദേഹം ആകാശത്തുനിന്ന് ഭൂമിയിലേക്ക് തിരിച്ചുവന്ന് സ്വസമുദായക്കാരായ ക്രിസ്ത്യാനികളുടെ ത്രിയേകത്വവിശ്വാസവും, വിഗ്രഹാരാധനയും വ്യക്തമായികണ്ടിട്ട് ദൈവസന്നിധിയിൽ ആ അനുഭവകഥയെല്ലാം പാടേ നിഷേധിക്കുന്നു. താൻ ആകാശത്തേക്കുയർത്തപ്പെട്ടശേഷം ഈ ലോകത്ത് കഴിഞ്ഞതൊന്നും അറിയുകയില്ലെന്ന് അദ്ദേഹം പറയുന്നു!! ചോദ്യോത്തരനാളിൽ ദൈവസന്നധിയിൽ ഒരു കൂസലുംകൂടാതെ ഹസ്റത്ത് മസീഹ് കൊടുംകള്ളം വിളമ്പുന്ന ആ രംഗത്തെക്കുറിച്ച് നിങ്ങളൊന്ന് ചിന്തിക്കുക.

ആകാശത്തുനിന്ന് സ്ഥൂലശരീരത്തോടുകൂടിയ മസീഹിന്റെ ഇറക്കം സംശയരഹിതമായ വിധത്തിൽ വിശുദ്ധഖുർആൻ നിഷേധിച്ചതിൽനിന്ന് മനസ്സിലായില്ലേ, വാഗ്ദത്ത മസീഹ് യഹൂദരിൽനിന്നല്ല ഈ ഉമ്മത്തിൽനിന്നാണെന്ന്. നിന്ദ്യത യഹൂദർക്ക് സ്ഥായിയായി കിട്ടിയ ശിക്ഷയാണ്. ഇനിയൊരിക്കലും അവർക്ക് മാന്യത ഉണ്ടാവുകയില്ല. അപ്പോൾ ഈസാ മടങ്ങിവരുമെന്നുള്ള ധാരണ പതയിലെകുമിളയാണെന്ന് നിങ്ങളറിഞ്ഞുകൊള്ളുക. ഖുർആൻ മുഖേന തടയപ്പെട്ട വ്യക്തി ഒരിക്കലും മടങ്ങിവരികയില്ല. ഇനിയും അദ്ദേഹംതന്നെ മടങ്ങിവരുമെന്ന് സങ്കല്പിക്കുകയാണെങ്കിൽ മനുഷ്യകുലത്തിൽ ശ്രേഷ്ഠനായ നമ്മുടെ പ്രവാചകൻ കളവുപറഞ്ഞുവെന്ന് സമ്മതിക്കേണ്ടിവരും. വരാനിരിക്കുന്ന മസീഹ് യഹൂദരിൽനിന്നല്ല ഈ ഉമ്മത്തിൽനിന്നുതന്നെയാണെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. മുഹമ്മദ് നബി (സ)യെ പിൻപറ്റിയ ശ്രേഷ്ഠത ഈസാനബിയ്ക്കില്ല. നമ്മുടെ ഖാത്തമുൽഅമ്പിയാഅ്(സ) വരുന്നതിനുമുമ്പേ അദ്ദേഹം പ്രവാചകനായികഴിഞ്ഞിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ ആ യോഗ്യത നമ്മുടെ തിരഞ്ഞെടുക്കപ്പെട്ട നബിയിൽനിന്ന് സിദ്ധിച്ചതല്ല. ഇക്കാര്യം സുവ്യക്തമാണ്. ഉമ്മത്ത് എന്ന പദത്തിന്റെ പൊരുൾ മനസ്സിലാകാത്തതുകൊണ്ടാണ് ഈസാനബിയെ ഈ ഉമ്മത്തിലെ വ്യക്തിയാക്കാൻ ശ്രമിക്കുന്നത്. ഇത് പ്രതാപവാനായ അല്ലാഹുവിന്റെ ഉൽക്കൃഷ്ടഗ്രന്ഥത്തിന് നിരക്കാത്തതാണ്. ഈസായെ ഈ ഉമ്മത്തിൽ ഉൾപ്പെടുത്തുകയെന്നത് ശുദ്ധ അസംബന്ധവും നാണക്കേടുമാണെന്ന കാര്യത്തിൽ സംശയമില്ല. നിങ്ങൾ ഭക്തന്മാരുടെ കൂട്ടത്തിലാണെങ്കിൽ ചിന്തിക്കുക.

ചുരുക്കത്തിൽ, ഈസായ്ക്കുശേഷം നുബുവ്വത്താകുന്ന അനുഗ്രഹത്തെ അല്ലാഹു യഹൂദരിൽനിന്ന് എടുത്തുകളഞ്ഞു. ഖാത്തമുൽഅമ്പിയാഇനുശേഷം ഇനിയൊരിക്കലും അവരിലേക്ക് ഈ അനുഗ്രഹം തിരിച്ചുവരികയില്ല. ഈസായുടെ പിതൃബന്ധംകൂടാതെയുള്ള ജനനവും സന്താനരഹിതനായിരുന്ന അവസ്ഥയും ഇപ്പറഞ്ഞതിനു അഖണ്ഡമായ രേഖയാണ്; ഇസ്രായീലികളിൽനിന്ന് ആ പരമ്പര വിച്ഛേദിക്കാൻ പോകുന്നുവെന്നുള്ള സൂചന.

മുഹമ്മദിയ്യ നുബുവ്വത്തിന്റെ നടപ്പുകാലത്ത് യഹൂദനായി ജനിച്ചവരിൽനിന്നോ ആ മതം സ്വീകരിച്ചവരിൽനിന്നോ ഒരു നബിയും

വരികയില്ലെന്നുള്ളത് ആദരവുടയവനായ അല്ലാഹുവിൽനിന്നുള്ള വാഗ്ദാനമാണ്. നുബുവ്വത്ത് ഊരിയെടുത്തതുപോലെതന്നെ രാജത്വവും അവരിൽ നിന്ന് ഊരിയെടുക്കപ്പെട്ടു. അല്ലാഹു അവരെ ശവംപോലെ തള്ളിക്കളഞ്ഞു.

യഹ്യായുടെ ജനനം മാനുഷികശക്തി സ്പർശിക്കാതെയായിരുന്നു. ഈസായുടെ ജനനവും പിതൃബന്ധംകൂടാതെതന്നെ. അടയാളമെന്നനിലയിൽ ഇരുവർക്കും അനന്തരാവകാശികളുമില്ല. ദൈവാനുഗ്രഹത്താൽ മുഹമ്മദീമസീഹിന് പിതാവുമുണ്ട്. സന്താനങ്ങളുമുണ്ട്; വിവാഹം കഴിക്കുകയും സന്താനങ്ങളുണ്ടാവുകയും ചെയ്യുമെന്ന് ദൈവഹിതത്താൽ എഴുതപ്പെട്ടതുപോലെ. മുഹമ്മദീ സിൽസില ശ്വാശ്വതമാണെന്നുള്ളതിന്റെ സൂചനയാണിത്. അന്ത്യനാൾവരെ അത് ഛേദിക്കപ്പെടുകയില്ല. ഇത്തരം ദൃഷ്ടാന്തങ്ങളിൽ ചിന്തിക്കാത്തവരെപ്പറ്റി എനിക്കത്ഭുതം തോന്നുന്നു. അതാണെങ്കിൽ നമ്മുടെ പ്രവാചകന്റെ നുബുവ്വത്തിന് ദൃഷ്ടാന്തവുമാണ്.

യൂസുഫിന്റെ രേതസ്കണത്തിൽകൂടി ഉണ്ടായതാണ് ഈസായെന്ന് ചിലർ പറയുന്നു. അജ്ഞതനിമിത്തം യാഥാർഥ്യം അവർക്ക് ഗ്രഹിക്കാൻ കഴിയുന്നില്ല. യൂസുഫുമായിട്ടുള്ള വിവാഹത്തിനുമുമ്പേ മർയം ഗർഭിണിയായിരുന്നു. മർയമിന്റെ മാതാവ് ദൈവവുമായി മുമ്പേചെയ്ത കരാറിന്റെ അടിസ്ഥാനത്തിൽ മർയമിന് വിവാഹബന്ധത്തിലേർപ്പെടാൻ സാധ്യമായിരുന്നില്ല. എന്തായാലും കണ്ണുള്ളവർക്ക് രണ്ടേരണ്ടുകാര്യങ്ങൾ ഇവിടെ സങ്കല്പിക്കാം. ഒന്നുകിൽ ഈസാ സർവജ്ഞനായ അല്ലാഹുവിന്റെ പ്രവചനപ്രകാരം സൃഷ്ടിക്കപ്പെട്ടു. അല്ലെങ്കിൽ–നഊദുബില്ലാഹ്–അദ്ദേഹം ഹറാമീപുത്രനാണ്. മർയം വിവാഹത്തിലൂടെ ഗർഭംധരിച്ചുവെന്നതിനുള്ള ഒരുവഴിയും നാം കാണുന്നില്ല. കാരണം അവരെ സ്വതന്ത്രയായി ദേവാലയ സേവനത്തിനുവേണ്ടി വിടുമെന്ന് അവരുടെ മാതാവ് അല്ലാഹുവുമായി കരാർചെയ്തിരുന്നു. അവരുടെ ഗർഭസമയത്തായിരുന്നു ഈ ഉടമ്പടി ചെയ്തത്. നാം ഇതെഴുതുന്നത് ഖുർആന്റേയും ഇഞ്ചീലിന്റേയും അടിസ്ഥാനത്തിലാണ്. വിജയകരമായ സത്യമാർഗം നിങ്ങൾ കൈവെടിയരുത്. ഈ വിശദീകരണമെല്ലാം അസാധാരണ സംഭവത്തെ സ്വീകരിച്ച് ശീലമില്ലാത്ത അന്വേഷകർക്കു

വേണ്ടിയുള്ളതാണ്. നാമാണെങ്കിൽ അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിൽ വിശ്വസിക്കുന്നു. അല്ലഹു ഉദ്ദേശിച്ചാൽ ഒരിലയിൽനിന്ന് ഈസായെപ്പോലുള്ള വ്യക്തിയെ സൃഷ്ടിക്കും. മാതൃപിതൃബന്ധത്തിലൂടെയല്ലാതെ ജനിക്കുന്ന എത്രയെത്ര പാറ്റകളുണ്ടിവിടെ.

അല്ലയോ യോദ്ധാക്കളേ, ഈസാ(അ)ന്റെ ജനനത്തെസംബന്ധിച്ച് എന്തൊരത്ഭുതമാണ് നിങ്ങളെ പിടികൂടിയിരിക്കുന്നത്. അല്ലാഹുവിന്റെയടുക്കൽ ആ രീതിയിലുള്ള ധാരാളം അടയാളങ്ങളുണ്ട്. ബുദ്ധിമാന്മാർ അവിടെ അത്ഭുതസ്തബ്ധരാകുന്നു. ചിന്തകന്മാരുടെ കുതിര മുട്ടുമടക്കുന്ന ചില അസാധാരണത്വവുമുണ്ടവിടെ. അവന്റെ സൃഷ്ടിവൈഭവത്തിനുമുമ്പിൽ ബുദ്ധിനിശ്ചലമാകുന്നു. സൃഷ്ടികളുടെ പരാജയം അവിടെ പ്രത്യക്ഷപ്പെടുന്നു. അല്ലാഹുവിനെ അവനർഹിക്കുംവിധം മനസ്സിലാക്കാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള അത്ഭുതങ്ങളെ അവർ നിഷേധിക്കുന്നത്. പൂർണചന്ദ്രന്റെ പ്രകാശമുണ്ടെങ്കിലും അവരിരുട്ടിൽ കഴിയുന്നു. പ്രകാശത്തിന്റെ അടുത്തെങ്ങും അവരില്ല. അറ്റംകാണാത്തിടത്ത് കൂരിരുട്ട് അവരെ തളച്ചിട്ടിരിക്കുന്നു. മഹാത്ഭുതം! അത്തരക്കാർ വഴിപിഴച്ചവരാണെങ്കിലും ജനങ്ങളുടെ മുമ്പിൽ ഓന്തായിമാറുന്നു. അപകടകരമായ വനാന്തരങ്ങളിൽ ധൈര്യത്തോടെ അവർ സഞ്ചരിച്ചിട്ടില്ല. മരുഭൂമിയിൽ ഒറ്റപ്പെട്ടുപോയ വഴിപോക്കനെപ്പോലെ അവർ ആത്മഹത്യക്കൊരുങ്ങുന്നു. ആപൽക്കരമായ പ്രലാപനം അവർ ഉപേക്ഷിക്കുന്നില്ല. ഒരു സ്ഥലത്തും അവർക്കു രക്ഷയില്ല. ഓരോചുവടുവയ്ക്കുമ്പോഴും അവർ നാശത്തെ മുന്നിൽ കാണുന്നു. പൊതുജനങ്ങളെ വേട്ടയാടാമെന്നുള്ള ദുർമോഹത്തിൽ അവർ ധീരത പ്രകടിപ്പിക്കുന്നു. അജ്ഞതാന്ധകാരം അവരെ അടിമേൽ മറിച്ചിരിക്കുകയാണ്. അവരൊന്നിനേയും പരിഗണിക്കുന്നില്ല. വഴികെട്ട മുന്നേറ്റത്തിൽ അറച്ചു നില്ക്കുന്നുമില്ല.

ഈസാനബിയുടെ മരണത്തെ സംബന്ധിച്ച് നിരവധി തെളിവുകൾ നമ്മുടെ പക്കലുണ്ട്. അത് വ്യക്തമായി വെളിവാക്കാൻ ഞാൻ നിർബന്ധിതനാണ്, ജനങ്ങൾ ഗ്രഹിക്കുമെങ്കിൽ! പ്രധാന തെളിവുകൾ ഖുർആനിലെ ആയത്തുകളാണ്. കാര്യം ഗ്രഹിക്കുന്നവർക്കു വേണ്ടിയാണത്. ചിന്തിക്കുന്നവർക്കു തിരുവചനങ്ങളിലും ധാരാളം തെളിവുകളുണ്ട്.

فَلَمَّا تَوَفَّيْتَنِي

എന്ന ആയത്തിലൂടെ മർയമിന്റെ മകൻ മരിച്ചുപോയെന്ന് അല്ലാഹു വ്യക്തമാക്കുന്നു. തന്നെയുമല്ല, അദ്ദേഹം തിരിച്ചുവരികയില്ലെന്നും അതുപറയുന്നു. മുമ്പേ വിവരിച്ചതുപോലെ മിഅ്റാജ് രാവിൽ നബി(സ) അദ്ദേഹത്തെ മരണമടഞ്ഞ യഹ്യായുടെയടുക്കൽ ഇരിക്കുന്നതായി കണ്ടു. മരണമടഞ്ഞവരുടെ ലോകത്തേക്ക് ജീവിച്ചിരിക്കുന്ന ആൾ സ്ഥലംമാറ്റപ്പെടുകയെന്നത് ബുദ്ധിക്കു യോജിക്കുന്നില്ല. മരിച്ചാളുടെ കൂടെയാണ് അദ്ദേഹമുള്ളതെങ്കിൽ അദ്ദേഹവും മരിച്ചിരിക്കുകയാണ്.

ഹസൻ ബസ്വരിയുടെ വാക്കുകളിൽനിന്ന് ഈസാനബി മരിച്ചിട്ടില്ലെന്നും അദ്ദേഹം അവസാനകാലത്തു മടങ്ങിവരുമെന്നും തെളിയുന്നുണ്ടെന്ന്, ദൈവിക ഗ്രന്ഥത്തിൽ ചിന്തിക്കാത്തവരും സത്യാന്വേഷികളോ ദിവ്യജ്ഞാനമുള്ളവരോ അല്ലാത്തവരുമായ ആളുകൾ പറയുന്നു. ഇതിനുള്ള ഒന്നാമത്തെ മറുപടി നാം ബസ്വരിയിലും മിസ്വരിയിലും വിശ്വസിക്കുന്നില്ല എന്നതാണ്. ഫുർഖാനെ അളീമിലും[66] സത്യമായി ജ്ഞാനം നല്കപ്പെട്ട നമ്മുടെ നബിയുടെ വചനങ്ങളിലുമാണ് നാം വിശ്വസിക്കുന്നത്. തിരുവചനത്തിലും വിശുദ്ധ ഖുർആനിലും വന്നതെല്ലാം താങ്കൾ കേട്ടുകഴിഞ്ഞു. അതിനുശേഷം ഇനിയും വല്ലതുമുണ്ടോ എന്ന ചോദ്യം അസ്ഥാനത്താണ്. മരണമെന്നത് ആദം മുതൽ നമ്മുടെ നബിവരെയുള്ള എല്ലാ പ്രവാചകന്മാരുടേയും സുന്നത്താണ്. ഈ പരമ്പരാഗത ചട്ടത്തിൽനിന്ന് പുറത്തുപോകാൻ ഈസായ്ക്കെങ്ങനെ കഴിയും? സജ്ജനങ്ങളെല്ലാം ആ സമ്പ്രദായത്തെ സ്വീകരിച്ചുപോന്നിട്ടുണ്ട്. അവരിൽനിന്ന് നാമും അതിനെ അവകാശിയായി സ്വീകരിക്കുന്നു.

ഈ മേഖലയിൽതന്നെ അടുത്തൊരു സ്ഥലത്ത് അദ്ദേഹത്തിന്റെ ശവകുടീരമുണ്ടെന്ന് നമുക്കു വിവരം കിട്ടിയിരിക്കുന്നു. സംശയത്തിനോ തെറ്റുധാരണയ്ക്കോ ഇടയില്ലാത്തവിധം അതദ്ദേഹത്തിന്റെ ഖബ്റാണെന്ന് സ്ഥിരപ്പെട്ടുകഴിഞ്ഞു. അസൂയാലുക്കളായ ആലിം

66. ഫുർഖാനെ അളീം – ഖുർആൻ

കളുടെ നിഷേധംകൊണ്ടു സത്യമൊരിക്കലും ബലഹീനമാവുകയില്ല. അവർ അഹങ്കാരത്തോടെ മാത്രമേ സംസാരിക്കുന്നുള്ളൂ. നിഷേധികളായി അവർ നമ്മുടെ അടുക്കൽ വരുന്നു. തിരിച്ചറിവോ ബുദ്ധിയോ ഇല്ലാത്ത, അന്യരെ അപമാനിക്കുന്ന അഹംഭാവികളാണവർ. തങ്ങളാണ് സമുദായത്തിന്റെ മാതൃകയും മതത്തിന്റെ നക്ഷത്രവുമെന്ന് അവർ പറയുന്നു. ആദ്ധ്യാത്മികത്വം മരണമടഞ്ഞു. നശ്വരമായ ഭൗതികത്വം വിജയം വരിച്ചു. ഈസാനബിയെ സംബന്ധിച്ച് റഫഅ എന്ന പദം ഉപയോഗിച്ചത് ശപ്തമായൊരു തെറ്റുധാരണ അകറ്റാനാണെന്ന് എന്തുകൊണ്ട് അവർ മനസ്സിലാക്കുന്നില്ല? ശരീരത്തോടെ ആകാശത്തേക്കു കയറിപ്പോകുന്നത് തെറ്റു ധാരണയ്ക്കു പരിഹാരമാകുമോ?

ബനൂഇസ്റാഈലിലെ എല്ലാ ഗോത്രങ്ങൾക്കും വേണ്ടിയായിരുന്നു ഈസാ നിയോഗിതനായത്. ആ ഗോത്രങ്ങൾ ഭൂമിയിൽ പലസ്ഥലത്തുമായി ചിതറിപ്പോയിരുന്നു. അവരെ അന്വേഷിച്ചു കണ്ടുപിടിക്കേണ്ട ബാധ്യത അദ്ദേഹത്തിനുണ്ട്. അപ്പോൾ തന്റെ കടമ നിറവേറ്റുന്നതിനുമുമ്പേ അദ്ദേഹമെങ്ങനെ ആകാശത്തേക്കു കയറിപ്പോകും? ഇതെല്ലാം പച്ചക്കള്ളമാണ്. ബുദ്ധി ഇതംഗീകരിക്കുന്നില്ല. അടിസ്ഥാനരഹിതമായ തത്ത്വശാസ്ത്രം. വൃത്തികെട്ട വൃക്ഷമായിട്ടല്ലാതെ അതുവളരുന്നില്ല. വാനയാത്ര സത്യമായിരുന്നെങ്കിൽ അതിന്റെ അനന്തരഫലം ഉൽക്കൃഷ്ടമാകേണ്ടതുതന്നെയായിരുന്നു. ഈ വിശ്വാസം പൈശാചികമായ തെറ്റുധാരണയും ഇബ്ലീസിന്റെ കെണിയുമാണെന്നതിനു സംശയമില്ല. അതുകൊണ്ടാണ് തൗഹീദിന്[67] അത് ഭീഷണിയായത്. ഏകനും അതുല്യനുമായ അല്ലാഹുവിനെ വിശ്വസിക്കേണ്ടുന്ന സ്ഥാനത്ത് ത്രിയേകത്വം അടിച്ചേല്പിക്കപ്പെടുന്നു. അനന്തരം അനേകർക്കായി നരകകവാടങ്ങൾ തുറക്കപ്പെട്ടിരിക്കുകയാണ്. ഈ ദുഷ്ടമൃഗത്തിന്റെ കരാളഹസ്തത്തിലും ബഹുദൈവാരാധനയുടെ കയത്തിലും മനുഷ്യരാശി അകപ്പെട്ടുപോയി. ഈസാ സ്ഥൂലശരീരത്തോടെ ആകാശത്തു ജീവിച്ചിരിക്കുന്നുവെന്ന ദുഷിച്ചവിശ്വാസം മുസ്‌ലിംകൾ അംഗീകരിക്കാതിരുന്നെങ്കിൽ ക്രൈസ്തവസഭയുടെ അമ്പിൽനിന്നും അന്യമതത്തിൽ ചേക്കേറുന്നതിൽനിന്നും അവർ രക്ഷപ്പെടുമായിരുന്നു.

67. ഏകദൈവവിശ്വാസം

പക്ഷേ, നാം അവരെ ക്രൈസ്തവപാതിരിമാരുടെ കൈയിൽ തടവുകാരായി കാണുന്നു. നമ്മുടെ ലോകശ്രേഷ്ഠനായ നബി സയ്യി ദുർറുസുലാണെന്ന് അവർ നാവുകൊണ്ട് പറയുന്നു. പക്ഷേ കർമ ത്തിൽ അതുകാണുന്നില്ല. ഓ ആകാശമേ! അവരുടെ അപരാധ ത്തിൽ നീ എന്തുകൊണ്ടു പൊട്ടിപ്പിളരുന്നില്ല! ഓ ഭൂമിയേ! നീ എന്തുകൊണ്ട് ഭൂകമ്പത്താൽ പൊട്ടിത്തെറിക്കുന്നില്ല! നിശ്ചയമാ യും ഇക്കൂട്ടർ ഈസായെ എതിരേല്ക്കാൻ ഉന്നതമായ കൊടി തോരണങ്ങൾ കെട്ടിയിരിക്കുന്നു. നമ്മുടെ തിരഞ്ഞെടുക്കപ്പെട്ട സയ്യിദിനുവേണ്ടി അവർ ഒന്നും ബാക്കിവച്ചില്ല.

ദൈവദൃഷ്ടി ഭൂമിയിൽ പതിഞ്ഞപ്പോൾ എല്ലായിടത്തും ഇബ്നു മർയമിന്റെ മാഹാത്മ്യം മാത്രം! ആദം സന്തതികളിലെ സർവ ശ്രേ ഷ്ഠനായ വ്യക്തിക്കായി എടുത്തുദ്ധരിക്കാനൊന്നുമില്ല! അപ്പോൾ, മുസ്ലിം സമുദായത്തിനുവേണ്ടി പോരാടുന്ന, പ്രവാചകശ്രേഷ്ഠന്റെ മാഹാത്മ്യങ്ങൾ വെളിപ്പെടുത്തുന്ന, നട്ടെല്ലുള്ളവരുടെമേൽ തെളി ഞ്ഞുനില്ക്കുന്ന ഒരു സൃഷ്ടി വേണമെന്ന് അല്ലാഹു കണ്ടു. അങ്ങനെ ആ ലക്ഷ്യസാക്ഷാത്കാരത്തിനായി അവനെന്നെ നിയ മിച്ചയച്ചു. സ്നേഹനിധിയായ അല്ലാഹുവിൽനിന്നും രംഗപ്രവേശം ചെയ്ത കല്പനയാണു ഞാൻ. ഈ സേവനത്തിനായി ഞാൻ നിയോഗിതനായിട്ട് മുപ്പതുവർഷം കഴിഞ്ഞു. അല്ലാഹു, ഞാൻമു ഖേന അനേകം ദുഷ്ടാത്മാക്കളെ പാഠംപഠിപ്പിക്കുകയും അവർക്കു കടിഞ്ഞാണിടുകയും ചെയ്തു. അല്ലാഹുവാണെ ആകാശത്തുനിന്ന് ഒരാളിറങ്ങുന്ന അത്ഭുതം കാണാനല്ല വർത്തമാനകാലം കാത്തി രിക്കുന്നത്. പരിശുദ്ധിയും ഭക്തിയുംകൊണ്ട് കുറേആത്മാക്കൾ ആകാശത്തേക്കു കയറിപ്പോകുന്നത് കാണുകയാണ് അതിന്റെ ലക്ഷ്യം. മുസ്ലിംകൾ ഭൗമികമായ ആഡംബരങ്ങളുമായി കെട്ടി മറിയുന്നത് നിങ്ങൾ കാണുന്നില്ലേ? ദൈവികപ്രകാശം അവർ കാണുന്നില്ല. ആരോഗ്യമുള്ള ബുദ്ധിയോ നേരായ ജ്ഞാനമോ അവരിൽ അവശേഷിക്കുന്നില്ല. അവർ പറയുന്നതെല്ലാം പരസ്പ രവിരുദ്ധം. പ്രവർത്തിക്കുന്നതോ തനി വിവരക്കേടും. ഉദാഹരണം: ഈസാ ലോകസഞ്ചാരിയായിരുന്നുവെന്ന് അവരെല്ലാവരും പറയു ന്നു. അതോടൊപ്പം കുരിശുസംഭവത്തിനുശേഷം സർവലോകരക്ഷി താവിന്റെ കല്പനയാൽ അദ്ദേഹം ആകാശത്തേക്കുയർത്തപ്പെട്ടുവെ

ന്നും അവർ പറയുന്നു. മുപ്പത്തിമൂന്നാമത്തെവയസ്സിലാണ് അദ്ദേഹം ആകാശത്തേക്കുകയറിയത്! അപ്പോൾ ഏതുകാലയളവിലാണ് അദ്ദേഹം ലോകംമുഴുവൻ സഞ്ചരിച്ചതെന്ന് വിലയിരുത്തുക. എല്ലാ നാട്ടിലും പോകാനും അവിടങ്ങളിലൊക്കെ ചുറ്റിസഞ്ചരിക്കാനും അദ്ദേഹത്തിന് അവസരമുണ്ടായതെപ്പോഴാണ്.

അതേപോലെ, ഈസാ ഉയർത്തപ്പെട്ടുവെന്നും മരിച്ചവരുടെ കൂട്ടത്തിൽ പ്രവേശിച്ചുവെന്നും സമ്മതിക്കുന്നതോടൊപ്പം അദ്ദേഹം സ്ഥൂലശരീരത്തോടെ ജീവിച്ചിരിക്കുന്നുവെന്നും പിന്നീട് ആകാശത്തുനിന്നിറങ്ങുമെന്നും പറയുന്നു.

വാഗ്ദത്ത മസീഹ് ഈ ഉമ്മത്തിൽ നിന്നാണെന്ന് സമ്മതിക്കുന്നതിനോടൊപ്പം ഈസാനബി ആകാശത്തുനിന്നിറങ്ങുമെന്നും അദ്ദേഹം സൃഷ്ടികളിൽ ശ്രേഷ്ഠനായ നമ്മുടെ നബിയുടെ ഉമ്മത്തിൽപെട്ട ആളായിരിക്കുകയില്ലെന്നും പറയുന്നു.

ലാ ഇക്റാഹ ഫിദ്ദീൻ[68] എന്നവചനം വിശുദ്ധഖുർആനിൽ ഓതുന്നതോടൊപ്പം വാളേന്തിയ ഒരു മഹ്ദി ഇറങ്ങുമെന്നും മുസ്ലിംകളല്ലാത്തവരെയെല്ലാം വെട്ടിക്കൊല്ലുമെന്നും പറയുന്നു.

പണ്ടുള്ളവരൊക്കെ മോശക്കാരാണോയെന്നും അവർ ഈ വിശ്വാസം വച്ചുപുലർത്തി മരിച്ചവരല്ലേയെന്നും അവരുടെ അവസ്ഥ എന്തായിരിക്കുമെന്നും ചില വിഡ്ഢികൾ ചോദിക്കുന്നു. അറിയുക, അങ്ങനെ മരിച്ചവർ ഖാത്തമുൽഅമ്പിയായ്ക്കുമുമ്പേ, തങ്ങളുടെ സമുദായത്തിൽനിന്ന് മൂസായ്ക്കു സദൃശ്യമുള്ള ഒരാൾ വരുമെന്ന് ധരിച്ച യഹൂദരെപ്പോലെയാണ്. ഈ തെറ്റായ ധാരണ നിമിത്തം അല്ലാഹു അവരെ പിടികൂടിയില്ല. നമ്മുടെ യജമാനൻ സകല മുർസലുകളുടേയും യജമാനൻ പ്രത്യക്ഷപ്പെട്ടപ്പോൾ നിഷേധിക്കുന്നവർ അദ്ദേഹത്തെ നിഷേധിച്ചു. പണ്ടുള്ളവർ പറഞ്ഞതുപോലെ അവർ പറയുകയും ചെയ്തു. അവരുടെ കളവും പാപവും നിമിത്തം അല്ലാഹു അവരെ പിടികൂടി. ഹുജ്ജത്ത് പൂർത്തിയായതിനുശേഷമേ തെറ്റുതെറ്റായി ഗണിക്കപ്പെടുകയുള്ളൂ. ഒരു

68. മതം വിശ്വസിക്കുന്ന കാര്യത്തിൽ നിർബന്ധമില്ല. വി.ഖു.2:257.

പ്രവാചകൻ വരുന്നതിനുമുമ്പേ അശ്രദ്ധരായി ജീവിച്ച് മരിച്ചുപോകുന്നവരെ അല്ലാഹു പിടികൂടുകയില്ല. അദ്ദേഹത്തിന്റെ ക്ഷണം അവർക്കെത്തുകയോ അവർ നിഷേധിക്കുകയോ ചെയ്യാത്തതിനാൽ അല്ലാഹു തന്റെ കാരുണ്യംകൊണ്ട് അവർക്ക് പൊറുത്തുകൊടുക്കും.

ഇക്കാലത്ത് ഒരു താക്കീതുകാരൻ വന്നതിനാണോ ജനങ്ങൾ അത്ഭുതപ്പെടുന്നത്. അഹോ കഷ്ടം! ഖുർആൻ പാരായണം ചെയ്യുന്ന ഇവർക്ക് അല്ലാഹുവിന്റെ ചട്ടത്തെ എങ്ങനെ മറക്കാൻ കഴിയുന്നു. തന്റെ ദാസൻമാർ തോന്ന്യാസത്തിൽ അതിരു കടക്കുമ്പോൾ അവരുടെ ദുർനടപ്പുകളേയും നിഷിദ്ധകാര്യങ്ങളേയും ചൂണ്ടിക്കാണിച്ചു കൊടുക്കുന്നതിനുവേണ്ടി പ്രവാചകനെ അയക്കുകയെന്നത് അല്ലാഹുവിന്റെ സനാതനനിയമമാണ്.

താക്കീതുകാരൻ വരുമ്പോൾ ജനങ്ങൾ മൂന്നുതരക്കാരായി പിരിയുന്നു. ഒരുവിഭാഗം, കുതിര അതിന്റെ മേച്ചിൽസ്ഥലം തിരിച്ചറിയുന്നതുപോലെ അദ്ദേഹത്തെ തിരിച്ചറിയുന്നു. രണ്ടാമത്തെ വിഭാഗം ദൃഷ്ടാന്തങ്ങൾ കണ്ട് കണ്ണുതുറക്കുന്നവരാണ്. വ്യക്തമായ തെളിവുകൾക്കു മുമ്പിൽ അവരുടെ സന്ദേഹമെല്ലാം ഉരുകിപ്പോകുന്നു. മൂന്നാമത്തെവിഭാഗം ദൈവികമായ ഉൾക്കാഴ്ച നല്കപ്പെട്ടിട്ടില്ലാത്തവരാണ്. അതുകൊണ്ട് ദൃശ്യശക്തി ക്ഷയിച്ച ഒട്ടകം കുഴിയിൽ വീഴുന്നതുപോലെ അവർ വീഴുന്നു. യാഥാർഥ്യത്തിലേക്ക് അവരെത്തുന്നില്ല. കടുത്തുപോയ അവരുടെ ഹൃദയം ശിക്ഷയെ ക്ഷണിച്ചുവരുത്തുന്നു. വിപത്തുകളിലൊന്നും അവർ വിശ്വസിക്കുകയില്ല. സൗഖ്യവും സമാധാനവും അവരിൽനിന്ന് വലിച്ചെടുക്കപ്പെടുന്നു. പലതരത്തിലുള്ള ക ഷ്ടതകളും ബുദ്ധിമുട്ടുകളും അവരെപിടികൂടുന്നു. ഇതാണ് ആകാശത്തു നിന്നിറങ്ങുന്ന ശിക്ഷയുടെ യാഥാർഥ്യം. ഇതുനിമിത്തമാണ് പ്ലേഗ് പൊട്ടിപ്പുറപ്പെട്ടത്. ബുദ്ധിമാന്മാരായ ആളുകൾ ഇതിനെക്കുറിച്ചു ചിന്തിക്കട്ടെ. ദീനീകാര്യത്തിൽ ഒരുവിധ നിർബന്ധവുമില്ല. പക്ഷേ അവരുടെ സ്വഭാവം ഒരുതരം നിർബന്ധിതാവസ്ഥ ആവശ്യപ്പെടുന്നുണ്ട്. അതൊരിക്കലും ചോദ്യംചെയ്യപ്പെടുന്നില്ല. ആ നിർബന്ധിതാവസ്ഥ മനുഷ്യകരത്താൽ ഉണ്ടാകുന്നതല്ല. അത് റഹ്മാനായ റബ്ബിന്റെ ദൃഷ്ടാന്തമാണ്. ഗുണപാഠം നല്കുന്ന ദൃഷ്ടാന്തങ്ങൾ നിർബ

സ്ഥിതാവസ്ഥയുടെ വർഗത്തിൽപെട്ടതല്ല. വാളും മറ്റായുധങ്ങളും ഉപയോഗിച്ചുള്ള ബലാൽക്കാരപ്രവർത്തനങ്ങളാണ് നിഷിദ്ധമായിട്ടുള്ളത്. അശ്രദ്ധയിലാണ്ടുപോയവരെ ജാഗ്രതപ്പെടുത്തുന്നതിനുവേണ്ടി അല്ലാഹു ഒരുതരം ശിക്ഷ ഇക്കാലത്തു തിരഞ്ഞെടുത്തു. അങ്ങനെ നാശകാരിയായ പ്ലേഗിനെക്കൊണ്ടു അവൻ അവരെ പാഠംപഠിപ്പിച്ചു. അത് അദൃശ്യലോകത്തുനിന്ന് വന്നതാണ്, ഉറയിൽനിന്നൂരിയതല്ല.

ഭൂകമ്പംകൊണ്ടും അവൻ പാഠംപഠിപ്പിക്കാറുണ്ട്. അപ്പോൾ വീടിന്റെ ഭിത്തി അതിന്റെ മുമ്പിൽ സുജൂദു ചെയ്യുന്നു. അഗ്നിപർവ്വതംകൊണ്ടും, വെള്ളപ്പൊക്കംകൊണ്ടും സമുദ്രങ്ങൾ കിടിലംകൊള്ളുന്ന കൊടുങ്കാറ്റുകൊണ്ടും അവൻ ചിലപ്പോൾ ജാഗ്രതപ്പെടുത്തുന്നു. നിശ്ചയമായും അവന്റെ കോപം ജ്വലിച്ചുകൊണ്ടിരിക്കുകയാണ്.

പ്ലേഗ് ചെറിയവരേയും വലിയവരേയുമൊന്നും മാറ്റിനിറുത്തിയിട്ടില്ല. അതിന്റെ മുന്നേറ്റം തടയാൻ സർക്കാർ ഉത്തമമായ മാർഗം സ്വീകരിച്ചെങ്കിലും ചിലകാരണത്താൽ അവർക്കതിൽ വിജയിക്കാൻ കഴിഞ്ഞില്ല. എന്നെ ആക്ഷേപിക്കുന്നവർക്ക് അല്ലാഹു മറുപടികൊടുത്തു എന്നതാണ് വസ്തുത. ആ മരണങ്ങൾ നിമിത്തം അവൻ എന്നെ രക്ഷിച്ചു. പ്ലേഗ് പടർന്നുപിടിക്കുന്നതിനുമുമ്പേ അത് സർവത്രവ്യാപിക്കുമെന്നും നിരവധിയാളുകൾ മരണത്തിനിരയാകുമെന്നും അവൻ എന്നോടു പറഞ്ഞിരുന്നു. അവൻ പറഞ്ഞതുപോലെ പ്രവർത്തിച്ചു. അല്ലാഹുവാണെ, ഹിജ്റയുടെ ഈ നൂറ്റാണ്ട് തുടങ്ങുന്നതിനുമുമ്പേ അവനിതെല്ലാം എനിക്കറിയിച്ചു തന്നിട്ടുണ്ട്. പിന്നീട് തുടർച്ചയായി അത് സംബന്ധമായുള്ള വിവരങ്ങൾ ലഭിക്കുകയും ചെയ്തു. അവസാനം ഇവിടേയും പ്ലേഗു പുറപ്പെട്ടു. ആ വാർത്ത എനിക്കുലഭിച്ചു. അതിന്റെ പ്രതികരണവും ഞാനറിഞ്ഞു. ആവർത്തിച്ചാവർത്തിച്ച് ഞാനതിൽ കണ്ണോടിച്ചു. കൂടുതൽകൂടുതൽ ചിന്തിച്ചു. അത് വാഗ്ദാനം ചെയ്യപ്പെട്ട അടയാളമാണ്. അത് എതിരാളികളുടെ എണ്ണം കുറയ്ക്കുകയും നമ്മുടെ അനുയായികളിൽ വർദ്ധനവുണ്ടാക്കുകയും ചെയ്തു. അങ്ങനെയവർ ലക്ഷമോ അതിലധികമോ ആയിത്തീർന്നു. ഇന്നാണെങ്കിൽ

അവരുടെ സംഖ്യ അതിനേക്കാൾ ഇരട്ടിയാണ്. ചിന്തിക്കുന്നവർക്ക് ഇതിൽ ദൃഷ്ടാന്തമുണ്ട്. കുശുമ്പും കുന്നായ്മയും തലയിലേറ്റിയവർ ഇരുളിനെ തിരയുന്നു. പ്രകാശം അവർക്കു വേണ്ട. ആരംഭം മുതലേ അവരുടെഹൃദയത്തിൽ പകയും പോരും മുദ്രണം ചെയ്യപ്പെട്ടിരിക്കുകയാണ്. ആ അസൂയ പിതാക്കൾവഴിയായി മക്കൾക്കു കിട്ടിയതാണ്. അവരിൽ പിശുക്കിന്റേയും അഹന്തയുടേയും പൊങ്ങച്ചത്തിന്റേയും വിഷബീജങ്ങൾകാണാം. ഈ എതിരാളികൾക്കും നിഷേധികൾക്കും സമാനമായതൊന്നും ചരിത്രസംഭവങ്ങളിൽ നാം കേട്ടിട്ടില്ല. അല്ലാഹുവാണെ, ഇത്തരം പണ്ഡിതന്മാർ ഇക്കാലത്തുണ്ടായതുതന്നെ ഖിയാമത്തിന്റെ അടയാളത്തിനു മതിയായതാണ്. ചിലർ മുതലാളിമാരെ ആദരിക്കുന്നു. എന്നാൽ ആകാശത്തിൽ ആദരിക്കപ്പെടുന്നതിനുവേണ്ടി അവർ ദൈവഭക്തിയുമായി അടുക്കുന്നില്ല. സൗഖ്യത്തിന്റെ പട്ടുമെത്തയിൽ അവർ കൂർക്കംവലിക്കുമ്പോൾ ഇസ്‌ലാം പടുകുഴിയിൽ ആപതിക്കുന്നു. ദീനീബന്ധുക്കൾ ചവുട്ടിമെതിക്കപ്പെടുമ്പോൾ അവർ മനോഹരമായ തലപ്പാവിന്റേയും ജുബ്ബയുടേയും ആകർഷകമായ താടിയുടേയും ഊന്നുവടിയുടേയും പ്രദർശനം നടത്തുന്നു. ദീനിന്റെ മഹച്ഛക്തിയും സമുദായത്തിന്റെ കഴിവും നശിച്ചുപോയിരിക്കുന്നു. ഐഹിക ജീവിതത്തിന്റെ അലങ്കാരത്തെതേടി അധികാര വർഗവുമായി അടുത്തുനില്ക്കാൻ അവർ ആഗ്രഹിക്കുന്നു. കാര്യമിങ്ങനെയാണെങ്കിലും റഹ്മാനായ റബ്ബിന്റെ അടുക്കൽ നിന്നുവരുന്ന മുജദ്ദിദിനെ അവർക്കാവശ്യമില്ല. ദീനിന്റെ സംരക്ഷകരും യുദ്ധാങ്കണത്തിലെ യോദ്ധാക്കളുമായി അവർക്ക് അവർതന്നെ മതി! ദുർഗന്ധം വമിക്കുന്ന ദുൻയാവിന്റെ അഴുക്കും ചേറും അവരുമായി പറ്റിപ്പിടിച്ചപ്പോൾ തിരിച്ചറിവിന്റെ പ്രകാശം അവരിൽനിന്ന് അല്ലാഹു എടുത്തുകളയുകയും അവരെ വഴികേടിൽ വിടുകയും ചെയ്തു. അങ്ങനെ കൂർമബുദ്ധിയും ഉത്തമലക്ഷണവും അവരിൽ അവശേഷിക്കാതായി. സൂക്ഷ്മമായ രഹസ്യങ്ങൾ ഗ്രഹിക്കാനുള്ള വിശേഷബുദ്ധി അവർക്കു നഷ്ടപ്പെട്ടു. സന്മാർഗത്തിന്റെ വാതായനങ്ങൾ അന്യർക്കുവേണ്ടി തുറക്കുന്നതും ഈ നീചർക്കായി അടഞ്ഞുകിടക്കുന്നതും ഞാൻ കാണുന്നു. സ്നേഹഭാജനവുമായുള്ള എല്ലാബന്ധവും അവർ വിച്ഛേദിച്ചു. തത്ത്വശാസ്ത്രത്തെ ആവരണംചെയ്യുന്നതും സൂക്ഷ്മമായ കാര്യങ്ങൾ തിരഞ്ഞുകണ്ടുപിടിക്കുന്നതും ഗ്രഹിക്കാൻ

പ്രയാസമുള്ള മതപരമായ പ്രശ്നങ്ങളുടെ കെട്ടഴിക്കുന്നതും അവർക്ക് അസാദ്ധ്യമായിത്തീർന്നു. ഇതാണ് വസ്തുതയെങ്കിലും പൊതുജനമദ്ധ്യേ അവർ ഞാൻ പറഞ്ഞ ന്യൂനതകളൊന്നുമില്ലാത്തവരും വിശ്വസ്തരും സാത്ത്വികരും സത്യസന്ധരുമാണ്!

ഇതാണ് ഈ സമൂഹത്തിനു വന്നുഭവിച്ച ഏറ്റവും വലിയ വിപത്ത്. പ്ലേഗ് അതിന്റെ ഫലമല്ലാതെ മറ്റൊന്നുമല്ല. ഈ നാടും അതിലെ വഴിയോരങ്ങളും ശുചിയായി സൂക്ഷിക്കാൻ പരിശ്രമം തുടങ്ങിയിരിക്കുകയാണ്. അതിനുവേണ്ടി അധ്വാനിക്കുകയും ധനം ചെലവഴിക്കുകയും ചെയ്യുന്നു. അണുനശീകരണമരുന്നുകൾ എല്ലാ കിണറ്റിലും തളിക്കുന്നു . ഇതൊക്കെയായിട്ടും പ്ലേഗിന്റെ ശക്തി കൂടുന്നതല്ലാതെ കുറയുന്നില്ല. കുത്തിവയ്പ് മച്ചിയെപ്പോലെയായി. അതിനുണ്ടെന്ന് കരുതിയിരുന്ന ഒന്നുമുണ്ടായില്ല. എല്ലാം ദുർബലം! സർക്കാരിന്റെ പ്രവർത്തനഫലവും ഞാൻകേട്ടു. കുടിക്കുന്ന മരുന്നൊന്നും ഫലംചെയ്യുന്നില്ല. അവിടവിടെ ഉയർത്തിയ ചികിത്സാകേന്ദ്രങ്ങളും പകർച്ചവ്യാധിപിടിച്ച വീടുകളിൽനിന്ന് ആരോഗ്യത്തിനു ഹാനികരമായ വസ്തുക്കൾ നീക്കം ചെയ്തതും നിഷ്ഫലമായി. ഈ പ്രവർത്തനങ്ങളെല്ലാം അതിന്റെ പാരമ്യത്തിലെത്തിയെങ്കിലും പ്ലേഗാകുന്ന അഗ്നി ശമിച്ചില്ല. അതിന്റെ കറുകറാകറുത്ത മേഘപടലങ്ങൾ അല്പംപോലും നീങ്ങിയതുമില്ല. മറിച്ച് ഓരോ ദിവസവും നാശം വിതച്ചുകൊണ്ടു ആ കൊടുങ്കാറ്റാഞ്ഞടിച്ചു. ഭിഷഗ്വരന്മാരുടെ ബുദ്ധി പരിഭ്രമിക്കുന്നു. അവരുടെ കണക്കുകൂട്ടലുകളെല്ലാം തെറ്റി. വൃത്തികെട്ട സ്ഥലത്തുമാത്രമേ അതുകടക്കുകയുള്ളൂ എന്നായിരുന്നു അവരുടെ വിശ്വാസം. എന്നാൽ അല്ലാത്തസ്ഥലങ്ങളിലും അത് പര്യടനം നടത്തി. അനേകരെ വേദനിപ്പിച്ചുകൊണ്ട് എല്ലാഗ്രാമങ്ങളിലും അതുകടന്നു. നിലവിളിയും നെഞ്ചത്തടിയും കൊണ്ടു വീടുകൾ മുഖരിതമായി. അതിന്റെ ഭയാനകമായ ഇടിമിന്നലും ഭൂകമ്പവും ഇടതടവില്ലാതെ വന്നുകൊണ്ടിരുന്നു. പലജാതി ശിക്ഷകൾ ഓരോയിടത്തും അതുകടത്തിവിടുന്നു.

പഞ്ചാബിൽ കുടിയേറിപാർക്കാൻ അതിനുപറ്റിയ അവസരം കൈവന്നിരിക്കുന്നു. ഈ രോഗം അല്പമായിട്ടെങ്കിലും കടന്നുകൂ

ടാത്തതും മരണക്കരച്ചിലുയരാത്തതുമായ ഒരൊറ്റവീടും ബാക്കിയില്ല. ഇതെല്ലാം നേരത്തെ പരാമർശിച്ചതായ കർമങ്ങളുടേയും പാപങ്ങളുടേയും ഫലമാണ്. ആ കാറ്റ് ഇപ്പോഴും ആഞ്ഞുവീശുന്നു. എങ്ങനെ സമാധാനമുണ്ടാകാനാണ്. ദുഷ്കർമത്തിന്റെ ബീജം ഇതുവരെ ഹൃദയത്തിൽനിന്നു പോയിട്ടില്ല, എന്നല്ല അതു വളരുകയാണ്. പ്രതാപവാനായ അല്ലാഹുവിൽനിന്നു വന്നത് അവർകേട്ടു. എന്നിട്ടും കോപത്തിൽനിന്ന് അവരുടെ മനസ്സ് പിന്മാറുന്നില്ല. എന്തുവന്നാലും സത്യം സ്വീകരിക്കുകയില്ലെന്നും വഴികേടുപേക്ഷിക്കുകയില്ലെന്നും അവർ പ്രതിജ്ഞ ചെയ്തിരിക്കുന്നു.

സംശയാസ്പദമായ ഹദീസുകളെക്കാൾ പ്രാധാന്യം അല്ലാഹുവിൽ നിന്നുവരുന്ന വിധികർത്താവിന്റെ വചനത്തിനാണെന്ന് പണ്ഡിതന്മാർ മുമ്പുപറഞ്ഞിരുന്നു. ഇപ്പോൾ ഖുർആനെക്കാളും പ്രബലമായ തെളിവുകളെക്കാളും പ്രാധാന്യം തങ്ങളുടെ ഊഹത്തിനവർ നല്കുന്നു. ദൈവികമായ അധികാരശക്തി മുഴുലോകത്തേയും ഞെട്ടിപ്പിച്ചിരിക്കുകയാണ്. പക്ഷേ, ഈ വർഗത്തിന്റെ ഹൃദയത്തിൽ ഭക്തി കടന്നിട്ടില്ല. അവർക്ക് ദൈവവിധിയിൽനിന്ന് മോചനംകിട്ടിയത്രേ! തങ്ങളുടെ ചില ആലിംകൾ ഖബറിലേക്കു പോകുന്നതും അവർ കണ്ടു. എന്നിട്ടും ആക്ഷേപിക്കുവാനും അസഭ്യം പുലമ്പുവാനും കളവുവിളമ്പുവാനും കറ്റുകെട്ടിപ്പറയുവാനും അവർക്കൊട്ടും ഭയമില്ല. അതു കാണുമ്പോൾ അവരു കുടിച്ച മുലപ്പാലിൽതന്നെ ഈ ദുഷ്പ്രവണതകൾ അടങ്ങിയിരുന്നുവെന്ന് തോന്നിപ്പോകുന്നു. അല്ലെങ്കിലതു ജന്മാവകാശമായി കിട്ടിയതായിരിക്കാം.

ഞാൻ പേരും പെരുമയും മോഹിച്ചിരുന്നുവെന്ന് ഇവർ കരുതുന്നുണ്ടോ? എങ്കിലല്ലേ ഇവർ അസൂയപ്പെടേണ്ടതുള്ളൂ. അല്ലാഹുവാണ, അവരറിയുന്നവരാണെങ്കിൽ, എനിക്കിഷ്ടമായിട്ടുള്ളത് വിജനപ്രദേശത്തെ ഗുഹാവാസമാണ്. എന്റെ ചുറ്റളവിൽ നിന്ന് ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ ഞാനാഗ്രഹിച്ചിരുന്നില്ല. എന്നാൽ എന്റെ പ്രകൃതം ഇഷ്ടപ്പെടാതെതന്നെ ആ വൃത്തത്തിൽ നിന്ന് അല്ലാഹു എന്നെ പുറത്തുകൊണ്ടുവന്നു. ആരെങ്കിലും എന്നെകുറിച്ചറിയുന്നതുതന്നെ ഞാനിഷ്ടപ്പെട്ടിരുന്നില്ല. ഏകാന്ത ജീവിതത്തെക്കാൾ

രുചികരമായി മറ്റൊന്നും എനിക്കുതോന്നിയിരുന്നുമില്ല. അപ്പോൾ ഞാനെന്തുപിഴച്ചു. പൊതുനന്മയ്ക്കായി അല്ലാഹു അല്ലേ എന്നെ പുറത്തേക്കു കൊണ്ടുവന്നത്.

സുപ്രസിദ്ധരായ ആലിംകളുടെ ബീജത്തിൽനിന്നുള്ളവനല്ല ഞാൻ; ഫാത്വിമായുടെ സന്താനപരമ്പരയിൽ ഞാനുൾപ്പെട്ടിട്ടുമില്ല. അങ്ങനെയായിരുന്നെങ്കിൽ ഞാൻ പൂർവ പിതാക്കളുടെ സ്ഥാനത്തെ തന്ത്രത്തിലൂടെ നേടുന്നവനാണെന്ന് നിങ്ങൾക്കു ധരിക്കാമായിരുന്നു. ഇതു ആകാശത്തുനിന്നുള്ള നടപടിയാണ്. പലതും ആഗ്രഹിച്ചു നടക്കുന്നവരെപ്പോലെ ഞാനൊരിക്കലും എനിക്കുവേണ്ടി ഇതു പ്രതീക്ഷിച്ചിട്ടില്ല. ഇതിനുശേഷം എന്റെ അടിത്തറയിളക്കുവാ നും അനുയായികളെ ഭിന്നിപ്പിക്കുവാനും പണ്ഡിതന്മാർ ആവുന്നതെല്ലാം ചെയ്തുനോക്കി. ഫലമോ, അവരുടെ പര്യവസാനം നഷ്ടത്തിലായെന്നുമാത്രം. അല്ലാഹു നമുക്ക് സഹായം നല്കുകയും അന്വേഷകരിൽനിന്നുള്ള ഒരു സൈന്യത്തെതന്നെ സംഘടിപ്പിച്ചുതരികയും ചെയതു. ഇതു ഇരുപതുവർഷംമുമ്പേ എന്റെ ഗ്രന്ഥമായ ബറാഹീനിൽ ചേർത്ത അല്ലാഹുവിൽനിന്നുള്ള വാഗ്ദാനമാണ്. ചിന്തിക്കുന്നവർക്ക് ഇതിൽ അടയാളമുണ്ട്. ധിഷണാശാലികൾ സന്മാർഗത്തിലേക്കു വരുന്നതിനുവേണ്ടി ആകാശത്തിലും ഭൂമിയിലും പല ദൃഷ്ടാന്തങ്ങളും അവൻ എനിക്കായി കാണിച്ചു. ഒരു പരിഷ്കർത്താവ് അത്യാവശ്യമാണെന്നും കാലം അങ്ങേയറ്റം കലങ്ങിമറിഞ്ഞിരിക്കുന്നുവെന്നും മുൻകാലങ്ങളിലൊന്നും കാണാത്തവിധം ലോകത്തെല്ലായിടത്തും അട്ടിമറിനടക്കുന്നുവെന്നും മനുഷ്യൻ ഭൗതികനേട്ടം ലാക്കാക്കിമാത്രം ജീവിക്കുന്നുവെന്നും വിശുദ്ധ ഖുർആനെ അവർ പിന്നിലേക്കു തള്ളിക്കളഞ്ഞിരിക്കുന്നുവെന്നും ഖിബലപോലെ നിരീശ്വരവാദത്തെ ജനങ്ങൾ പിൻതുടരുന്നുവെന്നും അലസതയും അനാചാരവും എല്ലാ കർമങ്ങളിലും കടന്നുകൂടിയിരിക്കുന്നുവെന്നുമുള്ള യാഥാർഥ്യം കാലം പ്രകൃതിയുടെ ഭാഷയിൽ വിളിച്ചോതുന്നു.

അലസത ഹൃദയത്തിൽ കുടിയേറി പാർക്കുന്നതും കർമങ്ങളിൽ അനാചാരം കടന്നുകൂടിയിരിക്കുന്നതും നമ്മുടെ നബിയെ ആക്ഷേപിക്കുന്നതും നമ്മുടെ റസൂലിനെ ചീത്തപറയുന്നതും

മനുഷ്യരിലേറ്റവും നാശകാരിയായി അദ്ദേഹത്തെ ധരിക്കുന്നതും അല്ലാഹുവിന്റെ ഗ്രന്ഥത്തെ നീചമായ വാക്കുകളിലൂടെയും വൃത്തികെട്ട പ്രഭാഷണങ്ങളിലൂടെയും കളവായി ചിത്രീകരിക്കുന്നതും നാം കാണുന്നു. അപ്പോൾ തന്റെ റസൂലിനും ഖുർആനുംവേണ്ടി അല്ലാഹുവിന്റെ അഭിമാനമെവിടെ? കുന്നിൻചരുവിലെ പൊടി പോലെ ഇസ്‌ലാം ചവുട്ടിഞെരിക്കപ്പെടുന്നു.

ഇവർ ഈസായെ കാത്തിരിക്കുകയാണോ? ഈസാ ആകാശത്തിലിരിക്കെ അദ്ദേഹം നിമിത്തം അനേകം ഫിത്നകൾ ഇവിടെ മുളച്ചുപൊന്തിയിരിക്കുന്നു. അദ്ദേഹമിറങ്ങുമ്പോൾ ഭൂമിയിലെ അവസ്ഥ എന്തായിരിക്കും! നമ്മുടെ സമുദായക്കാരെപ്പോലെ യഹൂദികൾ പണ്ട് **ഇൽയാസിനേ**യും കാത്തിരിക്കുന്നവരായിരുന്നു. അവസാനം അവർക്കു നിരാശമാത്രം ! ബുദ്ധിജീവിയായ മനുഷ്യൻ മറ്റുള്ളവരെ നോക്കി പാഠംപഠിക്കുകയും ഇടുങ്ങിയവഴി ഉപേക്ഷിക്കുകയും വേണം.

فَسْـَٔلُوٓا۟ أَهْلَ ٱلذِّكْرِ إِن كُنتُمْ لَا تَعْلَمُونَ

അതിനാൽ നിങ്ങൾക്കറിയില്ലെങ്കിൽ വേദജ്ഞാനമുള്ളവരോടു ചോദിച്ചുനോക്കുക[69] എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട്. ഈസാ വരുന്നതിനുമുമ്പേ ഇൽയാസ് ആകാശത്തുനിന്ന് ഇറങ്ങിയിരുന്നുവെന്ന് ക്രിസ്ത്യാനികളോടു ചോദിച്ചുനോക്കുക. ആ വാദം തന്നെയല്ലേ ഇപ്പോൾ നമ്മുടെയാളുകൾക്കുമുള്ളത്. നിങ്ങൾക്ക് നഷ്ടപ്പെട്ടതു കിട്ടിയോയെന്ന് കാത്തിരിക്കുന്ന യഹൂദരോട് അവർ ചോദിച്ചുനോക്കട്ടെ.

അപ്പോൾ ഇത്തരം വിശ്വാസങ്ങൾ ദുർമോഹം മാത്രമാണെന്ന് തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. ആകാശത്തിൽ നിന്നാരും വരികയില്ല, വന്നിട്ടുമില്ല. കീഴ്‌വഴക്കത്തിന്റേയും അനുഭവങ്ങളുടേയും അടിസ്ഥാനത്തിലുള്ള കാര്യത്തിനായിരിക്കും കൂടുതൽ മുൻതൂക്കം. കീഴ്‌വഴക്കത്തിൽ കാണാത്തത് മിക്കപ്പോഴും അപ്രസക്തമായിരിക്കും. അവർ പറയുന്ന മാതൃക കഴിഞ്ഞുകടന്നവരിൽ നാം കാണുന്നില്ല.

---

69. 16:44

സൂത്രം പ്രയോഗിച്ചും വെട്ടിപ്പുനടത്തിയും രാസപ്രക്രിയയുടെ പേരിൽ സമ്പന്നരുടെ മുതൽ കൊള്ളയടിക്കുന്നവരെപ്പോലെയാണ വർ. കരച്ചിൽ ഫലംചെയ്യാത്ത സമയത്തായിരിക്കും അവർ കര യുക. അദൃശ്യ സംഭവങ്ങളെക്കുറിച്ചുള്ള വിവരണമധികവും ആല ങ്കാരിക പ്രയോഗങ്ങളിലാണുള്ളത്. അത്തരം കാര്യങ്ങൾ ബുദ്ധി ക്കു യോജിക്കാത്തതാണെങ്കിലും അല്ലാഹുവിന്റെ സുന്നത്തിന് വിപ രീതമാണെങ്കിലും നബിമാരുടെ കാര്യത്തിൽ അത് ബാഹ്യമായി തന്നെ പുലരണമെന്നുള്ള പിടിവാശി വഴികേടും വിവരക്കേടുമാണ്.

കറാമത്തുകളെ നാമൊരിക്കലും നിഷേധിക്കുകയില്ല. എന്നാൽ, അത് അല്ലാഹുവിന്റെ കലാമിനും അതിന്റെ സത്യതയ്ക്കും പ്രവാ ചകന്മാരുടെ സുന്നത്തിനും വിരുദ്ധമായതായാൽ നാമതിനെ നിഷേ ധിക്കുകതന്നെ ചെയ്യും, അങ്ങനെതന്നെയാണ് ചെയ്യേണ്ടതും. ബുദ്ധി ജീവികൾക്കു ഇതു അജ്ഞാതമല്ല. ഏലിയാപ്രവാചകൻ ആകാ ശത്തുനിന്നിറങ്ങി കാണാത്തതുകൊണ്ടു മാത്രമാണ് യഹൂദികൾ ഈസാനബിയെ നിഷേധിക്കുകയും അദ്ദേഹത്തെ അവിശ്വാസിയും ശുദ്ധനുണയനും നിർമതനുമാണെന്ന് പറയുകയും ചെയ്തത്. അദ്ദേഹത്തിന്റെ പ്രകാശത്തെ അശേഷം അവരംഗീകരിച്ചില്ല. കഴി ഞ്ഞു കടന്നവരെ ആകാശത്തുനിന്നിറക്കുകയെന്നതാണ് അല്ലാ ഹുവിന്റെ നടപടിക്രമമെങ്കിൽ നിശ്ചയമായും ഈസായ്ക്കുമുമ്പേ ഏലിയാപ്രവാചകനെ – ഇൽയാസ് നബിയെ – അവനിറക്കുമാ യിരുന്നു. അങ്ങനെ അവന്റെ ദൂതനെ യഹൂദികളുടെ ആക്രമണ ത്തിൽനിന്നും അസഭ്യശരങ്ങളിൽനിന്നും രക്ഷപെടുത്തുകയും ചെയ്യാ മായിരുന്നു. ജനങ്ങൾക്കായി അവരുട നേതാവ് പ്രത്യക്ഷപ്പെടുമ്പോൾ പരീക്ഷണങ്ങളുമായി ഏറ്റുമുട്ടേണ്ടിവരികയും അങ്ങനെ ഉത്തമ രേയും നീചരേയും അല്ലാഹു വേർതിരിച്ചു കാണിക്കുകയും ചെയ്യു ന്നുവെന്നതാണ് വസ്തുത. ഈസാ വന്നപ്പോൾ യഹൂദികൾ പരീ ക്ഷണത്തിനു വിധേയരായതുകണ്ടില്ലേ? ഏലിയാ ആകാശത്തു നിന്നിറങ്ങിയില്ല.

നമ്മുടെ ശ്രേഷ്ഠരായ നബി(സ) വന്നപ്പോൾ അദ്ദേഹം ഇസ് റായീലി അല്ലെന്നുപറഞ്ഞ് അവർ തള്ളിക്കളഞ്ഞു. ഇവിടേയും അവർ പരീക്ഷിക്കപ്പെട്ടു. ഇക്കാലത്ത് അത്യുന്നതനായ രക്ഷിതാ

വിൽ നിന്ന് ഞാൻ നിയോഗിതനായപ്പോൾ ഈസായെ നിഷേധിക്കാൻ യഹൂദികൾ ആയുധം കുഴിച്ചെടുത്തതുപോലെ ഇസ്‌ലാമിലെ മൗലവിമാരും അതു തോണ്ടിയെടുത്തിരിക്കുന്നു[70]. രണ്ടുഹൃദയങ്ങളും സമംസമം. സംഭവങ്ങളുമൊന്നുതന്നെ. അവരുടെ പഠനമോ ദൃഷ്ടാന്തമോ അവർക്കു പ്രയോജനപ്പെട്ടില്ല. ഞാനിപ്പറയുന്നതിനു അല്ലാഹു സാക്ഷിയാണ്. എന്റെ സത്യത വെളിപ്പെടുത്തുന്നതിനുവേണ്ടിയിറങ്ങിയ ദൃഷ്ടാന്തങ്ങൾ മനുഷ്യരൂപം പ്രാപിക്കുകയാണെങ്കിൽ ലോകത്തുള്ള സകല ഭരണാധികാരികളുടേയും രാജാക്കന്മാരുടേയും സൈന്യത്തേക്കാൾ കൂടുതലായി അതു നിങ്ങൾക്കു കാണുമാറാകും. ഏതെങ്കിലും വിധത്തിലുള്ള ദൃഷ്ടാന്തമില്ലാതെ ഒരു പ്രഭാതവും സായാഹ്നവും നമ്മളിലൂടെ കടന്നുപോകുന്നതേയില്ല. ഇങ്ങനെയൊക്കെയായിട്ടും മൃഗതുല്യരായ ഇവരുടെ നോട്ടത്തിൽ ഒരു ദൃഷ്ടാന്തവും എനിക്കുവേണ്ടി വെളിപ്പെട്ടില്ല!!

നിശ്ചയമായും അല്ലാഹു എന്റെ ഹൃദയത്തിൽ സൂറത്തുസ്സുഹാ[71] ഇട്ടു. എന്റെ പിതാവ് വഫാത്തായപ്പോൾ അവൻ പറഞ്ഞു

أَلَيْسَ اللّٰهُ بِكَافٍ عَبْدَهٗ

അവൻ വാഗ്ദത്തം ചെയ്തപോലെ എന്നെ ഏറ്റെടുക്കുകയും എനിക്ക് അഭയം നല്കുകയും ചെയ്തു. പിന്നീട് അവന്റെ സൂക്ഷ്മമായ മാർഗത്തിന് അഭയാർഥിയായിട്ട് അവനെന്നെ പ്രേമിയായി കണ്ടു. അവനെന്നെ കണ്ടപ്പോൾ എനിക്കു വഴികാട്ടിയായി ആരുമുണ്ടായിരുന്നില്ല. അവൻ സ്വയം എന്നെ പഠിപ്പിച്ചു, മാർഗദർശനം നല്കി. എനിക്ക് ഒരു സൈന്യം തന്നെ സംഘടിപ്പിച്ചുതന്നു. ഞാനൊരു വലിയ കുടുംബത്തലവനായിത്തീർന്നു. അവനെന്നെ അനുഗ്രഹിച്ചു. ഞാനെവിടെയാണെങ്കിലും അവനെന്റെ കൂടെയുണ്ട്. എന്നെ നേരിടുന്നവനെ അവൻ നേരിട്ടുകൊള്ളും. അവന്റെ പക്കൽ എന്നെ സംബന്ധിച്ച് ഒരു രഹസ്യമുണ്ട്. അത് ഭൂമിയിലും ആകാശത്തിലും അവനല്ലാതെ ആരുമറിയുന്നില്ല.

പിതാവ് വഫായത്തായപ്പോൾ أَلَيْسَ اللّٰهُ بِكَافٍ عَبْدَهٗ[72]

---

70. അഹ്ലുബയ്ത്തല്ലെന്നു അവർ പറഞ്ഞു.(വിവ:) 71. വി. ഖുർആനിലെ തൊണ്ണൂറ്റിമൂന്നാമത്തെ അധ്യായം.

എന്ന് അല്ലാഹു പറഞ്ഞ സന്ദർഭം! അല്ലാഹുവാണെ, അല്ലാഹുവാണെ, എന്റെ റബ്ബ് എന്നെ സംരക്ഷിച്ച കാലത്ത് ഞാനാസ്വദിച്ച സുഖവും സന്തോഷവും എന്റെ പിതാവിന്റെ കാലത്ത് എനിക്ക് കിട്ടിയിട്ടില്ല. അവനോടുള്ള പ്രേമാതിരേകത്താൽ ഞാൻ വഴിതെറ്റിയപ്പോൾ അവനെനിക്കു മാർഗദർശനത്തിന്റെ സന്ദേശം നല്കി. അവനെന്നെ വല്ലാതെ ആകർഷിക്കുകയും അവനിലേക്കെന്നെ വലിച്ചടുപ്പിക്കുകയും ചെയ്തു . ജ്ഞാനത്തിന്റെ സമുദ്രംതന്നെ അവൻ എന്നിലേക്കൊഴുക്കി. അന്യരെ ആശ്രയിക്കേണ്ടുന്ന സ്ഥിതി നിനക്കുവരികയില്ലെന്നും ദാരിദ്ര്യത്തിൽ നിന്നെ ഉപേക്ഷിക്കുകയില്ലെന്നും അവൻ എന്നെ അറിയിച്ചു.

അല്ലാഹു എന്നേയും എന്റെ കൂടെയുള്ള അസ്ഹാബുസ്സുഫ്ഫയേയും അനുഗ്രഹിച്ചിരിക്കുന്നു. ഇതാണ് എന്റെ അവസ്ഥ. പിന്നീടു അസൂയാലുക്കളായ മുല്ലമാർ എന്നെ ദജ്ജാലുകളുടെ കൂട്ടത്തിലെണ്ണാൻ തുടങ്ങി. സമുദായത്തിന്റേയും ദീനിന്റേയും ശോച്യാവസ്ഥ അവരൊട്ടും കാണുന്നില്ല. ബലഹീനമായതിനെ വീണ്ടും അവർ ബലഹീനമാക്കുന്നു. ക്രിസ്തീയ വക്ത്രങ്ങളിലേക്ക് നമ്മുടെ ദീനിനെ അവർ എറിഞ്ഞു കൊടുക്കുകയും ചെയ്യുന്നു.

## ജമാഅത്തിനുള്ള ഉപദേശം

ദീനുൽ ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ അംഗീകരിക്കാത്തവരെ നമ്മുടെ ജമാഅത്തംഗമായി നാം അംഗീകരിക്കുകയില്ല. അല്ലാഹുവിന്റെ കിതാബായ പരിശുദ്ധ ഖുർആനും സൃഷ്ടികളിൽ ശ്രേഷ്ഠരായ നമ്മുടെ നേതാവിന്റെ സുന്നത്തുമാണത്. അല്ലഹുവിലും ആദരവിന്റേയും കരുണയുടേയും പ്രതീകമായ തിരുറസൂലിലും വിശ്വസിക്കുന്നതിനുപുറമേ അന്ത്യനാളിലും പുനരുത്ഥാനത്തിലും ജന്നത്തിലും [73] ജഹീമിലും [74] അവർ വിശ്വസിക്കണം. ഇസ്‌ലാമല്ലാത്ത ഒരു ദീനും ഒരിക്കലും അംഗീകരിക്കുകയില്ലെന്ന് അവർ സത്യംചെയ്യട്ടെ. സർവശക്തനായ അല്ലാഹുവിന്റെ കിതാബിനേയും പ്രകൃതിക്കനുയോജ്യമായ ഈ മതത്തേയും മുറുകെപ്പിടിച്ചുകൊണ്ട് അന്ത്യനിമിഷംവരെ ജീവിക്കുമെന്ന് അവർ പ്ര

72. അല്ലാഹു തന്റെ ദാസന് മതിയായവനല്ലേ? വി.ഖു.39:37 73. ജന്നത്ത് - മരണാനന്തര സ്വീകരണം.
74. ജഹീം - മരണാനന്തര ശിക്ഷ.

തിജ്ഞചെയ്യട്ടെ. വിശുദ്ധ ഖുർആൻ, റസൂൽതിരുമേനിയുടെ സുന്നത്ത്, അവിടത്തെ ഉന്നതരായ സ്വഹാബികളുടെ ഐക്യക ണ്ഠ്യേനയുള്ള അഭിപ്രായം തുടങ്ങിയവയിൽകൂടി സ്ഥിരീകരിക്ക പ്പെട്ട അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുമെന്ന് അവർ ഏറ്റു പറയട്ടെ. ഈ മൂന്നുകാര്യങ്ങളെ ഉപേക്ഷിക്കുന്നവൻ തന്നത്താൻ അഗ്നിയിലേക്കു തള്ളിവിടുന്നവനാണ്. അവന്റെ പര്യവസാനം അ പജയവും നാശവുമാകുന്നു.

സഹോദരങ്ങളേ, ഭക്തിപൂർവകമായ സൽകർമത്തിലൂടെയല്ലാ തെ ഈമാൻ സ്ഥായിയായി വളരുകയില്ല. അറിഞ്ഞുകൊണ്ട് അതു പേക്ഷിക്കുന്നവൻ ഹള്റത്തുൽ കിബ്രിയാഅ്[75] ന്റെയടുക്കൽ ഒരു ഈമാനുമില്ലാത്തവനാണ്. സഹോദരങ്ങളേ, നിങ്ങൾ ഭയഭക്തിയോ ടുകൂടി സൽകർമങ്ങളിൽ മുന്നോട്ടു കുതിക്കുവിൻ. മരണം ആ സന്നമാകുന്നതിനു മുമ്പേ ദുഷ്കർമങ്ങളുപേക്ഷിച്ചുകൊള്ളുക. ദുൻയാ വിന്റെ പച്ചനിറവും അലങ്കാരവും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. ഈ കൊച്ചു വീടിന്റെ മിന്നിത്തിളക്കവും അതിന്റെ സൗന്ദര്യവും മൃഗതൃഷ്ണയാണ്. അതിന്റെയവസാനം നാശം! അതിന്റെ മധു രം കയ്പ്! അതിന്റെ ലാഭം നഷ്ടം! ഭൗതികനിലകളിൽ കയറി ക്കയറി പോകുന്നവൻ അമ്പുകളുടെ ഉന്നത്തിലേക്കുയരുന്നു. അതിന്റെ ഐശ്വര്യം ആഗ്രഹിക്കുന്നവൻ മുള്ളുകൊണ്ടു മുറിവേ റ്റവനുതുല്യമാണ്. ദുൻയാവിലെ നന്മകണ്ട് അതിനൊരാൾ മുൻഗ ണനനല്കിയാൽ യഥാർഥ നന്മയുടെ ഉറവിടത്തിൽനിന്ന് അയാൾ അകന്നുകഴിഞ്ഞു. നേതാക്കന്മാർ ആരെങ്കിലും അതിൽ കടന്നാൽ ഉത്തമമാർഗത്തിൽനിന്നും അയാൾ പുറത്തുപോയി. അതിന്റെ ജ്യോ തിസ്സ് തമസ്സാണ്. അതിന്റെ പുരോഗതി അധോഗതിയാണ്. നിങ്ങ ളൊരിക്കലും അതിലേക്കു ചായരുത്. നീന്തുന്നവനെ അതുമുക്കി ക്കൊല്ലും, എന്നാൽ പ്രളയംപോലെയല്ല. ദീനിൽ നിന്ന് രാജിവ ച്ചു വിലസുന്നവനെപ്പോലെ നിങ്ങളതിനെ തേടിപ്പിടിക്കരുത്. മത ത്തിന്റെ വഴിയിൽ ഒരു ഭൃത്യനെപ്പോലെ മാത്രം നിങ്ങളതിനെ കരു തുക. ആത്മമിത്രമായിട്ടല്ല. സമ്പന്നരെ കണ്ടിട്ടു, അതുപോലുള്ള ചുറ്റുപാടുണ്ടായി ആരേയും ആശ്രയിക്കാത്ത നിലയിലെത്തണമെ ന്നുള്ള ആഗ്രഹം നിങ്ങൾക്കുണ്ടാകരുത്. ദീനിനോടുള്ള കടപ്പാട്

75. അല്ലാഹുവിന്റെ സന്നിധി.

നിങ്ങളൊരിക്കലും മറക്കരുത്. അങ്ങനെയായാൽ അതിന്റെ പ്രകാശത്തിൽ നിന്നൊരു കണികപോലും നിങ്ങൾക്കു നല്കപ്പെടുകയില്ല. ഈ ദുൻയാവ് നിങ്ങളുടെ പിതാവിനേയും പിതാമഹനേയും പ്രപിതാവിനേയും തിന്നുകഴിഞ്ഞിരിക്കുന്നു. അപ്പോൾ നിങ്ങളേയും നിങ്ങളുടെ ഭാര്യാമക്കളേയും അതെങ്ങനെ ഒഴിവാക്കും.

ഒരാളേയുമൊരിക്കലും ശത്രുവായി മുദ്രകുത്തരുത്. അതു വിഡ്ഢിത്തമാണ്. നമ്മുടെ അന്തഃരംഗം കുശുമ്പും കുന്നായ്മയുമില്ലാത്ത നിലയിൽ പരിശുദ്ധമായിരിക്കണം. ഒരുകാര്യം തറപ്പിച്ചുപറഞ്ഞാൽ അതു ദുർബലപ്പെടുത്തരുത്. നിങ്ങൾ നിങ്ങളുടെ ശരീരേച്ഛയുടെ അടിമകളാവാതെ അല്ലാഹുവിന്റെ അടിമകളായിരിക്കുക. അക്കൂട്ടർ സത്യമായൊരു കാര്യം പറഞ്ഞാൽ എതിരു പ്രവർത്തിക്കുകയില്ല. ഒരുമിച്ചുകൂടിയാൽ കാപട്യം കാണിക്കുകയില്ല. സ്നേഹിച്ചാൽ അധിക്ഷേപിക്കുകയില്ല. ശപിക്കപ്പെട്ട പിശാചിന്റെ പിന്നാലെ നിങ്ങൾ പോകരുത്. വേദനാജനകമായ ശിക്ഷകൊണ്ടു ഇഞ്ചിഞ്ചായി മരിക്കേണ്ടിവന്നാലും ഔദാര്യമുടയവനായ അല്ലാഹുവിനെതിരിൽ നീങ്ങരുത്. അല്ലാഹുവിനോടു നിഴലിനേക്കാൾ കൂടുതൽ അനുസരണമുള്ളവരായിരിക്കുക. പറയുന്നതിനേക്കാളേറെ കർമം കൊണ്ടുപദേശിക്കുക. നാവിനെ സൂക്ഷിക്കുക. ഹൃദയത്തെ ശുദ്ധമാക്കുക. നിങ്ങൾക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടായാൽ അത് ഇമാമിലേക്കു മടക്കുക. മത്സരത്തിനുപോകാതെ നിങ്ങളുടെ പ്രശ്നത്തെകുറിച്ച് അദ്ദേഹം പറയുന്നതിൽ സംതൃപ്തരാവുക. അങ്ങനെ നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ ഹൃദയംകൊണ്ടല്ല നാവുകൊണ്ടുമാത്രം വിശ്വസിച്ചവരാണ്. മത്സരബുദ്ധികൊണ്ടു നിങ്ങളുടെ കർമങ്ങൾ നിഷ്ഫലമാകാതിരിക്കാൻ സൂക്ഷിക്കുക. നേർവഴിപ്രാപിച്ചതിനുശേഷം വഴികേടിലാകാതിരിക്കാൻ ജാഗ്രതപാലിക്കുക. നിങ്ങൾ നിങ്ങളുടെ റബ്ബിന്റെ ആളുകളായിതീരണം. ദുൻയാവിനെക്കാൾ ദീനിനെമുന്തിക്കണം. അല്ലാഹുവിനെ ഭയപ്പെടുക. അവന്റെ അടിമകളെ ഭയക്കരുത്. അത്തരക്കാർ തന്നിഷ്ടക്കാരും സ്രഷ്ടാവിന്റെ ഉദ്ദേശ്യം മറക്കുന്നവരുമാണ്. ദുൻയാവിന്റെ വളർത്തു പുത്രന്മാരുടെയടുക്കൽ അവർ മാന്യത ആഗ്രഹിക്കുന്നു. എന്നാൽ, അതു നിന്ദ്യതയാണ്. നിങ്ങൾ അല്ലാഹുവിനുവേണ്ടി സാക്ഷിപറയേണ്ടവരാകുന്നു. അതുനിങ്ങൾ മറച്ചു

വയ്ക്കരുത്. നിങ്ങൾ അവന്റെ ദാസൻമാരെ അറിയിക്കുക: തീ ആളിപ്പടരുന്നു. എല്ലാവീടുകളും പകർച്ചവ്യാധിയ്ക്കു വിധേയമായിരിക്കുന്നു. അതുകൊണ്ടു സൂക്ഷിക്കുക. ദുൻയാവ് കൊടുംകാടാകുന്നു; അതിലെ സിംഹങ്ങൾ വേട്ടക്കാരും. അതിന്റെ ഇടുങ്ങിയ തലങ്ങളിൽ നിങ്ങൾ ചുറ്റരുത്. അവിടെ പോയി തമാശകാണിക്കാതെ, അവിടേയ്ക്കു പോകാനുള്ള ധാർഷ്ട്യം കാണിക്കാതെ ജാഗ്രതപാലിക്കുക.

വെളുവെളാവെളുത്ത വെള്ളിപോലെ നിങ്ങൾ നിങ്ങളുടെ ആത്മാവിനെ ശുദ്ധമാക്കുക. അഴുക്കും പോറലുമേല്ക്കാതെ അതു പരിശുദ്ധമായിത്തീരട്ടെ. അതിനെ ശുദ്ധീകരിച്ചവൻ വിജയിച്ചു. അശുദ്ധമാക്കിയവൻ പരാജയമടഞ്ഞു. ശുദ്ധീകരണം നടത്താതെ കേവലം ബയ്അത്തിന്റെമേൽ ചാരിയിരിക്കേണ്ട. പ്രകൃതിയുടെ ഉത്തമ സഹായമില്ലാതെ ചൊട്ടയിലേപഴുക്കുന്നവരല്ല നിങ്ങൾ. ശരിയായ ഉൾക്കാഴ്ച നല്കപ്പെടാത്ത ആളിൽനിന്ന് മഅ്രിഫത്ത്[76] തേടരുത്. നിങ്ങളിലെ പുഷ്പം പഴമായിത്തീരുന്നതിന് അത് ബന്ധപ്പെടുന്നതുപോലെ നിങ്ങൾ ഞാനുമായി ബന്ധപ്പെടുക. വിവേകശാലികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങളുടെ വാഹനം ദേഹേച്ഛകളിലേക്ക് തിരിക്കരുത്. തിരിച്ചിലും മറിച്ചിലും കാണുന്ന റബ്ബിന്റെ മാഹാത്മ്യത്തെ നിങ്ങൾ മറക്കരുത്. അല്ലാഹു പവിത്രമായ ഹൃദയവും പരിശുദ്ധമായ നഫ്സും മാത്രമേ ഇഷ്ടപ്പെടുന്നുള്ളു. ഈ മാർഗമുപേക്ഷിച്ചാൽ അല്ലാഹുവിന്റെ ദൃഷ്ടിയിൽ നിങ്ങൾ ചപ്പുചവറിനു തുല്യമായിത്തീരുന്നതു നിങ്ങളുടെ കണ്ണുകൊണ്ടു കാണും. സൂക്ഷ്മതകൈക്കൊള്ളുക. ആലസ്യം അശ്രദ്ധരുടെ ജീവിതമാണ്. നിന്നുകൊണ്ടും സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും നിങ്ങൾ അല്ലാഹുവിനെ തൃപ്തിപ്പെടുത്തുക. സുഖലോലുപന്മാരാകാതെ അവന്റെ അതിർവരമ്പുകളെ സൂക്ഷിച്ചുകഴിയുന്ന സാത്ത്വികരായ ദാസന്മാരിലായിത്തീരുക. ഔദാര്യമുടയവനായ അല്ലാഹുവിനെ ഓർത്ത് നിങ്ങൾ പരിഭ്രാന്തരാകേണ്ട. നിങ്ങളുടെ കൺപോളകളിൽ തൂക്കമെങ്ങനെ സഞ്ചരിക്കാനാണ്! നിങ്ങൾക്കു ഭയമുണ്ടാകുമ്പോൾ അല്ലാഹുവിൽ സർവതും സമർപിക്കാതെ നിങ്ങൾക്കെങ്ങനെ ഉറക്കം വരും! പ്രകാശത്തെ പിൻപറ്റുക; ഇരുട്ടിനെയല്ല.

76. അല്ലാഹുവിനെകുറിച്ചുള്ള രഹസ്യജ്ഞാനം.

അല്ലാഹുവിനെ നോക്കുക; മനുഷ്യരെയല്ല. ദുൻയാവിലെ ഭരണാധികാരികളോടു നന്ദിയുള്ളവരായിരിക്കുക. പക്ഷേ, ആകാശത്തിലെ വിധികർത്താവിനെ വിസ്മരിക്കരുത്.

തന്ത്രശാലികളേ, നിങ്ങളുടെ റബ്ബുമായി അകലാതിരിക്കുക. അവന്റെ കല്പനകൂടാതെ ഒന്നും നിങ്ങൾക്കു ഗുണംചെയ്യുകയില്ല. ദോഷം വരുത്തുകയുമില്ല. മനുഷ്യ സൃഷ്ടികളുടെമേൽ ഖഡ്ഗമുപയോഗിക്കുന്നതെങ്ങനെയെന്ന് നിങ്ങൾ കാണുന്നു. വധംതുടരുകയാണ്. വിധിയുടെ ചാടിപ്പിടിത്തം! അനേകർ നാശത്തിനുപാത്രമായി. അപ്പോൾ നിങ്ങൾ ഏറ്റവും ഉറപ്പുള്ള ഒന്നിൽ അഭയം പ്രാപിക്കുക. അല്ലാഹു ആകുന്നു മഹാശക്തൻ; ഉന്നതസിംഹാസനത്തിന്റെ ഉടമ! നിങ്ങൾ അവനുവേണ്ടിയായിത്തീരുകയും സമാധാനത്തിൽ പ്രവേശിക്കുകയും ചെയ്യുക.

യുവാക്കളേ, ഇന്ന് അല്ലാഹു അല്ലാതെ അഭയമില്ല. ഭൗമികമായ കുതന്ത്രംകൊണ്ട് നിങ്ങൾ സ്വയം വഞ്ചിതരാകരുത്. മറ്റുള്ളവരെ വഞ്ചിക്കയുമരുത്. വിവേകശാലികളേ, എല്ലാം നിലകൊള്ളുന്നത് അല്ലാഹുവിന്റെ കൈയിലാണ്. ആ സന്നിധാനത്തിന്റേയും നിങ്ങളുടേയുമിടയിൽ നിങ്ങൾ വിടവുണ്ടാക്കരുത്. അങ്ങനെയായാൽ നിങ്ങൾക്ക് അപജയവും നാശവുമായിരിക്കും ഫലം. റഹ്മാൻ അല്ലാത്തവനോടുള്ള ആഗ്രഹം അറുത്തുമുറിക്കുക. അപ്പോൾ അവൻ നിങ്ങളെ അനുഗ്രഹിക്കുകയും അഗ്നിയിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്ന ഒന്നിനെ സൃഷ്ടിക്കുകയും ചെയ്യും.

ആകാശത്തിൽ കോപം തിളച്ചുമറിയുന്നത് ഞാൻ കാണുന്നു. അല്ലാഹുവിന്റെ ദാസൻമാരേ, റബ്ബിന്റെ കോപം സൂക്ഷിക്കുക. അത്യുന്നതനായ അവന്റെ അനുഗ്രഹം തേടുക. ഉടുമ്പിനെപ്പോലെ ഭൂമിയിൽ അള്ളിപ്പിടിക്കാതിരിക്കുക. അധികമധികം അവനോടു പ്രാർഥിക്കുക. വിപത്തിൽനിന്ന് രക്ഷപെടാൻ അവനോടടുക്കുക. അതിനായി അത്യാശ പ്രകടിപ്പിക്കുക. രണ്ടുതരം ആളുകളെ ഇക്കാലത്തു നിങ്ങൾക്കുകാണാം. രണ്ടുകൂട്ടരും രണ്ടുധ്രുവത്തിലാണ്. അവരുടെ വീക്ഷണവും വിഭിന്നം. അവർ സത്യാസത്യങ്ങളെ കൂട്ടിക്കലർത്തിയിരിക്കുന്നു.

ഒരുവിഭാഗം അമാനുഷികത്വത്തിലും ദൈവികമായ സുന്ദര സം ഭാഷണത്തിലും പുനരുഥാനത്തിലും വിശ്വസിക്കാത്തവരാണ്. മ ലക്കുകളേയും അവരംഗീകരിക്കുന്നില്ല. സ്വന്തമായൊരു പ്രകൃതി നിയമം അവർ മെനെഞ്ഞെടുത്തിരിക്കുന്നു. അതാണ് അവരുടെപ ക്കൽ എല്ലാസൃഷ്ടികളുടേയും അടിസ്ഥാനം. അവരുടെ ഇസ്‌ലാം നാമമാത്രം. അവർ നിരീശ്വരവാദികളെപ്പോലെയാണ്. മറുവിഭാഗ വും സത്യവും  അസത്യവ ും അംഗീകരിക്കുന്നവരാണ്. പക്ഷേ മധ്യനില എന്നൊന്ന്  അവർക്കില്ല. അവരതിനെ കവച്ചുവച്ചിരി ക്കുന്നു. എത്രത്തോളമെന്നാൽ, ദൈവികമായ തെളിവൊന്നുമില്ലാ തെ മർയമിന്റെ മകനെ സ്ഥൂലശരീരത്തോടെ അവർ രണ്ടാമാകാ ശത്തിലിരുത്തുന്നു. ഊഹങ്ങളേയും ഭാവനകളേയും അവർ പിൻപ റ്റുന്നു. ദൃഢജ്ഞാനംഅവർക്കില്ല. ഇവരും വഴികേടിലാണ്. ഇക്കൂ ട്ടരും നീതിയും വിവേകവും സൂക്ഷ്മതയുമില്ലാത്തവരാണ്. രണ്ടും രണ്ടുധ്രുവങ്ങളിൽ. അപ്പോൾ ഉന്നതമാർഗം പ്രകാശിപ്പിക്കുന്നതി നു വേണ്ടി, പൈശാചികമായ ഊഹങ്ങളൊന്നുംമില്ലാത്ത യഥാ ർഥവഴി കാണിച്ചുകൊടുക്കുന്നതിനുവേണ്ടി അല്ലാഹു എന്നെ എ ഴുന്നേല്പ്പിച്ചു. നാം സമസ്ത മനുഷ്യർക്കും വേണ്ടി നിയോഗിക്ക പ്പെട്ട മധ്യസ്ഥിത സമുദായമാണ്. തക്കസമയത്തു പ്രത്യക്ഷമായ മാർഗമാണിതെന്ന് കാലം ഉച്ചൈസ്തരം പ്രഘോഷിക്കുന്നു.

വാളും കുന്തവുമൊന്നുമില്ലാതെ വർത്തമാനകാലം നമ്മെ എ ങ്ങനെ ആകർഷിച്ചുവെന്നും ഹൃദയങ്ങളെ നാമെങ്ങനെ വശീക രിച്ചുവെന്നും നിങ്ങൾ കാണുന്നില്ലേ? ഇതു മനുഷ്യന്റെ കഴിവിൽപ്പെ ട്ടതാണൊ? ആകാശത്തിൽ നിന്നുള്ള ഒരാകർഷണം! കണ്ണുള്ളവ രെല്ലാം അതുകാണുന്നു. പ്രദോഷത്തിൽ നിഷേധിയായവൻ പ്ര ഭാതത്തിൽ വിശ്വാസിയായി മാറുന്നു. ഇതു മനുഷ്യന്റെ കഴിവിൽപെട്ട താണോ? റമളാനിൽ സൂര്യചന്ദ്രന്മാർ സാക്ഷിപറയാൻ ഇറങ്ങിവ ന്നു. ഇതുമനുഷ്യന്റെ കഴിവിൽപെട്ടതാണോ? ഞാനൊറ്റക്കായിരു ന്നു. അപ്പോൾ, സഹായികളുടെ ഒരു പടതന്നെ നിനക്കുവേണ്ടി തയ്യാറാക്കുമെന്നുള്ള സന്ദേശം ലഭിക്കുന്നു. റഹ്മാനായ റബ്ബ് പ റഞ്ഞതുപോലെ അതിന്റെ പുലർച്ചയുണ്ടാകുന്നു. ഇതു മനുഷ്യ ന്റെ കഴിവിൽപെട്ടതാണോ? എന്റെ അടിത്തറ  പിഴുതെറിയാൻ എതിരാളികൾ എല്ലാവിധത്തിലും ശ്രമിച്ചു. അപ്പോൾ നമുക്ക്

ഉന്നതി ലഭിച്ചു. നാം പെരുകാൻ തുടങ്ങി. എതിരാളികൾ എല്ലാം നഷ്ടപ്പെട്ടു ലജ്ജിതരായിത്തീർന്നു. ഇതുമനുഷ്യന്റെ കഴിവിൽപെട്ടതാണോ? ഈ മൈതാനം അവർക്കു സ്വതന്ത്രമായി ലഭിക്കുന്നതിനുവേണ്ടി, എന്നെ തടവിലാക്കുവാനും തക്കംകിട്ടിയാൽ വധിക്കുവാനും ശത്രുസൈന്യം കഠിന പ്രയത്നം നടത്തി. ഫലമോ പരാജയവും നിരാശയും. ഇതുമനുഷ്യന്റെ കഴിവിൽപെട്ടതാണോ? എല്ലാമേഖലകളിലും അല്ലാഹു എന്നെ സഹായിച്ചു. എതിരാളികളെ അവൻ പരാജയപ്പെടുത്തി. ഇതുമനുഷ്യന്റെ കഴിവിൽപെട്ടതാണോ?

ഒരനുഗ്രഹമെന്ന നിലയിൽ വിദൂരസ്ഥലങ്ങളിൽ നിന്ന് നിന്റെയടുക്കൽ സഹായം വരുന്നുവെന്നുള്ള സുവാർത്ത അല്ലാഹു എന്നെ അറിയിച്ചു. അപ്പോൾ അജ്ഞാതലോകത്തിന്റെ ചരുവിൽ ആരാലും അറിയപ്പെടാതെ കഴിയുന്ന ഒരു സാധുവായിരുന്നു ഞാൻ. അല്പംകഴിഞ്ഞ് ഞാൻ സ്വീകരിക്കപ്പെടുന്നു. വിദൂരസ്ഥലങ്ങളിൽനിന്ന് സമ്പത്തുകളും സമ്മാനങ്ങളും എന്റെയടുക്കൽ വരുന്നു. തോട്ടത്തിലെ വൃക്ഷക്കൊമ്പിൽ നിറയെ പഴങ്ങൾ തൂങ്ങിക്കിടക്കുന്നതുപോലെ എന്റെ വാസസ്ഥലം പാരിതോഷികങ്ങൾ കൊണ്ടു നിറയുന്നു. അല്ലാഹുവാണെ, അതെത്രയുണ്ടെന്നും അതിന്റെ അളവെന്തെന്നും എനിക്കറിയില്ല. അങ്ങനെ അല്ലാഹുവിന്റെ സുവിശേഷവചനം വ്യക്തമായ നിലയിൽ പുലർന്നു. ഇത്തരം സംഭവങ്ങളെല്ലാം ആയിരക്കണക്കിന് പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമറിയാം. ഇതുമനുഷ്യന്റെ കഴിവിൽപെട്ടതാണോ?

വിദൂരസ്ഥലങ്ങളിൽ നിന്നാളുകൾ വരുമെന്നും തന്റെ സൃഷ്ടികൾ വരുമ്പോൾ മുഖം ചുളിക്കരുതെന്നും ആളുകളുടെ ആധിക്യം കണ്ട് പരിഭ്രമിക്കരുതെന്നും അല്ലാഹു എന്നെ നേരിട്ടറിയിക്കുന്നു. അപ്പോൾ ഒരുവിലയുമില്ലാത്ത വീണുകിടക്കുന്ന വസ്തുവേപ്പോലെയായിരുന്നു ഞാൻ. ആരും എന്നെ അറിഞ്ഞിരുന്നില്ല. പിന്നീട് അല്ലാഹുവിന്റെ സൃഷ്ടികൾ കൂട്ടംകൂട്ടമായി എന്റെയടുക്കൽ വരുവാനും അടിമകളെപ്പോലെ എന്നെ അനുസരിക്കുവാനും തുടങ്ങി. എന്റെ രക്ഷിതാവിന്റെ കല്പനയില്ലായിരുന്നുവെങ്കിൽ അതുകണ്ടു ഞാൻ വിരണ്ടുപോകുമായിരുന്നു. ഇതു മനുഷ്യന്റെ കഴിവിൽപെട്ടതാണോ?

അവൻ കുറേ അറബി പദങ്ങളെന്നെ പഠിപ്പിച്ചു. അങ്ങനെ അവനിൽനിന്ന് ഞാനൊരു എഴുത്തുകാരനായി. എതിരാളികൾക്ക് അതിനെതിരിൽ ഒന്നും പറയാൻ കഴിയുന്നില്ല. അവരുടെ ആശയ വിനിമയശക്തി ക്ഷയിച്ചുപോകുന്നു. ഇതു മനുഷ്യന്റെ കഴിവിൽപെട്ടതാണോ?

ചില എതിരാളികളുമായി മുബാഹല നടത്താൻ ഞാൻ ക്ഷണിക്കപ്പെട്ടു. അപ്പോൾ ഞാൻ പ്രാർഥനയാകുന്ന കോപ്പ കുടിക്കാൻ തുടങ്ങി. നാം അന്തരീക്ഷത്തിൽ മുബാഹലയുടെ തീക്കല്ലുരച്ചു. തദ്ഫലമായി തിരിച്ചറിവും വിവേകവുമുള്ള നല്ല സൈന്യംതന്നെ അല്ലാഹു എനിക്കു നല്കി. റഹ്മാനിൽനിന്നും അനുഗ്രഹങ്ങളുടെ കവാടങ്ങൾ എനിക്കുവേണ്ടി തുറക്കപ്പെട്ടു. നമ്മുടെ ജമാഅത്തിലെ സുഹൃത്തുക്കൾ ലക്ഷത്തോളമായി. ഇപ്പോഴത് ഇരട്ടിയായിട്ടുണ്ടാകും. എതിരാളികളെ ചെറുക്കുവാൻ നാം രംഗത്തിറങ്ങിയപ്പോൾ നാല്പതുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മുബാഹലയ്ക്കു വന്ന ശത്രുക്കളെ അല്ലാഹു പരാജയത്തിലേക്കും എളിമയിലേക്കും തള്ളിവിട്ടു. ഇതു മനുഷ്യന്റെ കഴിവിൽപെട്ടതാണോ?

തിരിച്ചറിവിന്റെ ആഭരണം ചാർത്തി അണിഞ്ഞൊരുങ്ങിയ സഹോദരങ്ങളേ, ഊഹത്തെമൊഴിചൊല്ലിയവരേ, നന്ദിയുടെ ഉടമസ്ഥനായ റബ്ബിനോടു നന്ദികാണിക്കുക. നിശ്ചയമായും നിങ്ങൾ സത്യത്തെ തിരിച്ചറിയുകയും സമാധാനത്തിന്റെ പന്തലിൽ അഭയം പ്രാപിക്കുകയും വർത്തമാനകാലത്തെ മക്കളുടെമുമ്പിൽ എനിക്കുവേണ്ടി സാക്ഷിപറയുകയും ചെയ്തിരിക്കുന്നു. നിങ്ങൾ എന്റെ ദൃഷ്ടാന്തങ്ങൾ കണ്ടവരല്ലേ? ഹൃദയത്തിൽ വല്ല സംശയവും അവശേഷിക്കുന്നുണ്ടോ? ദൃഷ്ടാന്തം കാണാത്ത ആരെങ്കിലും നിങ്ങളിലുണ്ടോ? അല്ലയോ യുവജനങ്ങളേ, പറഞ്ഞുതരിക.

അല്ലാഹുവിൽ നിന്ന് അനേകമനേകം ജ്ഞാനം എനിക്കു നല്കപ്പെട്ടു. ഞാനതു പഠിപ്പിക്കുകയും നിങ്ങളുടെ ചിന്താശക്തി സ്ഫടികസമാനമാക്കുകയും ചെയ്തു. ഊരാക്കുടുക്കുകളിൽനിന്ന് രക്ഷപെടാനുള്ള കഴിവു നിങ്ങൾക്കുണ്ടായിരുന്നില്ല. അല്ലാഹുവാണെ, അവൻ സംസാരിപ്പിച്ച വ്യക്തിയാണു ഞാൻ. എന്നെ വിശേഷ

ബുദ്ധിയുള്ളവനാക്കിയത് അവന്റെ വഹ്‌യാകുന്നു. അപ്പോൾ ഞാൻ അധ്വാനത്തിൽ ആശ്വാസം കണ്ടെത്തി; നരകത്തിൽ സ്വർഗവും! മരണത്തെ തിരഞ്ഞെടുക്കുന്നവൻ ജീവിക്കുകതന്നെ ചെയ്യും. നിങ്ങളുടെ ജീവിതം കുറഞ്ഞവിലയ്ക്കു വില്ക്കുകയോ സ്വത്തിന്റെ ആകത്തുക കൈയിൽനിന്നു കളയുകയോ ദുൻയാവിനുവേണ്ടി ചാഞ്ചാടുന്നവരുടെ കൂട്ടത്തിൽ ചേരുകയോ ചെയ്യരുത്. മുസ്‌ലിമായിട്ടല്ലാതെ നിങ്ങൾ മരിക്കുകയുമരുത്. അല്ലാഹുവിനുവേണ്ടി ഞാൻ മരണം തിരഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾ അൽപം രോഗമെങ്കിലും തിരഞ്ഞെടുക്കുക. ഞാനവനുവേണ്ടി അറവു സമ്മതിച്ചിരിക്കുന്നു. നിങ്ങൾ അല്പം വിഷമമെങ്കിലും സഹിക്കുക. വിവേകശാലികളേ, നിങ്ങൾ വിജയികളാവുന്നത് സത്യം, ഭക്തി, ആത്മാർഥത എന്നീ മൂന്നുകാര്യങ്ങൾകൊണ്ടാണ്; സാഹിത്യം മികച്ചു നിൽക്കുന്ന പ്രസംഗങ്ങൾ കൊണ്ടല്ല. വേഗത നിങ്ങളുടെ ക്ഷീണത്തെ ആശ്രയിച്ചിരിക്കുന്നു. സൂചിക്കുഴയിലൂടെ കടക്കുന്നതുവരെ നിങ്ങൾ സ്വർഗത്തിൽ കടക്കുകയില്ല. ഭക്തിഭരിതമായ ജീവിതത്തിനുവേണ്ടി സ്വയം നിങ്ങളെ കടഞ്ഞെടുക്കുക. നിങ്ങളുടെ രക്ഷിതാവിനെ തൃപ്തിപ്പെടുത്താൻവേണ്ടി മുറിക്കുള്ളിലും മരുഭൂമിയിലും അലച്ചുതല്ലിവീഴാൻ തയ്യാറാവുക. തടവിലാകുന്നതിനുമുമ്പേ കടം വീട്ടുക. ചോദ്യം ചെയ്യപ്പെടുന്നതിനു മുമ്പേ ബാധ്യത നിറവേറ്റുക. അബദ്ധം പിണയാതിരിക്കുവാൻ യാഥാർഥ്യങ്ങളന്വേഷിച്ചറിയുക. പരിഹാസ്യരാകാതിരിക്കുവാൻ കുറ്റം പറയാതിരിക്കുക. അതിക്രമണീയരാവാതിരിക്കുവാൻ സ്വയം അതിക്രമം പ്രവർത്തിക്കാതിരിക്കുക. അല്ലാഹുവിന്റെ ദാസൻമാരോടു ദയ കാണിക്കുക, എന്നാൽ നിങ്ങൾ ദയക്കർഹരായിത്തീരും. നിങ്ങൾ അതിവേഗം അല്ലാഹുവിന്റേതായിമാറുക, എന്നാൽ അവൻ നിങ്ങളുടെ ചെറുതും വലുതുമായ എല്ലാകാര്യങ്ങളുടേയും ഉടമസ്ഥനാകും; നിങ്ങളുടെ അഭിമാനത്തിന്റേയും നിങ്ങളുടെ തന്നെയും.

ബയ്അത്തിനുശേഷം അവന്റെ പൊരുത്തം നിങ്ങളെ കൊണ്ടുവന്നു. അപ്പോൾ, സമ്മാനത്തിനു പാത്രീഭൂതരാകുവാനും ആത്മമിത്രങ്ങളിൽ പ്രവേശിക്കുവാനും വേണ്ടി നിങ്ങളതിലുറച്ചുനിൽക്കുക. ദീനിന്റെ വികസനത്തിനായി നിങ്ങളുടെ മനക്കരുത്തിനെ മൂർച്ചയുള്ളതാക്കുക. യുവാക്കളുടെ അടയാളം അണിയുക; നിങ്ങൾ

വൃദ്ധന്മാരാണെങ്കിലും. യുവാക്കളേ, മരണത്തെ എപ്പോഴും ഓർക്കുക. മത്തുപിടിച്ചവരെപ്പോലെയാകരുത്. എന്തിനും പണം ആഗ്രഹിക്കുന്നവരായി നിങ്ങൾ ജനങ്ങളെ കാണും. അതിനുവേണ്ടി ദീനിനെപോലും അവർ മധ്യസ്ഥനായി തിരഞ്ഞെടുക്കും. ദുരാഗ്രഹമാണ് ദീനിൽ അവരുടെ കരുത്ത് വർധിപ്പിക്കുന്നത്. നിബന്ധനയോടെയായിരിക്കും അവരത് സ്വീകരിക്കുക.ഇല്ലെങ്കിൽ നിഷേധം! ആപൽക്കരമായ സ്ഥലമോ ഭയപ്പെടുത്തുന്ന സങ്കേതമോ അവർ വകവയ്ക്കുകയില്ല. തങ്ങൾക്കു പിണഞ്ഞതിന്റെ പ്രതിവിധിയോ നേരിട്ട വിഷമപ്രശ്നങ്ങൾക്കുള്ള പരിഹാരമോ അവർക്കറിയുകയില്ല. ഹൃദയം ദുൻയാവിനെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. അതിന്റെ മുമ്പിൽ തങ്ങളെ അവർ സമർപ്പിച്ചിരിക്കുകയാണ്. അതിലേക്കവർ കുതിച്ചുചെല്ലുന്നു. ജനങ്ങളേ, നിങ്ങളുടെ നാട്ടിൽ പ്ലേഗ് നാശം വിതച്ചിരിക്കുന്നു. ഇതുപോലുള്ളൊരു ദുരന്തം നിങ്ങളുടെ പൂർവികരിലാരും കണ്ടിട്ടില്ല. അത്യുഷ്ണത്തിലും അതിശൈത്യത്തിലും മാത്രമാണ് പ്ലേഗിന്റെ അണുക്കൾ നശിക്കുന്നതെന്ന് നിങ്ങൾക്കറിയാം. അതുകൊണ്ടു നിങ്ങൾ സത്യം തേടിപ്പിടിക്കുക. എന്നാൽ നിങ്ങൾ രക്ഷപ്പെടും. അമിതമായ വൈകാരികാവസ്ഥയിൽനിന്നും ആത്മാവിനെ സ്വയം ശീതീകരിച്ച് വിനയപൂർവം അതിനെ അല്ലാഹുവിൽ മുന്നിടുകയെന്നതാണ് ശൈത്യംകൊണ്ടുദ്ദേശിക്കുന്നത്. ഉഷ്ണംകൊണ്ടുദ്ദേശിക്കുന്നത് മടിയുപേക്ഷിച്ച് സേവനരംഗത്തിറങ്ങുകയും, എല്ലാതരം അലസതയും, ഭയഭക്തിയാകുന്ന വിശ്വാസം കൊണ്ടകറ്റുകയും ചെയ്യുക എന്നതാണ്. സത്യസന്ധത ദൈവപ്രീതിയ്ക്ക് അനിവാര്യമാകുന്നു. അതുകൊണ്ട് പ്രസ്തുത ശൈത്യത്തിലേക്കും ഉഷ്ണത്തിലേക്കും വന്നാൽ നിങ്ങൾ രക്ഷപ്രാപിച്ചു.

സഹോദരങ്ങളേ, തഖ്വാ എന്ന ചരക്ക് കിട്ടാതായിരിക്കുന്നു. അതിന്റെ സംരക്ഷകർ പിൻവലിഞ്ഞിരിക്കുകയാണ്. ഹൃദയത്തിൽ ഈമാനില്ല. പാപം, ജനങ്ങളിൽ പെരുകിയിരിക്കുന്നു. അതുകൊണ്ടു തഖ്വാ കരസ്ഥമാക്കുന്നതിനും അതന്വേഷിച്ചുകണ്ടുപിടിക്കുന്നതിനും നിങ്ങൾ ശ്രമിക്കുക; സജ്ജനങ്ങളേയും ദുർജനങ്ങളേയും വേർതിരിക്കുന്നതും തീപ്പൊരിപറത്തുന്നതുമായ പ്ലേഗിൽനിന്നും നിങ്ങൾ രക്ഷപെടാൻവേണ്ടി! അറിയുക, നിശ്ചയമായും രണ്ടുപ്രാവശ്യം അതിഭയങ്കരമായ ഭൂകമ്പമുണ്ടായി. ഒന്ന്, മർയമിന്റെ മകൻ തനിച്ചുതള്ളപ്പെട്ടപ്പോൾ. രണ്ട് ഞാൻ ബഹിഷ്കൃതനായ

പ്പോൾ. ഭൂകമ്പത്തിന്റെ ഈ സമയത്ത് നിങ്ങളുറങ്ങരുത്. ആ സന്നിധാനത്തിന്റെ സമ്പ്രീതി കരസ്ഥമാക്കുവാൻ നിങ്ങളുണർന്നിരിക്കുക.

യുവജനങ്ങളേ, അവസാനമായി നിങ്ങളോടു പറയാനുളളത് റഹ്മാനായ റബ്ബിന്റെ സന്തോഷകരമായ ചില വചനങ്ങളാണ്. സുവാർത്ത അറിയിച്ചുകൊണ്ട് എന്റെ റബ്ബ് പറഞ്ഞു: മൂസായുടേതു പോലുള്ള ഒരു കാലം വരും. ഉദാരമതിയായ അല്ലാഹു നിന്റെ മുമ്പേ നടക്കും. നിന്നെ എതിർക്കുന്നവരെ അവനെതിർക്കും. ശത്രുക്കളിൽ നിന്ന് അവൻ നിന്നെ രക്ഷിക്കും. കൈയേറ്റക്കാരുടെ മേൽ അവൻ കൈയേറ്റം നടത്തും. വിലപ്പെട്ടൊരു വസ്തു നിനക്കുവേണ്ടി അല്ലാഹു പുറത്തുകൊണ്ടുവരും. പ്രവാചകന്മാരെല്ലാം ആ സന്തോഷവർത്തമാനം കണ്ടിരിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദത്തം പുലർന്നു. അതു മെല്ലെമെല്ലെ സഞ്ചരിച്ചു. കണ്ടവനും കരസ്ഥമാക്കിയവനും വിജയം പ്രാപിച്ചു. ഭയന്നുകൊണ്ടു പരാജിതനായവൻ നാശമടഞ്ഞു. പിന്നൊരുദിവസം ദർശനത്തിൽ ഒരെഴുത്തുഎനിക്ക് കാണിക്കപ്പെട്ടു. അതു ഞാൻ നോക്കിയപ്പോൾ അതിന്റെ തലവാചകം **പ്ലേഗ് മിച്ചം** എന്നായിരുന്നു. അതിന്റെ പുറത്ത് എന്റേതായൊരു പരസ്യം; ആ മരണവാർത്ത ഞാൻ പരസ്യം ചെയ്തപോലെതന്നെ.

# സംശയനിവാരണമെന്ന തന്ത്രവുമായി സനാഉല്ല അമൃതസരി ഖാദിയാനിൽ വന്നപ്പോൾ നാമെഴുതിയ കത്തിന്റെ തർജമ

**ഹിജ്റ 1320 ശവ്വാൽമാസം 10ാം തീയതിയാണ് കളവിന്റെ ഈ അഗ്രഗാമി ഇവിടെവന്നത്.**

അദൃശ്യകാര്യങ്ങളിലധിഷ്ഠിതമായ എന്റെ ചില പ്രവചനങ്ങളെ സംബന്ധിച്ച് താങ്കൾക്കുണ്ടായ സംശയങ്ങൾക്കു പരിഹാരം തേടിക്കൊണ്ടെഴുതിയ താങ്കളുടെ കുറിപ്പു കിട്ടി. ഒരുകാര്യം ശ്രദ്ധിക്കുക. താങ്കൾ ഉത്തമലക്ഷ്യത്തോടെയാണ് എത്തിയിട്ടുള്ളതെങ്കിൽ, കുഴപ്പമുണ്ടാക്കുകയെന്ന ചിന്ത താങ്കൾക്കില്ലെങ്കിൽ എന്റെ ചില നിബന്ധന ആശയവിനിമയത്തിനുമുമ്പേ താങ്കൾ സ്വീകരിക്കുവാൻ

തയ്യാറാവണം. അതിൽനിന്നു വ്യതിചലിക്കാതെ ഉത്തമന്മാരെപ്പോലെ ഉറച്ചുനില്ക്കുകയും വേണം. എന്റെ നിബന്ധന താങ്കൾക്കു സ്വീകാര്യമല്ലെങ്കിൽ എന്നെ എന്റേതായ വഴിക്കുവിട്ടുകൊണ്ട് താങ്കൾക്കു തിരിച്ചുപോകാം.

ഒന്നാമത്തെ നിബന്ധന, നമ്മുടെ വാദപ്രതിവാദം സാധാരണനടന്നുവരുന്ന രീതിയിലായിരിക്കുകയില്ലെന്നുള്ളതാണ്. താങ്കളുടെ ഹൃദയത്തെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നം മാന്യമായ നിലയിൽ എന്നെ എഴുതിയറിയിക്കുക. വലിച്ചുവാരി എഴുതേണ്ട ആവശ്യമില്ല. ഒന്നോരണ്ടോവരികളിൽ വിഷയം അവസാനിപ്പിക്കുക. അപ്പോൾ അതിന് വിശദമായ മറുപടി തരേണ്ടതു നമ്മുടെ ബാധ്യതയാണ്; മൂന്നുമണിക്കൂർ വേണ്ടിവന്നാലും. അതു വായിച്ചതിനുശേഷം എന്തെങ്കിലും സംശയം ഉണ്ടായാൽ ആദ്യത്തേതുപോലെ വീണ്ടും എഴുതാവുന്നതാണ്. സത്യം വെളിപ്പെടുകയും താങ്കൾ സംതൃപ്തനാവുകയും ചെയ്യുന്നതുവരെ ഈ രീതി തുടരാം.

ഞാൻ ഈ മാർഗം തിരഞ്ഞെടുത്തത് താങ്കളെ നിശ്ശബ്ദനാക്കുവാനോ തന്ത്രം പ്രയോഗിച്ച് പരാജയപ്പെടുത്തുവാനോ അല്ല. മറിച്ച് സത്യവാചകം ചൊല്ലി ഞാൻ അല്ലാഹുവുമായി ഒരു കരാർ ചെയ്തിരിക്കുന്നു. അതു ലംഘിക്കുവാൻ എനിക്കു സാധ്യമല്ല. അഞ്ചാമെ ആഥം എന്നഗ്രന്ഥത്തിനുശേഷം മാന്യനായാലും നീചനായാലും ആരുമായും വിവാദം നടത്തുകയില്ലെന്നതാണത്. അപ്പോൾ, ചെയ്തകരാർ ലംഘിക്കുവാനോ ഉന്നതനായ അല്ലാഹുവിന്റെ മുന്നിൽ തെറ്റുചെയ്യുവാനോ ഞാനുദ്ദേശിക്കുന്നില്ല. എന്റെ പ്രസ്തുത ഗ്രന്ഥം താങ്കൾ വായിച്ചിട്ടുണ്ടാകുമല്ലോ. അതുകൊണ്ടു എന്റെ നിബന്ധന താങ്കൾ സ്വീകരിക്കുവിൻ! താങ്കൾ വിവേകശാലിയും തഖ്വാ കൈക്കൊള്ളുന്നആളുമാണെങ്കിൽ അതംഗീകരിക്കുവിൻ. സ്വന്തം വാസസ്ഥലത്തുനിന്ന് സുഹൃത്തുക്കളെയെല്ലാം ഉപേക്ഷിച്ച് യാത്രചെയ്ത് താങ്കളെ ഇങ്ങോട്ടുകൊണ്ടുവരുവാൻ പ്രേരിപ്പിച്ചത് സത്യാന്വേഷണത്വരയാണെന്ന് താങ്കളുടെ കുറിപ്പിൽ സൂചിപ്പിച്ചിരുന്നുവല്ലോ. ഇതു ശരിയാണെങ്കിൽ വാഗ്ദത്തം ലംഘിക്കാതെ തന്നെ കാര്യങ്ങൾ ചർച്ച ചെയ്യാൻവേണ്ടി ഞാൻ മുന്നോട്ടുവച്ച നിബന്ധന താങ്കളെന്തിനുപേക്ഷിക്കണം. അതിൽ സമാധാനവും കോപത്തിൽനിന്ന് രക്ഷപെടുവാനുള്ള വഴിയുമുണ്ട്. സമാധാനപാലനത്തിന് ഉത്തമമാർഗവും

അതുതന്നെ. നേർക്കുനേരെയുള്ള ഏറ്റുമുട്ടൽ തീക്ഷ്ണമാവുകയും അതു കലഹത്തിനു കാരണമായിത്തീരുകയും ചെയ്യും. അതുപിന്നെ സർക്കാർ തലത്തിലേക്കു വ്യാപിച്ച് പലപ്രശ്നങ്ങളും വരുത്തിവയ്ക്കും. മനഃപൂർവം അഗ്നിയിലേക്കോടാതെ ബുദ്ധിപൂർ വം അപകടത്തെ ഉപേക്ഷിക്കുക. ഞാനവതരിപ്പിച്ച മാർഗം സ്വീകരിക്കാൻ താങ്കൾക്കെന്താണു തടസമായിട്ടുള്ളത്. താങ്കൾക്കതു ദോഷംചെയ്യുമോ? സംശയങ്ങളുന്നയിക്കുന്നതിൽനിന്ന് ഞാൻ താങ്കളെ തടയുന്നില്ല. നിരൂപണത്തിന്റെ ശരങ്ങൾ തൊടുത്തുവിടരുതെന്നും പറഞ്ഞിട്ടില്ല. വിവേകശാലിയായ താങ്കൾക്കും എനിക്കും ഗുണകരമായ മാർഗമേ ഞാൻ സ്വീകരിച്ചിട്ടുള്ളൂ. നൂറുപ്രാവശ്യം വേണമെങ്കിലും താങ്കൾക്കു ചോദ്യംചോദിക്കാം. കഴിയുന്നതും ചുരുക്കിയെഴുതണമെന്നുമാത്രം. സർവജ്ഞനായ അല്ലാഹുവിനെ ഭയപ്പെടുകയും അനാവശ്യമായ ഭാഗത്തേക്കു നമ്മൾ തിരിയാതിരിക്കുകയും വേണം. ആദ്യം ഒരു ചോദ്യം മാത്രം എഴുതുക. അതിനു മറുപടി വന്നുകഴിഞ്ഞാൽ ചോദ്യവും ഉപചോദ്യവും വീണ്ടും ചോദിക്കാം. ഇതുതന്നെയാണ് നല്ലത്. താങ്കൾ സദുദ്ദേശ്യത്തോടെയാണ് നാട്ടിൽനിന്നു വന്നതെങ്കിൽ, ചിന്താകുഴപ്പമുണ്ടാക്കുകയെന്ന വിചാരം താങ്കൾക്കില്ലെങ്കിൽ മത്സരബുദ്ധിയൊന്നുമില്ലാത്ത നീതിമാനെന്ന നിലയ്ക്ക് ഞാനെഴുതിയത് താങ്കൾക്കു സ്വീകരിക്കാവുന്നതേയുള്ളൂ. അതിലൂടെ താങ്കളുടെ ലക്ഷ്യം പൂർത്തിയാവുകയില്ലെന്ന് ധരിക്കുന്നുണ്ടെങ്കിൽ അതിന്റെ അർഥം ഇവിടെ കുഴപ്പമുണ്ടാക്കുകയെന്നതു തന്നെയാണ്. അതിന്റെ ലക്ഷണങ്ങൾ കാണുന്നുമുണ്ട്. നല്ലവരായ കുറേയാളുകൾ അതു മനസ്സിലാക്കിയിരിക്കുന്നു.

എന്റെ സന്ദേശം ചെവിയിലെത്തിയപ്പോൾ താങ്കളുടെ കണ്ണിൽ ഇരുട്ടുകയറി. സമുദ്രം ഫിർഔനെ പൊതിഞ്ഞതുപോലെ താങ്കളെ ഖിന്നത പൊതിഞ്ഞു. സ്വബോധം നഷ്ടപ്പെട്ട താങ്കളെ അല്ലാഹു പരാജിതരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ താങ്കളുടെ മർക്കടമുഷ്ടിസ്വഭാവം നിർലജ്ജം നീണ്ടുനിന്നു. ദൈവസന്നിധിയിൽ ഞാൻ ചെയ്ത കരാർ ലംഘിപ്പിക്കുവാൻ താങ്കൾ കഴിവതു ശ്രമിച്ചു. ഹാ അത്ഭുതം! അത്ഭുതം! താങ്കൾ മനുഷ്യനാണോ? അതോ ജീവികളിലൊരുജീവിയോ? അജ്ഞതയുടെ കൂമ്പാരമേ, അല്ലാഹുവുമായി ചെയ്ത കരാർ ലംഘിക്കുന്നതിന് എന്നെ

പ്രേരിപ്പിക്കുകയാണോ? ഓരോരോമ്ണിക്കൂറിലും നവംനവങ്ങളായ സംശയങ്ങൾ ചോദിക്കുവാനുള്ള സമ്മതം ഞാൻ തന്നിട്ടുണ്ടെന്ന് താങ്കൾക്കറിയാം. ഇപ്പോൾ ദുരുദ്ദേശ്യത്തോടെയാണ് താങ്കൾ പിന്തിരിഞ്ഞു പോകുന്നത്. ഹൃദയം അശുദ്ധം. സത്യവും നീതിയും താങ്കളുടെ ലക്ഷ്യമേയല്ല. താങ്കളുടെ ഉദ്ദേശ്യം അല്ലാഹു നല്ലവണ്ണം അറിയുന്നു. താങ്കൾ കൊണ്ടുവന്ന കോപ്പതന്നെ താങ്കളെ കുടിപ്പിച്ചു. വ്യക്തമായ നിരാശയ്ക്കും താങ്കൾ വിധേയനായി. എന്റെ ദൃഷ്ടി താങ്കളുടെ ഭാഗത്തേയ്ക്കു തിരിയുകയും ശരിയായ വീക്ഷണത്തിലൂടെ കാര്യങ്ങൾ ഞാൻ മനസ്സിലാക്കുകയും ചെയ്തു. പടുവങ്കത്തമാണ് താങ്കളുടെ ലക്ഷ്യം. സത്യന്വേഷണത്തിന്റെ ഒരുലക്ഷണവും താങ്കളിലില്ല. ഞാനിതെല്ലാം അറിഞ്ഞുകഴിഞ്ഞു. ശൈത്ത്വാന്റെ കരാളഹസ്തങ്ങളിൽ കഴിയുന്ന താന്തോന്നികൾക്കിടയിലാണു താങ്കൾക്കു പേരും പെരുമയുമുള്ളത്.

എന്റെ നിബന്ധന പാലിച്ചുകൊണ്ടു സംശയങ്ങൾ ചോദിക്കുവാൻ താങ്കൾ ഈ ഗ്രാമത്തിൽ നില്ക്കുകയില്ലെന്നും എന്റെ മറുപടിക്കു ചെവികൊടുക്കുകയില്ലെന്നും തർക്കം തീരുന്നതിനുമുമ്പേ തീരുമാനമൊന്നുമെടുക്കാതെ താങ്കൾ പിരിഞ്ഞുപോകുമെന്നും, അതിവേഗം പ്രതിഫലം നല്കുന്ന അല്ലാഹുവിനെക്കൊണ്ടു ഞാൻ സത്യം ചെയ്യുന്നു. കാലേകൂട്ടി അദ്ദേഹത്തെ അറിയിച്ചതനുസരിച്ച് ഞാൻ അല്ലാഹുവിനോടു ദുആ ചെയ്യുന്നു. സത്യനിഷേധിയുടെ മേൽ അല്ലാഹുവിന്റെ ശാപം ഉണ്ടാകട്ടെ. ഇയാൾ പ്രസ്തുത ശാപത്തെ ഭയക്കുകയോ സ്ഥലംവിടുകയോ ചെയ്യുമെന്നെനിക്കറിയാം.

അങ്ങനെയിരിക്കുമ്പോൾ അദ്ദേഹം കടന്നുകളഞ്ഞുവെന്ന വിവരം എനിക്കു കിട്ടി. തന്റെ ദീനിന്റേയും സംസ്കാരത്തിന്റേയും മാതൃക! അല്ലാഹു അദ്ദേഹത്തെ പരാജയപ്പെടുത്തുമാറാകട്ടെ. സത്യത്തെ നിഷേധിക്കുവാൻ അദ്ദേഹത്തിനെങ്ങനെ ധൈര്യം വന്നു. അല്ലാഹുവേ, ഇതിന്റെ ഫലം നീ അദ്ദേഹത്തെ രുചിപ്പിക്കേണമേ. സംശയനിവാരണത്തിനു സനാഉല്ല തയ്യാറാവുകയില്ലെന്നും മറ്റു ശത്രുക്കളെ പോലെ അദ്ദേഹവും കളവും ചതിയും കൃത്രിമവുമായിട്ടായിരിക്കും വരികയെന്നും ഞാൻ മുമ്പേ പറഞ്ഞത് എത്രമാത്രം സത്യം.

ആഞ്ഞടിക്കുന്നതും ആളിക്കത്തുന്നതുമായ ഒരന്തരീക്ഷം സൃഷ്ടിച്ച് പൊതുജനങ്ങളെ കബളിപ്പിക്കുവാനും സത്യവചനം നീചരുടെ മുമ്പിൽ അവ്യക്തമാക്കുവാനുമുള്ള ശ്രമമായിരുന്നു അദ്ദേഹത്തിന്റേത്. ഭക്തിയുടെ ഭാവവും വിവേകത്തിന്റെ അടയാളവും അദ്ദേഹത്തിൽ കാണുമാറായില്ല. നമ്മുടെ ലക്ഷ്യം ദൈവികഹിതമനുസരിച്ച് കൂരിരുട്ടിൽ നിന്ന് സത്യം വെളിയിൽ വരണമെന്നായിരുന്നു. തർക്കവിതർക്കങ്ങൾ ഉപേക്ഷിക്കുവാൻ നാം മുമ്പേ പരസ്യം ചെയ്തിട്ടുണ്ട്. ഉള്ളിലുള്ളതെല്ലാം അല്ലാഹുവിന്നറിയാം. അങ്ങനെ ആ മനുഷ്യന്റെ വഞ്ചനയിൽനിന്ന് നാം രക്ഷപ്രാപിച്ചു. അയാൾ സ്വയം അയാളുടെ തന്നെ വേട്ടമൃഗമായി. അപ്പോൾ രണ്ട് ആനന്ദവും രണ്ടു വിജയവും എന്നെ പൊതിഞ്ഞു. അതിൽ ഞാൻ കൂടുതൽ ആനന്ദിക്കുവാനുള്ള കാരണമേതൊന്നിനാണെന്നു എനിക്കു പറയുവാൻ പറ്റുകയില്ല. പരിഭ്രമിച്ചവനെപ്പോലെ ഞാൻ അല്ലാഹുവിന് നന്ദിപ്രകടിപ്പിക്കുന്നു. ഈ സന്തോഷവും വിജയവും ആവർത്തിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ എതിരാളി പരാജിതനായിപ്പോയതെങ്ങനെയെന്ന് ഞാനറിഞ്ഞു. ശാപമോ അനുഗ്രഹമോ സ്വീകരിക്കാമെന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞിരുന്നു. അയാളിവിടെനിന്ന് കൊണ്ടുപോയത് ശാപമാണ്. അപ്പോൾ ഇന്നേവരെ ജനങ്ങളുടെ കണ്ണിൽനിന്ന് മറഞ്ഞുകിടന്ന നമ്മുടെ വിജയം പിക്കാസ് പോലെ എതിരാളിയുടെ തലയിൽ ആഞ്ഞുപതിച്ചു. മുഅ്ജിസത്ത് എന്ന നിലയിൽ രണാങ്കണത്തിൽ ആയുധം പ്രയോഗിക്കുന്നതുപോലെ നാം അത് പ്രയോഗിച്ചു. എല്ലായിടത്തും അല്ലാഹു നമ്മെ സഹായിച്ചു. എല്ലാ ഖനിയിൽനിന്നും നാം സ്വർണം കുഴിച്ചെടുത്തു. മൂന്നുവർഷത്തിനുള്ളിൽ മനുഷ്യകരങ്ങൾക്കതീതമായ ചില ദൃഷ്ടാന്തങ്ങൾ അല്ലാഹുകാണിക്കുമെന്ന് ഞാൻ ജനങ്ങളോടു പറഞ്ഞിരുന്നു, കാണിച്ചില്ലെങ്കിൽ ഞാൻ സത്യവാദിയല്ലെന്നും വെളിപ്പെടുത്തിയിട്ടുണ്ടായിരുന്നു. ശത്രുക്കളെ പരാജിതരാക്കി നിരവധി ദൃഷ്ടാന്തങ്ങൾ കാണിച്ച അല്ലാഹുവിനാണ് സർവസ്തുതിയും. അത് നാം അല്പം വിശദീകരിക്കട്ടെ.

# ഈ മൂന്നു വർഷത്തിനുള്ളിൽ വെളിപ്പെട്ട അടയാളവും നമുക്കു നല്കപ്പെട്ട വിജയവും

അല്ലാഹ്, അല്ലാഹ് ഉയർച്ചയും പ്രതാപവുമെല്ലാം അവനുതന്നെ. എല്ലാവിധിയും തീരുമാനവും അവനിൽനിന്നാകുന്നു. ആകാശ ഭൂമികൾ അവന്റെ വിധി കേൾക്കുന്നു. വസ്തുക്കളും അതിന്റെ നിഴലും ഇരുട്ടും വെളിച്ചവുമെല്ലാം അവനെ അനുസരിക്കുന്നു. അവനുദ്ദേശിക്കുന്നവർക്കു അവൻ തിരിച്ചറിയുവാനുള്ള ശക്തി നല്കുന്നു. മറ്റുള്ളവരിൽനിന്ന് അതെടുത്തുകളയുന്നു. അല്ലാഹു പരിശുദ്ധനാണ്. നമ്മുടെ ഉയർച്ചയെ അവൻ വെളിപ്പെടുത്തുകയും എതിരാളികളെ താഴ്ത്തുകയും ചെയ്തു. അവരുടെ സൂര്യൻ പർദയിലാണ്; പർവതങ്ങൾ പൊടികളും. അവരുടെ വൃക്ഷങ്ങൾ പിഴുതെറിയപ്പെട്ടത്; പ്രകാശം കണ്ണുപൂട്ടിയതും. അവർ വഞ്ചിച്ചപ്പോൾ അല്ലാഹു അതിന് പ്രതിവിധി ചെയ്തു. വേട്ടയ്ക്കിറങ്ങിയവരെ വേട്ടവസ്തുവാക്കി. എന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവരേയും സത്യവിശ്വാസികളെ പരീക്ഷണവിധേയരാക്കിയവരേയും എന്റേയും എന്റെ അഭിമാനത്തിന്റേയും മേൽ ആക്രമണം നടത്തിയവരേയും നിങ്ങൾ കാണുന്നില്ലേ. എങ്ങനെയാണ് അല്ലാഹു അവർക്കു തീക്ഷ്ണമായ ശിക്ഷ കാണിച്ചുകൊടുത്തത്. നമ്മുടേയും അവരുടേയുമിടയിൽ അവൻ വ്യത്യസ്തമായ അവസ്ഥ സൃഷ്ടിച്ചു. മുങ്ങിപ്പോയവരെപോലെ അവരെ ഉപേക്ഷിച്ചു. ഇപ്രകാരം എല്ലാ ശത്രുവിനും പരാജയത്തിന്റെ ഓരോ അംശം നല്കി. ദൈവത്തിന്റെ കല്പനലംഘിച്ച് അവനെ നേരിടാൻ പുറപ്പെട്ടതിന്റെ ഫലം. ശരിയായ മാനദണ്ഡത്തോടെ ഉത്തമമായ തുലാസിന്റെ രൂപത്തിൽ എല്ലാ ദൃഷ്ടാന്തങ്ങളും അവരുടെ മേൽ അവതരിപ്പിക്കപ്പെട്ടു. അപ്പോൾ സങ്കുചിതരും നീചരുമായവരെപ്പോലെ അവർ പിന്തിരിഞ്ഞുകളഞ്ഞു. ദൈവത്തിലേക്കു മടങ്ങിച്ചെല്ലുമ്പോൾ ഇതിന്റെ ഫലം അവരറിയുകതന്നെ ചെയ്യും. ആ ദൃഷ്ടാന്തങ്ങൾ ഇവിടെ എഴുതേണ്ട ആവശ്യമില്ല. അടുത്തകാലത്ത് വെളിപ്പെട്ടതുമാത്രം ഇവിടെ രേഖപ്പെടുത്താം. അല്ലാഹു എനിക്കു ചില വാഗ്ദാനങ്ങൾ നല്കി. അതു ബറാഹീനെ അഹ്മദിയ്യ:യിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്. അതിനുശേഷം ഇരുപത് വർഷം കഴിഞ്ഞു. അതിന്റെ ചുരുക്കമിതാണ്..

അവനെന്നെ ഞാൻ അന്നുണ്ടായിരുന്ന സ്ഥിതിയിൽ ഏകനായി വിട്ടുകളയുകയില്ല. ഭക്തരും വിശ്വാസികളുമടങ്ങുന്ന സൈന്യം തന്നെ എനിക്കു നല്കും. കൃത്രിമികളായ കള്ളവാദികളെപ്പോലെ എന്നെ ഒറ്റപ്പെടുത്തുകയില്ല. എന്റെ വീട്ടുപടിക്കൽ സേവകരുടെ പടതന്നെ കൊണ്ടുവരും. ദൂരദൂര സ്ഥലങ്ങളിൽ നിന്ന് ധാരാളം സമ്മാനവും സമ്പത്തും എന്റെയടുക്കലെത്തും. സ്നേഹിതർക്കും അന്യർക്കും അത് അനുമാനിച്ച് കണക്കാക്കുവാൻ സാധ്യമല്ല.

ഇതൊന്നും കൊല്ലങ്ങളോളം കാണപ്പെട്ടിരുന്നില്ല. ഞാൻ പങ്കെടുത്ത ഏതെങ്കിലും സമ്മേളനമോ യോഗമോ നടക്കുകയോ കൂടിക്കാഴ്ച ആഗ്രഹിച്ചുകൊണ്ടു ഒരാൾ പോലും എന്റെയടുക്കൽ വരികയോ ചെയ്തിരുന്നുമില്ല. ആരാലും അറിയപ്പെടാത്തവനായിരുന്നു ഞാൻ. ഞാൻ അജ്ഞാതനായിരുന്നു. പ്രസിദ്ധനായിരുന്നില്ല. എന്റെ കണ്ണുതുറന്നപ്പോൾ ഞാൻ അകത്തളം ഇഷ്ടപ്പെടുന്നവനായിരുന്നു; ദിവ്യജ്ഞാനമാകുന്ന പാനീയം സ്വയം കുടിച്ച് ദാഹമകറ്റുവാനും ദാഹിച്ചുവലഞ്ഞ ഒട്ടകത്തെ രക്ഷിക്കുവാനും വേണ്ടി ഈ ഏകാന്തവാസത്തിൽ നീണ്ടകാലം കഴിഞ്ഞുപോയി. എന്നെക്കുറിച്ച് പൊതുജനങ്ങൾ പോയിട്ട് അടുത്തബന്ധുക്കൾക്കുപോലും അറിയുകയില്ല. അങ്ങനെയുള്ള അജ്ഞാത ലോകത്തായിരുന്നു ഞാൻ. അനന്തരം എന്റെ റബ്ബ് എനിക്കു വെളിപ്പെടുകയും എന്നെ സ്വീകരിച്ചിരിക്കുന്നുവെന്ന സുവാർത്ത അറിയിക്കുകയും ചെയ്തു.

وَقَالَ اُرُدُّ اِلَيْكَ كَثِيْرًا مِّنَ الْوَرٰى
بَعْدَ مَا كَفَرُوْكَ وَصَارُوْا مِنَ الْعِدَا
لَا مُبَدِّلَ لِكَلِمَاتِهٖ وَلَا رَادَّ لِمَا قَضٰى

അവൻ പറഞ്ഞു. ജനങ്ങൾ നിന്നെ നിഷേധിക്കും. അതിനുശേഷം അനേകരെ ഞാൻ നിന്റെയടുക്കൽ കൊണ്ടുവരും. അവന്റെ വിധിയ്ക്കും വചനങ്ങൾക്കും മാറ്റമില്ല.

അല്ലാഹുവിന്റെ നിശ്ചിത അവധിവരെ അവന്റെ ഹിക്മത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ഏകാന്തതയിൽ ജീവിച്ചു. എതിരാളികൾ മുമ്പോട്ടുവന്നു. അങ്ങാടികളിലും ഇടവഴികളിലും എന്നെ കാഫിറാക്കിക്കൊണ്ടുള്ള മതവിധി അവർ പെരുമ്പറയടിച്ചു കേൾപ്പിച്ചു. അപ്പോൾ എന്റെ ഹൃദയത്തിലിടപെട്ടു.

إِنَّ وَقْتَ النَّصْرِ أَتَى وَجَاءَ أَوَانُ الزَّهْرِ
وَانْجَابَ الثُّلُوجُ مِنَ الرُّبَى

ദൈവസഹായത്തിന്റെ സമയം അടുത്തിരിക്കുന്നു; മൊട്ടുവിരിഞ്ഞ് പൂവാകുന്ന കാലം! മലയിടുക്കിൽ മഞ്ഞുരുകാൻ തുടങ്ങി.

അപ്പോൾ ഞാനൊരു പരസ്യം ചെയ്തു. മൂന്നുകൊല്ലത്തിനുള്ളിൽ അത്യത്ഭുതകരമായ സഹായം ലോകരക്ഷിതാവിൽനിന്നു എനിക്കു ലഭിക്കും. ഇല്ലെങ്കിൽ ഞാൻ അവനിൽ നിന്നുള്ളവനല്ല. അങ്ങനെ റമളാൻ കഴിഞ്ഞു. പരമകാരുണികനായ റബ്ബിന്റെ നിശ്ചിത സമയം സമാഗതമായി. പവിഴവും മുത്തുംപോലെ തിളങ്ങുന്ന ദൃഷ്ടാന്തങ്ങൾ ഒന്നു മറ്റൊന്നുമായി ബന്ധപ്പെട്ട് പ്രകടമാകുന്നതു നാം കണ്ടു. ഈ ഉപകാരത്തിനു നാം അല്ലാഹുവിന് ശുക്ർ ചെയ്തു. ഞാനെങ്ങനെയാണ് ആനന്ദം പ്രകടിപ്പിക്കേണ്ടത്. അതു വിവരിക്കാനുള്ള ശക്തി എവിടുന്നു ലഭിക്കും! മഹത്തായ വിജയംകൊണ്ടുവന്ന ആ പ്രഭാതവും എതിരാളിയുടെ മുഖം കറുത്തിരുണ്ടുപോയ ആ ദിവസവും എത്രമാത്രം ശോഭിതം! പ്രഭാതത്തിന്റെ പുഞ്ചിരിപോലെ നാം പുഞ്ചിരിച്ചു. സഹായത്തിന്റെ ചിറകുകൾ ഒളിവീശി നമ്മെ ആലിംഗനം ചെയ്തു. ദൃഷ്ടാന്തങ്ങൾ വെളിപ്പെടുകയായി. അതിന്റെ തെളിവുകൾ അല്ലാഹു നിലനിറുത്തി. യാഥാർഥ്യം പുറത്തുവന്നു. പറഞ്ഞതും പറയപ്പെട്ടതും പമ്പകടന്നു. ഛിദ്രത്തിന്റെ പ്രളയത്തിലും ആക്രാമക സ്വഭാവത്തിലും തന്റെ സൃഷ്ടികൾക്കു അല്ലാഹു മതിയായവനാണ്. ജമാഅത്തിന്റെ ആധിക്യമെന്ന ദൃഷ്ടാന്തത്തെ നാം തുറിച്ചുനോക്കി. ദാഹിച്ചവനെപ്പോലെ അതിന്റെ ശബ്ദം കേൾക്കുവാൻ ഞാനെന്റെ കർണപടഹത്തിനു ചൂടേകി. ഇരുട്ടിലകപ്പെട്ടവൻ വെളിച്ചം തിരയുന്നതുപോലെ പുറംകാര്യങ്ങളറിയുവാൻ ഞാൻ കാതോർത്തുനിന്നു.

അപ്പോൾ അടുത്തുനിന്നും അകലെനിന്നും, ഈ മൂന്നാണ്ടിൽ ഒരു ലക്ഷത്തോളമാളുകൾ എന്റെ ജമാഅത്തിൽ പ്രവേശിച്ചിരിക്കുന്നു വെന്ന് എനിക്കു വിവരം ലഭിച്ചു. അതിനുമുമ്പേ വെറും മുന്നൂറോളമായിരുന്നു. മാത്രമല്ല ഞാനീ പ്രവചനം ബറാഹീനെ അഹ്മദിയ്യഃയിൽ പ്രസിദ്ധം ചെയ്ത അവസരത്തിൽ ഒരു അനുയായിപോലും എനിക്കുണ്ടായിരുന്നില്ല. അതു പുലർന്നപ്പോൾ ഞാൻ ദൈവസന്നിധാനത്തിനുമുമ്പിൽ സാഷ്ടാംഗം പ്രണമിച്ചു. അത് എന്റെ കണ്ണിനെ ഒരുത്ഭവസ്ഥാനമാക്കിത്തീർത്തു. അല്ലാഹുവാണ, ഈ നൂറ്റാണ്ടുകളിൽ ആളുകൾ കൂട്ടംകൂട്ടമായി എന്റെയടുക്കൽ വന്നു. അല്ലാഹുവിന്റെ അറിയിപ്പില്ലായിരുന്നുവെങ്കിൽ ജനപ്പെരുപ്പം കണ്ട് ഞാൻ പൊടിഞ്ഞുപോകുമായിരുന്നു. അവരിൽ ശത്രുതകൊണ്ടു ശരംതൊടുത്തുവിട്ടവരും, പറഞ്ഞുപോയതിൽ ഖേദിച്ചവരും, ഭ്രാന്തുപിടിച്ച് തൊള്ളയിൽ വന്നതെല്ലാം പുലമ്പിയവരുമുണ്ട്. അവരെല്ലാം മാനസാന്തരപ്പെട്ടു കരസ്പർശമേൽക്കാത്ത മുത്തുകളായിത്തീർന്നു. സത്യം നിഷേധിച്ച് അനാവശ്യം പറഞ്ഞവരും, ആരോപണങ്ങളുടെ കൂമ്പാരം വിളമ്പിയവരും ഇപ്പോൾ തങ്ങളുടെ മുറിയിലിരുന്ന് പശ്ചാത്തപിച്ചു കരയുന്നു. അവരുടെ സുജൂദുസ്ഥലം ബാഷ്പപൂരത്താൽ പ്രളയമയമാകുന്നു. അതുകണ്ട് ഞാനും കരഞ്ഞുപോകുന്നു. പണ്ടു അവരുടെ മത്സരംകണ്ട് കരഞ്ഞതുപോലെ! അല്ലാഹു അവരുടെ ഹൃദയത്തിൽ കടന്ന് എല്ലാ പാപങ്ങളിൽനിന്ന് അവരെ മോചിപ്പിച്ചു. അവരുടെ തലയോടും മൂർധാവുമെല്ലാം അവന്റെ പ്രത്യേക നിയന്ത്രണത്തിലായി. ഇപ്പോൾ സൽകർമത്തിനു സന്നദ്ധരായി അവരെ അല്ലാഹു കാണുന്നു. പഴയ ഭാരങ്ങളിൽ നിന്നെല്ലാം അവൻ അവരെ മുക്തരാക്കി. ആകാശത്തിൽ നിന്ന് ശക്തിമത്തായ ഒരു വലിച്ചെടുക്കൽ ഞാൻ കാണുന്നു. അല്ലാഹുവിന്റെ അനുപമമായ അധികാരം അതിന്റെ ശക്തിപ്രകടനം നടത്തുന്നു. പാപി തടവിലാക്കപ്പെടുന്നു. അകന്നു പോയവനെ അടുത്തു കൊണ്ടുവരുന്നു. പ്രഭാതക്കീറ് മന്ദഹസിക്കുന്നതുപോലെ സത്യം പ്രത്യക്ഷമായതുകണ്ട് എന്റെ ശിഷ്യന്മാർ മന്ദഹസിക്കുന്നതു ഞാൻ കാണുന്നു. ഇടവേളയ്ക്കുശേഷം തന്റെ അനുഗ്രഹം കൊണ്ട് അല്ലാഹു അവരെ പൊതിഞ്ഞു. ഗാഢനിദ്രയിൽ നിന്ന് അവരെ രക്ഷിച്ചതെന്തൊന്നാണ്? പിക്കാസുകൊണ്ടുള്ള പ്രഹരം പോലും അവർ വകവച്ചില്ല. എന്നിവേക്കു തിരിയുവാൻ അവർ

ആഗ്രഹിച്ചതല്ല. ഒട്ടും ചിന്തിക്കാതെ അവരെന്നെ വെറുത്തതായിരുന്നു. അങ്ങനെയുള്ള ഇവരിൽ ചിലരെ ആകർഷിച്ചത് നല്ല കിനാവുകളാണ്. ചിലരെ അഖണ്ഡമായ രേഖകളും. ഇന്നു അനേകം ആട്ടിൻപറ്റങ്ങളെ മേയ്ക്കുന്നവനാണു ഞാൻ. എന്റെയടുക്കൽ വരുന്ന സദ്വൃത്തന്മാർക്ക് അനുസരണമുള്ള ഹൃദയം അല്ലാഹു നല്കി.

താങ്കളുടെമേൽ സംശയം അതിജയിക്കുകയും മറഞ്ഞിരിക്കുന്നത് താങ്കൾക്ക് തിരിച്ചറിയാതാവുകയും ചുരുങ്ങിയ കാലയളവിലുണ്ടായ ഇത്രവലിയ ജനക്കൂട്ടം താങ്കളെ വിസ്മയിപ്പിക്കാതിരിക്കുകയുമാണെങ്കിൽ അതു നിഷേധത്തിനുള്ള പുറപ്പാടാണ്. ഈവക കാര്യങ്ങളെല്ലാം എന്റെകൂടെയുള്ള വലിയവർക്കും ചെറിയവർക്കും നന്നായിട്ടറിയാം.

ഞാൻ ആരാലും അറിയപ്പെടാത്ത എനിക്കാരേയും അറിഞ്ഞുകൂടാത്ത കാലത്താണ് ഈ പരസ്യം ചെയ്തതെന്ന് താങ്കൾ കേട്ടില്ലേ. കോപം ഉപേക്ഷിക്കുകയും അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക. ബറാഹീനെഴുതിയ കാലത്തെ സംബന്ധിച്ച് സംശയമുണ്ടെങ്കിൽ എന്റെ ഗ്രാമത്തിലെ ഇഷ്ടമുള്ളവരോടു അന്വേഷിച്ചുകൊള്ളുക. ഈ മൂന്നു വർഷത്തിനിടയിൽ അനുയായികൾ പെരുകിയത് സംബന്ധിച്ച് സംശയമുണ്ടെങ്കിൽ ഭരണാധികാരികളോടു ചോദിക്കുക. എന്നിട്ടു ഓരോകൊല്ലവും എന്റെ ശിഷ്യത്വം സ്വീകരിച്ചവരുടെ കണക്കുകൾ എന്നിൽ നിന്നുമറിയുക. താങ്കൾ ബുദ്ധിമാനും മത്സരബുദ്ധി തീണ്ടിയിട്ടില്ലാത്തവനുമാണെങ്കിൽ ഈ ദൃഷ്ടാന്തം മനസ്സിലാക്കാനും അതംഗീകരിക്കാനും പ്രയാസമുണ്ടാവുകയില്ല. അങ്ങനെ പിഴവിൽനിന്ന് രക്ഷപെടുകയും ചെയ്യാം.

ഫിഖ്ഹ്[77] അനുസരിച്ച് രണ്ടു മുസ്ലിംകൾ ഒരുകാര്യം സത്യമാണെന്നു പറഞ്ഞാൽ ഫുഖ്ഹാഅ്[78] അതംഗീകരിക്കും. അപ്പോൾ, ആയിരക്കണക്കായ മുസ്ലിംകൾ സാക്ഷിപറയുന്നകാര്യത്തെകുറിച്ച് സംശയിക്കാനെന്തിരിക്കുന്നു. അവർ മുത്തഖികളാണെങ്കിൽ അവരും അതിനുസാക്ഷി പറയുകതന്നെവേണം. നിങ്ങളാഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ ഇമാമുകളിലൊരാളായ അബൂസഈദ് മുഹമ്മദ്

77. ഇസ്ലാമിക കർമശാസ്ത്രം. 78. കർമശാസ്ത്രപണ്ഡിതൻമാർ

ഹുസയ്ൻ ബട്ടാലവിയോടു ചോദിച്ചുനോക്കുക. അദ്ദേഹം എന്റെ ബറാഹീനെ അഹ്മദിയ്യ എന്ന ഗ്രന്ഥത്തെ സംബന്ധിച്ച് അഭിപ്രായമെഴുതിയ വ്യക്തിയാണ്. അക്കാലത്ത് അദ്ദേഹം എന്റെയടുത്ത് വരാറുണ്ടായിരുന്നു. അപ്പോൾ എനിക്കെത്ര അനുയായികളുണ്ടായിരുന്നുവെന്ന് അദ്ദേഹത്തോടു ചോദിക്കുക. അദ്ദേഹം പറയുന്നത് നിങ്ങൾക്കു സ്വീകാര്യമല്ലെങ്കിൽ എന്റെ ഗ്രാമവാസികളോടും അയൽവാസികളോടുമന്വേഷിക്കുക. ബറാഹീൻ വിരചിതമായ കാലത്ത് അപൂർവം ചിലവ്യക്തികളൊഴിച്ച് ആരാലും ഞാൻ അറിയപ്പെട്ടിരുന്നില്ല. അറിയപ്പെട്ടിരുന്നെങ്കിലല്ലേ പണ്ഡിതന്മാരാലും ധനികരാലും ഉന്നതന്മാരാലും ആദരിക്കപ്പെടുകയുള്ളൂ. അന്ന് ഞാനൊരു ചർച്ചാവിഷയമേ അല്ലായിരുന്നു; ആർക്കും വേണ്ടാത്ത ഒരു വസ്തു. ഇക്കാര്യം വ്യക്തമായി തെളിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് ബുദ്ധിജീവികളേ, നിങ്ങളൊന്നന്വേഷിച്ചു നോക്കുക. അക്കാലത്ത് എന്നെ തനിച്ചുവിടുകയില്ലെന്നും സേവകരുടെ സൈന്യം എനിക്കു തരുമെന്നും അല്ലാഹു എന്നെ അറിയിച്ചിരുന്നതായി നിങ്ങൾ കേട്ടിട്ടുണ്ട്. ഈ മൂന്നുവർഷത്തിനിടയിൽ ആ വാഗ്ദാനം അവൻ പൂർത്തിയാക്കി. ആയിരങ്ങൾക്കു ഞാൻമുഖേന അവൻ ജീവൻ നല്കി. ശവകുടീരത്തിൽ നിന്നും അവരെ തിരിച്ചയച്ചു. കഴിഞ്ഞ ഇരുപതു വർഷംകൊണ്ടു നമുക്ക് ലഭ്യമല്ലാതിരുന്ന നേട്ടം ഈ മൂന്നുവർഷംകൊണ്ടു നമുക്കു ലഭിച്ചു; സത്യം ചെയ്തു ഞാനതു പറഞ്ഞതാണ്. നിസ്സംശയം അതൊരു അസാധാരണ ദൃഷ്ടാന്തം തന്നെയാകുന്നു; ആ സന്നിധിയിൽനിന്നുള്ള മഹാദൃഷ്ടാന്തം. നിങ്ങൾക്കിതിൽ സംശയമുണ്ടെങ്കിൽ അടുത്തകാലത്തോ അതിനുമുമ്പോ ഇതുപോലൊന്നു സംഭവിച്ചതായി കാണിച്ചുതരൂ. ദൈവിക സന്ദേശം ലഭിക്കുന്നുവെന്ന വാദത്തോടെ ആരാലും അറിയപ്പെടാത്ത ഒരുവ്യക്തി എഴുന്നേല്ക്കുന്നു. അപ്പോൾ എതിരാളികൾ ആ വ്യക്തിയെ എതിർക്കുകയും അയാളെ നശിപ്പിക്കുവാൻ എല്ലാതന്ത്രങ്ങളും തുടർച്ചയായി പ്രയോഗിക്കുകയും, വാളും കുന്തവുംപോലെ വഞ്ചനയുടെ എല്ലാ മാർഗങ്ങളും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. എന്നിട്ടും അയാൾ അവരുടെ കൈയാൽ നശിക്കുന്നില്ല. മറിച്ച് മൂന്നുകൊല്ലത്തിനിടയിൽ അയാൾക്കു ആയിരക്കണക്കിനു അനുയായികൾ ഉണ്ടാകുന്നു. ഇങ്ങനെ പ്രതാപവാനായ അല്ലാഹുവിന്റെ സഹായം ലഭിച്ചിട്ടുള്ള ഒരാളുടെ ഉദാഹരണം നിങ്ങൾ കൊണ്ടുവന്നാലും.

ഖാസിമാരുടെ തൂലികയിലൂടെ ഞാൻ കാഫിറാക്കപ്പെട്ടു. ഒരിക്കൽ അവരെന്നെ കോടതികയറ്റി. എന്നിട്ടെന്തുണ്ടായി! വിജയവും അനുചരന്മാരുടെ വർധനവും തന്നെ. ഒന്നിൽനിന്ന് ലക്ഷത്തിലേക്ക്. ഇതു മനുഷ്യന്റെ കഴിവിൽപെട്ടതാണെങ്കിൽ ഇതിനൊരു മാതൃക നിങ്ങൾ കൊണ്ടുവരിക. ഈ പോരാട്ടത്തിൽ നിങ്ങൾ വിജയിക്കുകയാണെങ്കിൽ അല്ലാഹുവാണെ, ആയിരം രൂപ ഞാൻ സമ്മാനം നല്കുന്നതാണ്.

നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ – അങ്ങനെചെയ്യുവാൻ നിങ്ങൾക്കൊരിക്കലും സാധ്യമല്ല – ഖിയാമം നാൾവരെ അല്ലാഹുവിന്റെ ശാപം നിങ്ങളുടെമേലുണ്ട്. ദൈവദൃഷ്ടാന്തങ്ങളെ അന്യായമായി നിങ്ങൾ നിഷേധിക്കുന്നു. അതുപോലൊന്നു കാണിക്കുവാൻ നിങ്ങൾക്കൊട്ടു സാധിക്കുന്നുമില്ല. നിങ്ങൾ നിങ്ങളുടെ സ്ഥാനത്ത് ചേതനയറ്റു കിടക്കുന്നു. നിങ്ങൾക്കും നിങ്ങളുടെ സ്വഭാവത്തിനും അഹോ കഷ്ടം!

ഇക്കാലത്ത് പ്രത്യക്ഷമായ മറ്റൊരു ദൃഷ്ടാന്തമിതാണ്. നാനാഭാഗത്തും പ്ലേഗ് പരക്കുമെന്നും ഉഗ്രകോപിയെപോലെ നടമാടുമെന്നും നൃംശസനായ ചെന്നായെപ്പോലെ ജനങ്ങളെ കൊന്നൊടുക്കുമെന്നും അതുവരുന്നതിനുമുമ്പേ ഞാൻ വിളംബരം ചെയ്തിരുന്നു. ഞാൻ പറഞ്ഞ ആ അതീവ രഹസ്യം ഇതാ പരസ്യമായിരിക്കുന്നു. നാടായ നാടൊന്നും പ്ലേഗാകുന്ന മരത്തിൽനിന്നും അതിന്റെ മരണത്തിൽനിന്നും ഒഴിവല്ല.

اَلْاَمْرَاضُ تُشَاعُ وَالنُّفُوْسُ تُضَاعُ

രോഗങ്ങൾ പൊതുവേ വ്യാപിക്കും. അനേകം ആത്മാക്കൾ നഷ്ടപ്പെടുകയും ചെയ്യും.

ഏകനായ റബ്ബിനെ വിസ്മരിച്ചതുകൊണ്ടും ജനങ്ങളുടെ ദുഷ്കർമം പെരുകിയതുകൊണ്ടും അല്ലാഹുവിന്റെ കോപം ജ്വലിക്കുന്നു. ഈ രോഗമാകുന്ന പടയെ അവനൊരുക്കി അയച്ചു; മഹാപാപങ്ങളുടേയും വൃത്തികേടുകളുടേയും ഫലം ജനങ്ങളെ രുചിപ്പിക്കുന്നതിനുവേണ്ടി. അങ്ങനെ നാട്ടിലെല്ലാം അതുപടർന്നു

പിടിച്ചു. ജീവനുള്ളവരെ ചേതനയറ്റവരാക്കിത്തീർക്കുന്ന ആ രോഗം നമ്മുടെ നാട്ടിലും കടന്നു. ഇവിടമാണിപ്പോൾ അതിന്റെ വാസ സ്ഥലം. ആളുകളെ കൊല്ലുകയെന്നതാണ് അതിന്റെ മുഖ്യതൊഴിൽ. എന്റെ പരസ്യം നിങ്ങളൊന്നു വായിച്ചുനോക്കൂ. എന്നിട്ട് ലജ്ജിതരാവുക.

എന്നെ എതിർത്തവരുടേയും ഉപദ്രവിച്ചവരുടേയും കാഫിറാക്കിയവരുടേയും മരണം[79] എന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്. അവർ മിമ്പറിൽ കയറി ചീത്തപറയുകയും സർക്കാറിന്റെ മുമ്പാകെ എന്നെ തള്ളിവിടുകയും ചെയ്തു. അപ്പോൾ അറിയുക. അല്ലാഹു എന്നെ അഭിസംബോധനചെയ്തു. അവൻ പറഞ്ഞു:

يَا اَحْمَدِىْ اَنْتَ مُرَادِىْ وَمَعِىْ اَنْتَ وَجِيْهٌ فِىْ حَضْرَتِىْ
اِخْتَرْتُكَ لِنَفْسِىْ وَسِرُّكَ سِرِّىْ وَاَنْتَ مَعِىْ وَ اَنَا
مَعَكَ وَاَنْتَ مِنِّىْ بِمَنْزِلَةٍ لَّا يَعْلَمُهَا الْخَلْقُ اِذَا
غَضِبْتَ غَضِبْتُ وَكُلَّمَا اَحْبَبْتَ اَحْبَبْتُ -
اِنِّىْ مُهِيْنٌ مَنْ اَرَادَ اِهَانَتَكَ وَاِنِّىْ مُعِيْنٌ مَنْ
اَرَادَ اِعَانَتَكَ. اِنِّىْ اَنَا الصَّاعِقَةُ تُخْرَجُ الصُّدُوْرُ
اِلَى الْقُبُوْرِ. اِنَّا تَجَالَدْنَا فَانْقَطَعَ الْعَدُوُّ وَاَسْبَابُهٗ

അല്ലയോ അഹ്മദേ! നീ എന്റെ ലക്ഷ്യമാണ്. നീ എന്റെ കൂടെയുമാണ്. നീ എന്റെ സന്നിധിയിൽ ഉന്നതനാണ്. ഞാനെനിക്കു

79. റുസുൽബാബ അമൃതസരി എന്നയാൾ ഈ മരണമടഞ്ഞവരിൽപ്പെട്ടയാളാണ്. അന്നാട്ടിലെ ചില ഉന്നതന്മാർ പ്ലേഗിൽ മരിക്കുമെന്ന് ഇഅ്ജാസ് അഹ്മദീ എന്ന ഗ്രന്ഥത്തിൽ ഞാൻ പരസ്യം ചെയ്തിരുന്നു. അതിനുശേഷമാണ് ഇയാളുടെ മരണം. ബുദ്ധിമാന്മാരേ, ചിന്തിച്ചാലും.

വേണ്ടി നിന്നെ തിരഞ്ഞെടുത്തു. നിന്റെ രഹസ്യം എന്റെ രഹസ്യമാണ്. നീ എന്നോടൊപ്പമാണ്; ഞാൻ നിന്നോടൊപ്പവും. എന്റെയടുത്ത് നിനക്കുള്ള സ്ഥാനം സൃഷ്ടികളറിയുന്നില്ല. നീ കോപിച്ചാൽ ഞാൻ കോപിക്കും. നീ സ്നേഹിച്ചാൽ ഞാനും സ്നേഹിക്കും. നിന്നെ നിന്ദിക്കുന്നവനെ ഞാൻ നിന്ദിക്കും. നിന്നെ സഹായിക്കുന്നവനെ ഞാൻ സഹായിക്കും. നിശ്ചയമായും ഞാനൊരു ഇടിത്തീയാകുന്നു. ഉന്നതരായ ചില എതിരാളികൾ ഖബറിലേക്കു തള്ളപ്പെട്ടു. നാം ഒരു പോരാട്ടത്തിലേർപ്പെട്ടു. എതിരാളിയും അവന്റെ സാധനസാമഗ്രികളുമെല്ലാം നഷ്ടത്തിലായി.

ഇതിനുശേഷം അന്യായമായ നിലയിൽ എന്നെ ഉപദ്രവിക്കാൻ **മുഹമ്മദുബഖ്ശ്** എന്നയാൾ മുന്നോട്ടു വന്നു. സർക്കാറിന്റെയടുക്കൽ പോകാൻ ഇയാളാണെന്നെ നിർബന്ധിതനാക്കിയത്. അപ്പോൾ 'നാം പോരാടും' എന്ന എന്റെ റബ്ബിന്റെ സന്ദേശത്തിന് അയാൾ കുറിമാനമായി. ആ മനുഷ്യൻ ഈ ലോകത്തോടു വിടപറയുന്നു. അയാളുടെ ജീവിതത്തിന്റെ ചരടറ്റുപോകുന്നു. അയാളുടെ ജീവിതകാലത്തു ഞാനതു പരസ്യപ്പെടുത്തുകയും അയാളെ വിവരം അറിയിക്കുകയും ചെയ്തിരുന്നതാണ്. എന്നാൽ, അയാൾ പരിഹസിച്ചുകൊണ്ടു പിന്തിരിയുകയാണുണ്ടായത്.

പിന്നീട് **മുഹമ്മദുഹസൻ ഫയ്ളി** എന്നൊരാൾ രംഗത്തുവന്നു. അയാളെന്റെ ഉഗ്രശത്രുവായിരുന്നു. ഒരുപാടു ചീത്തപറയുകയും ആക്ഷേപിക്കുകയും എന്നെ വിപാടനംചെയ്യാൻ കച്ചകെട്ടി ഇറങ്ങുകയും ചെയ്തു. അയാളെന്നെ ശപിച്ചു. അയാളെ അല്ലാഹുവും ശപിച്ചു. എന്നെ പറഞ്ഞതിനുള്ള ഫലം എനിക്കുവേണ്ടി അല്ലാഹു അയാൾക്കുകൊടുത്തു. പിന്നീടു അധികം ജീവിച്ചില്ല. അയാൾ മരണത്തിന്റെ മുഖം ദർശിച്ചു. അല്ലാഹുവിൽ നിന്ന് ഇൽഹാമുണ്ടാകുന്നാളുടെ വേദനിയ്ക്കുന്ന ഹൃദയത്തിന് അല്ലാഹു ഉത്തരം നല്കുമ്പോൾ അതിന്നെതിരെ ശബ്ദിക്കാൻ ആരെങ്കിലും രംഗത്തു വന്നാൽ അവൻ നിശ്ചയമായും ഖേദിക്കുകയും നശിക്കുകയും ചെയ്യും. അപ്പോൾ എനിക്കുകിട്ടിയ സന്ദേശത്തിന് ഫയ്ളി ഉന്നമായി; ഞാൻ ചൂണ്ടിക്കാണിച്ച ഇൽഹാമിന്റെ ലക്ഷ്യവും. മരണം വിടുവായത്തത്തിൽ നിന്ന് അയാളെ നിശബ്ദനാക്കി. അയാളുടെ വഴിക്കു വിട്ടു.

ഇതേപ്രകാരം

تُخْرَجُ الصُّدُوْرُ اِلَى الْقُبُوْرِ ۔

എന്ന സന്ദേശത്തിന് **നദീർഹുസയ്ൻ ദഹ്‌ലവിയും** കുറിമാനമായി. തുടക്കത്തിൽ എന്നെ ഉപദ്രവിച്ചതും കാഫിറായി പ്രഖ്യാപിച്ചതും, പ്രകാശം വിട്ടോടിയതും ഈ മനുഷ്യനാണ്.

وَكَانَتْ سَنَةُ وَفَاتِهٖ مَاتَ ضَالٌ هَائِمًا
بِحِسَابِ الْجُمَلِ ۔ ١٣٢٠

അക്ഷരസംഖ്യാ ശാസ്ത്രമനുസരിച്ച് അയാൾ മരണമടഞ്ഞത് 1320 ലാണ്; ഒരു സ്ഥാനത്തുമെത്താതെയുള്ള ദുഷിച്ച മരണം.

എന്റെ നാമം ആദരവോടെ പ്രസിദ്ധമായതും ഈ വാഗ്ദത്ത കൊല്ലത്തിന്നിടയിൽ പ്രത്യക്ഷപ്പെട്ട ദൃഷ്ടാന്തങ്ങളിലൊന്നാണ്. സുവിശേഷമറിയിച്ചുകൊണ്ടു അവനെന്നോടു നേരിട്ടു പറഞ്ഞതാണത്. ആ പ്രതിസന്ധിഘട്ടത്തിൽ അവൻ പറഞ്ഞു:

اَنْتَ مِنِّيْ بِمَنْزِلَةِ تَوْحِيْدِيْ وَتَفْرِيْدِيْ فَحَانَ اَنْ تُعَانَ وَتُعْرَفَ بَيْنَ النَّاسِ وَقَالَ يَحْمَدُكَ اللّٰهُ مِنْ عَرْشِهٖ وَبَشَّرَنِيْ بِحَمْدِ الْاُنَاسِ ۔

നീ എന്റെ തൗഹീദിന്റെ നിലയിലാണുള്ളത്; ഏകത്വത്തിന്റെ നിലയിൽ. നീ ജനങ്ങളുടെയിടയിൽ അറിയപ്പെടാനും നിനക്കു സഹായം നല്കപ്പെടാനും സമയം അടുത്തിരിക്കുന്നു. അവൻ പറഞ്ഞു: അല്ലാഹു തന്റെ അർശിൽ നിന്നും നിന്നെ സ്തുതിക്കുന്നു. ജനങ്ങളും സ്തുതിക്കുമെന്ന് അവനെന്നെ സുവിശേഷമറിയിക്കുന്നു.

ഇതിനുശേഷവും എന്നെ നിർമാർജനം ചെയ്യാനും കുഴിച്ചുമൂടാനും ശത്രുക്കൾ എല്ലാശ്രമവും നടത്തിക്കൊണ്ടിരുന്നു. അങ്ങനെ ഭീതിദമായൊരവസ്ഥ എനിക്കു നേരിട്ടു. എന്നാൽ എന്റെ നാഥൻ ഈ അനുഗൃഹീതമായ വർഷങ്ങളിൽ[80] എന്നെ കണക്കറ്റു

80. അല്ലാഹു അറിയിച്ച ആ മൂന്നുവർഷമാണുദ്ദേശ്യം.(വിവ:)

സഹായിച്ചു. എന്റെ നാമം ദൂര ദൂര ദേശങ്ങളിൽ അവൻ പ്രസിദ്ധപ്പെടുത്തി. പകൽവെളിച്ചത്തെ നിഷേധിക്കുന്നവനല്ലാതെ ഇക്കാര്യത്തെ നിഷേധിക്കുവാൻ ഒരിക്കലും സാധ്യമല്ല.

ഈ വിശ്രുത കാലത്ത് കുറേ അറബി ഗ്രന്ഥങ്ങൾ ഞാൻ രചിച്ചതും എന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്. ഹുജ്ജത്ത്[81] പൂർത്തിയാക്കുന്നതിനുവേണ്ടി ആ ഗ്രന്ഥങ്ങളെ അല്ലാഹു അമാനുഷികാവസ്ഥയിലാക്കി. അതിലൊന്നാമത്തേത് 'ഇഅ്ജാസുൽ മസീഹ്' എന്ന ഗ്രന്ഥമാണ്. അതിനുശേഷം 'അൽഹുദാ' പിന്നീടു 'ഇഅ്ജാസ് അഹ്മദീ'. അതൊരു വലിയ ദൃഷ്ടാന്തമാണ്. എതിർ പണ്ഡിതന്മാർ ഇഅ്ജാസ് അഹ്മദി'യ്ക്കു സമാനമായ ഗ്രന്ഥം ഇരുപതു ദിവസത്തിനുള്ളിലെങ്കിലും രചിച്ചുകൊണ്ടുവന്നാൽ പതിനായിരം രൂപ കൊടുക്കാമെന്ന് ഞാനവരോടു വാഗ്ദാനം ചെയ്തിരുന്നു. പക്ഷേ, ആരും മുന്നോട്ടുവന്നില്ല. അവർ മൂകരാണ്, അല്ലെങ്കിൽ മൃഗ സമാനരാണ്. പർദയുടെ പിന്നിൽ പ്രവർത്തിക്കുന്നവരെ ഞാൻ ശപിച്ചു. എനിക്കു മറുപടി തരുന്നതിനു തയ്യാറാകുവാൻ ഞാനവരെ പ്രോത്സാഹിപ്പിച്ചു. ഞാൻ പ്രസ്തുത തുക വാഗ്ദാനം ചെയ്തിട്ടും ആകുന്നത്ര നിർബന്ധിച്ചിട്ടും അവർ മുറിയിൽ നിന്നും പുറത്തുവന്നില്ല. അവരുടെ ഉള്ളിലിരിപ്പെന്താണെന്ന് എനിക്കറിഞ്ഞുകൂട.

എല്ലാം അറിയുന്നവനും യുക്തിജ്ഞനുമായ അല്ലാഹു എന്നെ അറിയിച്ച വൃത്താന്തവും എന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്. ഒരു ദുർഭഗനെകുറിച്ചും അയാളുടെ കൊടുംകൃത്രിമത്തെപ്പറ്റിയും അല്ലാഹു എന്നെ അറിയിച്ചു. നിന്റെ അഭിമാനത്തെ കവർന്നെടുക്കുവാൻ ആ മനുഷ്യനുദ്ദേശിക്കുന്നുണ്ടെന്നും എന്നാൽ അയാൾ കുഴിച്ച കുഴിയിൽ അയാൾ തന്നെ ചാടുമെന്നും അല്ലാഹു വിവരം നല്കിയിരുന്നു. ഞാൻ മൂന്നുപ്രാവശ്യം അയാളെ ദർശനത്തിൽ കണ്ടു. മാത്രമല്ല എന്നെ അപമാനിക്കുവാനും ഉപദ്രവിക്കുവാനുമായി മൂന്നുപേരെ സഹായത്തിന് അയാളൊരുക്കി നിറുത്തിയിരിക്കുന്നതും തടവുകാരനെപോലെ എന്നെ കോടതി കയറ്റുന്നതും അവസാനം – അല്പം കഴിഞ്ഞിട്ടാണെങ്കിലും – അല്ലാഹുവിന്റെ

81. ന്യായം.

അപാരമായ അനുഗ്രഹത്താൽ ഞാൻ രക്ഷപെടുന്നതും ദർശനത്തിൽ കണ്ടു. ഈ കൃത്രിമിയുടെ മേൽ വലിയൊരു വിപത്തു വരുന്നുണ്ടെന്നുള്ളസുവാർത്തയും എനിക്കുകിട്ടി. ഞാൻ കണ്ടതെല്ലാം അപ്പടി 'അൽഹക്കം' 'അൽബദ്ർ' എന്നീ പത്രങ്ങളിൽ പരസ്യപ്പെടുത്തി. എന്തു സംഭവിക്കുന്നുവെന്നറിയുവാൻ ഞാൻ കാത്തിരുന്നു. ഏതാണ്ടൊരു വർഷം കഴിഞ്ഞു. **കറംദീൻ** എന്നുപേരായ കൊടും ശത്രുവിൽ ഞാൻ കണ്ട ദർശനം പൂർത്തിയായി. എന്നെ എല്ലാവിധത്തിലും ഉപദ്രവിക്കണമെന്നും സമാധാനം കെടുത്തണമെന്നും അഭിമാനത്തിനുക്ഷതമേല്പിക്കണമെന്നും തീയിലിട്ടു ചുടണമെന്നും എന്റെ പകൽ ഇരുളടഞ്ഞതാക്കണമെന്നുമായിരുന്നു അയാളുടെ ഉദ്ദേശ്യം. അതിനുവേണ്ടുന്ന സഹായമെല്ലാം അയാൾ തേടി. വക്കാലത്തിന്റെ വാഹനം അയാൾ തയ്യാറാക്കി നിറുത്തി. പാർടികളെ സംഘടിപ്പിച്ചു. ഒരേയൊരു വില്ലിൽ നിന്നും ഒരേസമയത്ത് എല്ലാവരും ചേർന്ന് അമ്പുതൊടുത്തുവിടുന്ന രൂപത്തിൽ അവരെല്ലാവരും കച്ചകെട്ടിയിറങ്ങി. നീതിമാനും സൽഗുണങ്ങളെല്ലാം അറിയുന്നവനുമായ സർവശക്തനെ അവർ മറന്നു. അവന്റെയടുക്കൽ എതിരാളിയുടെ പാലുകുടിക്കുന്നതാരാണ്? നിശ്ചയം അവൻ നമ്മുടെ കൂടെയാണ്. അപ്പോൾ ദുഷ്ടൻ നിമിത്തം നമുക്കു ഞെരുക്കമുണ്ടാകുമോ? ആ ദുഷ്ടന് പുത്തൻ ജീവിതം കരസ്ഥമാക്കാൻ കഴിയുന്നതെങ്ങനെ? എനിക്കാണെങ്കിൽ ഞാനൊരു വിപത്തിലും അകപ്പെടുകയില്ലെന്നും ഒരു മരുഭൂമിയും താണ്ടേണ്ടി വരികയില്ലെന്നും സന്തോഷവാർത്ത കിട്ടിയിരിക്കുന്നു. അങ്ങനെ നാം സൃഷ്ടികളുടെ ഉടമസ്ഥനായ അല്ലാഹുവിന്റെ വചനം പുലരുന്നത് പ്രതീക്ഷിച്ചുകൊണ്ടിരുന്നു. അല്ലാഹു വാഗ്ദാനം ലംഘിക്കുന്നവനല്ല. ഇപ്പറഞ്ഞതിൽനിന്ന് അവനറിയിച്ച ചില വൃത്താന്തങ്ങൾ മനസ്സിലാക്കാവുന്നതാണ്. ബാക്കിയുള്ളതും പ്രകടിതമാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇതെല്ലാം അല്ലാഹു എന്നെയറിയിച്ചതാണ്. നിങ്ങൾക്കിതു ക്ഷമിച്ചിരിക്കാൻ സാധ്യമല്ല. എതിരാളികൾ എന്തെല്ലാം കുതന്ത്രം കാണിച്ചാലും അവനും അവന്റെ ദൂതനും ജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. അജ്ഞതയും വിഡ്ഢിത്തവും നിമിത്തം നിങ്ങൾ നിഷേധിക്കുകയാണെങ്കിൽ അതു നിങ്ങളുടെ പരാജയം മാത്രം.

അഹോ കഷ്ടം! നിങ്ങളോടു മയത്തിൽ പെരുമാറണമെന്ന് നാം ഉദ്ദേശിക്കുന്നു. പക്ഷേ, നിങ്ങളതു വെറുക്കുകയാണ്. നിങ്ങൾ രംഗത്തുണ്ടാകണമെന്ന് നാം ആഗ്രഹിക്കുന്നു. പക്ഷേ നിങ്ങൾ മുങ്ങിക്കളയുകയാണ്.

താങ്കളുടെ (സനാഉല്ലാഹ്) പരസ്യത്തിനു അല്പം കഴിഞ്ഞ് നാം മറുപടിയെഴുതാം. സ്വയം തെറ്റുചെയ്തുകൊണ്ടു താങ്കൾ സമയം പാഴാക്കിയിരിക്കുകയാണ്. എന്റെ ഖസീദയുടെ വാഗ്വിലാസത്തെ താങ്കളുടെ ഗ്രന്ഥത്തിൽ നിഷേധിച്ചത് ഞാൻ പാകം ചെയ്ത മധുരപലഹാരം താങ്കൾ ഭുജിക്കാത്തതുകൊണ്ടാണ്. താങ്കളുടെ അജ്ഞതയും ഭോഷത്വവും ഇരട്ടത്താപ്പുനയവും നീചത്വവും തന്നെയാണിതിനുകാരണം. വിവരമില്ലാത്ത ദേഹമേ, എഴുന്നേല്ക്കൂ, എന്നിട്ടന്വേഷിക്കൂ. പദ്യസമാഹാരങ്ങളെ താങ്കൾ പരിശോധിക്കൂ; സാഹിത്യത്തിന്റേയും സാഹിത്യകാരന്മാരുടേയും മാതൃക താങ്കൾക്കു ബോധ്യപ്പെടാൻവേണ്ടി. മിനുസമുള്ളത് പരുപരുത്തതാണെന്നും ചന്തമുള്ളത് ചീത്തയാണെന്നുമല്ലേ താങ്കൾ പറയുന്നത്. താങ്കൾ വളിച്ചതു തിന്നുന്നു. ശുദ്ധമായതുപേക്ഷിക്കുന്നു. താങ്കളുടെ കുറ്റിയിൽ എടുക്കാനൊന്നുമില്ല. അതുകൊണ്ടാണ് കുറ്റം കണ്ടുപിടിക്കാനുള്ള വാസനയുണ്ടായത്. വിഡ്ഢികൾ ചെയ്യുന്നതിങ്ങനെതന്നെയാണ്. മറ്റുള്ളവരെ കുറ്റപ്പെടുത്തി സ്വന്തം ന്യൂനത അവർ മറച്ചുവയ്ക്കുന്നു. അഹോ കഷ്ടം! ആകർഷകമായ പദപ്രയോഗവും വർണനാചാതുരിയും താങ്കൾ നോക്കിയില്ല. അഴുക്കാണ് താങ്കൾ പുറപ്പെടുവിക്കുന്നത്. സംഭാഷണത്തിന്റെ ശരിയായ രീതിയെകുറിച്ചും ശബ്ദശാസ്ത്രത്തിന്റെ പൂർണതയെക്കുറിച്ചും താങ്കൾ ചിന്തിച്ചില്ല. അല്ലയോ വിഡ്ഢിത്തത്തിന്റെ കേദാരമേ, ഭാഷയോടു താങ്കൾക്കൊരു വാസനയുമില്ലെന്നും സാഹിത്യ സൗന്ദര്യം ആസ്വദിക്കാനുള്ള കഴിവ് താങ്കൾക്കില്ലെന്നും എനിക്കു മനസ്സിലായി. കാര്യം മനസ്സിലാക്കുന്നതിനുമുമ്പേ ചെന്നായയെപോലെ താങ്കളൊരു ചാട്ടം ചാടി. മൈതാനത്തു ഞങ്ങളെ നേരിടാൻ വന്നതും യോദ്ധാവിനേപോലെ ഞങ്ങളെ ആഹ്വാനം ചെയ്തതും അതുകൊണ്ടാണോ? അസ്ഹറാ[82]ണോ താങ്കൾക്കു പിൻബലം. അയാൾ വഴിയാണല്ലോ ജഅ്ഫർ താങ്കൾക്കെഴുതിയത്. താങ്കൾ ഒത്തിരി ശാപവുമേറ്റിക്കൊണ്ടു

82. സനാഉല്ലയെ സഹായിക്കാൻ അസ്ഗർഅലിയും ജഅ്ഫർസട്ട്ലിയുമുണ്ടായിരുന്നു. (വിവ:)

ഈ ഗ്രാമത്തിൽനിന്നോടിപ്പോയ ആളല്ലേ? പക്ഷേ ഒരുകാര്യം താങ്കൾ മനസ്സിലാക്കണം. അവരെല്ലാം പറയുന്നത് ശുദ്ധ അസംബന്ധമാണ്. സാഹിത്യ ഗുസ്തിയിൽ അവരൊന്നും പങ്കെടുക്കുന്നവരല്ല; മുമ്പ് പങ്കെടുത്തിട്ടുമില്ല. യാ മിസ്കീൻ, വിടുവായത്തം ഉപേക്ഷിക്കൂ. താങ്കൾക്കു പൗരുഷമില്ല. താങ്കളിൽ എന്തെങ്കിലുമുണ്ടായിരുന്നുവെങ്കിൽ ഈ നയപ്രയോഗത്തിൽനിന്ന് ഒളിച്ചോടുകയില്ലായിരുന്നു.

താങ്കളൊരുകാര്യം മനസ്സിലാക്കണം. ഭാഷാസാഹിത്യത്തിന്റെ വിഷമമേറിയ മലഞ്ചരിവുകൾ ഞാൻ കയറിയിറങ്ങിയിട്ടില്ല. അതിനുവേണ്ടി അധ്വാനിക്കുകയോ ബുദ്ധിമുട്ടുകയോ ചെയ്തിട്ടുമില്ല. എന്റെ റബ്ബിന്റെ വരദാനമാണ് ഇക്കാണുന്നതെല്ലം. അതുകൊണ്ടു ഞാൻ വൈരമാലയണിഞ്ഞു. ഇതാണെന്റെ അവസ്ഥയെങ്കിലും താങ്കൾ ഞാനുമായി ഏറ്റുമുട്ടിയാൽ താങ്കളുടെ ഉള്ളിലുള്ളത് ഞാൻ വലിച്ചുവെളിയിലിടും. ജ്ഞാനത്തിന്റെ ഏതെല്ലാം വസ്ത്രങ്ങളാണ് താങ്കൾ ധരിച്ചിട്ടുള്ളതെന്ന് കാണിക്കുകയും ചെയ്യും. താങ്കൾ നേർമാർഗത്തിൽ നിന്ന് വ്യതിചലിച്ചിരിക്കുന്നുവെന്ന് പറഞ്ഞതാണോ വലിയതെറ്റ്! താങ്കൾ പറഞ്ഞതെല്ലാം അതിരുകടന്നവയാണ്. അടിസ്ഥാനപരമായി ഒന്നും പറഞ്ഞിട്ടുമില്ല. ഊഹാപോഹങ്ങൾ വിതരണം ചെയ്ത് പൊതുജനങ്ങളെ വഞ്ചിക്കാനാണ് താങ്കളിവിടെ വന്നിട്ടുള്ളത്. നിബന്ധനയൊന്നും പാലിക്കാതെ ചെയ്ത ഹജ്ജുപോലെയാണ് താങ്കളുടെ ഇങ്ങോട്ടുള്ളയാത്ര. പ്രയോജനമില്ലാത്ത ചലനം. താങ്കളുടെ തന്ത്രങ്ങൾ എനിക്കു മനസ്സിലായപ്പോൾ, താങ്കൾ കൂട്ടിലേക്കു പറന്നുപോയന്നറിഞ്ഞപ്പോൾ താങ്കളുടെ നിർഭാഗ്യമോർത്തു ഞാൻ കരഞ്ഞുപോയി. ഒരുഫലവും ചെയ്യാത്ത വന്നുപോകൽ. കടന്നപാടേ പുറത്തിറങ്ങി. വന്നതുപോലെ തിരിച്ചുപോയി.

അല്ലാഹുവാണെ, താങ്കളെന്റെയടുക്കൽ വന്നിരുന്നെങ്കിൽ താങ്കളെത്ര ശത്രുത എന്നോടുകാണിച്ചാലും മാന്യമായ നിലയിൽ ഞാൻ താങ്കളെ സൽക്കരിക്കുമായിരുന്നു. ശത്രുവിനോടുള്ള വെറുപ്പ് നാം മറച്ചുവെക്കാറില്ല. താങ്കൾ മുശ്‌രിക്കുകളുടെ ഭവനത്തിൽ അഭയം തേടിയതാണ് എന്നെ ഏറെ വേദനിപ്പിച്ചത്. താങ്കളെന്തിനു ആ ഭവനത്തിൽ പോയി? തഖ്‌വയുള്ളവരുടെ മാർഗമല്ല താങ്കൾ

അനുവർത്തിച്ചത്. ബഹുദൈവ വിശ്വാസികൾ തങ്ങളുടെ അസ്തിത്വത്തെ കളങ്കപ്പെടുത്തിയവരാണ്. അക്കൂട്ടർ നമ്മുടെ ബഹുമാനപ്പെട്ട നബിയുടേയും നമ്മുടേയും എതിരാളികളിൽ പെട്ടവർ തന്നെ. മുശ്‌രിക്കുകളേയാണോ എന്നേക്കാൾ കൂടുതൽ അടുത്തവരായി താങ്കൾ കണ്ടത്. താങ്കളുടെ ബുദ്ധിയിൽ എനിക്കത്ഭുതം തോന്നന്നു.

ഞങ്ങളെ സംബന്ധിച്ച് വേണ്ടാത്തതെല്ലാം താങ്കൾ ധരിച്ചിരിക്കുകയാണോ? ആ ധാരണയാണ് താങ്കളെ നശിപ്പിച്ചത്. വിവാദം ചൂതുകളിയായും തർക്കം ഗുസ്തിപിടിത്തമായും താങ്കൾ കരുതുന്നു. അപ്പോൾ മുത്തഖികളുടെ സദുദ്ദേശ്യമെവിടെ? സജ്ജനങ്ങളെപ്പോലെ ആഴത്തിലുള്ള ചിന്തയെവിടെ? വെളിപ്പെട്ട ദൃഷ്ടാന്തത്തെയെല്ലാം താങ്കൾ നിഷേധിച്ചു. സത്യത്തിന്റെ സൂര്യനെ കണ്ണുകൊണ്ടുകാണുകയും അടച്ചു നിഷേധിക്കുകയും ചെയ്യുന്നു. സദുദ്ദേശ്യത്തോടെ താങ്കളെന്നെ സമീപിക്കുന്നതേയില്ല. അതുകൊണ്ടല്ലെ പൈശാചികമായ ദുർബോധനങ്ങളിൽ നിന്ന് താങ്കൾ രക്ഷപ്പെടാത്തത്. താങ്കൾ പ്രചരിപ്പിക്കുന്നതെല്ലാം സഹൃദയരെ ലജ്ജിപ്പിക്കുന്നു. എനിക്കൊട്ടും ബന്ധമില്ലാത്ത കാര്യങ്ങൾ ഉണ്ടെന്നു താങ്കൾ പ്രചരിപ്പിക്കുന്നു. താങ്കളുടെ നാവ് ഓരോനിമിഷവും എന്നെ ഉപദ്രവിക്കുവാനും വേദനിപ്പിക്കുവാനുമുള്ളതാണോ? ഞാൻ അല്ലാഹുവിനോടു ശാന്തിയും സമാധാനവും ക്ഷമയും തേടുന്നു. അവന്റെ കരുണ കടാക്ഷിക്കുന്നതുവരെ ഇതെല്ലാം സഹിക്കന്റെയും ക്ഷമിക്കുകയും ചെയ്യാം.  ചുരുക്കം ചില അനുയായികളുമായി നാം എങ്ങനെയാണ് താങ്കളെ നേരിടേണ്ടത്. ദുരിതമനുഭവിക്കുന്ന യാചകനെപ്പോലെ ഞാൻ അല്ലഹുവിനോടു യാചിക്കുന്നു. കൃത്രിമവും കളവും കെട്ടിച്ചമച്ചുകൊണ്ടു ഞങ്ങളെ ഉപദ്രവിക്കുന്നവർ കരുതുന്നത്, സ്വർഗത്തിലേക്കു ആനയിക്കുന്ന സൽക്കർമം തങ്ങൾ ചെയ്തുകഴിഞ്ഞുവെന്നാണ്. എന്നെ കാഫിറാക്കുന്നവനും ചീത്തപറയുന്നവനും ധരിക്കുന്നത് അവന്റെ എല്ലാ പാപവും സംശയലേശമെന്യേ പൊറുക്കപ്പെടണമെന്നാണ്. അല്ലാഹുവേ, ഇക്കൂട്ടർക്കു നീ തന്നെ മറുപടി കൊടുത്താലും. ഈ ആപൽക്കരമായ പരീക്ഷണഘട്ടത്തിൽ നീ അല്ലാതെ ഞങ്ങൾക്കു തുണയില്ല. അനാവശ്യമായ മാർഗം ഞാൻ സ്വയം സ്വീകരിച്ചുവെന്ന് നീ കാണുന്നെങ്കിൽ  അല്ലാഹുവേ, നേരം വെളുക്കുന്നതിനുമുമ്പേ  എന്റെ

അന്ത്യം കുറിച്ചാലും.

എതിരിൽ പ്രവർത്തിക്കുന്നവരേ, ഒരേയൊരുകാര്യത്തിൽ മാത്രമാണ് നാം തമ്മിലുള്ള തർക്കം. വിശുദ്ധഖുർആനിലെ വചനങ്ങൾ നിങ്ങളെ സംതൃപ്തരാക്കുന്നില്ല. ഞങ്ങളാണെങ്കിൽ ഈസായുടെ വഫാത്തിന്റെ കാര്യത്തിൽ ഖുർആനെ മുറുകെപിടിച്ചിരിക്കുകയാണ്. നിങ്ങൾ പിടിച്ചത് കുറേ ഊഹങ്ങളും! ഇനി ഭാവനാത്മകമായി നമുക്കു സംസാരിക്കാം. പ്രസ്തുതസ്ഥലം ദ്വർഥം ധ്വനിപ്പിക്കുന്നതാണെങ്കിൽ, കണ്ണുള്ളവർ ശരിയായി അംഗീകരിക്കേണ്ടത് അല്ലാഹുവിൽ നിന്നുവന്ന വിധികർത്താവ് പറയുന്ന അർഥമല്ലേ. മറിച്ചായാൽ അത് അല്ലാഹുവിന്റെ നേരെ തോന്ന്യാസം കാണിക്കലും പച്ചക്കള്ളം തലകുലുക്കി സമ്മതിക്കലുമാണ്. ചില ആലങ്കാരിക പ്രയോഗങ്ങളുണ്ട്. ചില ഹദീസുകളുടെ ബാഹ്യാർഥം ബുദ്ധിമാന്മാരേ, നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. നിങ്ങൾ വിചാരിച്ചതുപോലെ അതു പുലരണമെന്ന ശാഠ്യത്തിന് നിങ്ങളെ പ്രേരിപ്പിക്കുന്നതെന്താണ്? പൂർവികരിൽ നിന്നു കേട്ടുവന്ന ചില മാമൂലുകളല്ലാതെ മറ്റെന്താണ് നിങ്ങളുടെ പക്കലുള്ളത്?

എന്റെ മുന്നിലിരുന്ന് ഖുർആൻ ആയത്തുകൾക്കു എന്നെപ്പോലെ വ്യാഖ്യാനമെഴുതുമെന്ന് നിങ്ങൾ വാദിക്കുന്നു. അല്ലയോ അജ്ഞരേ, എന്റെ അമാനുഷിക കഴിവുകളെ സംബന്ധിച്ച് നിങ്ങളെ സംശയാലുക്കളാക്കുവാൻ വേണ്ടിയാണ് ഇവർ ഈ തമാശ പറയുന്നത്.

അത്യുന്നതമായ ദൈവത്തിൽനിന്നും എനിക്കുനല്കപ്പെട്ട അത്ഭുത കഴിവുകളെ ദുർബലമാക്കി കാണിക്കുവാൻ താങ്കൾ (സനാഉല്ല) തയ്യാറാണെങ്കിൽ താങ്കളുടെ ക്ഷണവും അസാധാരണമായ കഴിവും ഞാൻ സ്വീകരിക്കാം. പക്ഷേ, താങ്കളുടെ സ്ഥാനം മറ്റു പണ്ഡിതന്മാർ അംഗീകരിക്കണം. അതായത് താങ്കളുടെ പരാജയം അവരുടെ പരാജയമായി സമ്മതിക്കാൻ അവർ തയ്യാറാകണം. ഇക്കാര്യം സമ്മതിച്ചതായുള്ള രേഖ നമ്മുടെ നാട്ടിലെ അറിയപ്പെടുന്ന ഇരുപത് പണ്ഡിതന്മാരിൽ നിന്ന് വാങ്ങിവരികയും

വേണം. അല്ലെങ്കിൽ താങ്കളുടെ ഭാര്യയെ താങ്കൾ മൊഴിചൊല്ലു മെന്ന് സമ്മതിക്കണം.

അതുമല്ലെങ്കിൽ, ഞാനെഴുതുന്നതുപോലെ സർവതലസ്പർശി യും ലളിത സാഹിത്യഭരിതവുമായ തഫ്സീറെഴുതുവാൻ താങ്കൾ ക്കു കഴിയാതെ വന്നാൽ, തന്ത്രങ്ങളൊന്നും പ്രയോഗിക്കാതെ അവി ടെയിരുന്നുകൊണ്ടു താങ്കളെന്റെ കൈയിൽ ബയ്അത്തു ചെയ്യണം.

ഇതൊന്നിനും താങ്കൾ തയ്യാറല്ലെങ്കിൽ താങ്കളെ അംഗീകരി ക്കുവാൻ ഞങ്ങളും തയ്യാറല്ല. താങ്കൾ പറയുന്നു: എല്ലാമറിയുന്ന വൻ ഞാനാണ്! വേറൊരുത്തൻ പറയുന്നു: എല്ലാമറിയുന്നവൻ ഞാ നാണ്! ഇങ്ങനെയുള്ള മത്സരവും പിണക്കവും അവസാനിക്കാതെ താങ്കളെ മാത്രം ഞങ്ങളെന്തിനു തിരഞ്ഞെടുക്കണം. ശ്രേ ഷ്ഠതയാ കുന്ന തലപ്പാവ് സൂക്ഷിപ്പുമുതലാണ്. ആരാണോ വിജയ ച്ചത്, അ വനതുനേടി. ആരാണോ പരാജയപ്പെട്ടത്, അവനെല്ലാം നഷ്ടപ്പെ ട്ടു. ശ്രേഷ്ഠത വെറുതെ കിട്ടുന്ന ഒന്നല്ല. അതിനും തെളിവുവേ ണം. ആരുടെ ആഭരണമാണോ പളുപളാ തിളങ്ങുന്നത് അയാളുടെ പ്രഭാവവും സൗന്ദര്യവും അംഗീകരിക്കപ്പെടുന്നു.

പണ്ഡിതൻമാരുടെ അംഗീകാരവുമായി താങ്കൾ പൊതുസ്റ്റേ ജിൽ ഞാനുമായി ഏറ്റുമുട്ടി ഭാഷാസാഹിത്യത്തിലടക്കം വിജയി ച്ചാൽ ഉടൻ തന്നെ ഞാനൊരു സമ്മാനം താങ്കൾക്കു തരും. അതു കുറഞ്ഞതൊന്നുമായിരിക്കുകയില്ല.

ഒളിച്ചോടിപ്പോയതിനുശേഷം ദൂരെനിന്നുള്ള താങ്കളുടെ പൊ ങ്ങച്ചം കേട്ടു എനിക്കത്ഭുതം തോന്നുന്നു. “ഇഅ്ജാസ്” എന്നപേ രിൽ ഞാനൊരു ഗ്രന്ഥമെഴുതി. അതിനെ നേരിടാൻ താങ്കളെത്തി യില്ല. പിന്നെ ഇപ്പോഴുള്ള ഈ പുലമ്പലിന്റെ കഴമ്പ് മനസ്സിലാകു ന്നില്ല. ഇന്നലെ തോറ്റോടിയതു മറന്നുപോയോ? അജ്ഞരായവരെ സന്തോഷിപ്പിക്കുകയും വഞ്ചിക്കുകയും മാത്രമാണ് താങ്കളുടെ ലക്ഷ്യം. താങ്കളെ കെടാവിളക്കായി ജനങ്ങൾ കരുതണം! ഹേ, പാവം മനുഷ്യാ, താങ്കളാണോ ഞാനുമായി നേരിടാൻ വരുന്നത്.

കളവു പറയുന്നവൻ ശാപഗ്രസ്തനാണ്, കൃത്രിമപൂരിതമായ മലിനവസ്തുക്കൾ തിന്നുന്നത് പന്നിമാംസത്തേക്കാൾ മോശമാണ്. താങ്കൾ വിവരം കെട്ട ആളാണെന്ന് താങ്കളുടെ സഹചരന്മാർക്കു തന്നെയറിയാം. ജ്ഞാനിയായ ഒരാളും താങ്കളെ അംഗീകരിക്കുന്നില്ല. താങ്കൾ സത്യപാലകനും ഹൃദയശുദ്ധിയുള്ളവനും ദജ്ജാലിന്റെ സ്വഭാവമില്ലാത്തവനുമാണെങ്കിൽ അതിനുള്ള തെളിവുകൊണ്ടുവരിക. അതിനേറ്റവും ലളിതമായ മാർഗം ഞാനെഴുതിയതുപോലെ ഒരു ഗ്രന്ഥമെഴുതുക എന്നതാണ്. താങ്കൾ പറയുന്നതു സത്യമാണെങ്കിൽ, മാലിന്യത്തിൽ നടക്കുന്ന കോഴിയെപ്പോലെയല്ലെങ്കിൽ ജ്ഞാനഭരിതവും സാഹിത്യപൂരിതവുമായ ഒരു ഗ്രന്ഥം ഇരുപതു ദിവസങ്ങൾക്കകം രചിക്കുക. അതു താങ്കൾ പൂർത്തിയാക്കിയാലുടനേ നൂറുരൂപ ഞാൻ താങ്കൾക്കു നല്കും. അതോടൊപ്പം എന്റെ എല്ലാ മുഅ്ജിസത്തുകളും ദുർബലപ്പെടുകയും ചെയ്യും. താങ്കളുടെ കൈയാൽ എന്റെ അന്ത്യവും നടക്കും. താങ്കളുടെ മേൽ സമ്മാനങ്ങൾ വർഷിക്കും. പിന്നീട് എനിക്കൊന്നും പറയാനുണ്ടാവുകയില്ല. വിധിയും പൂർത്തിയായി. സമൂഹം ഏകീഭവിച്ചു. ഇതിന്റെയെല്ലാം യോഗ്യത താങ്കൾക്കും താങ്കളുടെ മാഹാത്മ്യത്തിനുമായിരിക്കും. താങ്കളുടെ ശുദ്ധജലം പാനം ചെയ്ത് എല്ലാഹൃദയങ്ങളും ദാഹം തീർക്കും. ഉമ്മത്തിലെ അഭിപ്രായഭിന്നതകളെല്ലാം അതോടെ കെട്ടടങ്ങും. താങ്കൾക്കു ധൈര്യമുണ്ടെങ്കിൽ ഇതിനുവേണ്ടി തയ്യാറാവുക. തന്മൂലം ഇതുവരെ വാരിക്കൂട്ടിയ ശാപമെല്ലാം പരിഹരിക്കപ്പെടും. പരാജയത്തിനുശേഷം ഉന്നതമായ വിജയവും പദവിയും അല്ലാഹു താങ്കൾക്കു നല്കും. താങ്കൾക്ക് അസലും തറവാടിത്തവുമുണ്ടെങ്കിൽ ഏറ്റവും പ്രയോജനപ്രദമായ ഈ നേട്ടത്തെ താങ്കൾ അവഗണിക്കരുത്; അപ്പോൾ തെളിനീരിലെ മത്സ്യത്തെപ്പോലെ സത്യം നീന്തികളിച്ചുനടക്കുന്നത് താങ്കൾക്കു കാണാം. നീരാളിയുടെ പിടിയിൽ നിന്ന് നേരുള്ളവൻ രക്ഷപെടും. ശരിയായ മാർഗം നാം പറഞ്ഞതു തന്നെയാണ്. ഇതിനു ശേഷം നമുക്കു വിശ്രമിക്കാം. സുഖമായി ഉറങ്ങാം. ഇതൊന്നും കേൾക്കാതെ താങ്കൾ വീണ്ടും പുലമ്പുകയാണെങ്കിൽ അതു വഞ്ചനയാണ്. ഞാനതിനെ കഴുതയുടെ ശബ്ദത്തെക്കാൾ വെറുക്കപ്പെട്ടതായി കാണുന്നു. ഒട്ടകക്കുട്ടിയുടെ കാലിനെക്കാൾ ബലഹീനമാണത്.

ഖുർആനു ഞാൻ വ്യാഖ്യാനമെഴുതിയിട്ടുണ്ടെന്ന് താങ്കൾ പറയാറുണ്ട്. അനാവശ്യം പറഞ്ഞു നടക്കാതെ അല്ലഹുവിനെ സൂക്ഷിക്കുക. താങ്കൾ ഉറക്കവസ്ത്രം ഇതുവരെ മാറ്റിയിട്ടില്ല. സമൂഹത്തെ ഉണർത്തുവാൻ മുന്നോട്ടു വന്നതുമില്ല. മൂന്നുതരം ഇരുട്ടുകളിൽപെട്ട ചാപിള്ളയുടെ സ്ഥാനമേ താങ്കൾക്കുള്ളൂ. താങ്കൾ ജ്ഞാനിയെപ്പോലെ സംസാരിക്കുന്നു! ഭൗമികാലങ്കാരം തേടിനടക്കുന്ന താങ്കൾക്കു ജ്ഞാനവുമായി എന്തുബന്ധമാണുള്ളത്? അല്ലയോ വഴിതെറ്റിയമനുഷ്യാ, നല്ല മനുഷ്യപ്രകൃതത്തിൽ നിന്ന് എന്തെങ്കിലും വാങ്ങിച്ചുകൊള്ളുക. വഞ്ചനയുടെ ചുറ്റും ഇറങ്ങിനടക്കരുത്. ചതിയൻ അവസാനം ചതിയിൽ കുടുങ്ങും. അല്ലാഹു സാദിഖുകളുടെ കൂടെയാണ്. താങ്കളുടെ അകത്ത് കത്തിയും പുറത്ത് പത്തിയുമാണ്. തനികപടന്റെ മാതൃക. താങ്കൾ ഈ രംഗത്തെ പുരുഷനല്ല. എന്നിട്ടും വീമ്പിളക്കുകയാണോ? ഞാനുമായി സമരത്തിലേർപ്പെടുകയാണെങ്കിൽ എന്റെ യുദ്ധായുധം താങ്കളെ ചതച്ചുകളയും. താങ്കളാണ് വിജയിക്കുന്നതെങ്കിൽ പാരിതോഷികങ്ങൾ താങ്കളെ പൊതിയും. ജീവിതത്തിന്റെ ഊരാങ്കുടുക്കുകളിൽ നിന്ന് താങ്കൾ രക്ഷപെടുകയും ചെയ്യും. പരാമർശിച്ചതുപോലെ ഗ്രന്ഥമെഴുതുവാൻ തീരുമാനിച്ചാൽ വാഗ്ദാനമനുസരിച്ച് പ്രതിഫലം തരുന്നതാണ്. താങ്കളാഗ്രഹിക്കുന്നെങ്കിൽ പ്രോത്സാഹനമെന്നോണം നിശ്ചിത തുകയുടെ അഞ്ചിലൊന്ന് മുൻകൂറായും നല്കിക്കൊള്ളാം. ബാക്കി താങ്കൾക്കു പ്രതീക്ഷിക്കുകയും ചെയ്യാം. എല്ലാ തന്ത്രത്തെക്കാളും ഉത്തമമായത് ഇതാണ്; തഖ്‌വയുമായി കൂടുതൽ അടുത്തതും.

اَلسَّلَامُ عَلٰى مَنِ اتَّبَعَ الْهُدٰى

അല്ലയോ ജനങ്ങളേ, റഹ്മാനായ റബ്ബിൽനിന്ന് വന്നയാളെ എന്തുകൊണ്ടു നിങ്ങൾ തിരിച്ചറിയുന്നില്ല. അവസാനകാലത്തിന്റെ ആദ്യനൂറ്റാണ്ടു ആരംഭിച്ചുകഴിഞ്ഞു. സൂര്യനും ചന്ദ്രനും ഒരേ റമളാനിൽ ഗ്രഹണവുമുണ്ടായി. ജനങ്ങൾക്കു വിനയായി വരേണ്ടുന്ന ദാബ്ബത്തുൽഅർളും പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. അതു വിശുദ്ധ ഖുർആൻ കാലേകൂട്ടി അറിയിച്ചിട്ടുള്ളതാണ്. അപ്പോൾ പരമകാരുണികനിൽനിന്ന് വന്നയാളെ നിങ്ങളെന്തുകൊണ്ടു തിരിച്ചറിയുന്നില്ല. അല്പംകഴിഞ്ഞ് നിങ്ങളെന്നെ തിരിച്ചറിയുകതന്നെ

ചെയ്യും. ഞാനെന്റെ കാര്യം അല്ലഹുവിനെ ഏല്പിക്കുന്നു. എല്ലാവരുടേയും വക്കീൽ അവൻതന്നെ. നാലു ആൺമക്കളെ എനിക്കു നല്കിയ അല്ലാഹുവിനാകുന്നു സർവ സ്തുതിയും. അവന്റെ ഔദാര്യം കൊണ്ടുതന്റെ വാഗ്ദാനം അവൻ പൂർത്തിയാക്കി. അഞ്ചാമത് ഒരു പൗത്രനെ[83]യും തരുമെന്ന് അവൻ സുവാർത്തയറിയിച്ചിരിക്കുന്നു. ഇതെല്ലാമെന്റെ രക്ഷിതാവിൽനിന്നുള്ള ദൃഷ്ടാന്തങ്ങളാണ്. മത്സരിക്കുന്നവരേ, അല്ലഹു പരിശുദ്ധനാണ്. നിങ്ങൾ ധരിക്കുന്നതിനേക്കാൾ ഉന്നതനുമാണവൻ. അവനെ ഭയപ്പെട്ടുകൊള്ളുക. ഇതാ അവൻ ഉഗ്രകോപത്തോടെ ഇറങ്ങിയിരിക്കുന്നു.

* * *

---

83. ഇതു വിശദീകരിച്ചുകൊണ്ട് ഹസ്റത്ത് അഹ്മദ് (അ) പറയുന്നു: "അല്ലാഹു നാഫിലഃ എന്ന നിലയിൽ അഞ്ചാമത്തെ ആൺകുട്ടിയെ സംബന്ധിച്ച് വാഗ്ദാനം ചെയ്തിരുന്നു. മവാഹിബുർ റഹ്മാൻ എന്ന ഗ്രന്ഥത്തിന്റെ 139-ാം പേജിൽ ആ പ്രവചനം ഇങ്ങനെ കാണാം.

വ ബശ്ശിർനീ ബിഖാമിസിൻ ഫീ ഹീന മിനൽഅഹ്യാൻ അതായത് നാലിനുപുറമെയുള്ള ആ അഞ്ചാമത്തെ ആൺകുട്ടി നാഫിലഃ ആയിക്കൊണ്ടു ജനിക്കാൻ പോകുന്നുവെന്നുള്ള സുവാർത്ത അല്ലാഹു എനിക്കു നല്കി. ആ കുട്ടി ജനിക്കുകതന്നെ ചെയ്യും. അൽ ബദ്ർ, അൽഹകം എന്നീ പത്രങ്ങളിൽ ആ കുട്ടിയെ സംബന്ധിച്ച മറ്റൊരു പ്രവചനം മുമ്പേ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിങ്ങനെയാണ്.

ഇന്നാ നുബശ്ശിറുക ബിഗുലാമിൻ നാഫിലത്തല്ലക്.

നാഫിലത്തമ്മിൻ യിൻദീ.

അതായത് നാം മറ്റൊരു ആൺകുട്ടിയെ സംബന്ധിച്ച് നിന്നെ സുവാർത്ത അറിയിക്കുന്നു. ആ കുട്ടി നാഫിലഃ ആയിരിക്കും. അതായത് പൗത്രൻ. ഈ നാഫിലഃ എന്നിൽ നിന്നുള്ളവനാണ്.

എന്റെ മകൻ മഹ്മൂദ് അഹ്മദിന് ഒരാൺകുട്ടി ജനിച്ചിരിക്കുന്നു. ഇപ്പോൾ മൂന്നുമാസം കഴിഞ്ഞു. ആ കുട്ടിക്കു പേരുവച്ചിട്ടുള്ളത് നസീർ അഹ്മദ് എന്നാണ്. അങ്ങനെ നാലര വർഷത്തിനുശേഷം ആ പ്രവചനം പുലർന്നിരിക്കുന്നു." (ഹഖീഖത്തുൽ വഹ്യ് പേ: 218)

# അനുബന്ധം

## ഹ:ഖലീഫത്തുൽ മസീഹിന്റെ കത്ത്

മാന്യ അഹ്മദ് റശീദ് സാഹിബ്, അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വബറക്കാത്തുഹൂ.

താങ്കളുടെ കത്തു കിട്ടി – മാശാ അല്ലാഹ് – താങ്കൾക്ക് സേവനത്തിനുള്ള മഹത്തായ തൗഫീഖാണ് ലഭിച്ചിരിക്കുന്നത്. താങ്കളുടെ വിവർത്തനം എല്ലാതരത്തിലും നിലവാരം പുലർത്തുന്നതും ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതുമായിത്തീരുന്നതിന് അല്ലാഹു അനുഗ്രഹിക്കട്ടെ.

മവാഹിബുർറഹ്മാനിലെ ഹസ്റത്ത് മസീഹ്മൗഊദിന്റെ പ്രായനിർണയത്തെ സംബന്ധിച്ചിടത്തോളം, അത് എൺപതുവർഷം ഹിജ്രിയാണെങ്കിൽ രണ്ടര രണ്ടേമുക്കാൽ വർഷം കുറവുവരുന്നതായി കാണാം. പക്ഷേ ഈ വാക്കുകൾ ഹസ്റത്ത് മസീഹ്മൗഊദിന്റെ സ്വന്തമാണെന്നുള്ളതാണ് വസ്തുത. വ്യക്തമായ നിലയിലുള്ള പ്രായം ഇൽഹാമിൽ പറഞ്ഞിട്ടുള്ളതാണ്. അതിലാകട്ടെ ഏറ്റക്കുറച്ചിലുകളുണ്ട്. ഇങ്ങനെ ഏറ്റക്കുറച്ചിലുകളോടെ അറിയിക്കുവാനുണ്ടായ കാരണമിതാണ് : അബ്ദുൽഹക്കീമിനെപ്പോലുള്ള വിരോധികൾ, അനുമാനിച്ചുകൊണ്ട് മഹാനവർകളുടെ ചരമത്തെ സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. മസീഹ്മൗഊദിന്റെ ആദ്യ ഇൽഹാം ശ്രവിച്ച അക്കൂട്ടർ മെയ്മാസത്തിൽ അദ്ദേഹം ചരമം പ്രാപിക്കുമെന്നാണ് വിജ്ഞാപനം ചെയ്തത്. ഏറ്റക്കുറച്ചിലുകളോടുകൂടിയ ഇൽഹാം പിന്നീടുണ്ടായപ്പോൾ അവർ മാസം തിരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. തൽഫലമായി അല്ലാഹുവിന്റെ ഇംഗിതപ്രകാരം ആ മഹാത്മാവിന്റെ വഫാത്ത് മെയ്മാസത്തിൽതന്നെ സംഭവിച്ചു. തിയ്യതി മാറ്റി പ്രഖ്യാപിച്ച എതിരാളികളുടെ നിന്ദ്യതയ്ക്കു കാരണമായി അത്. അല്ലാഹുവിന്റെ യുക്തിപൂർവമായ പ്രവർത്തനം ശത്രുവിന്റെ

കള്ളത്തരത്തെ തെളിയിച്ചുകാട്ടി. പ്രസ്തുത ഇൽഹാം അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള മഹത്തായ ഒരു ദൃഷ്ടാന്തമായിത്തീരുകയും ചെയ്തു.

ഹസ്റത്ത് മസീഹ്മൗഊദിന്റെ വിവിധ പ്രവചനങ്ങളുടെ മേലുള്ള ആക്ഷേപങ്ങൾക്ക് മറുപടിയായി ജനാബ് നഈം അഹ്മദ് സാഹിബ് ഉസ്മാൻ, എന്റെ നിരീക്ഷണത്തോടെ ഇതുസംബന്ധമായി ഇംഗ്ലീഷിലെഴുതിയ ഗ്രന്ഥത്തിൽ അബ്ദുൽഹക്കീമിനെപ്പോലുള്ളവരുടെ ആക്ഷേപങ്ങൾക്ക് വിശദമായ മറുപടി നല്കിയിട്ടുണ്ട്. ഈ തത്ത്വം യഥാർഥത്തിൽ പ്രസ്തുത ഗ്രന്ഥം രചിച്ചപ്പോഴാണ് എനിക്ക് വ്യക്തമായത്. സത്യത്തിൽ ഈ ഇൽഹാം,

وَمَكَرُوْا وَمَكَرَ اللّٰهُ وَاللّٰهُ خَيْرُ الْمٰكِرِيْنَ

''അവരൊരു കുതന്ത്രം പ്രയോഗിച്ചപ്പോൾ അല്ലാഹു മറുതന്ത്രം പ്രയോഗിച്ചു'' എന്ന വചനത്തിൽ പറഞ്ഞ കാര്യം വെളിപ്പെടുത്തിക്കൊണ്ടു ശത്രുവിനെ നിരുദ്ധകണ്ഠനാക്കുകയുണ്ടായി. അങ്ങനെയല്ലായിരുന്നെങ്കിൽ തങ്ങളുടെ പ്രവചനപ്രകാരം മെയ്മാസത്തിൽ മിർസാ സാഹിബ് മരണമടഞ്ഞുവെന്നു ശത്രുക്കൾക്ക് വീമ്പിളക്കാമായിരുന്നു.

പ്രസ്തുത ഗ്രന്ഥത്തിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി അയക്കുന്നു.★ മവാഹിബുർറഹ്മാന്റെ മലയാളതർജമയുടെ ഒടുവിൽ ഒരു കുറിപ്പുരൂപത്തിൽ അത് ചേർക്കുന്നതുകൊണ്ടു വിരോധമില്ല. ജസാക്കുമുല്ലാഹു അഹ്സനുൽജസാഅ് – അല്ലാഹു താങ്കളോടൊപ്പമുണ്ടാവട്ടെ.

വസ്സലാം,
വിനീതൻ
താഹിർഅഹ്മദ്
ഖലീഫത്തുൽ മസീഹ് റാബിഅ്

★ പ്രസ്തുത കോപ്പി കിട്ടിയിട്ടില്ല. പ്രായത്തെ സംബന്ധിച്ച സംശയം ഈ കത്തു മുഖേന ദൂരീകരിക്കപ്പെടുമെന്ന് കരുതുന്നു. (വിവ)

# പരമകാരുണികന്റെ
# വരദാനങ്ങൾ

مواهب الرحمن

## MAWAHIBUR - RAHMAN

**(The Gifts from The Most Merciful)**
**(in Malayalam)**

In the first decade of this century our country witnessed a most devastating epidemic of plague. The total toll reaped by the havoc ran into millions, out of which more than half was Punjab's contribution.

Hazrat Mirza Ghulam Ahmad of Qadian (Punjab), the founder of Ahmadiyya Muslim Jamaat had prophecied the impending disaster years earlier, based upon the revelation he received from the Almighty God. He also claimed that God had assured him and those who lived under his roof, complete protection from the calamity.

This book, originally written in Arabic by Hazrat Ahmad, is a retort to those who ridiculed him on this score and is rendered to Malayalam by Maulvi Ahmad Rasheed of Ayencheri, now residing at Karunagapalli, Dt. Kollam, Kerala.